# മലങ്കര നാദം

RHYTHM OF FAITH

2021 ഏപ്രിൽ - മേയ് വാല്യം 5 ലക്കം 1



www.malankaralibrary.com

# ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ



പുതിയതായി നിയമിതനായ
ഭാരതത്തിലെ വത്തിക്കാൻ സ്ഥാനപതി
ആർച്ച് ബിഷപ്പ് ലെയോ പോൾദോ ജിറെല്ലി

www.malankaralibrary.com





## എഡിറ്റോറിയൽ

# ഉയിർപ്പിന്റെ അടയാളങ്ങൾ തിരിച്ചറിയാം

മലങ്കരനാദം വായനക്കാർക്ക് ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

മഹാകാരുണ്യവാനായ ദൈവത്തിന്റെ കരുതലും കാവലും ആവോളം അനുഭവിച്ചറിഞ്ഞ നാളുകളിലൂടെ നടന്ന് നീങ്ങിയാണ് പ്രത്യാശയുടെ തിരുനാളായ നമ്മുടെ കർത്താവിന്റെ ഉയിർപ്പ് തിരുന്നാൾ നാം കൊണ്ടാടുന്നത്. ഈശോ വചനത്തിൽ പറയുന്നുണ്ടല്ലോ, ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്ന് (യോഹ 11:25). കർത്താവിന്റെ ഉയിർപ്പ് നൽകുന്ന വലിയ പ്രത്യാശയൊന്നുമാത്രമാണ് മരണത്തിന്റെ നിഴലിലൂടെ നടന്ന് നീങ്ങുമ്പോഴും, യാത്ര തുടരുവാൻ നമുക്കേവർക്കും പ്രചോദനമാകുന്നത്.

ജീവിതത്തിൽ ആകസ്മികമായി കടന്ന് വരുന്ന വേദനകളെയും, രോഗങ്ങളേയും പ്രതിസന്ധികളേയും സാധാരണക്കാരായ നാം അതിജീവിക്കുമ്പോൾ ദൈവം നമുക്കായി കരുതിവച്ചിരിക്കുന്ന ഉയിർപ്പാണ് ആ അതിജീവനം എന്ന് ആഴമായി നമുക്ക് വിശ്വസിക്കാം. ദൈവം സമ്മാനിക്കുന്ന ഉയിർപ്പിന്റെ അത്ഭുതങ്ങളെ തിരിച്ചറിയാതെ പോകുന്നുവെങ്കിൽ, നമ്മൾ ദൈവതിരുമുൻപാകെ നിർഭാഗ്യരാണ് എന്ന സത്യം വിസ്മരിച്ച് കൂടാ. വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം 10-ാം അദ്ധ്യായം 9-ാം വാക്യം, "യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്ത ാൽ നീ രക്ഷപ്രാപിക്കും. നാളിതുവരെ അനുഭവിച്ച ദൈവകരുണയുടെ ഉയിർപ്പിന്റെ അടയാളങ്ങളെ തിരിച്ചറിയാതെ പോയ നാളുകളെ പ്രതി പരിതപിക്കാം. യേശു കർത്താവാണെന്ന് വീമ്പു പറയുമ്പോഴും അവൻ മരിച്ചവരിൽ നിന്നും ഉയിർത്തവനാണ് എന്ന സത്യം ഹൃദയത്തിൽ വിശ്വസിക്കാതിരുന്ന നാളുകളെപ്രതി മാപ്പിരക്കാം. കർത്താവിന്റെ ഉയിർപ്പിലുള്ള വിശ്വാസം, പ്രത്യാശ നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും, രക്ഷയിലേക്ക് അടുപ്പിക്കും. എന്നതിൽ സംശയമില്ല.

വചനം പറയുന്നുണ്ടല്ലോ "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കും എന്ന് (റോമ 8:28). അതിരുകളില്ലാതെ ദൈവത്തെ നമുക്ക് സ്നേഹിക്കാം. അവി ടുത്തെ ഹിതം അന്വേഷിക്കാം. അകലങ്ങളില്ലാതെ അപരനെ നമുക്ക് സ്വന്തമാക്കാം... ഉയിർപ്പിന്റെ പ്രത്യാശ ദൈവത്തോടും മനുഷ്യരോടും നമ്മെയെന്നും ചേർത്തുനിർത്തട്ടെ. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്**
ചീഫ് എഡിറ്റർ, 9446 293 293



www.malankaralibrary.com



പിതൃവചസ്സ്

# പ്രതിബദ്ധതയുള്ള ഭരണകൂടത്തെ പടുത്തുയർത്താം

കേരളം ഒരു തിരഞ്ഞെടുപ്പിന്റെ ഉമ്മറപ്പടിയിൽ എത്തിക്കഴിഞ്ഞു. 2021 മെയ് രണ്ടാംതീയതി ആകുമ്പോൾ ഈ കൊച്ചു കേരളം  ആരു ഭരിക്കണമെന്ന് ജനം വിധി എഴുതിക്കഴിഞ്ഞിരിക്കും. ഒരു ജനതയുടെ ഭാഗധേയം നിർണ്ണയിക്കുന്നത് ഭരണകർത്താക്കളാണ്. അതുകൊണ്ടാണ് പ്ലേറ്റോ പറഞ്ഞത് "ഭരണാധികാരി ദാർശനികൻ ആയിരിക്കണം" എന്ന്. പുരാതന ഗ്രീസിൽ ദാർശനികന്മാരെ രണ്ടു ഗണമായി തിരിച്ചിരുന്നു. വസ്തുനിഷ്ഠമായി സമൂഹത്തെ കാണുകയും, ആ രീതിയിൽ നാടിന്റെ വികസനത്തെ ദർശിക്കുകയും ചെയ്യുന്നവരെ ഫിലോസഫേഴ്സ് (**Philosophers**) എന്നും വ്യക്തിനിഷ്ഠമായി സ്വാർത്ഥതയോടെ സമൂഹത്തെയും, വികസനത്തെയും നോക്കി കാണുന്നവരെ സോഫിസ്റ്റ് (**Sophist**) എന്നും വിളിച്ചിരുന്നു. സോഫിസ്റ്റ് എപ്പോഴും തങ്ങളുടെ സ്വാർത്ഥതയും, സാമ്പത്തിക നേട്ടവും, സ്വജനപക്ഷപാതവും നോക്കി ജീവിച്ചവരാണ്. ഇവർ ഭരണകർത്താക്കൾ ആകരുത്. വസ്തുനിഷ്ഠമായി എല്ലാ മനുഷ്യരെയും ഒരു പോലെ കാണുകയും സമൂഹത്തിൽ ഉണ്ടാകുന്ന നന്മകൾ നീതിപൂർവ്വം പങ്കുവയ്ക്കുകയും എല്ലാ ജനതകളുടെയും വികസനം ഉറപ്പാക്കുകയും ചെയ്യുന്നവരാണ് ഭരണാധികാരികൾ ആകേണ്ടതെന്ന് പ്ലേറ്റോ പറഞ്ഞുവയ്ക്കുന്നു.

കേരളം തിരഞ്ഞെടുപ്പിനെ നേരിടുമ്പോൾ നമുക്കു വേണ്ടത് പ്ലേറ്റോയുടെ കാഴ്ചപ്പാടുള്ള അഥവാ ജനങ്ങളോട് ഉത്തരവാദിത്തം പുലർത്തുന്ന ഭരണകർത്താക്കളെയാണ്. രാഷ്ട്രീയം ഒരു തൊഴിലല്ല. ജീവസന്ധാരണത്തിനുള്ള മാർഗ്ഗവുമല്ല. ജനങ്ങളുടെ ഉന്നമനത്തിനും, രാഷ്ട്രത്തിന്റെ സമഗ്ര വികസനത്തിനും സഹായിക്കുന്ന സേവന മേഖലയാണത്. കക്ഷിരാഷ്ട്രീയം ഒരു പരിധിവരെ വ്യക്തിനിഷ്ഠമാണ് വസ്തുനിഷ്ടമല്ല. ജനപ്രതിനിധികൾക്ക് താല്പര്യം അവരുടെ രാഷ്ട്രീയ പാർട്ടികളോടാണ്. ജനങ്ങളോടല്ല. ഭാരതം സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ഏഴു പതിറ്റാണ്ടു പിന്നിടുമ്പോഴും സംശുദ്ധവും, വസ്തുനിഷ്ഠവും, വികസനോന്മുഖവുമായ ഒരു ഭരണക്രമം ഉണ്ടാക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഇവിടെ ഒറ്റയ്ക്കു ഭരിച്ചവരും, കൂട്ടായി ഭരിച്ചവരും കൂട്ടിക്കെട്ടി, കെട്ടിപ്പിടിച്ചു കിടന്നു ഭരിച്ചവരുമാണ് എല്ലാപാർട്ടിക്കാരും. ഭരണത്തിന്റെ രുചി അറിയാത്തവരായി ആരുമില്ല. പരസ്പരം പഴിചാരുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും രാഷ്ട്രത്തിന്റെ നല്ല വികസനത്തെപ്പറ്റിയും, ജനങ്ങളുടെ നന്മയെപ്പറ്റിയുമാണ് പറയുന്നത്.


www.malankaralibrary.com

അവയിലെല്ലാം ജനങ്ങളോട് നല്ല പ്രതിബദ്ധത ഉള്ളവരും; ഒപ്പം യാതൊരു പ്രതിബദ്ധതയും ഇല്ലാത്തവരുമുണ്ട്. ഈ തെരഞ്ഞെടുപ്പിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ജനങ്ങളോട് പ്രതിബദ്ധത ഉള്ളവരെ നാം തിരഞ്ഞെടുത്ത് ഭരണം ഏല്പിക്കണം.

ഒരു കരിയർ എന്ന നിലയിൽ രാഷ്ട്രീയത്തെ കാണുന്നവരെയും, സ്വാർത്ഥ ലാഭങ്ങൾക്കും, അധികാരത്തിനും വേണ്ടി രാഷ്ട്രീയത്തെ കാണുന്നവരെ ഒഴിവാക്കണം. ജനങ്ങളോടു പ്രതിബദ്ധതയുള്ളവരെ കണ്ടെത്തി ഉല്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് എല്ലാവർക്കും നീതിപൂർവ്വം വിതരണം ചെയ്യാൻ കഴിവുള്ളവരെ ഭരണം ഏല്പിക്കണം. എല്ലാ ജനങ്ങൾക്കും, ഭക്ഷണം, ഭവനം, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, സുരക്ഷിതത്വം ഇവ ഉറപ്പാക്കാൻ കഴിയുന്നവർ ഭരണത്തിൽ വരണം. സാമ്പത്തിക പുരോഗതിയുടെ ഗുണഫലങ്ങൾ, പാർശ്വവത്ക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്കു കൂടി ലഭ്യമാക്കുന്ന സർക്കാരാണ് നമുക്ക് വേണ്ടത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് പത്ത് ശതമാനം സംവരണം നൽകിയതും, എല്ലാ നാടാർ വിഭാഗങ്ങൾക്കും ഒ.ബി.സി. സംവരണം ലഭ്യമാക്കിയതും ദുർബ്ബല വിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കാൻ സഹായിക്കുന്ന ധീരമായ തീരുമാനങ്ങളാണ്. ദളിത് ക്രൈസ്തവർ, ആദിവാസികൾ, ഇതര ദുർബ്ബലവിഭാഗങ്ങൾ, ഭൂരഹിതർ, ഭവനരഹിതർ, തൊഴിലില്ലാത്തവർ, പ്രതിസന്ധിയിലായിരിക്കുന്ന കർഷകർ, വിധവകൾ, മുതിർന്ന പൗരന്മാർ തുടങ്ങിയവർക്ക് പ്രത്യേക പരിരക്ഷ നല്കുന്ന നിയമനിർമ്മാണങ്ങളും നടപ്പിലാക്കപ്പെടണം.

കേരളത്തിൽ ഏകദേശം 35 ലക്ഷം ദരിദ്രർ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ദാരിദ്രവും, കടക്കെണിയും മൂലം ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന കർഷകർ നിരവധിയാണ്. നൂറുശതമാനം സാക്ഷരത ഉള്ള സംസ്ഥാനം എന്ന് അവകാശപ്പെടുമ്പോഴും, മലയോര, ആദിവാസി, തീരദേശ മേഖലകളിൽ 20 ലക്ഷത്തോളം നിരക്ഷരരുണ്ട്. കേരളത്തിൽ അന്തിയുറങ്ങാൻ ഭവനം, ഇല്ലാത്തവരായി, ഭവനം വയ്ക്കാൻ ഭൂമിയില്ലാത്തവരായി 4.32 ലക്ഷത്തോളം ആൾക്കാരുണ്ട്. ഇതിൽ വീടും ഭൂമിയും ഇല്ലാവത്തരായി 1.58 ലക്ഷം ആൾക്കാരുണ്ട്. ഇപ്രകാരം ഭൂരഹിതർക്കും ഭവനരഹിതർക്കും കാര്യമായി ജീവിക്കാനും പ്രവർത്തിക്കാനും സുരക്ഷിതമായ ഒരു സങ്കേതം ഉണ്ടാക്കുന്ന, തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് അർഹിക്കുന്ന തൊഴിൽ നല്കാൻ കഴിയുന്ന ഒരു സർക്കാർ ഉണ്ടാകണം.

ജാതി, മത, സങ്കുചിത ചിന്തകൾ ഉയർത്തി സമൂഹത്തിൽ വിഘടന ചിന്തയും, വർഗ്ഗീയതയും വളർത്തി സാഹോദര്യവും, മാനവികതയും വികലമാക്കാൻ ശ്രമിക്കുന്ന ശക്തികളെ പരാജയപ്പെടുത്തുന്ന തീരുമാനവും എടുക്കാൻ കഴിവുള്ളവർ ഭരണത്തിൽ വരണം. ഭൂരിപക്ഷ, ന്യൂനപക്ഷ പ്രീണനം കൂടാതെ എല്ലാവർക്കും അർഹിക്കുന്ന നീതി ഉറപ്പാക്കുന്ന സർക്കാർ വരണം. നമ്മുടെ സങ്കല്പത്തിലുള്ള "മാവേലി നാടുവാഴും കാലം മാനുഷ്യരെല്ലാം ഒന്നുപോലെ" സന്തോഷവും, സഹോദര്യവും, സൗഹൃദവും പുലരുന്ന ഒരു നാൾ പടുത്തുയർത്താൻ കഴിയുന്നവർക്ക് വോട്ടു നല്കാം. അതിനായി പ്രാർത്ഥിക്കാം.

+ Mar Thomas

ഡോ. ജോസഫ് മാർ തോമസ്
(രൂപതാദ്ധ്യക്ഷൻ)





www.malankaralibrary.com



കവർ സ്റ്റോറി

# അനുഗ്രഹദായകമായ വലിയനോമ്പ്



ഡോ. ഫാ. വർഗ്ഗീസ്
താന്നിക്കാക്കുഴി

മതാത്മകതയുടെ ഏറ്റവും അടിസ്ഥാനമായ ഭാവമാണ് നോമ്പാചരണവും ഉപവാസവും. ദൈവ-മനുഷ്യബന്ധത്തെ ശാക്തീകരിക്കുന്നതിനുള്ള അവസരവും മാർഗ്ഗവുമായി നോമ്പാചരണം എല്ലാ പൗരാണിക മതങ്ങളിലും നിലനിൽക്കുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ഉണ്ടായിരിക്കേണ്ട ദൈവോന്മുഖതയെക്കുറിച്ചും, അവന് സഹജീവികളുമായി ഉണ്ടായിരിക്കേണ്ട ബന്ധത്തെക്കുറിച്ചുമുള്ള തിരിച്ചറിവ് ഒരുവന് ലഭിക്കുന്നത് അർത്ഥപൂർണ്ണമായ നോമ്പാചരണവും ഉപവാസവും വഴിയാണ്. നോമ്പാചരണം സ്രഷ്ടാവായ ദൈവത്തോടു കൂടിയുള്ള സഹവാസം തന്നെയാണ്. നോമ്പാചരണത്തിന്റെയും ഉപവാസത്തിന്റെയും ആനുകാലികമായ അർത്ഥവും പ്രസക്തിയും ലക്ഷ്യവുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## എന്താണ് നോമ്പ്?

ദൈവസംസർഗ്ഗത്തിനും, ദൈവദർശനത്തിനുമുള്ള മാർഗ്ഗമായിട്ടാണ് പ്രധാനമായും നോമ്പാചരണത്തെ പഴയനിയമ ജനത മനസ്സിലാക്കിയിരുന്നത്. പഴയനിയമത്തിൽ മോശ നാല്പതു രാവും പകലും സീനായ് മലയിൽ നോമ്പാചരിക്കുകയും, അവിടെ ദൈവത്തെ കണ്ടുമുട്ടി കല്പനകൾ സ്വീകരിക്കുകയും ചെയ്തു. ഏലിയാ നാല്പതു ദിനരാത്രങ്ങൾ നോമ്പാചരിച്ച് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. പ്രവാചകന്മാരും രാജാക്കന്മാരും പാപപരിഹാരത്തിനായും ദൈവകോപത്തിൽ നിന്നു രക്ഷപ്പെടുന്നതിനായും നോമ്പാചരിക്കുന്നത് പഴയ നിയമത്തിൽ കാണാം. ശത്രുക്കളിൽ

www.malankaralibrary.com

നിന്നും ഭീഷണിയുണ്ടാകുമ്പോൾ ദൈവസഹായം യാചിക്കുന്നതിനു വേണ്ടിയും ഏറ്റെടുക്കാൻ പോകുന്ന ദൗത്യ നിർവ്വഹ ണത്തിന്റെ വിജയത്തിനു വേണ്ടിയും ഇസ്രയേൽ ജനത നോമ്പാചരിക്കുകയും ഉപവസിച്ച് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ വിവിധ സാഹചര്യങ്ങിലും വ്യത്യസ്തമായ ലക്ഷ്യങ്ങൾ മുൻ നിർത്തിയുമാണ് ഇസ്രായേൽ ജനത നോമ്പാചരിച്ചിരുന്നതെ ങ്കിലും പഴയ നിയമത്തിൽ നോമ്പാചരണത്തിന്റെ പ്രധാന ലക്ഷ്യം ദൈവവുമായുള്ള അനു രഞ്ജനമായിരുന്നു. നോമ്പ് മനു ഷ്യനെ പാപബന്ധത്തിൽ നിന്നും മോചിതരാക്കി ദൈവബന്ധം വീണ്ടെടുക്കുന്നതിന് സഹായിക്കുന്നു.

യഥാർത്ഥത്തിൽ നോമ്പ് ദൈവ ത്തോടൊപ്പം വസിക്കുന്ന അവസ്ഥ യാണ്. സുറിയാനി ഭാഷയിൽ നേ ാമ്പിനെ സൂചിപ്പിക്കുന്ന "സൗമോ" എന്ന വാക്കിന്റെ അർത്ഥം തന്നെ ഉപവസിക്കുക എന്നാണല്ലോ. "ഉപവസിക്കുക" എന്നാൽ ദൈവ ത്തിന്റെ അടുത്തായിരിക്കുക എന്നാണർത്ഥമാക്കുന്നത്. ഇത് ഒരു തിരിച്ചുവരവിനെ അല്ലെങ്കിൽ മാനസാന്തരത്തെ സൂചിപ്പിക്കുന്നു. ജോയേൽ പ്രവാചകൻ ഇപ്രകാരം പറയുന്നു. "ഇപ്പോഴെങ്കിലും നിങ്ങൾ ഉപവാസത്തോടും വിലാപ ത്തോടും നെടുവീർപ്പോടും കൂടെ നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചു വരു വിൻ" (ജോയേൽ 2:12). മുഴുഹൃദ യത്തോടു കൂടി ദൈവത്തിങ്കലേക്ക് പിന്തിരിഞ്ഞു കൊണ്ടുള്ള ആന്ത രിക പരിവർത്തനത്തിനാണ് ഇവിടെ പ്രവാചകൻ ആഹ്വാനം ചെയ്യുന്നത്. ചുരുക്കത്തിൽ നോമ്പ് മാനസാന്തരത്തിനുള്ള കാലമായിട്ടു വേണം നാം മനസ്സിലാക്കേണ്ടത്. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിങ്ങനെ സഭ നമുക്ക് നൽകുന്ന വിശുദ്ധീകരണ മാർഗ്ഗ ത്തിലൂടെ നമ്മുടെ ആദ്ധ്യാത്മിക ജീവിതം ആഴപ്പെടുത്തുന്നതിനുള്ള അനുകൂല കാലഘട്ടമാണ് വലിയ നോമ്പ്.

കാപട്യവും ലൗകീകതയും ഉദാസീ നതയുമൊക്കെ നിറഞ്ഞ ജീവി തങ്ങൾ വെട്ടി ഒരുക്കുന്നതിനുള്ള പുണ്യവേദിയാണ് നോമ്പുകാലം എന്ന് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഓർമ്മപ്പെടുത്തുന്നു. (ഫ്രാൻസിസ് മാർപ്പാപ്പ, നോമ്പു കാലം, കൃപയുടെ കാലം, പേജ് 38). എന്നാൽ നോമ്പാചരണം വെറുമൊരു ചടങ്ങായി മാറുകയും ആത്മീയ യോഗ്യതയുടെ മാനദ ണ്ഡമായി അധ:പതിക്കുകയും ചെയ്യുന്നത് നാം കാണുന്നു. ഇപ്രകാരം പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദൈർഘ്യവും കേവലം നിയമാ നുസൃതമായ അനുഷ്ഠാനവും ആത്മീയ പൂർണ്ണതയ്ക്കും, നീതീക രണത്തിനുമുള്ള മാർഗ്ഗമായി പരിഗണിച്ച ഫരിസേയ മനോ ഭാവത്തെ ചോദ്യം ചെയ്തു കൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്. ദൈവപുത്ര നായ യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന് മുമ്പ്, നാല്പതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചിലവഴിച്ചു. മരു ഭൂമിയിലെ ദിവസങ്ങൾ യേശുവിന് തന്റെ പിതാവുമായുള്ള നിരന്തര മായ സഹവാസത്തിന്റെ ദിവസങ്ങ ളായിരുന്നു. ദൗത്യ നിർവ്വഹണത്തി നും ജീവിത വിജയത്തിനുമുള്ള ആത്മീയ ആയുധമായി നോമ്പിനെ നമുക്ക് കാണിച്ചു തരുന്ന യേശു, നോമ്പാചരണത്തിന്റെ മാതൃകയും ലക്ഷ്യവുമാണ് തന്റെ മരുഭൂമി അനുഭവത്തിലൂടെ നമ്മെ പഠിപ്പി ക്കുന്നത്.

**നോമ്പാചരണത്തിന്റെ ലക്ഷ്യം: ദൈവവുമായുള്ള ഐക്യം**

മരുഭൂമിയിലെ തന്റെ ഉപവാസ ത്താലും പിതാവുമായുള്ള ഐക്യ ത്തിന്റെ ശക്തിയാലും സാത്താന്റെ പ്രലോഭനങ്ങളെ ജയിക്കുന്ന യേശു തന്റെ ശിഷ്യർക്ക് നോമ്പാചരണ ത്തിന്റെ ഒരു പുതിയ പാഠം നല്കുകയാണ്. ആദ്യ മനുഷ്യന്റെ ഭക്ഷണപ്രിയം ആദിപാപത്തിന് കാരണമായെങ്കിൽ, ജഡത്തിന്റെ ആഗ്രഹങ്ങളെ നോമ്പാൽ നിഹനി ച്ചുകൊണ്ട് പാപത്തിന്റെ മേൽ പൂർണ്ണ വിജയം നേടുകയാണ് നോമ്പിന്റെ ലക്ഷ്യമെന്ന് നമ്മെ പഠിപ്പിക്കുന്നു.
മരുഭൂമിയിൽ യേശുവിനുണ്ടായ പ്രലോഭനങ്ങൾ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയ ത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേ ഹിക്കുവാനുള്ള ദൈവ കല്പനയ്ക്കെതിരായ തിന്മകളാ യിരുന്നു. കല്ല് അപ്പമാക്കി ഭക്ഷിച്ച് സ്വന്തം വിശപ്പടക്കാനുള്ള പ്രലോഭ നം, ദൈവഹിതപ്രകാരമുള്ള രക്ഷാകര ദൗത്യത്തിൽ നിന്നും പിന്തിരിഞ്ഞ് സ്വന്തം അപ്പത്തിനു വേണ്ടിയുള്ള അദ്ധ്വാനത്തിൽ ശ്രദ്ധ പതിപ്പിക്കാനുള്ള പ്രലോഭനമായി രുന്നു രണ്ടാമത്തെ പ്രലോഭനം ദൈവഹിതത്തിനെതിരായി പ്രവർത്തിച്ച് ദൈവത്തെ പരീക്ഷി ക്കുന്നതിനുള്ള പ്രലോഭനമായി രുന്നു. തന്റെ ജീവൻ ബലികഴിച്ചും പരമപിതാവിനെ മഹത്വപ്പെടുത്തു വാൻ തയ്യാറാകുന്നതു വഴി രണ്ടാ മത്തെ പ്രലോഭനത്തെയും യേശു വിജയിച്ചു. മൂന്നാമത്തെ പ്രലോഭ നം, പൂർണ്ണ ശക്തിയോടു കൂടെ ദൈവത്തെ സ്നേഹിക്കുന്നതിനു പകരമായി സമ്പത്തും അധികാരവും സ്വീകരിക്കാനുള്ള പ്രലോഭനമായിരുന്നു. അപ്പത്തി നുവേണ്ടിയും സ്വാർത്ഥ താത്പ ര്യങ്ങൾക്കു വേണ്ടിയും അധികാ



www.malankaralibrary.com

രവും സമ്പത്തും നിലനിർത്തുന്നതി
നു വേണ്ടിയും ദൈവബന്ധത്തിൽ
നിന്നും അകലുന്ന മനുഷ്യന്
നോമ്പാചരണവും ഉപവാസവും
ദൈവബന്ധത്തിലേക്കുള്ള പുനർ
ജന്മത്തിന് അവസരമൊരുക്കുന്നു.
ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ
പറയുന്നു; "നോമ്പാചരണവും
ഉപവാസവും ദൈവഹിതത്തിന്
തടസ്സമാകുന്ന പ്രതിബന്ധങ്ങളെ
സുഖപ്പെടുത്തുവാനുള്ള തെറാ
പ്പിയാണ്." ശരിയായ ഉപവാസം
യഥാർത്ഥ ഭക്ഷണം കഴിക്കുന്നതി
ലേക്ക് മനുഷ്യനെ നയിക്കുന്നു.
സ്രഷ്ടാവായ ദൈവത്തിന്റെ ഹിതം
നിറവേറ്റുന്നതാണ് യഥാർത്ഥ
ഭക്ഷണം. സ്വർഗ്ഗസ്ഥനായ പിതാ
വിന്റെ ഇഷ്ടം നിറവേറ്റുന്നതാണ്
തന്റെ ഭക്ഷണമെന്ന് യേശു തന്നെ
ശിഷ്യന്മാരോട് പറയുന്നുണ്ടല്ലോ.
ചുരുക്കത്തിൽ, പൂർണ്ണമായി ദൈവ
ഐക്യത്തിൽ ജീവിച്ചുകൊണ്ട്
ദൈവഹിതം നിറവേറ്റുന്നതിന്
ജീവിതത്തെ നവീകരിക്കുകയാണ്
നോമ്പാചരണത്തിന്റെ ലക്ഷ്യം.

"നോമ്പാചരിക്കുന്നവൻ സ്വർഗ്ഗ
ത്തിലാകുന്നു." എന്ന് നോമ്പു
കാലത്തെ പ്രാർത്ഥനയിൽ നാം
അനുസ്മരിക്കുന്നു. കർത്താവിന്റെ
അരികിൽ വസിക്കുന്നവൻ ദൈവ
സാന്നിദ്ധ്യത്താൽ വിശുദ്ധീകരിക്ക
പ്പെടുകയും അവിടുത്തെ ദിവ്യവെ
ളിച്ചത്താൽ പ്രശോഭിതരാകുകയും
ചെയ്യുന്നു. നാല്പതു ദിവസത്തെ
ഉപവാസം മൂലം മോശയുടെ മുഖം
തേജോമയമായി. നോമ്പാൽ ഏലി
യാ സൂര്യനെപ്പോലെ പ്രശോഭിച്ചു.
താബോർ മലയിൽ പ്രാർത്ഥന
യിൽ ചെലവഴിച്ച യേശുവിന്റെ
മുഖം പ്രകാശിതമായി. നമ്മുടെ
നോമ്പാചരണവും ഉപവാസവും
ദൈവസംസർഗ്ഗത്തിന്റെയും ദൈവ
ദർശനത്തിന്റെയും ഒരു താബോർ
അനുഭവമായി തീരണം. നോമ്പാ
ചരിക്കുകയെന്നത് ദൈവത്തോ
ടൊത്ത് വസിക്കലാണ്. കർത്താ
വിനോടൊത്ത് ആയിരിക്കുമ്പോൾ
ശാരീരിക ഭക്ഷണത്തെയും
ലൗകിക മോഹങ്ങളെയുംകാൾ
നമ്മെ പരിപോഷിപ്പിക്കുന്ന
ആത്മീയ ഭക്ഷണത്താൽ നാം
ധന്യരാകും. ഇതാണ് സ്വർഗ്ഗത്തിലാ
യിരിക്കുന്ന അനുഭവം.

**നോമ്പാചരണം: സഹോദരങ്ങളുമാ
യുള്ള ഐക്യം**

നോമ്പും ഉപവാസവും വെറും
അനുഷ്ഠാനങ്ങളായി അധഃപതി
ക്കാനുള്ളതല്ല. ജീവിതത്തെ സ്വാധീ
നിക്കാത്ത ആചാരങ്ങളും അനു
ഷ്ഠാനങ്ങളും അർത്ഥശൂന്യമാണ്.
നോമ്പും ഉപവാസവും മനുഷ്യനെ
സഹജീവികളോടുള്ള കരുതലി
ലേയ്ക്കും സ്നേഹത്തിലേയ്ക്കും
നയിക്കണം. പഴയ നിയമത്തിൽ
പ്രവാചകഗ്രന്ഥങ്ങളെല്ലാം പ്രതി
പാദിക്കുന്നത് സഹോദര സ്നേഹ
ത്തിലധിഷ്ഠിതമായ ഉപവാസത്തെ
ക്കുറിച്ചാണ്. ജറമിയാ പ്രവാചകൻ
ഉപവാസത്തിന്റെ പ്രത്യേകതക
ളായി പറയുന്നത് "അയല്ക്കാര
നോട് നീതി പുലർത്തുകയും
പരദേശിയെയും അനാഥനേയും
വിധവകളേയും ചൂഷണം ചെയ്യാ
തിരിക്കുകയും നിഷ്കളങ്ക രക്തം
ചിന്താതിരിക്കുകയും ചെയ്യുന്ന
അവസ്ഥ"യെന്നാണ് (ജറമിയ
7:5-7). മനുഷ്യർ തമ്മിലുള്ള
ബന്ധത്തെക്കുറിച്ചാണ് പ്രവാചകൻ
ഇവിടെ പ്രതിപാദിക്കുന്നത്. സഹോ
ദര സ്നേഹമില്ലാത്ത ഭക്താനുഷ്ഠാ
നമല്ല നോമ്പാചരണം, മറിച്ച് സ്നേ
ഹത്തിൽ വളരാനുള്ള ദൈവീകാ
ഹ്വാനമാണ്. "നോമ്പ് ശ്രേഷ്ഠവും
പ്രാർത്ഥന നല്ലതുമാകുന്നു. സ്നേ
ഹം അവയെക്കാൾ ശ്രേഷ്ഠമാണ്.
സ്നേഹം കൂടാതെയും വായ്
നിയന്ത്രിക്കാതെയും നോമ്പാചരി
ക്കുന്നെങ്കിൽ അത് വ്യർത്ഥമാണ്".
നോമ്പുകാലത്തെ ഈ പ്രാർത്ഥന
നമ്മുടെ ജീവിതത്തിൽ അന്വർത്ഥ
മാകണം. ഏശയ്യാ പ്രവാചകനും
ദൈവം ആഗ്രഹിക്കുന്ന ഉപവാസ
ത്തെക്കുറിച്ച് ഇപ്രകാരം പ്രതി
പാദിക്കുന്നുണ്ട്. "വിശക്കുന്നവ
നുമായി ആഹാരം പങ്കുവയ്ക്കു
കയും, ഭവനരഹിതനെ വീട്ടിൽ
സ്വീകരിക്കുകയും, നഗ്നനെ ഉടുപ്പി
ക്കുകയും സ്വന്തക്കാരിൽ നിന്നും
ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യു
ന്നതാണ് ദൈവം ആഗ്രഹിക്കുന്ന
ഉപവാസം". (ഏശയ്യാ 58:6,7) ചുരു
ക്കത്തിൽ, ബാഹ്യമായ അനുഷ്ഠാ
നങ്ങൾക്കപ്പുറം നീതിപൂർവ്വകവും
പങ്കുവയ്ക്കുന്നതുമായ ജീവിത
മാണ് നോമ്പാചരണം വഴി ലക്ഷ്യ
മാക്കേണ്ടത്. സഹോദരസ്നേഹ
വും നീതിപൂർവ്വകമായ സംവിധാ
നങ്ങളും പുലരുന്ന ഒരു സമൂഹ
സൃഷ്ടിയാണ്
നോമ്പാചരണത്തിന്റെ ലക്ഷ്യം.
അപരനെ കാണാൻ കഴിയാത്ത
വിധം സ്വാർത്ഥതയും അനീതിയും
നിലനില്ക്കുന്ന ആധുനിക സമൂഹ
ത്തിൽ അപരനിലേക്ക് നയിക്കുന്ന
ഉപവി പ്രവൃത്തിയാണ് യഥാർത്ഥ
നോമ്പ്. കുടുംബ ബന്ധങ്ങളിലും
സമൂഹത്തിലും പുലരേണ്ട
പാരസ്പര്യം ആർജ്ജിക്കാൻ
സഹായിക്കുന്നതും അങ്ങനെ
സ്നേഹം പ്രവൃത്തിപഥത്തിലെ
ത്തുന്നതുമായിരിക്കണം നമ്മുടെ
ഉപവാസവും നോമ്പും. പരിശുദ്ധ
ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം
നമ്മെ ഓർമ്മപ്പെടുത്തുന്നു; "ഉപ
വാസദിനങ്ങളിൽ നിങ്ങൾ സ്വന്തം
പദ്ധതികൾ നടപ്പാക്കുന്നു. ഇത്
ഏറ്റവും മുറിപ്പെടുത്തുന്ന അനുഭ
വമാണ്. കാണപ്പെടുവാനും നീതി
മാനെന്ന് കണക്കാക്കപ്പെടുവാനു
മുള്ള ഉപവാസം-യേശു അതിനെ
"കാപട്യം" എന്ന് വിളിക്കുന്നു".
യഥാർത്ഥ ഉപവാസം ഏശയ്യാ
പ്രവാചകന്റെ വാക്കുകളുടെ
കാലികതയിൽ നിന്നും പ്രചോദനം
സ്വീകരിച്ചതായിരിക്കണമെന്നും
മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തു
ന്നു. (നോമ്പുകാലം, കൃപയുടെ
കാലം, പേജ്.11).

**നോമ്പാചരണം: ഒരു ആന്തരിക ഭാവം**

നോമ്പും ഉപവാസവും ബാഹ്യമായ ആചാരത്തേക്കാൾ മനുഷ്യന്റെ ഒരു ആന്തരികഭാവം ആയിരിക്കണം. സ്വന്തം ജീവിതത്തിൽ വരുത്തേണ്ട മാനസാന്തരമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. മനുഷ്യരാൽ കാണപ്പെടുന്നതിനുവേണ്ടിയും തങ്ങൾ മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരാണെന്ന ചിന്ത മറ്റുള്ളവരിൽ ജനിപ്പിക്കുന്നതിനുവേണ്ടിയും നോമ്പാചരിക്കുന്ന പ്രവണതയെ യേശു വിമർശിക്കുന്നുണ്ട്. ഉപവസിക്കുമ്പോൾ തലയിൽ തൈലം പൂശുകയും മുഖം കഴുകുകയും ചെയ്യണമെന്ന സുവിശേഷ ആഹ്വാനം ഉപവാസത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. വി.മത്തായിയുടെ സുവിശേഷത്തിൽ ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയുടെ ആന്തരികഭാവത്തെപ്പറ്റി യേശു പഠിപ്പിക്കുന്നതിനെ ഉദ്ധരിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു. "ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയിൽ ഉണ്ടാകാവുന്ന പ്രലോഭനം കപടനാട്യമാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയുള്ള ഭക്തി പ്രകടനങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുക". (നോമ്പുകാലം കൃപയുടെ കാലം) നോമ്പ് മാനസാന്തരത്തിലേക്കുള്ള ക്ഷണമാണ്. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയുമാണ് ഉപവാസത്തിന്റെ ലക്ഷ്യമെന്ന് ഏശയ്യാ പ്രവാചകൻ പറയുമ്പോൾ നോമ്പാചരണം ഒരുവനെ മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നയിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

**വലിയ നോമ്പിലെ വചനധ്യാനം**

വലിയ നോമ്പിലെ ആറ് ഞായറാഴ്ചകളിലെയും വചന ധ്യാനം നോമ്പിന്റെയും ഉപവാസത്തിന്റെയും മേൽപ്പറഞ്ഞ ലക്ഷ്യങ്ങളെക്കുറിച്ച് നമ്മെ ഒർമ്മപ്പെടുത്തുന്നവയാണ്. മനുഷ്യന്റെ പാപാവസ്ഥയിൽ നിന്നും അവനെ മോചിപ്പിച്ച് മാനസാന്തരത്തിലേക്കും അതിന്റെ ഫലമായി ജീവിത നവീകരണത്തിലേക്കും ജീവിത വിശുദ്ധിയിലേക്കും നയിക്കുന്ന അനുതാപത്തിന്റെ തീർത്ഥാടനമാണ് നോമ്പുകാലം. അതിനാലാണ് നോമ്പ് അനുഗ്രഹദായകമാകുന്നത്. നോമ്പിലെ ആദ്യത്തെ ഞായറാഴ്ച കാനായിലെ കല്ല്യാണവിരുന്നിലെ അത്ഭുതം നമ്മെ ദൈവത്തിന്റെ അനന്ത കരുണയെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു. ദൈവകരുണയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടാണ് നാം അനുതാപത്തിന്റെ ഈ തീർത്ഥാടനം ആരംഭിക്കേണ്ടത്. തുടർന്നുള്ള ഞായറാഴ്ചകളിലെ അത്ഭുതങ്ങൾ ഓരോന്നും നമ്മെ ഓർമ്മപ്പെടുത്തുന്നത് പാപം മൂലം ബലഹീനമായിത്തീർന്ന മനുഷ്യാവസ്ഥയെ യേശുവിന്റെ ദൈവീക ഇടപെടൽ, വഴിയായി വീണ്ടെടുക്കുകയും ദൈവവുമായി അനുരഞ്ജനത്തിലാക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണ്. കുഷ്ഠരോഗിയുടെ സൗഖ്യം, പാപം മലിനമാക്കുന്ന ആത്മാവിന്റെ അവസ്ഥയിൽനിന്നുള്ള വിമോചനത്തെപ്പറ്റി ധ്യാനിക്കുവാനുള്ള ആഹ്വാനമാണ് നല്കുന്നത്. കുഷ്ഠരോഗം ശരീരത്തിന്റെ സൗന്ദര്യം ഇല്ലാതാക്കി വിരൂപമാക്കുന്നതു പോലെ പാപം ആത്മാവിന്റെ സൗന്ദര്യത്തെയും നശിപ്പിക്കുകയും ദൈവത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു.

തളർവാതം ശരീരത്തെ ക്ഷയിപ്പിക്കുന്നതുപോലെതന്നെ ആത്മാവിന്റെ ശക്തി ക്ഷയിപ്പിക്കുന്നതാണ് പാപാവസ്ഥ. കാനാൻകാരി സ്ത്രീയുടെ മകളെ പിശാചുബാധയിൽ നിന്നും യേശു സൗഖ്യപ്പെടുത്തുന്ന സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നത് നോമ്പ് എല്ലാതരത്തിലുമുള്ള അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു എന്ന സത്യമാണ്. കൂനിയായ സ്ത്രീ ദൈവത്തേയോ സഹോദരങ്ങളെയോ പരിഗണിക്കാത്ത മനുഷ്യന്റെ പാപാവസ്ഥയെ സൂചിപ്പിക്കുന്നു. നോമ്പ് സ്വാർത്ഥതയിൽ നിന്നുള്ള വിടുതലും അപരനിലേക്ക് നമ്മെ നയിക്കുന്നതുമായ പുണ്യത്തിന്റെ അനുഭവമാണ്. യേശു കുരുടനായ മനുഷ്യനെ സൗഖ്യപ്പെടുത്തുന്ന സംഭവത്തിലും നാം കാണുന്നത് പാപബോധം നഷ്ടപ്പെട്ട ഒരു സമൂഹത്തെയാണ്. പാപബോധമാണ് മാനസാന്തരത്തിന്റെ ആരംഭം. ചുരുക്കത്തിൽ വലിയ നോമ്പിലെ ആറ് ഞായറാഴ്ചകളിലെയും വചന ഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നത് പാപാവസ്ഥയിൽ നിന്നുള്ള വിമോചനത്തെക്കുറിച്ചാണ്.

**ഉപസംഹാരം:**

യേശുവിന്റെ പീഢാസഹനത്തിലും കുരിശു മരണത്തിലും പങ്കുചേർന്ന് ഉയിർത്തെഴുന്നേല്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കാനാണ് നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നത്. ഇത് കേവലം ഒരു അനുഷ്ഠാനമോ, ഓർമ്മപുതുക്കലോ അല്ല മറിച്ച് വ്യക്തിപരമായും സമൂഹമായും യേശുവിന്റെ രക്ഷയുടെ അനുഭവത്തിൽ പങ്കുചേരുന്നതിനുള്ള ക്ഷണമാണ്. നോമ്പ് രക്ഷയുടെ അടയാളമാണ്. സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും അനുഭവമാണ്. അത് രക്ഷാകരവും അനുഗ്രഹദായകവുമാണ്. ദൈവവുമായും സഹോദരങ്ങളുമായും ഐക്യത്തിൽ ജീവിച്ച് യേശുവിന്റെ രക്ഷാകര അനുഭവത്തിലേക്ക് പ്രവേശിക്കാനുള്ള സമയമാണ്.



www.malankaralibrary.com



# ഓശാന നൽകുന്ന നാലു സന്ദേശങ്ങൾ



ഫാ. ജി. കടൂപ്പാറയിൽ MCBS

ഓശാനത്തിരുനാൾ - വെഞ്ചരിച്ച കുരുത്തോലകൾ കൈകളിലേന്തി, ഗീതങ്ങൾ ആലപിച്ച് പ്രദക്ഷിണമായി നീങ്ങുന്ന പുണ്യദിനം. യേശുവിന്റെ ജറുസലേമിലേയ്ക്കുള്ള രാജകീയപ്രവേശനത്തെ നാം അനുസ്മരിക്കുന്ന വിശുദ്ധ ദിനം.

വി. ലൂക്കാ സുവിശേഷകന്റെ പുസ്തകത്തിൽ പത്തൊൻപതാം അദ്ധ്യായം 32 മുതൽ 40 വരെയുള്ള ഭാഗത്ത്, യേശുവിന്റെ ആ മനോഹരമായ രാജകീയപ്രവേശനം വിവരിക്കുന്നുണ്ട്. അതിന്റെ വെളിച്ചത്തിൽ ഓശാനത്തിരുനാളിന്റെ നാലു പാഠങ്ങൾ നമുക്ക് കാണാം.

**1. ശിഷ്യന്മാരുടെ അനുസരണത്തിന്റെ ഒരു പാഠം**

"അയയ്ക്കപ്പെട്ടവർ പോയി" എന്ന് ലൂക്കാ 19:32 -ൽ നമ്മൾ കാണുന്നു. കഴുതക്കുട്ടിയെ കൊണ്ടുവരുവാനായി അവിടുന്ന് ശിഷ്യന്മാരെ പറഞ്ഞയയ്ക്കുകയാണ്. അവർ യേശു പറഞ്ഞതുപോലെ തന്നെ കഴുതക്കുട്ടിയെ കൊണ്ടുവരാനായി മുന്നോട്ടുപോയി. യേശു നൽകിയ കൽപന അവർ അനുസരിച്ചു. വളരെ ലളിതമായ ഒരു കാര്യമാണ് അവിടുന്ന് പറഞ്ഞത്. അവിടുന്ന് പറയുന്നത് അവർ അനുസരിക്കുന്നു. ദൈവത്തെ അനുസരിക്കുക എന്നതിനേക്കാൾ വലിയ ഒരു കാര്യവും അവിടുന്ന് നമ്മോടു പറയുന്നില്ല. മാനസാന്തരപ്പെടാൻ അവൻ നമ്മോട് പറയുമ്പോൾ നാം പശ്ചാത്തപിക്കണം. വിശ്വസിക്കുവാൻ അവിടുന്ന് ആവശ്യപ്പെടുമ്പോൾ നാം വിശ്വസിക്കണം. ക്ഷമിക്കുവാൻ പറയുമ്പോൾ

ക്ഷമിക്കുവാനും, അവിടുന്ന് പോകുവാൻ പറയുന്നിടത്തേയ്ക്കു പോകുവാനും നാം തയ്യാറാകണം.

അനുസരണം ചില സമയങ്ങളിലെങ്കിലും വിഷമകരമായ ഒന്നാണെങ്കിലും ഇവിടെ യേശുവിന്റെ ശിഷ്യന്മാർ എന്ന് വിളിക്കപ്പെടുന്നവർക്ക് അതൊരു ബുദ്ധിമുട്ടേയല്ല. പത്തൊൻപതാം അധ്യായത്തിൽ അതാണ് നാം കാണുന്നത്. അവരോട് പോകാൻ പറഞ്ഞു; അവർ പോയി. എന്തു ചെയ്യണമെന്ന് അവൻ പറഞ്ഞുവോ അത് ചെയ്യുകയും ചെയ്തു. അവിടെ ചെന്ന് എന്താണ് പറയേണ്ടതെന്ന് അവരോട് പറയുകയും അവർ അത് പറയുകയും ചെയ്തു. നമ്മളും ജീവിതത്തിൽ പാലിക്കേണ്ടത് കർത്താവിനോടുള്ള അനുസരണം തന്നെയാണ്.

തോമസ് അക്കെമ്പിസ് പറയുന്നു: “തൽക്ഷണമുള്ള അനുസരണമാണ് അനുസരണം. അൽപം താമസിച്ചുള്ള അനുസരണം, അത് അനുസരണക്കേടാണ്. അനുസരണത്തിൽ നിന്ന് പിന്മാറാൻ ശ്രമിക്കുന്നവൻ കൃപയിൽ നിന്ന് പിന്മാറുന്നു.” നാം മാംസത്തെയും അതിന്റെ എല്ലാ മോഹങ്ങളെയും ക്രൂശിക്കണം. എതിർപ്പ് കൂടാതെ നമ്മുടെ കുരിശുകൾ ഏറ്റെടുക്കുവാൻ നമുക്ക് കഴിയണം. ക്രിസ്തു പോകുന്നിടത്തെല്ലാം നാം അവനെ അനുഗമിക്കണം. അനുസരണം കൂടാതെ ശിഷ്യനാകുക സാധ്യമല്ല. ഒരു ശിഷ്യൻ എന്താണെന്ന് നിർവചിക്കുക മാത്രമല്ല, അവൻ ആരെയാണ് പിന്തുടരുന്നത് എന്നുകൂടി അനുസരണം വെളിപ്പെടുത്തുന്നു.



നമ്മുടെ അനുസരണം അനുഗ്രഹത്തിലേക്ക് നയിക്കുന്നതെങ്ങനെയെന്ന് നാം വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നു. താൻ എവിടേക്കാണ് പോകുന്നതെന്ന് അറിവില്ലായിരുന്നിട്ടും ദൈവം പറഞ്ഞതനുസരിച്ച് പോയ അബ്രഹാം അനുസരണമുള്ളവനായിരുന്നു. നമ്മിൽ എത്രപേർ നമുക്ക് പരിചിതമായതെല്ലാം ഉപേക്ഷിച്ച് ലക്ഷ്യസ്ഥാനം അറിയാത്ത ഒരിടത്തേയ്ക്കു പോവും? അതാണ് അബ്രാഹാം ചെയ്തത്, മീൻ പിടിത്തക്കാരായിരുന്ന ശിഷ്യന്മാർ ചെയ്തത്. അനുസരണമുള്ള ഏതൊരു ശിഷ്യനും ചെയ്യുന്നതും ഇത് തന്നെയാണ്.

**2. ദൈവത്തിന്റെ പരിപാലനയുടെ പാഠം**

“യേശു പറഞ്ഞതുപോലെ അവർ കണ്ടു” (ലൂക്കാ 19:32).

ദൈവം തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം. അടുത്തുള്ള ഗ്രാമത്തിലെ ഒരു മരത്തിൽ ഒരു കഴുതക്കുട്ടിയുണ്ടെന്ന് അവിടുന്ന് നിങ്ങളോടു പറഞ്ഞാൽ, അടുത്തുള്ള ഗ്രാമത്തിലെ ഒരു മരത്തിൽ ഒരു കഴുതക്കുട്ടിയുണ്ടായിരിക്കുക തന്നെ ചെയ്യും. അവൻ പറഞ്ഞതുപോലെ അവർ അത് കണ്ടെത്തി. ഞാൻ സത്യമാണെന്നു യേശു പറഞ്ഞതിന്റെ പൊരുളും ഇതു തന്നെയാണ്. എന്നാൽ നിങ്ങൾ സത്യത്തെ വിശ്വസിക്കുന്നുണ്ടോ എന്നതാണ് അടുത്ത ചോദ്യം.

വിശ്വാസത്തെയും ദൈവവചനത്തിൽ പ്രത്യാശ വയ്ക്കുന്നതിനെയും കുറിച്ചുള്ള ഒരു വലിയ പാഠം ഇവിടെയുണ്ട്. ശിഷ്യന്മാർ ഗ്രാമത്തിൽ പ്രവേശിച്ചു. അവിടുന്ന് പറഞ്ഞത് വിശ്വസിച്ചുകൊണ്ട് അവർ ആ ഗ്രാമത്തിലൂടെ കഴുതക്കുട്ടിയെ



www.malankaralibrary.com



അന്വേഷിച്ച് നടക്കേണ്ടിവന്നു. അവർ കണ്ടെത്തുകയും ചെയ്തു.

1988-ലെ വിന്റർ ഒളിമ്പിക്സിനു മുമ്പുള്ള ഒരു ടെലിവിഷൻ പരിപാടിയിൽ, അന്ധരായ സ്കീയർമാരെ മത്സരത്തിനായി പരിശീലിപ്പിക്കുകയാണ്. കാഴ്ചയില്ലാത്തതിനാൽ അന്ധരായ ആളുകളെ സംബന്ധിച്ച് അത് അസാധ്യമായ ഒന്നാണെന്ന് കരുതിയിരുന്നു. കാണാൻ കഴിയുന്ന സ്കീയർമാരുമായി ജോഡി യാക്കിയ അന്ധരായ സ്കീയർമാരെ വലത്തോട്ടും ഇടത്തോട്ടും എങ്ങനെ തിരിക്കാമെന്ന് പഠിപ്പിക്കുകയാണ്. പരിശീലനത്തിനുശേഷം അവരെ ഒരു മലഞ്ചെരുവിലേക്ക് കൊണ്ടുപോയി. കാഴ്ചയുള്ള സഹായികളുടെ ഇടത്, വലത് നിർദ്ദേശങ്ങൾക്കനുസരിച്ച് അന്ധരായ ആളുകൾ ചലിച്ചു. അങ്ങനെ അവർക്ക് ഫിനിഷിങ് പോയിന്റ് കടക്കുവാൻ കഴിഞ്ഞു. അവർ വിജയിക്കുകയാണ്. വിശ്വസിച്ചാൽ അത് പൂർണ്ണമായ വിശ്വാസവും അല്ലെങ്കിൽ അത് പൂർണ്ണമായ ദുരന്തമോ ആയിത്തീരും എന്നതാണ് യാഥാർത്ഥ്യം.

ക്രിസ്തീയജീവിതത്തിന്റെ ഉജ്ജ്വലമായ ഒരു ചിത്രമാണ് മേൽപറഞ്ഞ മത്സരം! ഈ ലോകത്ത്, എന്ത് മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നതിനെക്കുറിച്ച് നാം അന്ധരാണ്. നമുക്ക് നാളെയോ, അടുത്ത ആഴ്ചയോ, അടുത്ത മാസമോ, അടുത്ത വർഷമോ കാണാൻ കഴിയില്ല. "ഒരു ദിവസം എന്തായിരിക്കുമെന്ന് ആർക്കറിയാം? നമുക്ക് മുന്നിൽ കാണാൻ കഴിയുന്നവനെ നാം ആശ്രയിക്കണം. യഥാർത്ഥമായ കാഴ്ചയുള്ള വചനമായ ദൈവത്തെ മാത്രം നാം ആശ്രയിക്കണം. നമ്മുടെ ജീവിതം പൂർത്തിയാക്കാൻ ആവശ്യമായ ദിശാബോധം അവന്റെ വചനം നൽകുന്നു" എന്നാണ് റോബർട്ട് ഡബ്ല്യു. സട്ടൺ പറയുന്നത്. അപ്പോഴും ചില ചോദ്യങ്ങൾ ഉണ്ടാകും. നിങ്ങൾ ഈ വാക്കിനെ വിശ്വസിക്കുന്നുണ്ടോ? അല്ലെങ്കിൽ നിങ്ങൾ സ്വയം വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ തീരുമാനങ്ങളെ നയിക്കുന്നതെന്താണ്? അവന്റെ വാക്കോ നിങ്ങളുടെ വികാരമോ? നിങ്ങളുടെ ജീവിതത്തിലെ അന്തിമ അധികാരം എന്താണ്? നിങ്ങളുടെ യുക്തി, ബുദ്ധി അല്ലെങ്കിൽ ദൈവവചനം?

നമ്മുടെ യുക്തിക്കും വികാരങ്ങൾക്കും അതീതമായി ദൈവവചനത്തെയും ദൈവത്തിന്റെ വാഗ്ദാനങ്ങളെയും വിശ്വസിക്കാൻ നാം പഠിക്കുമ്പോൾ, നല്ല കാര്യങ്ങൾ സംഭവിക്കുന്നത് നാം കണ്ടുതുടങ്ങും. അവനെ സ്നേഹിക്കുകയും അവൻ പ്രത്യേക ലക്ഷ്യങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുകയും ചെയ്തിരിക്കുന്നവരുടെ എല്ലാ കാര്യങ്ങളിലും ദൈവം നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്ന് അപ്പോൾ നമുക്ക് മനസിലാകും.

എത്രയോ തവണ വിശ്വാസം അനുസരണത്തിനു മുന്നേ പോയിരിക്കുന്നു? ഇപ്പോൾ കഴുതക്കുട്ടിയെ കാണാൻ കഴിയുന്നില്ലെങ്കിലും കഴുതക്കുട്ടിയുണ്ടെന്നു വിശ്വസിച്ച ശിഷ്യന്മാർക്ക് കഴുതക്കുട്ടിയെ ലഭിക്കുക തന്നെ ചെയ്തു.

**3. യേശുവിന്റെ മഹത്വം മനസിലാക്കുക എന്ന പാഠം**

"അവൻ പട്ടണത്തോടടുത്ത് ഒലിവുമലയുടെ ചരിവിനു സമീപത്തെത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അത്ഭുതപ്രവൃത്തികളെയും പറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്വം എന്ന് അവർ ആർത്തുവിളിച്ചു" (ലൂക്ക 19:37, 38).

ദാവീദ് പറഞ്ഞു: "സ്തുതി അർഹിക്കുന്ന യഹോവയെ ഞാൻ വിളിച്ചു..." (സങ്കീ. 18: 3) ഉയർത്തപ്പെടാൻ യോഗ്യനായവൻ ഒരാൾ മാത്രമേയുള്ളൂ. ആരാധിക്കപ്പെടാൻ യോഗ്യനായ ഒരാൾ മാത്രമേയുള്ളൂ. സ്തുതിക്കപ്പെടാൻ യോഗ്യനായ ഒരാൾ മാത്രമേയുള്ളൂ, അത് മിശിഹാ ആണ്. രക്ഷകൻ, ഇമ്മാനുവേൽ,

വാഴ്ത്തപ്പെട്ട വീണ്ടെടുപ്പുകാരൻ, സമാധാനത്തിന്റെ രാജകുമാരൻ, സർവ്വശക്തൻ, അത്ഭുതകരമായ ഉപദേഷ്ടാവ്, നിത്യപിതാവ്, ദൈവ പുത്രൻ, രാജാക്കന്മാരുടെ രാജാവ്, കർത്താവിന്റെ നാഥൻ, യേശു ക്രിസ്തു! മഹത്വമേറിയവൻ തന്റെ പൂർണ്ണസിംഹാസനത്തിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിനായി ഇറങ്ങി വന്നു. ചരിത്രത്തിലുട നീളം സന്തോഷിക്കാൻ ഒരു നിമിഷം ഉണ്ടെങ്കിൽ, മിശിഹാ ജറു സലേമിൽ വന്ന നിമിഷമായിരുന്നു അത്. അവന്റെ ഘോഷയാത്രയ്ക്കു മുമ്പായി അവർ തങ്ങളുടെ വസ്ത്രങ്ങളും ഈന്തപ്പനചില്ലക ളും വിരിച്ചു.

1715-ൽ ഫ്രാൻസിലെ രാജാ വായ ലൂയി പതിനാലാമൻ 72 വർഷത്തെ ഭരണത്തിനു ശേഷം മരിച്ചു. അദ്ദേഹം സ്വയം "മഹാൻ" എന്ന് വിശേഷിപ്പിക്കുകയും ഐ ആം ദി സ്റ്റേറ്റ് എന്ന പ്രസിദ്ധമായ പ്രഖ്യാപനം ഇറക്കുകയും ചെയ്ത ആളാണ്. അദ്ദേഹത്തിന്റെ കൊട്ടാരം യൂറോപ്പിലെ ഏറ്റ വും ഗംഭീരമായ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ ശവസം സ്കാരവും അതുപോലെ തന്നെ പ്രത്യേകതകൾ നിറഞ്ഞതാ യിരുന്നു. അദ്ദേഹത്തിന്റെ ശരീരം ഒരു സ്വർണ്ണശവപ്പെട്ടിയിൽ കിടക്കുന്നതിനാൽ കത്തീഡ്രലിലെ വിളക്കുകൾ പ്രകാശം കുറച്ചു തെളിക്കണം എന്ന ഉത്തരവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അന്തിമകർമ്മങ്ങൾ നാടകീയമാക്കാൻ ശവപ്പെട്ടിക്കു മുകളിൽ ഒരു പ്രത്യേക മെഴുകുതിരി മാത്രം സ്ഥാപിച്ചു. സ്മാരകത്തിൽ ആയിരങ്ങൾ നിശബ്ദതയോടെ കാത്തിരുന്നു. അപ്പോൾ ബിഷപ്പ് മാസിലോൺ പതുക്കെ താഴേയ്ക്കിറങ്ങി. അദ്ദേഹം മെഴുകുതിരി

**നമ്മുടെ യുക്തിക്കും വികാരങ്ങൾക്കും അതീതമായി ദൈവവചനത്തെയും ദൈവത്തിന്റെ വാഗ്ദാനങ്ങളെയും വിശ്വസിക്കാൻ നാം പഠിക്കുമ്പോൾ, നല്ല കാര്യങ്ങൾ സംഭവിക്കുന്നത് നാം കണ്ടുതുടങ്ങും. അവനെ സ്നേഹിക്കുകയും അവൻ പ്രത്യേക ലക്ഷ്യങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുകയും ചെയ്തിരിക്കുന്നവരുടെ എല്ലാ കാര്യങ്ങളിലും ദൈവം നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്ന് അപ്പോൾ നമുക്ക് മനസിലാകും.**

പുറത്തെടുത്ത് പറഞ്ഞു: "ദൈവം മാത്രമാണ് വലിയവൻ." അതെ, ദൈവം മാത്രമാണ് വലിയവൻ. അവന്റെ മഹത്വം മനുഷ്യരെ ഭയത്തോടെ വിറയ്ക്കാനോ ഭക്തിയിൽ നമിക്കാനോ സന്തോഷത്തോടെ പാടാനോ ഇടയാക്കും. നമ്മുടെ ദൈവം വലിയവൻ എന്നല്ല, അവ നാണ് ഏറ്റവും വലിയവൻ! പാപികളായ സൃഷ്ടികൾക്ക് തന്നെ ആരാധിക്കുവാൻ അനുവാദം നൽകുന്നത് തന്നെ അവന്റെ കൃപ യാണ്.

**4. അവിശ്വാസികളുടെ പോരാട്ടത്തിന്റെ ഒരു പാഠം**

ജനക്കൂട്ടത്തിലുണ്ടായിരുന്ന ചില ഫരിസേയർ അവനോടു പറഞ്ഞു: "ഗുരോ, നിന്റെ ശിഷ്യന്മാരെ ശാസിക്കുക" (40). അവൻ പ്രതിവചിച്ചു: "ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്ക 19:39-41). ഫരിസേയർ പ്രകോപിത രും അസൂയയുള്ളവരുമായിരുന്നു. യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ഉപമകൾ പറയുകയും ചെയ്തപ്പോൾ അവനെ ഗുരുവായും പ്രവാചക നായും അംഗീകരിക്കാൻ കഴിയാത്ത ചില ഫരിസേയന്മാർ ജനക്കൂട്ടത്തിൽ ഉണ്ടായിരിക്കാം. യേശുവിനെക്കുറിച്ചുള്ള ഒരു ചിന്തയും അവർക്ക് ആസ്വദിക്കുവാനും കഴിഞ്ഞില്ല. അവനെ അപമാനിക്കുവാനും ചാരപ്പണിക്കായും അവനോടൊപ്പം കൂടിയവരും ഉണ്ടായിരുന്നു. മറ്റുചിലർ അവനെതിരെ തെളി വുകൾ ശേഖരിക്കുകയായിരുന്നു. മതഭ്രാന്താൽ അന്ധരാക്കപ്പെട്ട ഇവർക്ക് ശരിയായ നേർക്കാഴ്ചകൾ ഉണ്ടായിരുന്നില്ല. അവർക്ക്



www.malankaralibrary.com

ചെവികളുണ്ടായിരുന്നുവെങ്കിലും കേൾക്കാൻ കഴിഞ്ഞില്ല, അവർക്ക് കണ്ണുകളുണ്ടായിരുന്നുവെങ്കിലും കാണാൻ കഴിഞ്ഞില്ല. യേശു വിന്റെ ദൈവത്വം അവരുടെ മുൻ പിൽ ശരിയായി രുന്നു, എന്നാൽ അവരുടെ അഭിമാനവും അസൂയ യുമുള്ള ഹൃദയങ്ങൾ ഒരിക്കലും അത് അംഗീകരിക്കു വാൻ തയ്യാറല്ലായിരുന്നു.

ഒരു കഥയുണ്ട്. ഒരിക്കൽ തന്നേക്കാൾ നന്നായി പറക്കാൻ കഴിയുന്ന മറ്റൊരു കഴുക നോട് അസൂയപ്പെട്ട ഒരു കഴുകന്റെ കഥ. ഒരു ദിവസം അസൂയാലുവായ കഴുകൻ അമ്പും വില്ലും കൊണ്ടുപോകുന്ന ഒരാളോട് ചോദിച്ചു: '
'നിങ്ങൾ ആ കഴുകനെ അമ്പെയ്തു താഴെയിയിടാമോ?" അപ്പോൾ പ്രതിഫലമായി അയാൾ തൂവൽ ചോദിച്ചു. ഉയരത്തിൽ പറക്കുന്ന കഴുകനെ താഴെയിറക്കുന്നതിനുള്ള അസൂയയാൽ നിറഞ്ഞ കഴുകൻ തന്റെ ഒരു തൂവൽ കൊടുത്തു. അയാൾ  അമ്പെയ്തു. പക്ഷേ, കഴുകനിട്ടു കൊണ്ടില്ല. വീണ്ടും എയ്യാൻ അയാൾ തൂവൽ ചോദിച്ചു. ഓരോ എയ്തിനും ഓരോ തൂവൽ! ഒടുവിൽ ഇനി പറക്കാൻ കഴി യാത്ത ഒരു സാഹചര്യത്തിലേക്ക്, തൂവൽ കൊടുത്ത കഴുകൻ എത്തി. വില്ലാളിയായ മനുഷ്യൻ ആ സാഹചര്യം മുതലെടുത്ത് നിസ്സഹായനായ കഴുകനെ കൊന്നു. നിങ്ങൾക്ക് ആരോടെങ്കിലും അസൂയ യുണ്ടെങ്കിൽ അസൂയ നിറഞ്ഞ പ്രവൃത്തികളാൽ നിങ്ങൾ ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്നത് നിങ്ങളെത്തന്നെ ആയിരിക്കും.

ഫരിസേയർക്കും യേശുവിന്റെ ശിഷ്യന്മാരാകാമായിരുന്നു. അവർ വിശ്വസിക്കുകയും അവന്റെ നിബന്ധനകള നുസരിച്ച് അവന്റെ അടുക്കൽ വരികയും ചെയ്തിരുന്നെങ്കിൽ... തർസാസിലെ സാവൂൾ ദൈവ ത്തിന്റെ സേവകനായി മാറിയത് നമുക്ക് അറിയാം. ദൈവം പക്ഷ പാതം കാണിക്കുന്നില്ല.
മനുഷ്യൻ ബാഹ്യരൂപത്തിലേക്ക് നോക്കിയേക്കാം. പക്ഷേ, ദൈവം ഹൃദയത്തെ നോക്കുന്നു.
നമുക്ക് കഴിയാത്ത തിനെ അവൻ കാണുന്നു. ദൈവം ഒരു ആട്ടിടയ ബാലനിൽ പോലും ഇസ്രയേലിന്റെ അടുത്ത രാജാവിനെ കാണുന്ന വനാണ്.

**ഉപസംഹാരം**

ലൂയിസ് ഗോൾഡ്ബെർഗിന്റെ ഒരു ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഓശാന ഞായറാഴ്ച യേശുവിനെ മിശിഹ ആയി അംഗീകരിച്ച നൂറുകണക്കിന് ആളുകൾ ഉണ്ടായിരുന്നിട്ടും അവർ ഒരു ചെറിയ ന്യൂനപക്ഷമായിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാന ത്തോടെ ഒരുപക്ഷേ, യഹൂദ ജന സംഖ്യ യുടെ 20 % ക്രിസ്തുവിനെ അംഗീകരിച്ചിരുന്നു. എന്നാൽ നേതാക്കളും ഭൂരിഭാഗം ആളുകളും അംഗീകരിച്ചിരുന്നില്ല."
ന്യൂനപക്ഷമാണ് ഇപ്പോഴും ഈശോയെ മുഴുവനായും അംഗീകരിക്കുന്നത്. അവന്റെ വഴി ഇടുങ്ങിയതാണ് എന്നതാണ് അതിനു കാരണം. അത് കണ്ടെത്തുന്നവർ ചുരുക്കമാണ്. ഈ ജീവിത രീതി കണ്ടെത്തിയ ചുരുക്കം ചിലരിൽ ഒരാളായ നിങ്ങൾ ഭാഗ്യവാനാണെന്ന് സ്വയം കരുതുക. അതു
പോലെ മറ്റുള്ളവരിൽ നിന്ന് ആ വഴി മറയ്ക്കരുത്. അവരെ നിങ്ങളോടൊപ്പം കൊണ്ടു പോകാൻ നിങ്ങൾ ആവുന്നതെല്ലാം ചെയ്യുക. വിജയകരമായ ജറുസലേം പ്രവേശനം, തുടർന്ന് ഒറ്റിക്കൊടുക്കൽ, ചാട്ടവാറടി, പരി ഹാസം, ക്രൂരമായ കുരിശിലേറ്റൽ, മരണം... ഇതിക്കെയാണ് ഈ രാജാവ് നമുക്ക് വാഗ്ദാനം ചെയ്യു ന്നത്. അവൻ നിങ്ങളോട് പറയുക യാണ് എന്നെ പിന്തുടരുക എന്ന്. അപ്പോൾ എന്താണ് നിങ്ങളുടെ മറുപടി?.



കവർ സ്റ്റോറി

# പഴയനിയമ പെസഹായുടെ കുടുംബപരവും സാമൂഹ്യവുമായ മാനങ്ങൾ



ഡോ. ഫാ. സണ്ണി മാത്യു കാവുവിള

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ പരിശുദ്ധ യൗസേപ്പിന് സമർപ്പിതമായ വർഷമായി കത്തോലിക്കാസഭ ആചരിക്കുന്നു. അതോടൊപ്പം തന്നെ 2021 മാർച്ച് 19 മുതൽ കുടുംബവർഷമായും ആചരിക്കപ്പെടുന്നു. കൂടിവരുന്നതും കൂട്ടായ്മകളും പരമാവധി കുറയ്ക്കണം എന്ന ഈ കൊറോണ കാലഘട്ടത്തിന്റെ ആവശ്യം നിലനില്ക്കെ തന്നെ, കുടുംബബന്ധങ്ങളുടെയും സമൂഹബന്ധങ്ങളുടെയും ഊഷ്മളതയിലേക്കും ഭക്തിയിലേയ്ക്കും നമ്മുടെ ചിന്തകളെ കൊണ്ടുചെല്ലാൻ സഭ ആഗ്രഹിക്കുന്നു എന്നതിന്റെ തെളിവാണ് മുകളിൽ പറഞ്ഞ യൗസേപ്പിതാവിന്റെ വർഷാചരണവും, കുടുംബവർഷാചരണവും. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പെസഹായുടെ സാമൂഹികവും കുടുംബപരവുമായ മാനങ്ങളെക്കുറിച്ചാണ്  ഈ ലേഖനം പ്രതിപാദിക്കുന്നത്.

ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണ് കുടുംബം. കുടുംബങ്ങളുടെ കെട്ടുറപ്പിനെ ആശ്രയിച്ചാണ് സമൂഹത്തിന്റെ മൊത്തം ഉയർച്ചതാഴ്ചകൾ സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ കുടുംബഭദ്രത ഉറപ്പുവരുത്തേണ്ടത് ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാന ദൗത്യങ്ങളിൽ ഒന്നാണ്.

“നീ ഭൂമിയിൽ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന്, അപ്പനേയും അമ്മയേയും ബഹുമാനിക്കുക” എന്ന അഞ്ചാം പ്രമാണം കുടംബഭദ്രത മുൻകൂട്ടി കണ്ടുകൊണ്ടുതന്നെ നല്കപ്പെട്ടതാണ്. കുടുംബങ്ങളെ വിലമതിക്കാത്ത വ്യക്തികൾക്കും സമൂഹങ്ങൾക്കും തങ്ങളുടെ അസ്ഥിത്വം തന്നെ നഷ്ടപ്പെടാൻ  ഇടയാകും എന്നു സാരം. അതേ സമയം സമൂഹഭദ്രതയില്ലെങ്കിൽ കുടംബഭദ്രതയും സാധ്യമാവില്ല എന്നവർ മനസ്സിലാക്കി



www.malankaralibrary.com

യിരുന്നു. ഇതു രണ്ടും മനസ്സിൽ കണ്ടുകൊണ്ടാണ് പെസഹായുടെ അനുഷ്ഠാന ക്രമം അവർ രൂപപ്പെടുത്തിയത്.

**ചരിത്ര പശ്ചാത്തലം**

എല്ലാ മതങ്ങളുടെയും സമൂഹങ്ങളുടെയും രൂപീകരണത്തിലും നിലനില്പിലും ചില ചരിത്ര സംഭവങ്ങളുടെ ഒരു കേന്ദ്രബിന്ദു കാണാൻ സാധിക്കും. മോക്ഷപ്രാപ്തിക്കുള്ള ശ്രീബുദ്ധന്റെ യാത്രയും അതേത്തുടർന്നു അദ്ദേഹത്തിന്റെ ആത്മീയാനുഭവങ്ങളുമാണ് ബുദ്ധമതത്തിന്റെ രൂപീകരണത്തിലേക്കു നയിച്ച ചരിത്രസത്യങ്ങൾ. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും ജീവിതവും മരണവും ഉത്ഥാനവുമൊക്കെയാണ് ക്രിസ്തുമതത്തിന്റെ കാതലായ ചരിത്രസത്യങ്ങൾ. ഇപ്രകാരം ഏതെങ്കിലുമൊരു ചരിത്രസംഭവത്തെ ആധികാരികമായി കരുതാനില്ലാത്ത മതങ്ങൾ ഐതീഹ്യങ്ങൾക്കും കെട്ടുകഥകൾക്കും ഒരു ചരിത്രമാനം നല്കാറുണ്ട്.

യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഒരു ജനമെന്നുള്ള അവരുടെ സത്യബോധത്തിനും ഒരു മതമെന്നുള്ള സംഘടനാത്മകതയ്ക്കും അടിസ്ഥാനമായി നിന്നത് ഈജിപ്തിൽ നിന്നുള്ള അവരുടെ വിമോചനമായിരുന്നു. വിമോചിക്കപ്പെട്ട ജനത്തിന് തങ്ങൾ ആരാണെന്നും എന്തായിത്തീരണമെന്നുമുള്ള അവബോധത്തിന് മുദ്രയിടുന്ന സംഭവമാണ് സീനായ് മലമുകളിലുള്ള ദൈവിക വെളിപാട്. ഈജിപ്തിൽ നിന്നുള്ള വിമോചനത്തിനും സീനായ് മലമുകളിൽ നടന്ന ദൈവിക വെളിപാടിനും അനുഷ്ഠാനപരമായ (Ritualistic) ഒരു മാനം നല്കി എന്നതാണ് പെസഹായുടെ സംഭാവന. വിമോചനവും വെളിപാടും ഇസ്രായേലിന്റെ അസ്ഥിത്വ രൂപികരണത്തിന്റെ അടിസ്ഥാനഘടകങ്ങളായിരുന്നുവെങ്കിൽ അതിന്റെ ഓർമ്മ അനുഷ്ഠാനപരമായി നിലനിർത്തുകയാണ് പെസഹാ ചെയ്തത്. വിശുദ്ധ കുർബാന സഭയെ ഉരുവാക്കുന്നു (Eucharist makes the Church) എന്ന് ഇന്ന് നാം പറയുന്നതുപോലെ ഒരു ജനമെന്നുള്ള ഇസ്രായേലിന്റെ അസ്ഥിത്വ രൂപീകരണത്തിനും അതിന്റെ സംരക്ഷണത്തിനും അനുഷ്ഠാനപരമായ ഒരു പിൻബലം പെസഹാ നല്കി. ഈ സ്വത്വബോധമില്ലായിരുന്നുവെങ്കിൽ മരുഭൂമിയിലൂടെയുള്ള യാത്രക്കിടയിലും, അതിനുശേഷം കാനാൻദേശത്ത് വാസമുറപ്പിച്ചപ്പോഴും വിജാതീയജനത്തോടു ചേർന്ന് തങ്ങളുടെ അസ്ഥിത്വവും കർത്താവായ ദൈവത്തിലുള്ള യഥാർത്ഥവിശ്വാസവും പാടേ നഷ്ടപ്പെടാൻ ഇടയാകുമായിരുന്നു. പരദേശിയും വിലക്കുവാങ്ങപ്പെടാത്ത അടിമയും കൂലിക്കാരനുമൊന്നും പെസഹാ ആചരണത്തിൽ പങ്കെടുക്കരുത് എന്ന ആദ്യകാല നിയന്ത്രണത്തിന്റെ അർത്ഥവും ഇതുതന്നെ (പുറ. 13: 43).

**അനുഷ്ഠാനക്രമത്തിലുള്ള വളർച്ച**

പെസഹാപ്പെരുന്നാളിനെക്കുറിച്ചുള്ള ദൈവശാസ്ത്രവും അനുഷ്ഠാന ക്രമങ്ങളും, മറ്റെല്ലാ പെരുന്നാളുകളെയുംപോലെ, ക്രമാനുഗതമായ ഒരു വളർച്ചയ്ക്ക് വിധേയമായി ട്ടുണ്ട്. "ഓരോ കാലഘട്ടത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് യഹൂദമതം തങ്ങളുടെ മതവിശ്വാസത്തെ പൊരുത്തപ്പെടുത്താൻ പരിശ്രമിച്ചതിന്റെ ഫലമാണത്. ഒരു ഉദാഹരണത്തിലൂടെ ഇക്കാര്യം വ്യക്തമാകും. പുറപ്പാട് പുസ്തകം 12-ാം അദ്ധ്യായത്തിൽ കാണുന്ന ആദ്യ പെസഹാ അനുഷ്ഠാനത്തിന് പെസഹാക്കുഞ്ഞാടിന്റെ മാംസം ചുട്ടുമാത്രമേ ഭക്ഷിക്കാവൂ എന്ന വ്യക്തമായ നിർദ്ദേശമുണ്ടായിരുന്നു. "അവർ അതിന്റെ മാംസം തീയിൽ ചുട്ട് പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി അന്നുരാത്രി ഭക്ഷിക്കണം. ചുട്ടല്ലാതെ പച്ചയായോ വെള്ളത്തിൽ വേവിച്ചോ ഭക്ഷിക്കരുത്. അതിനെ മുഴുവനും, തലയും കാലും ഉൾഭാഗവുമടക്കം ചുട്ട് ഭക്ഷിക്കണം. (പുറ. 12:8-9) എന്നാൽ നിയമാവർത്തന പുസ്തകം 16 : 7 ൽ പെസഹാക്കുഞ്ഞാടിനെ വേവിച്ച് (Boil) ഭക്ഷിക്കണം എന്നാണു നിർദ്ദേശം. രണ്ടു കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന സാമൂഹ്യക്രമത്തിലെ വ്യത്യാസങ്ങൾ മനസ്സിലാക്കുമ്പോൾ അനുഷ്ഠാനക്രമത്തിലെ ഈ മാറ്റവും വ്യക്തമാകും. ബാബിലോൺ പ്രവാസക്കാലത്താണ് പുറപ്പാട് പുസ്തകത്തിന് ഇന്നത്തെ രൂപവും ഭാവവും സിദ്ധിച്ചതെങ്കിലും, മോശയുടെ കാലത്തുതന്നെ പ്രചാരത്തിലുണ്ടായിരുന്ന ചില ചരിത്രവിവരങ്ങളും കഥകളും ഒക്കെയാണ് ഈ പുസ്തകത്തിന്റെ ഉൾക്കാമ്പിലുള്ളത്. അടിമത്തത്തിലായിരുന്ന ജനത്തിന്റെ പെസഹാ ആചരണ പശ്ചാത്തലം ഈ വിവരണത്തിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്. എന്നാൽ നിയമാവർത്തനം രചിക്കപ്പെട്ടത് രാജഭരണകാലത്താണ് എന്നാണ് പണ്ഡിതമതം. താരതമ്യേന സമാധാനപരമായ അക്കാലഘട്ടത്തിൽ പെസഹാക്കുഞ്ഞാടിനെ സാവധാനം വെള്ളത്തിൽ വേവിച്ചു ഭക്ഷിക്കാനുള്ള സംവിധാനവും സാവകാശവുമുണ്ടായിരുന്നു. രണ്ടു വ്യത്യസ്ഥ കാലഘട്ടത്തിലെ സാമൂഹ്യക്രമത്തോട് അനുഷ്ഠാനക്രമം പ്രതികരിച്ചപ്പോഴുണ്ടായ മാറ്റമാണിത്. ക്രിസ്തുവിന് മുൻപ് നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ദിനവൃത്താന്ത പുസ്തകത്തിൽ ഈ രണ്ടു പാരമ്പര്യങ്ങളും സംയോജിക്കപ്പെട്ടതായും കാണുന്നുണ്ട് (2 ദിന. 35:13).



**നാടോടി പാരമ്പര്യം**

ദുഷ്ടശക്തികളെ വീട്ടിൽ നിന്ന് അകറ്റിനിർത്തുന്നതിനുള്ള ഉപാധിയായി കട്ടിളപ്പടിയിൽ രക്തം തളിക്കുകയും ചില അടയാളങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നത് അക്കാലത്ത് മധ്യപൂർവ്വദേശത്തെ എല്ലാ ജനവിഭാഗങ്ങളും ചെയ്തിരുന്ന ഒരു ആചാരമായിരുന്നു എന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. അതുപോലെ ആറുമാസം വനത്തിലും ആറുമാസം നാട്ടിലും താമസിച്ചിരുന്ന നാടോടികൾ കാട്ടിൽ നിന്നു നാട്ടിലേക്കു താമസം മാറ്റുമ്പോൾ കാട്ടിലെ ദൈവങ്ങൾക്ക് ആടിനെയോ മാടിനെയോ കൊന്നു ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഒരു ജനമല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ - വെറും നാടോടികൾ - ഇസ്രയേൽ ജനത്തിനുണ്ടായിരുന്ന ഈ രണ്ടു ആചാരങ്ങളുടെയും പിൻബലം പിൽക്കാലത്തെ പെസഹാ ആചരണത്തിനുണ്ടായിരുന്നു. മോശയുടെ നേതൃത്വത്തിൽ അവർ ഈജിപ്തിൽ സംഘടിച്ചപ്പോൾ തന്നെ തങ്ങളുടെ ദൈവമായ കർത്താവ് തങ്ങൾക്ക് സംരക്ഷണം നല്കും എന്ന വിശ്വാസത്തിലേക്കു ജനം വന്നു. മോശയുടെ ദൈവാനുഭവത്തിന്റെ വെളിച്ചത്തിലുള്ള ഒരു പുതിയ ദൈവമല്ല, മറിച്ച് തങ്ങൾ ഒരു ജനമാകുന്നതിനു മുൻപു തന്നെ തങ്ങളുടെ പിതാക്കന്മാരുമായി ഉടമ്പടിയിലേർപ്പെട്ട ദൈവമാണ് യഹോവ എന്നു അവർ വിശ്വസിച്ചു. ആ ദൈവത്തിനു അർപ്പിക്കുന്ന ബലിമൃഗത്തിന്റെ രക്തം വീടിന്റെ കട്ടിളപ്പടിയിൽ തളിക്കുമ്പോൾ തങ്ങൾക്കും തങ്ങളുടെ കുഞ്ഞുങ്ങൾക്കും ആടുമാടുകൾക്കുമെല്ലാം യഹോവയായ ദൈവം സംരക്ഷണം നല്കും എന്ന് അവർ വിശ്വസിച്ചു. ഈജിപ്തിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതന്മാർ വധിക്കപ്പെട്ടപ്പോൾ തങ്ങളുടെ മക്കൾക്കും ആടുമാടുകൾക്കും ആപത്തൊന്നും വരാതിരുന്നത് ദൈവമായ കർത്താവിന്റെ ശക്തിയായിട്ടല്ലാതെ ഇസ്രായേൽ ജനത്തിന് മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നില്ല. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഒളിച്ചോടി നാല്പത് സംവത്സരങ്ങൾ മരുഭൂമിയിലൂടെയും മലനിരകളിലൂടെയും അലഞ്ഞു നടന്ന ജനത്തിന് ഈ വിശ്വാസമാണ് ഏക പിടിവള്ളിയായിട്ടുണ്ടായിരുന്നത്. ജനം കനാൻ ദേശത്തു വാസമുറപ്പിക്കുന്നതിന് മുൻപു തന്നെ ഈ വിശ്വാസവും കുഞ്ഞാടിനെ കൊല്ലുന്ന അനുഷ്ഠാനവും എല്ലാം കോർത്തിണക്കി ഒരു പെരുന്നാളായി ഇസ്രായേൽ ജനം അംഗീകരിച്ചു.

അങ്ങനെ നാടോടികളായിരുന്ന കാലഘട്ടത്തിൽത്തന്നെയുള്ള പാരമ്പര്യങ്ങളും ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള പലായനവും മോശയുടെ ദൈവാനുഭവവും എല്ലാം ചേർന്ന് ഇസ്രായേൽ ജനത്തിന് അവരുടെ അസ്ഥിത്വം ഉറപ്പിക്കുന്ന ഒരു അനുഷ്ഠാനമായി മാറിയ കഥയാണ് പെസഹയുടേത്.

**കുടുംബബന്ധങ്ങളുടെ ആഘോഷം**

കുടുംബ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്ന ആഘോഷമായിരുന്നു പെസഹാ. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും പെസഹാ ഭക്ഷിക്കുന്നതിനുള്ള ആട്ടിൻകുട്ടിയെ കരുതിവക്കുന്നത് കുടുംബത്തലവന്മാരുടെ ഉത്തരവാദിത്തമായിരുന്നു. കുടുംബത്തിന്റെ അംഗബലമനുസരിച്ച് ഭക്ഷിക്കാനുള്ള കഴിവനുസരിച്ചുമായിരുന്നു ആട്ടിൻകുട്ടിയെ തെരഞ്ഞെടുക്കേണ്ടത്. ഒരാടിനെ ഭക്ഷിക്കാൻ തക്ക അംഗബലമില്ലെങ്കിൽ അയൽക്കുടുംബത്തെയും പങ്കുചേർക്കാമായിരുന്നു. പെസഹാക്ക് നാലുദിവസം മുമ്പെങ്കിലും ആട്ടിൻകുട്ടിയെ കരുതിയിരിക്കണം. പെസഹായുടെ അന്ന് വൈകിട്ട് ആ ആടിനെ കൊല്ലുന്നതും അതിന്റെ രക്തമെടുത്ത് കട്ടിളക്കാലുകളിലും മേല്പടിയിലും പുരട്ടുന്നതുമെല്ലാം കുടുംബനാഥന്റെ ഉത്തരവാദിത്വം തന്നെ. ഇസ്രായേൽ ജനം അടിമകളായിരുന്നുവെന്നും അടിമത്തത്തിൽ നിന്നും ദൈവം തങ്ങളെ രക്ഷിച്ച് സ്വതന്ത്രരാക്കി എന്നുമുള്ള വിശ്വാസം കുടുംബത്തിലെ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കേണ്ട ഉത്തരവാദിത്തവും കുടുംബനാഥനായിരുന്നു. തലമുറകൾ കഴിയുമ്പോൾ



www.malankaralibrary.com

പെസഹാ വെറും ഒരു ആചാരമായിത്തീരാതിരിക്കാനുള്ള മുൻകരുതൽ ആദ്യപെസഹായിൽത്തന്നെ എടുത്തിരുന്നു. ഇതിന്റെ അർത്ഥമെന്തെന്ന് നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം. ഇത് കർത്താവിനർപ്പിക്കുന്ന പെസഹാബലിയാണ് അവിടുന്ന് ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾ കടന്നുപോയി. ഈജിപ്തുകാരെ സംഗ്രഹിച്ചപ്പോൾ അവിടുന്ന് ഇസ്രായേൽക്കാരെ രക്ഷിച്ചു (പുറ 12:27). ഈ നിബന്ധന പെസഹാ അനുഷ്ഠാനം ആചാരമായിത്തീരാതിരിക്കാനുള്ള മുൻകരുതലായിരുന്നു. പിൽക്കാലത്ത് പെസഹാ ഭക്ഷിക്കുമ്പോൾ നാലു ചോദ്യങ്ങൾ ചോദിക്കുന്നത് അനുഷ്ഠാനത്തിന്റെ ഭാഗമായിത്തീർന്നു (1) മറ്റു ദിവസങ്ങളിൽ നിന്നു വ്യത്യസ്ഥമായി അപ്പം രണ്ടു പ്രാവശ്യം മുക്കിക്കഴിക്കുന്നതിന്റെ അർത്ഥമെന്ത്? (2) മറ്റു ദിവസങ്ങളിൽ പുളിപ്പിച്ച അപ്പം ഭക്ഷിക്കുമ്പോൾ പെസഹാ അത്താഴത്തിൽ മാത്രം പുളിപ്പിക്കാത്ത അപ്പം കഴിക്കുന്നതെന്തുകൊണ്ട്? (3) പെസഹാ അത്താഴ സമയത്ത് കയ്പുള്ള ഇലകൾ ഭക്ഷിക്കുന്നതിന്റെ അർത്ഥമെന്ത്? (4) സാധാരണയായി ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ പെസഹാഭക്ഷണം ചാരിയിരുന്ന് കഴിക്കുന്നത് എന്തുകൊണ്ട്? ഈ ചോദ്യങ്ങൾ ചോദിക്കുന്നത് കുടുംബത്തിലെ ഏറ്റവും ഇളയ അംഗമാണ്. എന്നാൽ ഈ ചോദ്യങ്ങൾ ചോദിക്കാൻതക്കവണ്ണം ആ അംഗത്തെ ഒരുക്കുന്നതും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതുമെല്ലാം കുടുംബനാഥന്റെ ഉത്തരവാദിത്വം ആയിരുന്നു. അങ്ങനെ കുടുംബനാഥന് കുടുംബങ്ങൾക്കിടയിലുള്ള അവകാശവും അധികാരവും ഉറപ്പിക്കുന്നതിനും വിശ്വാസം പഠിപ്പിക്കുന്നതിനും സാഹചര്യം ഉരുവാകുന്നു.

**സാമൂഹിക മാനം**

കുടുംബ ബന്ധങ്ങൾ ഉറപ്പിക്കുമ്പോൾ തന്നെ ഇസ്രായേൽ സമൂഹത്തെ ആകമാനം ഒരു ജനമെന്നുള്ള ബന്ധത്തിൽ ഉറപ്പിച്ചു നിർത്താനും പെസഹാ ആചരണത്തിനു കഴിയണം എന്ന് മോശയും ഇസ്രായേലിലെ മറ്റു നേതാക്കന്മാരും ഉദ്ദേശിച്ചിരുന്നു എന്ന് ആദ്യ പെസഹാ ആചരണത്തിന്റെ വിവരണത്തിൽ നിന്നും തന്നെ വ്യക്തമാണ്. (പുറ. 12). “ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണാദിനമായിരിക്കട്ടെ. ഇതു തലമുറതോറും കർത്താവിന്റെ തിരുനാളായി നിങ്ങൾ ആചരിക്കണം. ഇത് നിങ്ങൾക്ക് എന്നേക്കും ഒരു കല്പനയായിരിക്കും.”
പുറ (12:14). പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കേണ്ട ഏഴുദിവസങ്ങളിൽ ആരെങ്കിലും പുളിപ്പുള്ള അപ്പം ഭക്ഷിച്ചാൽ അവൻ ഇസ്രായേലിൽ നിന്നുതന്നെ വിച്ഛേദിക്കപ്പെടണം എന്നായിരുന്നു കല്പന (പുറ 12:15).
രണ്ടാമത്തെ പെസഹാ ആചരണത്തിന്റെ വിവരം സംഖ്യാപുസ്തകം ഒൻപതാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ രണ്ടാമത്തെ പെസഹാ എന്നത് സമയക്രമമനുസരിച്ച് ആകണമെന്നില്ല. പെസഹാ അനുഷ്ഠാനത്തിന്റെ വളർച്ചയുടെ രണ്ടാം ഘട്ടംഎന്നു മനസ്സിലാക്കുന്നതാകും കൂടുതൽ ഉചിതം. ഒരൊറ്റ ഒരാൾ പോലും പെസഹാ അനുഷ്ഠിക്കാത്തവരായി സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല എന്ന വ്യക്തമായ നിബന്ധന ക്കാലമായപ്പോഴേക്കും രൂപപ്പെട്ടു കഴിഞ്ഞിരുന്നു. ശവശരീരത്തെയോ മറ്റോ സ്പർശിച്ച് ആരെങ്കിലും അശുദ്ധരായിരുന്നാൽ കൂടി, അവർക്ക് പെസഹാ ആചരണത്തിൽ നിന്ന് മാറിനിൽക്കാൻ അനുവാദമുണ്ടായിരുന്നില്ല. എന്നാൽ അവർക്ക് ഒരു മാസത്തെ സാവകാശം ലഭ്യമായിരുന്നു. സാധാരണ ജനങ്ങൾ ഒന്നാം മാസം പതിന്നാലാം ദിവസം പെസഹാ ആചരിക്കുമ്പോൾ ഏതെങ്കിലും അശുദ്ധികാലം അന്നേദിവസം പെസഹാ ആചരിക്കാൻ സാധിക്കാത്തവർക്കും യാത്രയിലായിരിക്കുന്നവർക്കും രണ്ടാം മാസം പതിനാലാം ദിവസം പെസഹാ ആചരിക്കുവാനുള്ള അനുവാദം നൽകിയിരുന്നു. എന്നാൽ പെസഹാ ആചരണത്തിൽ നിന്നും ആരെങ്കിലും ഒഴിഞ്ഞുമാറുന്നുവെങ്കിൽ അവൻ സ്വജനത്തിൽ നിന്നും വിച്ഛേദിക്കപ്പെടണം. എന്നതായിരുന്നു നിയമം.

അങ്ങനെ ഒരു കുടുംബം പോലെ ഇസ്രായേൽ മാറണം എന്നതായിരുന്നു അവരെക്കുറിച്ച് ദൈവഹിതം, ദൈവത്തിന്റെ കുടുംബമായി മാറാനുള്ള വിളി ഏശയ്യാ 19:25 ൽ ഇസ്രായേലിനെ ദൈവത്തിന്റെ അവകാശം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അബ്രഹാമിൽ തുടങ്ങി സന്തതി പരമ്പരകളെല്ലാം പരിഛേദനം ചെയ്യപ്പെടണമെന്ന് നിഷ്കർക്കപ്പെട്ടതിന്റെ പൊരുളും ഇതുതന്നെ. ദൈവവുമായുള്ള ഉടമ്പടിയുടെ അടയാളം ശരീരത്തിൽ വഹിക്കുന്ന ദൈവത്തിന്റെ കുടുംബം. യേശുവിന്റെ കാലമായപ്പോൾ കുടുംബത്തിന്റെ പെസഹാ ആചരണത്തെക്കാൾ

പ്രാധാന്യം ജറുസലേം, ദേവാലയത്തിൽ നടത്തപ്പെടുന്ന ആഘോഷങ്ങൾക്കായിരുന്നു. ജറുസലേം ദൈവത്തിന്റെ ഭവന മാണെന്നും അവിടെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെല്ലാം ഒന്നുകൂടി ഒരു കുടുംബമായി പെസഹാ അനുഷ്ഠിക്കണം എന്നുമുള്ള ചിന്ത പ്രബലപ്പെട്ടതിന്റെ ഫലമായിട്ടാണ് അനേകം ലക്ഷം ഭക്തന്മാർ ജറുസ ലേമിൽ ഒന്നിച്ചുകൂടുന്ന ഒരു പെരുന്നാളായി പെസഹാ മാറിയത്. സത്യത്തിൽ 'കുടുംബം' എന്നത് ഇന്നും നാം വിവക്ഷിക്കുന്ന തരത്തിലുള്ള ഒരു പദം പഴയ നിയമത്തിലില്ല. അതിനോട് ഏറ്റവും ചേർന്ന് നില്ക്കുന്ന പദ പ്രയോഗം "ബേത് - ആബ്' ആണ് പിതാവിന്റെ ഭവനം എന്നർത്ഥം. ഇസ്രായേൽ ജനം ആകമാനം ദൈവത്തിന്റെ അവകാശമാണെന്നും അവർക്കു ജറുസലേം പിതാ വിന്റെ ഭവനമാണെന്നും അന്നും ഇന്നും ഇസ്രായേൽ ജനം വിശ്വസിക്കുന്നത്.

**സാമൂഹ്യപരമായ യുഗാന്ത്യദർശനം**

ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണല്ലോ. പെസഹായിലൂടെ ഇസ്രായേൽ തങ്ങളെത്തന്നെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ അത് ബിസി 300 നു മുമ്പ് നടന്ന ഒരു സംഭവമായിട്ടു മാത്രമല്ല ഇന്ന് അവർ മനസ്സിലാക്കുന്നത്. ഈജിപ്തുകാരിൽ തുടങ്ങി, അടുത്ത കാലത്ത് നാസികൾ വരെ ചരിത്രത്തിന്റെ പല ഘട്ടങ്ങളിലായി തങ്ങളെ അടിമപ്പെടുത്താനും ഉന്മൂലനം ചെയ്യാനും ശ്രമിക്കുന്ന എല്ലാ ശക്തികളിൽ നിന്നുമുള്ള ഒരു കടന്നുപോക്ക് ആണ് ഇന്ന് അവരുടെ പെസഹാ. എന്നാൽ തങ്ങളെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന ശക്തികളെയെല്ലാം തങ്ങളുടെ ദൈവമായ കർത്താവ് ഉന്മൂലനം ചെയ്യുന്നു എന്നതാണ് ചരിത്രത്തിൽ അവരുടെ അനുഭവം. ഈ പ്രക്രിയ മിശിഹാ വരുന്നതുവരെ തുടരും. മിശിഹാ യുടെ വരവോടു കൂടി ജറുസലേം പുതുക്കിപ്പണിയപ്പെടും എന്നും അതിനുശേഷം ആരും അവരെ അടിമപ്പെടുത്താൻ മുതിരില്ല എന്നും അവർ വിശ്വസിക്കുന്നു. എല്ലാ പെസഹാ ആഘോഷങ്ങളും അവസാനിക്കുന്നത് യുഗാന്ത്യ ദർശനത്തോടുകൂടിയാണ്. "നവീകരിക്കപ്പെക്ക ജറുസലേ മിൽ" അടുത്ത വർഷം കാണാം എന്ന ആശംസയോടെയാണ് ആഘോഷങ്ങൾ അവസാ നിക്കുന്നത്.

**ഉപസംഹാരം**

പെസഹാ സംബന്ധിച്ച ക്രൈസ്തവ ദർശനം നമുക്കേവർക്കും സുപരിചിതമാണ്. എന്നാൽ ഈ ക്രൈസ്ത ദർശനം രൂപപ്പെട്ടത് പഴയ നിയമ പശ്ചാത്തലത്തിലാണ്. പഴയ നിയമം ഒരു സൂചന യായിരുന്നുവെന്നും അത് യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടുവെന്നും നാം വിശ്വസിക്കുന്നു. ഇസ്രായേൽ ഈജിപ്തിലെ അടിമത്തത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെട്ടതു പോലെ യേശുക്രിസ്തുവാകുന്ന പെസഹാക്കുഞ്ഞാടിന്റെ രക്തത്താൽ നാം പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിലൂടെ പുതിയ കാനാൻ ദേശത്തേക്കു നാം പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. യേശുക്രിസ്തുവിന്റെ രണ്ടാം വരവിൽ ഈ പുതിയ കാനാൻ ദേശവും സ്വർഗ്ഗീയ ജറുസലേമും പൂർണ്ണമായ വെളിവാക്കപ്പെടും. അതാണ് ക്രൈസ്തവരെ സംബ ന്ധിച്ചുള്ള പെസഹായുടെ യുഗാന്ത്യ ദർശനം. എന്നാൽ ഇഹലോകത്തിലുള്ള നാടാണ് പരിശുദ്ധ സഭ സ്വർഗ്ഗീയ ജറു സലേമിലും അതിന്റെ കാലിക യാഥാർത്ഥ്യമായ പരിശുദ്ധ സഭയിലും നാം പങ്കു പറ്റുന്നത് വ്യക്തികൾ എന്നുള്ള നിലയിൽത്തന്നെ. എന്നാലും അതിന് കുടുംബപരമായും സാമൂഹ്യപരമായുമുള്ള ഒരു മാന മുണ്ട്. യേശുക്രിസ്തു എന്ന കുഞ്ഞാടിന്റെ രക്തത്താൽ വിലക്കുവാങ്ങപ്പെട്ടവരെല്ലാം ഇഹലോകത്തിലായിരിക്കുമ്പോൾ പരിശുദ്ധ സഭയിലും ഇഹലോകത്തിനു ശേഷവും സ്വർഗ്ഗീയ ജറുസലേമിലും ഒരു സമൂഹമായും ഒരു കുടുംബമാ യും കൂട്ടിച്ചേർക്കപ്പെടും. അവിടെ സിംഹാസനസ്ഥനാം കുഞ്ഞാടി നും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്വവും ആധിപ ത്യവും (വെളി 6:13) എന്ന് ഉദ്ഘോഷിക്കുകയും ചെയ്യും. ഈ ക്രൈസ്തവ ചിന്താധാരയുടെ ഉറവിടം നാം അന്വേഷിക്കുമ്പോൾ ചെന്നെത്തുന്നത് പഴയനിയമ പെസഹായിലാണ്.


www.malankaralibrary.com



# ദുഃഖ വെള്ളിയാഴ്ചയുടെ ശുശ്രൂഷ: അർത്ഥവും വ്യാപ്തിയും



ഡോ. ഫാ. ജോളി ഫിലിപ്പ്
കരിമ്പിൽ

കഷ്ടാനുഭവാഴ്ചയിലെ പ്രധാന പ്രമേയം നമ്മുടെ കർത്താവായയേശുമിശിഹായുടെ രാജത്വവും, പ്രവാചകത്വവും, പൗരോഹിത്യവും പ്രഘോഷിക്കുകയും, യേശുവിന്റെ ദൈവത്വം ആഘോഷിക്കുകയും ചെയ്യുക എന്നുള്ളതാണ്. ദൈവം മനുഷ്യ നായി മാനവ വംശത്തിന്റെ രക്ഷയ്ക്കായി കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്തു എന്ന സത്യം സുറിയാനി സഭയുടെ പ്രാർത്ഥനകളിലും ഗാനങ്ങളിലും ആവർത്തിച്ച് കാണാനാകും. ദൈവപുത്രൻ മനുഷ്യനായി പിറന്നപ്പോൾ അവിടത്തെ രാജത്വവും, പ്രവാചകത്വവും, പൗരോഹിത്യവും സൂചിപ്പിക്കുവാൻ മൂന്ന് ജ്ഞാനികൾ പൊന്നും, മീറയും, കുന്തുരുക്കവും കാഴ്ചയർപ്പിച്ചു. മിശിഹാരാജാവും, പ്രവാചകനും, പുരോഹിതനുമാണെന്ന സത്യം ഇതിലൂടെ സ്ഥിരീകരീക്കുന്നു. കഷ്ടാനുഭവാഴ്ചയിൽ ഈ സത്യം നാം ധ്യാനിക്കുകയുംചെയ്യുന്നു. ഓശാന ഞായറിൽ യേശുവിന്റെ രാജത്വത്തെ നാം ഏറ്റുപറയുന്നു. ജറുസലേമിലേക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനം, അവിടുന്ന് രാജാവും ദൈവപുത്രനുമായ മിശിഹായാണ് എന്ന പ്രഖ്യാപനമാണ്. ദാവീദിന്റെ പുത്രനായ മിശിഹായുടെരാജ്യം എന്നും നിലനില്ക്കുന്ന രാജ്യമാണ്. കുരിശുമരത്തിന്മേൽ “ഇവൻ യഹൂദരുടെ രാജാവാണ്” എന്ന് ഹെബ്രായ, ലത്തീൻ, ഗ്രീക്ക് ഭാഷയിൽ എഴുതുന്നതിലൂടെ അവർ അറിയാതെ തന്നെ യേശുവിന്റെ രാജത്വത്തെ ഏറ്റുപറയുകയായിരുന്നു.

യേശുവിനെ പ്രവാചക നായി അംഗീകരിക്കുവാൻ എളുപ്പമായിരുന്നു. യേശുവിന്റെ സമകാലികരും ശിഷ്യന്മാരും അവി ടുത്തെ ഒരു പ്രവാചകനായി കണ്ടു എന്നത് സുവിശേഷങ്ങളിൽ നിന്ന് വ്യക്തമാണ്. ജറുസലേമിലേക്ക് രാജകീയമായി പ്രവേശിച്ച യേശു 'ഗലീലി' യിൽ നിന്നുള്ള പ്രവാചകനാണ്എന്ന് ജനം ഉച്ചസ്വരത്തിൽ പ്രഘോഷിച്ചതായി മത്തായി 21:11-ൽ കാണാം. ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന മോശയെപ്പോലൊരു പ്രവാചക നായിമത്തായിയുടെ സുവിശേഷ കൻ യേശുവിനെ അവതരിപ്പി ക്കുന്നു. യേശു ജറുസലേം ദേവാലയം ശുദ്ധീകരിക്കുന്ന സംഭവത്തെ പ്രവാചകന്റെ പ്രവൃത്തിയായി കാണാനാകും. എന്നാൽ, യേശു ഒരു പ്രവാചകൻ മാത്രമായിരുന്നില്ല എന്നും അവിടുന്ന് കർത്താവും മിശി ഹായും രക്ഷകനും ദൈവപുത്രനു മാകുന്നു എന്നും നാലു സുവിശേഷകന്മാരും സമ്മതിക്കുന്നു. ഹാശായാഴ്ചയിലെ പ്രാർത്ഥനകളിലും ഈ പ്രമേയം വ്യക്തമാണ്.

ഹെബ്രായ ലേഖനം യേശുവിനെ മഹാപുരോഹിതനായിട്ടാണ് ചിത്രീകരിക്കുന്നത്. പഴയ നിയമകാലത്തു നിലനിന്ന യഹൂദ പൗരോഹിത്യത്തിൽ നിന്ന് തികച്ചും വിഭിന്നമാണ് യേശുവിന്റെ പൗരേ ാഹിത്യം എന്നു വ്യക്തമാക്കാൻ ലേഖന കർത്താവ് ശ്രമിക്കുന്നു. "മെൽക്കിസെദെക്കിന്റെ ക്രമ മനുസരിച്ച് നീ എന്നേക്കും പുരോഹിതനാകുന്നു" (സങ്കീ 110:4) എന്ന കർത്താവിന്റെ വചനവും "നീ എന്റെ പ്രിയ പുത്രനാകുന്നു, ഇന്നു ഞാൻ നിനക്ക് ജന്മം നല്കി" (സങ്കീ 2:7) എന്ന പ്രഖ്യാപനവും കൂട്ടി ചേർത്തു കൊണ്ടാണ് ഹെബ്രായ ലേഖനം യേശുവിന്റെ പൗരോ ഹിത്യത്തെ വ്യഖ്യാനിക്കുന്നത്. മെൽക്കിസെദെക്ക് എന്ന പേരിന്റെ അർത്ഥം 'നീതിയുടെ രാജാവ്' എന്നാണ്. അദ്ദേഹം 'സമാധാനം' എന്നർത്ഥമുള്ള 'സാലേം' രാജ്യത്തിന്റെരാജാവാണ്. യേശു വിനെ മെൽക്കിസെദെക്കുമായി ബന്ധപ്പെടുത്തുന്നതിലൂടെ യേശുവിന്റെ പൗരോഹിത്യം ലേവി പൗരോഹിത്യത്തെക്കാൾ ഉന്നതമാണെന്നും. അവിടന്ന് നീതിസൂര്യനും, സമാധാനം സ്ഥാപിക്കുന്ന രാജാവുമാണെന്നും ലേഖകൻ പ്രതിപാദിക്കുന്നു. മനുഷ്യൻ അനുഭവിക്കുന്ന നീതിരാഹിത്യത്തിന്റെയും അസമാധാനത്തിന്റെയും യഥാർത്ഥകാരണം ആദത്തിന്റെ പാപമാണ്. പാപം വഴി മനുഷ്യ വംശം ദൈവത്തിൽ നിന്ന് അകന്നു. എന്നാൽ യേശുഎന്നമഹാപുരോഹിതൻ ആദിമ നീതിയും സമാധാനവും പുനഃസ്ഥാപിക്കുകയും മനുഷ്യനെ ദൈവവുമായി അനുരഞ്ജിപ്പിക്കുകയുംചെയ്തു.

നീതിയെന്നത് ദൈവഹിതം പൂർണ്ണമായി അനുസരിക്കുക എന്നതാണ്. പഴയനിയമത്തിലെ ആണ്ടുതോറുമുള്ള പാപപരിഹാര ബലികൾ അപൂർണ്ണമായിരുന്നു. അവയിലൂടെ അനുരഞ്ജനം സാധ്യമായിരുന്നില്ല. "ഇതി നാൽ, അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരു ളിചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ദഹനബ ലികളിലും പാപ പരിഹാര ബലികളിലും അവിടുന്ന് സംപ്രീത നായില്ല. അപ്പോൾ, പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ 10:5-7). തന്നെത്തന്നെ പരിപൂർണ്ണമായി ദൈവഹിതത്തിനു സമർപ്പിച്ചു കൊണ്ട് പിതാവിനോടുള്ള തന്റെ സ്നേ ഹം പ്രകാശിപ്പിക്കുന്ന യേശു തനിക്ക് പകരം ബലിമൃഗത്തെയല്ലാ മറിച്ച് സ്വയം ബലിവസ്തുവും ബലിയർപ്പകനുമായി മാറുകയാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ കുരിശിനെ "ക്രിസ്തു ബലിയർപ്പിച്ച അൾത്താരയെന്നാണ്" പറയുന്നത്. കുരിശാകുന്ന ബലിപീഠത്തിൽ നിർമ്മലനായ ദൈവത്തിന്റെ കുഞ്ഞാട് സ്വന്തം രക്തം അർപ്പിക്കുകയാണ്. രക്തം ജീവൻ തന്നെയാണ്. "ശരീരത്തിന്റെ ജീവൻ രക്തത്തിലാണിരിക്കുന്നത്" (ലേവ്യ 17:11). പുത്രന്റെ അനുസര ണം തന്നെയാണ് യഥാർത്ഥ ബലി. അത് പിതാവിന് സ്വീകാര്യമാണ്. അതേസമയംതന്നെ മനുഷ്യനെന്ന നിലയിൽ യേശു മനുഷ്യന്റെപ്ര തിനിധി/പകരക്കാരൻ കൂടിയാണ്. പുത്രന്റെ ബലിയിലൂടെദൈവവും മനുഷ്യനും തമ്മിൽ അനുരഞ്ജനം സ്ഥാപിക്കപ്പെട്ടു.

യേശുഎന്നമഹാപുരോഹിതന്റെ ബലി നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരബലിയാണ്. മനുഷ്യർക്കുവേണ്ടിദൈവത്തിനു മുമ്പിൽ സ്വന്തംശരീരംയേശു ബലിയർപ്പിച്ചു. കാൽവരി യിൽ നടക്കാനിരിക്കുന്ന ബലിയുടെമുന്നാസ്വാദനം അന്ത്യത്താഴത്തിൽ,കാണാം. രക്തം ചിന്തിക്കൊണ്ട് ദുഃഖവെള്ളി യാഴ്ച കുരിശിൽ താൻ അർപ്പിക്കാനിരിക്കുന്ന ബലിയുടെ രക്തരഹിതമായ അർപ്പണമായിരുന്നുപെസഹാ വ്യാഴാഴ്ചത്തെ ബലിയർപ്പണം.

അങ്ങനെ യേശുവിൽ രാജത്വം, പൗരോഹിത്യം, പ്രവാചകത്വം ഈ മൂന്നു ധർമ്മങ്ങളുടെ സമാഗമവും



www.malankaralibrary.com

സംയോജനവും നാം കാണുന്നു. ദൈവത്തെ മോശയെപ്പോലെ പ്രവാചകോചിതം യേശുവെളിപ്പെടുത്തുന്നു. മനുഷ്യരെ രക്ഷിക്കുന്നവനും, മനുഷ്യർക്കു വേണ്ടി ദൈവത്തിന് പാപപരിഹാര ബലിയർപ്പിക്കുന്ന പുരോഹിതനുമാണ് അവിടന്ന്. ദൈവരാജ്യം സ്ഥാപിക്കാൻ വന്നരാജാവാണ് ക്രിസ്തു. മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത് സകലത്തിനും മേൽ വാഴുന്ന രാജാവാണ് അവിടന്ന്. ക്രിസ്തു തന്റെ രാജത്വം പൂർണ്ണമായി വെളിപ്പെടുത്തുന്നത് അവിടന്ന് വാനമേഘങ്ങളിൽ വിധിയാളാനായി വരുമ്പോഴാണ് (മത്താ 25:31-46).

മലങ്കരസുറിയാനി ആരാധന ക്രമത്തിലെ ദുഃഖവെള്ളി ശുശ്രൂഷയിലെ പ്രധാന ധ്യാന വിഷയം ക്രിസ്തുവിന്റെ ത്രിവിധ ധർമ്മങ്ങളാണ്. പറുദീസായിൽ വച്ച് ദൈവം ആദാമിനെ രാജാവും, പുരോഹിതനും, പ്രവാചകനുമായി നിയമിച്ചു. എന്നാൽ കൽപന ലംഘനത്താൽ ത്രിവിധധർമ്മങ്ങൾ നഷ്ടമാക്കുന്ന ആദാമിനെ വീണ്ടെടുക്കുന്നതിനു വേണ്ടി ദൈവപുത്രൻ മനുഷ്യനായി ത്തീരുന്നു. അവിടുന്നു രണ്ടാമത്തെ ആദാമാണ്. 1 കോറി. 15:45-ൽ വി.പൗലോസ് ശ്ലീഹാ യേശുവിനെ അവസാനത്തെ ആദാം എന്ന് വിശേഷിപ്പിക്കുന്നു. ദുഃഖവെള്ളിയുടെ സെദറാ പ്രാർത്ഥനകളിൽ ആദാമിനെയും രണ്ടാം ആദാമായ ക്രിസ്തുവിനെയും താരതമ്യം ചെയ്യുന്ന പ്രമേയം ആവർത്തിച്ച് കാണാനാകും. ആദ്യ മനുഷ്യനായ ആദാം അനു സരണക്കേട്മൂലം പറുദീസായും, ദൈവപുത്രസ്ഥാനവും നഷ്ടപ്പെടുത്തിയെങ്കിൽ രണ്ടാം ആദാമായ ക്രിസ്തുവിന്റെ അനു സരണംമൂലം മനുഷ്യർക്ക് രക്ഷ കൈവന്നു(റോമ5:19-21). ഏദൻ തോട്ടത്തിൽ വച്ച് ആദാം പഴം ഭക്ഷിച്ചുവെങ്കിൽ, ഗത്സെമനി തോട്ടത്തിൽ രണ്ടാം ആദാമിന് സഹനത്തിന്റെയും മരണത്തിന്റെയും കാസാ നിരാകരിക്കുവാനുള്ള പ്രലോഭനം നേരിടേണ്ടിവന്നു. ആദാം ദൈവത്തിന്റെ ഹിതത്തിന് പകരം സ്വന്തംഹിതം നിറവേറ്റിയപ്പോൾ രണ്ടാം ആദാം 'എന്റെഹിതം പോലെയല്ല, നിന്റെ ഹിതം പോലെസംഭവിക്കട്ടെ' എന്നരുളിച്ചെയ്തു. ഈ രണ്ട് ആദാംമാരുടെ മധ്യത്തിലാണ് എല്ലാ മനുഷ്യരുടെയുംജീവിതം. നാം ജനിക്കുമ്പോൾ ആദ്യത്തെ ആദാമിനെപ്പോലെയാണ്, അവസാനത്തെ ആദാമായ യേശുവിനെപ്പോലെ ദൈവപുത്രന ായിമരിക്കുകഎന്നുള്ളതാണ് മനുഷ്യജീവന്റെലക്ഷ്യം. ഒമ്പതാം മണിയിലെ പ്രാർത്ഥനയിൽ, വെള്ളിയാഴ്ച (ആറാംദിവസം) സൃഷ്ടിക്കപ്പെട്ട ആദാം - 'രാജാവും, പുരോഹിത നും, ദീർഘദർശിയുമായിത്തീർന്നു 'എന്ന് നാം പ്രാർത്ഥിക്കുന്നു. പാപംമൂലംരാജത്വവും, പൗരോഹിത്യവും പ്രവാചകത്വവും നഷ്ടപ്പെടുത്തിയ മനുഷ്യന് വെള്ളിയാഴ്ച ദിവസം രണ്ടാമത്തെയും അവസാന ത്തെയും ആദാമായ ക്രിസ്തുവിന്റെ രാജത്വം - പ്രവാചകത്വം - പൗരോഹിത്യം എന്നിവയിൽ പങ്കുകാരനാകുവാൻ കൃപ ലഭിച്ചുഎന്ന് നാം പ്രത്യേകം അനുസ്മരിക്കുകയും ചെയ്യുന്നു.

**ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷ ഏഴ് ഭാഗങ്ങളായി നടത്തപ്പെടുന്നു:**

1) സന്ധ്യപ്രാർത്ഥന;

2) സൂത്താറാ;

3) രാത്രി പ്രാർത്ഥന (നാലുകൗമാകൾ); 4) പ്രഭാത പ്രാർത്ഥന; 5) മൂന്നാംമണി, ആറാംമണി, ഒമ്പതാം മണിയുടെ പ്രാർത്ഥനകൾ; 6) സ്ലീബാ വന്ദനവിന്റെശുശ്രൂഷ;

7) കബറടക്കം

സുവിശേഷങ്ങളിൽകാണപ്പെടുന്ന യേശുവിന്റെ പീഡാനുഭവചരിത്രം ധ്യാനിച്ചു കൊണ്ടാണ് ഓരോ സമയത്തിന്റെയും പ്രാർത്ഥനകളും സുവിശേഷവായനയും ക്രമീകരിച്ചിരിക്കുന്നത്.

**പ്രഭാതം:**

ഗത്സമെനിയിലെ പ്രാർത്ഥനയ്ക്ക് ശേഷം യേശു ബന്ധനസ്ഥനാകുന്നു. രണ്ട് വിചാരണകൾ നടന്നതായി നാലു സുവിശേഷകൻമാരും രേഖപ്പെടുത്തിയിരിക്കുന്നു: മതാത്മകമായവിചാരണയും, രാഷ്ട്രീയമായവിചാരണയും. രണ്ട് കോടതികൾ രണ്ട് വ്യത്യസ്ത മായകുറ്റം ആരോപിച്ചാണ് യേശുവിനെ വിചാരണചെയ്യുന്നത്. മതപരമായ കോടതിയിൽ ദൈവദൂഷണം എന്ന കുറ്റം; രാഷ്ട്രീയമായ കോടതിയിൽ രാജ്യദ്രോഹം എന്നകുറ്റം. രണ്ടും വധശിക്ഷ കൊടുക്കുവാൻ പര്യാപ്തമായ കുറ്റങ്ങളാണ്. മതപരമായ വിചാരണ രണ്ട് ഭാഗങ്ങളായി നടന്നതായി കാണാം. ഏറ്റവും ആദ്യം പഴയ പ്രധാന പുരോഹിതനായ അന്നാസിന്റെ മുമ്പാകെയും, തുടർന്ന് അദ്ദേഹത്തിന്റെ മരുമകനും നിലവിലെ പ്രധാന പുരോഹിത നുമായ കയ്യാഫാസിന്റെ മുമ്പാകെയും, ന്യായാധിപ സംഘത്തിന്റെ മുമ്പാകെയും വിചാരണ നടക്കുകയാണ് (യോഹ 18:19-26; മത്താ 26:57; 27:1-2). മതപുരോഹിതരുടെ പ്രധാനമായ ആരോപണം ദൈവദൂഷണമാണ്. അതായത് അവൻ ദൈവപുത്രനാണെന്ന് പറഞ്ഞു സ്വയം ദൈവതുല്യനാക്കി

(യോഹ 5:18). പ്രധാന പുരോഹിതനായ കയ്യാഫാസിന്റെ നേതൃത്വത്തിൽ ന്യായാധിപ സംഘം, യേശു മരണ ശിക്ഷയ്ക്ക് അർഹനാണെന്ന് വിധിയെഴുതി. എന്നാൽ വിധി നടപ്പാക്കാൻ അവർക്ക് അധികാരം ഇല്ലാത്തതു കൊണ്ട് റോമാക്കാരുടെ വിചാരണയ്ക്ക് യേശുവിനെ കൊണ്ടുപോകുന്നു.

യേശുവിനെ അവർ ബന്ധിക്കുകയും, പ്രഹരിക്കുകയും, അപഹസിക്കുകയും, മുഖത്ത് തുപ്പുകയും, അടിക്കുകയും ചെയ്തു. അതിനുശേഷമാണ് അവർ യേശുവിനെ പീലാത്തോസിന്റെ അരമനയിലേക്ക് കൊണ്ടുവരുന്നത്. അവിടെ നടക്കുന്നത് രാഷ്ട്രീയമായ വിചാരണ. പ്രധാനമായും രണ്ട് കുറ്റങ്ങളാണ് അവർ യേശുവിൽ ആരോപിക്കുന്നത്: 1) ഇവൻ സീസറിനുള്ള നികുതി നിഷേധിക്കുന്നു; അതിനായി ജനത്തെ ഇളക്കിവിടുന്നു.2) ഇവൻ യഹൂദരുടെ രാജാവാണെന്ന് സ്വയം അവകാശപ്പെടുന്നു. ഇവ രണ്ടും രാജ്യദ്രോഹകുറ്റമാണ്. വധശിക്ഷ അർഹിക്കുന്ന കുറ്റം. ഇവയാണ് പ്രഭാതപ്രാർത്ഥനയുടെ ധ്യാനവിഷയം.

**മൂന്നാംമണി:**

യേശുവിൽ ഒരു കുറ്റവും കാണാൻ കഴിയാതെ പീലാത്തോസ്യേശുവിനെ ഹേറോദേസിന്റെ അടുത്തേക്ക് വിടുന്നു (ലൂക്കാ 23:7). ഹേറോദേസ്യേശുവിനെ അധിക്ഷേപിക്കുകയും വീണ്ടും പീലാത്തോസിന്റെ പക്കലേക്ക് തന്നെതിരിച്ചയയ്ക്കുകയും ചെയ്യുന്നു. പാലസ്തീനായിലെ റോമൻ സ്ഥാനപതിയായിവർത്തിച്ച ഗവർണർ ആയിരുന്നു പീലാത്തോസ്. കുറ്റം ഒന്നും കാണുന്നില്ല എന്ന് പീലാത്തോസ് പറയുമ്പോൾ ജനം പറയുന്നു – നീ ഇവനെ വെറുതെവിടുന്ന പക്ഷം, നീ സീസറിന്റെ പക്ഷത്തല്ല; അവന്റെസ്നേഹിതനല്ല. തന്റെനിലനില്പ്തന്നെ അപ കടത്തിലാണെന്ന് മനസ്സിലാക്കിയ പീലാത്തോസ്യേശുവിനെ ജന കീയവിചാരണയ്ക്ക് വിധേയ നാക്കുന്നു.എല്ലാവർഷവും ഒരു തടവുകാരനെ മോചിപ്പിക്കുക എന്ന പതിവ് ഉണ്ടായിരുന്നതു കൊണ്ട് ആരെ മോചിപ്പിക്കണം യേശുവിനെയോ, ബറാബാസിനെ യോ എന്ന പീലാത്തോസിന്റെ ചോദ്യത്തിന് ഭീകരകുറ്റവാ ളിയായ ബറാബാസിനെ യെന്ന് യഹൂദർ മറുപടി കൊടുത്തു.സത്യത്തെക്കുറിച്ച് ബോദ്ധ്യമുണ്ടായിരിക്കേ, മന ുഷ്യചരിത്രത്തിലെ ഏറ്റവും നീതി രഹിതമായ വിധി പീലാത്തോസ് പ്രസ്താവിക്കുന്നു. ഞാൻ ഇവനിൽ ഒരു കുറ്റവുംകാണുന്നില്ലഎന്ന് പറയുന്ന ന്യായാധിപൻ യേശുവിനെ മരണശിക്ഷയ്ക്ക് വിധിക്കുന്നു. കുറ്റപത്രമായി ഒന്ന് എഴുതാൻ പീലാത്തോസ് തീരുമാനിച്ചു: നസറായനായ യേശു – യഹൂദരുടെ രാജാവ് (Iesus Nazarenus Rex Iudaeorum). പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ട് അടിക്കാൻ വിട്ടുകൊടുത്തു, മുൾമുടിയും ധരിപ്പിച്ചു. ചുവന്നവസ്ത്രവും ധരിപ്പിച്ചു. കുരിശ് അവിടത്തെ ചുമലിൽവച്ച് കൊടുത്തു. അതോടു കൂടിയേശു തനിക്ക് മുമ്പുണ്ടായിരു ന്നവരുടെയും വരാനിരിക്കുന്ന എല്ലാ തലമുറകളുടെയും വേദനകൾ സ്വന്തം ചുമലിൽ ഏറ്റുവാങ്ങുകയായിരുന്നു. അതിക്രൂരമായ ഒരു ശിക്ഷാസമ്പ്ര ദായമായിരുന്നു കുരിശിൽതറച്ചു കൊല്ലാനുള്ള വിധി. കുരിശു മരണത്തിന് വിധിക്കപ്പെട്ട വൻ അനുഭവിക്കേണ്ടി വന്നിരുന്നത് നരക യാതനകളാണെന്ന് യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന ഗ്രീക്ക് ചരിത്രകാരൻ ഡയനീ ഷ്യസ് രേഖപ്പെടുത്തുന്നുണ്ട്. വിധി നടപ്പാക്കുന്നതിനു മുന്നോടിയായി അവരെ ക്രൂരമായി മർദ്ദിച്ചിരുന്നു. ശരീരം ചാട്ടവാറു കൊണ്ടുള്ള അടികളേറ്റ് രക്തം വാർന്നൊലിച്ചു കൊണ്ടിരിക്കും. നിഷ്ഠൂരമായി മർദ്ദിക്കപ്പെട്ട് അവശരായിത്തീർന്ന കുറ്റവാളി തന്നെ കുരിശ് മുഴുവ നായോ അല്ലെങ്കിൽ കുരിശിന്റെ കുറുകിയ ഭാഗമോ കുരിശിൽ തറച്ചു കൊല്ലാനായി നിശ്ചയിച്ചി രിക്കുന്ന സ്ഥലം വരെ ചുമക്കണം. വഴിമദ്ധ്യേ ചാട്ടവാറിന്റെ അടികളും കാഴ്ചക്കാരുടെ നിന്ദനവും പരിഹാസവും, പടയാളികളുടെ ക്രൂരതയും സഹിക്കേണ്ടിവരും. ശാരീരികമായും, മാനസികമായും, ആത്മീയമായും തകർന്ന് നുറുങ്ങിയാണ് ഇവർ ലോകത്തോട് അന്ത്യയാത്ര ചൊല്ലിയിരുന്നത്. ഈ ശിക്ഷാരീതി ജനങ്ങളിൽ ഭയം ജനിപ്പിക്കുന്ന തിനും കുറ്റകൃത്യങ്ങളിൽ നിന്ന് പിൻതിരിപ്പിക്കുന്നതിനും വേണ്ടിയാണ് നടപ്പാക്കിയിരുന്നത്. മനുഷ്യന് എത്രത്തോളം ക്രൂരമാകാൻ പറ്റും എന്നുള്ളത് ഇത് വെളിപ്പെടുത്തുന്നു.

യേശുവിചാരണവേളയിലുംവിധി സമയത്തും നിശബ്ദനായിരുന്നു. അവിടുന്ന് എല്ലാം മൗനമായി സ്വീകരിച്ചു. പ്രവാചക വചനങ്ങൾ മുൻകൂട്ടി സൂചിപ്പിച്ചതുപോലെ തന്നെയായിരുന്നു അവിടുത്തെ പ്രതികരണം. ദൈവത്തിന്റെ സഹനദാസൻ 'വിലപിക്കുകയോ സ്വരമുയർത്തുകയോ ഇല്ല; തെരു വീഥിയിൽ ആ സ്വരംകേൾക്കു കയില്ല' (ഏശ 42:2). "അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്ക പ്പെടുകയുംചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ട് പോകുന്ന കുഞ്ഞാടിനെ



www.malankaralibrary.com

പ്പോലെയുംരോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു' (ഏശ 53:7).

യേശുകുരിശു ചുമന്ന് കാൽവരിയിലേക്കുള്ള തന്റെ യാത്ര ആരംഭിക്കുന്നതാണ് മൂന്നാം മണിയുടെ പ്രാർത്ഥനയുടെ പ്രധാന പ്രമേയം. പ്രാർത്ഥനയ്ക്ക് ശേഷം ദേവാലയത്തിന് ചുറ്റും നടത്തുന്ന ആർഭാടരഹിതമായ പ്രദക്ഷിണം യേശുവിന്റെ കുരിശിന്റെ വഴിയെ അനുസ്മരിപ്പിക്കുന്നു. മറ്റ് സന്ദർഭങ്ങളിൽ നടത്താറുള്ള പ്രദക്ഷിണം സാധാരണയായി വടക്കേവാതിൽ വഴി ഇറങ്ങി ദേവാലയം ചുറ്റി തെക്കേ വാതിൽ വഴി അകത്ത് പ്രവേശിക്കുമ്പോൾ, ദുഃഖവെള്ളിയാഴ്ച തെക്കേ വാതിൽ വഴി ഇറങ്ങി വടക്കേ വാതിൽ വഴി അകത്ത് പ്രവേശിക്കുന്നു. ഇത് പ്രപഞ്ചത്തിന്റെ താളക്രമം തെറ്റിയതിനെ സൂചിപ്പിക്കുന്നു. ഏവൻഗേലിയോൻ വായനയ്ക്ക് ശേഷം ജനങ്ങൾ ഏറ്റു ചൊല്ലേണ്ട പ്രാർത്ഥന - മനുഷ്യരുടെ പാപങ്ങൾക്കു വേണ്ടി കുരിശുമരം ചുമന്ന കർത്താവിനെ സ്തുതിക്കുന്ന പ്രാർത്ഥനയാണ്. കർത്താവിന്റെ ശൂന്യവത്കരണവും താഴ്മയും അനുഗ്രഹിക്കപ്പെട്ടതാണ് എന്ന് പ്രഖ്യാപിച്ചു കൊണ്ട് കർത്താവിനോട് കരുണയ്ക്കായി ജനം അപേക്ഷിക്കുന്നു.

പ്രദക്ഷിണം കഴിഞ്ഞ് ഗോൽഗോഥയെ സൂചിപ്പിക്കുന്ന മ്നോർത്തോമേൽസ്ലീബാ സ്ഥാപിക്കുന്നു. ഇരുവശങ്ങളിലും കത്തിയ്ക്കാത്ത മെഴുകുതിരികൾ വയ്ക്കുന്നു. കർത്താവിന്റെ കുരിശാരോഹണം മുതൽ കുരിശുമരണം വരെ മൂന്ന് മണിക്കൂർ നേരം ഭൂമിയിൽ അന്ധകാരം വ്യാപിച്ചതിനെ ഇത് സൂചിപ്പിക്കുന്നു (മർക്കോ 15:33; ലൂക്കാ 23:44). മൂന്നാം മണിയുടെ സെദറാ പ്രാർത്ഥനയിൽ കാണുന്നതു പോലെ "ഈ വെള്ളിയാഴ്ച സൂര്യൻ, നീതിയുടെ മഹാസൂര്യനായ നിന്നെ കണ്ടിട്ട് ഇരുണ്ടുപോയി." മ്നോർത്തോമേൽ സ്ലീബായുടെ ഇരുവശത്ത് നിന്നും മറു ബഹാസാകൾ തദവസരത്തിൽ മാറ്റുന്നു. പിതാവ് ഒരുക്കി വച്ച പാനപാത്രം അവസാനതുള്ളിവരെയും കുടിച്ചപ്പോൾ അവിടന്ന് ഏകനായിരുന്നു, മാലാഖമാർ ആരും തന്നെ സഹായിക്കുവാനോ ശുശ്രൂഷിക്കുവാനോ വന്നില്ല. പാപിയായ മനുഷ്യന്റെ പ്രതിനിധിയായി ദൈവകുമാരൻ പാപിയുടെ മരണം ഏറ്റു വാങ്ങിയതിലുടെ ദൈവപരിത്യക്തതയുടെ അവസ്ഥയിലേക്ക് ആഴ്ന്നിറങ്ങി "എന്റെദൈവമേ, എന്റെദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു" ഈ പ്രാർത്ഥന യേശുവിന്റെ സഹനത്തിന്റെ ആഴത്തെ സൂചിപ്പിക്കുന്നു.

**ആറാംമണി:**

കുരിശിന്റെവഴി അവസാനിക്കുന്നത് ഗാഗുൽത്താ അല്ലെങ്കിൽ ഗോൽഗോഥാ എന്ന് ഹീബ്രുവിലും, കാൽവരി എന്ന് ലത്തീനിലും, വിളിക്കപ്പെടുന്ന സ്ഥലത്താണ്. 'തലയോടിടം' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ഒരു പക്ഷേ, ആ കുന്നിന്റെ മുകളിലെ സ്ഥലത്തിന് തലയോടിന്റെ ആകൃതി ഉള്ളതു കൊണ്ടാകാം അങ്ങനെ പേരുണ്ടായത്. അതേ സമയംഒരു പാരമ്പര്യമായി പറയപ്പെടുന്നത് - ആദ്യമനുഷ്യനായ ആദാമിനെ അടക്കിയ അതേ സ്ഥലത്താണ് യേശുവിന്റെ കുരിശ് നാട്ടിയത്˘എന്നും, കുരിശിൽ നിന്ന് വാർന്നു വീണരക്തം ആദ്യ മനുഷ്യന്റെ തലയിൽ വീഴുകയും അതിലൂടെ സകല മനുഷ്യർക്കും രക്ഷ ലഭിച്ചു എന്നും സഭാപിതാവായ ഒരി ജൻ പ്രതീകാത്മകമായി ചിത്രീകരിക്കുന്നുണ്ട്. ഈ ഒരർത്ഥത്തിൽ, പലചിത്രങ്ങളിലും, ഐക്കണുകളിലും കുരിശിന്റെ ചുവട്ടിൽ ഒരു തലയോട്ടി കാണാൻ സാധിക്കും. ഒമ്പതാംമണി സെദറാ പ്രാർത്ഥനയിൽ കാണുന്നതു പോലെ ആദാമിനെ സംസ്കരിക്കുകയും, അബ്രഹാംതന്റെ പുത്രനെ ബലികഴിക്കാൻ ഒരുമ്പെടുകയും ചെയ്ത അതേ സ്ഥലത്ത് തന്നെ രക്ഷകനായ യേശുമിശിഹായുടെകുരിശുമരം നാട്ടിയെന്നും, കർത്താവിന്റെ തിരുവിലാവിൽ നിന്ന് രക്തവും വെള്ളവും ആദാമിന്റെ വായിലേക്ക് ഇറ്റിറ്റു വീണുഎന്നും നാം വായിക്കുന്നു. ഇത്ചരിത്രപരമായി തെളിയിക്കാൻ സാദ്ധ്യമല്ലാ, എങ്കിലും ഒരു കാര്യം ശ്രദ്ധേയമാണ്, ക്രിസ്തുവിന്റെ തിരുരക്തംഎല്ലാവരെയും ശുദ്ധീകരിക്കുന്നു.

കുരിശിൽ കിടന്ന് അസഹ്യമായ വേദന സഹിക്കുന്നയേശുവിനെ ആറാം മണിയുടെ പ്രാർത്ഥനയിൽ നാം ധ്യാനിക്കുകയാണ്. കുരിശിൽ ദുർബലനായി കാണപ്പെടുന്ന അവിടന്ന് ദൈവം തന്നെയാണെന്ന് സുറിയാനി സഭയിലെ പ്രാർത്ഥനകൾ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. "ദൈവം ക്രൂശിൽ തൂക്കപ്പെട്ടിരിക്കുന്നു" എന്ന് വളരെ വ്യക്തമായി പ്രാർത്ഥനയിൽ നാം കാണുന്നു. അവിടന്ന് ലോകത്തിന്റെ സ്രഷ്ടാവും നാഥനുമാണെന്ന് സൂചിപ്പിക്കുവാൻ ആറാം മണിയുടെസെദറായിൽ "സ്രഷ്ടാവിന്റെ നഗ്നത കാണാതിരിക്കാൻ സൂര്യൻ രശ്മികൾമറച്ചുകളഞ്ഞു. നിത്യപ്രകാശമായവൻ മരത്തിന്മേൽ തൂക്കപ്പെട്ടതു കാണുകയാൽ അന്ധകാരമുണ്ടായി," എന്നും; 'ഭൂമിവിറച്ചു, സ്വർഗ്ഗീയ സേനകൾ ഭയത്തോടും പരിഭ്രമത്തോടും


www.malankaralibrary.com



നില്ക്കുന്നു' എന്നും പ്രാർത്ഥ നയിൽ നാം വായിക്കുന്നു. യേശു ക്രൂശിക്കപ്പെട്ട മരത്തിന്റെ വിലാപവും പ്രാർത്ഥനയിൽ നാം കാണുന്നു: മഴയും, മഞ്ഞും നല്കി എന്നെ പോറ്റിയസൃഷ്ടിയുടെ ഉടയോൻ എന്റെമേൽ ക്രൂശിക്കപ്പെട്ടു!

**ഒമ്പതാംമണി:**

നമ്മുടെ കർത്താ വായ യേശുമിശിഹായുടെ മരണമാണ് പ്രധാന ധ്യാനവിഷയം. യേശുവിനോടു കൂടെ രണ്ട് കള്ളൻമാരെക്കൂടി ക്രൂശിച്ചതായി സുവിശേഷത്തിൽ നമുക്ക് കാണാം (മത്താ 27:38). അവർ കള്ളൻമാരോ, കവർച്ചക്കാരോഅല്ലായിരുന്നു, അവർ തീവ്രവാദികൾ അല്ലെങ്കിൽ കലാപകാരികൾആയിരുന്നു. റോമാക്കാർക്കെതിരെ ഒളിപ്പോര് നടത്തിഅവരെ തുരത്താൻ തീരുമാനം എടുത്ത ഒരു ചാവേർ സംഘത്തിലെ അംഗങ്ങളായിരുന്നു അവർ. 'Zealots'എന്ന് വിളിക്കപ്പെ ടുന്ന ഒളിസംഘത്തിലെ അംഗങ്ങളായിരിക്കാനാണ് സാദ്ധ്യത. ബറാബ്ബാസും ഇപ്രകാരമുള്ള ഒരു തീവ്രവാദിയാ യിരുന്നു. റോമാസാമ്രാജ്യത്തിനെ തിരെകലാപം ചെയ്യുന്നആരെയും റോമാക്കാർ കുരിശിൽ തറയ്ക്കുമായിരുന്നു.

യേശുവിന്റെ ഇരുവശത്തുണ്ടാ യിരുന്ന കള്ളന്മാരുടെ സംവാദം (തസ്കരസംവാദം) ക്രൂശിതനോ ടുള്ള രണ്ട് വ്യത്യസ്ത സമീപനങ്ങളെ സൂചിപ്പിക്കുന്നു. വലത്തുവശത്തെ കള്ളൻ യേശു സത്യമായും ദൈവപുത്രൻ തന്നെ എന്ന്വിശ്വസിക്കുകയും, തനിക്ക് പാപത്തിന് തക്കശിക്ഷ ലഭിച്ചതിനെ യോർത്ത് മനസ്തപിക്കുകയും, കർത്താവിനോട് കരുണയ്ക്കായ് അപേക്ഷിക്കുകയും ചെയ്യുന്നു. തന്നെപോലെതന്നെ നിസ്സഹായ നായി കുരിശിൽ പിടഞ്ഞ് മരിക്കുന്ന ഒരുവനെ ദൈവ പുത്രനായി അംഗീകരിക്കാൻ കഴിയുന്നത് സമാനതകളില്ലാത്ത വിശ്വാസപ്രഖ്യാപനമാണ്. ഇടതുവശത്തെകള്ളൻ അവസരം ലഭിച്ചിട്ടും അനുതപിക്കുവാനോ, വിശ്വസിക്കുവാനോ തയ്യാറാകാതെ കുരിശിൽ നിന്ന് രക്ഷപെടാനാ ഗ്രഹിക്കുകയും, തുടർന്ന് ഭൂമിയിൽ തന്നെ പാപത്തിൽ ജീവിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. വലതുവശത്തുള്ള കള്ളൻ പാപത്തെ സംബന്ധിച്ചിടത്തോളം മരിക്കുന്നു, എന്നാൽ ഇടതുവശ ത്തുള്ള കള്ളൻ പാപത്തിൽ തന്നെ മരിക്കുകയാണ്. ഫുൾട്ടൻ ജെ. ഷീനിന്റെ വാക്കുകൾ ഇവിടെ സ്മരണീയ മാണ്: "രണ്ടു കള്ളന്മാരിൽ ഒരുവൻ കുരിശിൽ കിടന്നു കൊണ്ട് പ്രത്യാശയോടെ ഉന്നതത്തിലേക്ക് കണ്ണുകൾ ഉയർത്തുമ്പോൾ, അപരന്റെ നോട്ടം നിരാശയോടെ താഴേക്കാണ്.'വലതുവശത്തുള്ള കള്ളൻ സ്വയം മാനസാന്തരപ്പെടുക മാത്രമല്ല, മറ്റേകള്ളനോട് തെറ്റിനെക്കുറിച്ച് അനുതപിക്കുവാനും നീതിമാനായ യേശുവിൽവിശ്വസിക്കുവാനും ആവശ്യപ്പെടുന്ന ക്രിസ്തു ശിഷ്യനായി മാറുന്നതായി തസ്കര സംവാദത്തിൽകാണാം.

**സ്ലീബാ വന്ദനവിന്റെശുശ്രൂഷ**

കാൽവരിയിലെ കുരിശുമരണം ഒരു കുറ്റവാളിയുടെ മരണ ശിക്ഷയല്ലായിരുന്നു, മറിച്ച്



www.malankaralibrary.com

കുഞ്ഞാടിന്റെ ബലിയായിരുന്നു. മനുഷ്യ രക്ഷയ്ക്ക് വേണ്ടി കർത്താവിനെ തറച്ച കുരിശ് (സ്ലീബാ) ബലിപീഠമായി രൂപാന്തരപ്പെട്ടു. സ്ലീബാ കർത്താവിനെ പ്രതിനിധീകരിക്കുന്നു. അതു കൊണ്ടാണ് സുറിയാനി സഭയിലെ പ്രാർത്ഥനകളിൽ 'മാർ സ്ലീബാ' എന്നവിളിക്കുന്നത്. 'മാർ' എന്നത് 'എന്റെകർത്താവേ' എന്നാണ്. സ്ലീബായുടെ ഒന്നാമത്തെ അർത്ഥം ക്രൂശിക്കപ്പെട്ടവൻ എന്നാണ്. സ്ലീബാവന്ദനവിന്റെ ശുശ്രൂഷ നമുക്ക് രക്ഷ നല്കിയ സ്ലീബായെവന്ദിക്കുന്ന ശുശ്രൂഷയാണ്. ദൈവത്തെയും മനുഷ്യനെയും രമ്യതപ്പെടുത്തിയ സ്ലീബായെ വന്ദിക്കുമ്പോൾ രക്ഷകനും ദൈവവുമായയേശു മിശിഹായെയാണ്ആരാധിക്കുന്നത്. ഇവിടെകുരിശിൽദൈവത്വവും മനുഷ്യത്വവും, സ്വർഗവും ഭൂമിയും സമ്മേളിക്കുകയാണ്. "ഗോഗുൽത്തായിൽ കുരിശിൽ തൂക്കപ്പെട്ട മിശിഹാവിശ്വാസികളായ ഞങ്ങൾക്ക്രക്ഷയും സങ്കേത സ്ഥാനവും ആണ്," എന്ന് ഈ ശുശ്രൂഷയിൽ സഭ പ്രഖ്യാപിക്കുന്നു.

ലോകത്തിന്റെ മുഴുവനും പാപം ഏറ്റെടുത്ത്സ്വയം ബലിയായി തീർന്ന കുഞ്ഞാടാണ് യേശു. തന്റെ പാപപരിഹാര ബലിയാൽദൈവത്തെയും മനുഷ്യനെയും അവിടുന്ന് രമ്യതപ്പെടുത്തി. ലോകദൃഷ്ടിയിൽ ഏറ്റവും വലിയ പരാജയമായി കണക്കാക്കപ്പെടാവുന്ന കുരിശ് ദൈവത്തിന്റെ മഹത്വത്തിന്റെ ഏറ്റവും വ്യക്തമായ പ്രകാശനമായി മാറി. കാരണം, സ്നേഹത്തിന്റെ ആഴമാണല്ലോ മഹത്വത്തിന്റെ അളവ് നിശ്ചയിക്കുന്നത്. തന്റെ ഏക ജാതനെ നൽകാൻ തക്കവിധം ദൈവംലോകത്തെ അത്രയേറെ സ്നേഹിച്ചു എന്ന യാഥാർത്ഥ്യം യേശുവിന്റെ കുരിശിൽ വ്യക്തമാവുകയാണ്. ദൈവത്തിന്റെ സ്നേഹമാണ് കുരിശിൽപ്രകടമാവുക. മനുഷ്യകുലത്തെ പാപത്തിൽ നിന്നും, മരണത്തിൽ നിന്നും, സാത്താനിൽ നിന്നുംമോചിപ്പിക്കുന്നതിനു വേണ്ടിദൈവപുത്രൻ പിതാവിന്റെ ഹിതപ്രകാരം സ്വമനസ്സാൽ തന്റെ ജീവൻ ബലികഴിച്ചത് പുത്രന്റെ സ്നേഹത്തിന്റെ അടയാളമാണ്. ക്രിസ്തുസ്വന്തം ജീവൻ നമുക്കു വേണ്ടി പരിത്യജിച്ചു എന്നതിൽ നിന്നുസ്നേഹം എന്തെന്നു നാമറിയുന്നു (1 യോഹ 3:16).

അറിവിന്റെ വൃക്ഷത്തിലൂടെ വന്നമരണം ജീവന്റെ വൃക്ഷമായ കുരിശിലൂടെ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് പ്രാർത്ഥനകളിൽ സ്ലീബായെ ജീവപ്രദമായ സ്ലീബാ എന്ന് വിളിക്കുന്നത്. നിയമാവർത്തനം 21:23 ലെ 'മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽശപിക്കപ്പെട്ടവനാണ്' എന്ന വചനത്തിന് യേശുവിന്റെ കുരിശാരോഹണത്തിലൂടെ പുതിയ അർത്ഥം കൈവന്നിരിക്കുന്നു. ക്രൂശിതൻ, ആദാമിന്റെ അതായത് ശപിക്കപ്പെട്ടവന്റെ പാപം നീക്കിയിരിക്കുന്നു. അതുകൊണ്ടാണ് പത്രോസ്ശ്ലീഹാ എഴുതിയത്: "നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽവഹിച്ചു കൊണ്ട് അവൻ മരത്തിലേറി' (1 പത്രോ 2:24).

സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ, നമുക്കുവേണ്ടി കുരിശിലേറിയ രക്ഷകന്റെജീവദായകമായ പീഢാസഹനത്തെയും മരണത്തെയും ധ്യാനിക്കുവാനും അതിനെ പ്രതിദൈവത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും നമ്മെ ക്ഷണിക്കുന്നു.

സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയാണ് യേശു ക്രിസ്തുവിന്റെ സ്ലീബാ. യേശുവിൽ വിശ്വസിക്കുന്നവർ യേശുവുമായി സംസർഗത്തിലാകുന്നു. അവർ യേശുവാകുന്ന ഗോവണിയിലൂടെ സ്വർഗ്ഗത്തിലേക്കുകരേറുന്നു. ഭൂമിയിലായിരിക്കുമ്പോൾ തന്നെഇത്സാധ്യമാകുന്നു. അതാണ് നിത്യജീവൻ.

**സ്ലീബാആഘോഷം**

സുറിയാനി സഭയുടെ പാരമ്പര്യപ്രകാരം അനുസരിച്ച് കർത്താവിന്റെകുരിശ് നാട്ടിയത് ഭൂമദ്ധ്യത്തിലാണ്. "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും" (യോഹ 21:12) എന്നയേശുവിന്റെ വചനം കുരിശാരോഹണത്തിൽ യാഥാർത്ഥ്യമായി. സ്ലീബാ ആഘോഷത്തിൽ ഭൂമിയുടെ നാലു ദിക്കുകളെയുംആശീർവദിക്കുന്നു. മാലാഖമാരുടെ എല്ലാഗണങ്ങളും യേശുവിന്റെ ദൈവത്വത്തെ പ്രഘോഷിച്ച് അവിടത്തെ സ്തുതിച്ച് പുകഴ്ത്തുന്നു.

സ്ലീബാ ആഘോഷത്തിന്റെ പ്രത്യുത്തരമായിആദിമസഭ ത്രൈശുദ്ധ കീർത്തനം ഉൾപ്പെടുത്തി. അന്ത്യോക്യൻ ആരാധന ക്രമം ഒഴികെമറ്റെല്ലാം ആരാധനക്രമങ്ങളിലും ത്രൈശുദ്ധ കീർത്തനം പരിശുദ്ധ ത്രിത്വത്തെ അഭിസംബോധന ചെയ്തുകൊണ്ട് ആലപിക്കുന്നതാണ്. എന്നാൽ അന്ത്യോക്യൻ ആരാധന ക്രമത്തിൽ പുത്രനായ ദൈവത്തെ അഭിസംബോധന ചെയ്ത് പ്രാർത്ഥിക്കുന്നതാണ്. ഇതുകൂടുതൽ വ്യക്തമാകുവാൻ വേണ്ടി പത്രോസ്കാസോറോ (Peter the fulle) എന്ന പാത്രിയർക്കീസ് ത്രൈശുദ്ധ കീർത്തനത്തിന്റെ അവസാനത്തിൽ 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണചെയ്യണമെ' എന്ന്


www.malankaralibrary.com

കൂട്ടിചേർത്തു.
ത്രൈശുദ്ധ കീർത്തനത്തിന്റെ ഉദ്ഭവത്തെകുറിച്ച് അന്ത്യോക്യൻ സഭയിൽ പ്രചാരത്തിലിരിക്കുന്ന പാരമ്പര്യത്തെക്കുറിച്ച് നമുക്ക് അറിവു നല്കുന്നത് ആരാധന വ്യാഖ്യാതാവായ ദിവന്ന്യാസിയോസ് ബർസ്ളീബി ആണ്. അദ്ദേഹം ഇപ്രകാരം പറയുന്നു: കർത്താവ് ക്രൂശുമരത്തിന്മേൽ തൂങ്ങിക്കിടന്നപ്പോൾ പ്രപഞ്ചത്തിന് വലിയ വ്യതിയാനങ്ങൾ ഉണ്ടായി. ആറാംമണി മുതൽ ഒമ്പതാംമണിവരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചു; പാറകൾ പിളർന്നു; ശവകുടീരങ്ങൾ തുറക്കപ്പെട്ടു. മിന്നൽ പിണരുകളുണ്ടായി, പ്രകൃതിയുടെ ക്രമത്തിനുതന്നെ വലിയ വ്യതിയാനം ഉണ്ടായി. ആ സമയം ഒരു വ്യൂഹം മാലാഖമാർ പ്രത്യക്ഷപ്പെട്ട് രണ്ട് കള്ളന്മാരുടെ മദ്ധ്യത്തിൽ കള്ളനെപ്പോലെ കുരിശുമരത്തിന്മേൽ പരിശുദ്ധനായ ദൈവപുത്രൻ തലചായ്ച്ചു കിടക്കുന്നതു കണ്ട് അതിശയത്തോടെ പറഞ്ഞു: “ദൈവമേ നീ പരിശുദ്ധനാകുന്നു;’ വേറൊരു വ്യൂഹം പറഞ്ഞു: ‘ബലവാനേ, നീ പരിശുദ്ധനാകുന്നു.’ മൂന്നാമതൊരു വ്യൂഹം മാലാഖമാർ, മരണമില്ലാത്തവനും സകല ജീവജാലങ്ങൾക്കും ജീവൻകൊടുത്തവനുമായ ദൈവത്തെ മൃതനെപ്പോലെ കുരിശുമരത്തിന്മേൽ കിടക്കുന്നതുകണ്ട് വിസ്മയത്തോടെ പറഞ്ഞു: ‘മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു.’ മാലാഖമാരുടെ ഈ പ്രസ്താവനകൾക്ക് പ്രത്യുത്തരം എന്നവണ്ണം കർത്താവിന്റെ കുരിശിന്റെ ചുവട്ടിൽ ഉണ്ടായിരുന്ന കന്യകമറിയാമും യോഹന്നാനും മറ്റ് ഭക്തസ്ത്രീകളും ഇപ്രകാരം ഉദ്ഘോഷിച്ചു ‘ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണചെയ്യണമെ.’
മനുഷ്യനായി അവതരിച്ച് കുരിശിൽ മരിച്ച യേശു സത്യമായും ദൈവംതന്നെയാണ് എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതാണ് ഈ ഗീതം. ആദിമ ക്രൈസ്തവസഭയുടെയും അപ്പസ്തോലന്മാരുടേയും പ്രധാന പ്രബോധനം യേശു ദൈവപുത്രനാണെന്ന് പ്രസംഗിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതായിരുന്നു. അതുകൊണ്ട് പുരാതന ആരാധനക്രമങ്ങൾ ഈ ത്രൈശുദ്ധ കീർത്തനം വി. കുർബാനയിലും, യാമപ്രാർത്ഥനകളുടെ ആരംഭത്തിലും അവസാനത്തിലുമുള്ള കൗമാ പ്രാർത്ഥനകളിലും, സ്ലീബാ ആഘോഷത്തിന്റെ പ്രത്യുത്തരമായും ഉൾപ്പെടുത്തി.

കബറടക്കം

യേശു മരിച്ചത് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണി സമയത്തായിരുന്നു. യഹൂദരുടെ ഒമ്പതാം മണി സമയം, നമ്മുടെ ഉച്ചതിരിഞ്ഞ് മൂന്ന് മണി സമയമാണത്. യഹൂദരുടെ ആചാരപ്രകാരം മരണത്തിന് വിധിക്കപ്പെട്ടവരെ സാബത്ത് ദിവസം അതായത് ശനിയാഴ്ച ദിനം കുരിശിൻമേൽ കിടത്താൻ പാടില്ലാത്തതുകൊണ്ട് ക്രൂശിക്കപ്പെട്ടവരുടെ മുഴങ്കാലുകളെ തകർത്ത് കൊല്ലുന്നതിന് യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു എന്നത് നാം യോഹ 19:31 -ൽ വായിക്കുന്നു. പടയാളികൾ രണ്ട് കള്ളൻമാരുടെയും കാലുകൾ തകർത്തു. അവർ യേശുവിനെ സമീപിച്ചപ്പോൾ അവിടുന്ന് മരിച്ചുകഴിഞ്ഞു എന്ന് കണ്ട് അവിടത്തെ കാലുകൾ തകർത്തില്ല. എന്നാൽ ക്രൂശിതന്റെ മരണം സ്ഥിരീകരിക്കാൻ പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി.
ഉടനെ അതിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു.
യഹൂദരുടെ നിയമപ്രകാരം മരത്തിൽ തൂക്കപ്പെട്ടവരുടെ ശവശരീരങ്ങൾ അവിടെത്തന്നെ തൂങ്ങിക്കിടക്കാൻ അനുവദിച്ചുകൂടാ. അതിനാൽ യേശുവിന്റെ ശരീരം അന്നുതന്നെ മറവ് ചെയ്യാൻ അവർ നിർബന്ധിതരായിരുന്നു. സാബത്താചരണം തുടങ്ങുന്നത് വൈകുന്നേരം ആറ് മണിയ്ക്കായതുകൊണ്ട്, യേശുവിന്റെ മൃതദേഹം തിടുക്കത്തിൽ സംസ്കരിക്കേണ്ടതായിരുന്നു. അങ്ങനെ മൃതദേഹം കുരിശിൽ നിന്ന് താഴെ ഇറക്കാനും യഹൂദസമ്പ്രദായം അനുസരിച്ച് ശരീരം കഴുകി സുഗന്ധദ്രവ്യങ്ങൾ പൂശാൻ മൂന്ന് മണിക്കൂർ മാത്രമേ സമയമുണ്ടായിരുന്നുള്ളു.
കാൽവരിക്കുന്നിന്റെ തന്നെ അപ്പുറത്തും ഇപ്പുറത്തും ആയിട്ടായിരുന്നു - യേശുവിന്റെ കുരിശ് നാട്ടിയ സ്ഥലവും, കല്ലറയും. യേശുവിനെ സംസ്കരിക്കാൻ പീലാത്തോസിൽനിന്നും അനുവാദം വാങ്ങിയ അരിമത്തിയക്കാരനായ ജോസഫ് യഹൂദന്യായാധിപസംഘത്തിലെ അംഗവും യേശുവിന്റെ രഹസ്യശിഷ്യനുമായിരുന്നു.
ശതാധിപൻ യേശുവിന്റെ കുരിശുമരണം സ്ഥിരീകരിച്ച് റിപ്പോർട്ട് കൊടുത്തപ്പോൾ മാത്രമാണ് പീലാത്തോസ് ജോസഫിന് അനുവാദം നൽകുന്നത് (മർക്കോ 15:44).
കർത്താവിന്റെ മൃതശരീരം കുരിശിൽ നിന്നിറക്കി കബറിലേക്കു കൊണ്ടുപോയതിനെ അനുസ്മരിച്ചാണ് പള്ളിയ്ക്കകത്ത് പ്രദക്ഷിണം നടത്തുന്നത്.
മെഴുകുതിരികൾ, മറുബഹാസകൾ, ധൂപകലശം എന്നിവ വഹിച്ചുകൊണ്ടുള്ള ഈ പ്രദക്ഷിണം ആഘോഷമുള്ളതാണ്. കാരണം, കർത്താവ് തന്റെ


www.malankaralibrary.com

മരണത്താൽ മരണത്തെ കീഴടക്കി, സാത്താനെ ലജ്ജിപ്പിച്ചിരിക്കുന്നു. വിജയിയായ രാജാവിന് സമുചിത മായ യാത്രയയപ്പ് വിശ്വാസികൾ നല്കുകയാണിവിടെ.
പ്രദക്ഷിണത്തിനുശേഷം കാർമ്മികൻ ത്രോണോസിങ്കലേക്ക് പോയി കബറടക്കശുശ്രൂഷ നടത്തുന്നു. യേശുവിന്റെ മരണ ശേഷം നിക്കൊദേമോസ് നൂറു റാത്തൽ സുഗന്ധദ്രവ്യവുമായി കാൽവരി യിൽ എത്തിചേരുന്നു. യഹൂദാചാര പ്രകാരം മൃതദേഹം മറവു ചെയ്യുന്നതിനുമുമ്പ് സുഗന്ധതൈലം കൊണ്ട് പൂശു കയും സുഗന്ധദ്രവ്യങ്ങൾ ശരീരത്തിനുചുറ്റും വച്ച് ഒരു തുണി കൊണ്ട് ശരീരത്തെ പൂർണ്ണമായും പൊതിയുകയും ചെയ്തതിനു ശേഷം ജോസഫും നിക്കോ ദേമോസും യേശുവിനെ സംസ്കരിക്കുന്നു. കൂടെയുണ്ടായിരുന്ന സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയത്തോടും അരുമശിഷ്യനായ യോഹന്നാനേ ാടുംകൂടെ ആയിരിക്കണം തിടുക്കത്തിൽ ഈ സംസ്കാര കർമ്മം നടന്നത്. ഇതിനെ അനുസ്മരിപ്പിച്ചുകൊണ്ട് ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നു. മരിച്ചവരുടെ വാസസ്ഥലമായ പാതാളത്തിലേക്ക് വിജയിയായ രാജാവ് ഇറങ്ങിച്ചെന്നു, പാതാളത്തിന്റെ കോട്ടകൾ തകർക്കുകയും മരണത്തിന്റെ അധികാരം ഇല്ലാതാക്കി എന്നും എക്ബോ പ്രാർത്ഥനയിൽ നാം കാണുന്നു. ആദാമിനെയും വിശ്വാ സികളായവരെയും അവിടുന്ന് സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കിത്തീർത്തു എന്ന് സെദറാ പ്രാർത്ഥനയിൽ നാം വായിക്കുന്നു. മനുഷ്യ രോടുള്ള ദൈവത്തിന്റെ സ്നേ ഹത്തെ ഓർക്കുവാനും ദൈവത്തെ സ്തുതിക്കുവാനും ഈ ശുശ്രൂഷ ആഹ്വാനം ചെയ്യുന്നു.

**ഉപസംഹാരം**

പീഡാനുഭവത്തിന്റെ ചരിത്രപര മായ അറിവിനേക്കാൾ യേശു വിന്റെ അതിദാരുണമായ വേദനയുടെ അനുഭവത്തിലേക്ക് ആഴ്ന്നിറങ്ങുന്ന വിശ്വാസി, യേശു എനിക്കായ് സഹിക്കുകയും തന്റെ ജീവൻ എന്റെ രക്ഷയ്ക്കായ് ബ ലിയർപ്പിക്കുകയും ചെയ്തു എന്ന അവബോധത്തിലേക്കു ഉണരുന്നു. യേശുവിന്റെ പീഡാസഹനത്തിന്റെ പഴയകാല സ്മരണകളിൽ വികാരം കൊള്ളാനല്ല, മറിച്ച് ഓരോരുത്തരും സ്വന്തം പാപങ്ങളെ ഓർത്ത് പശ്ചാത്തപിക്കാനും മാന സാന്തരപ്പെടാനും ഒരു പുതിയ മനുഷ്യൻ ആകുവാനുമാണ് ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷയുടെ അർത്ഥവും വ്യാപ്തിയും നമ്മെ ക്ഷണിക്കുന്നത്.



കവർ സ്റ്റോറി

# ഈസ്റ്ററിന്റെ സുവിശേഷം



ഡോ. സിറിയക് തോമസ്

വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈസ്റ്റർ അഥവാ ഉയിർപ്പ് തിരുന്നാൾ അവരുടെ വിശ്വാസത്തിന്റെ തന്നെ അഘോഷമാണ്. ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ ബാവാ തമ്പുരാനിലും നമ്മുടെ രക്ഷകനായ പുത്രൻ തമ്പുരാനിലും അവിടുത്തെ മനുഷ്യാവതാരത്തിലും പാടുപീഡനങ്ങളിലും കുരിശുമരണത്തിലും ഉയർപ്പിലും സർവ്വതിനെയും പവിത്രീകരിക്കുന്ന പരിശുദ്ധാത്മാവിലുമുള്ള നമ്മുടെ ഏറ്റുപറച്ചിലാണല്ലോ നാം എല്ലാദിവസവും ആവർത്തിച്ചു ചൊല്ലുന്ന വിശ്വാസപ്രമാണത്തിന്റെ കാതലും കാര്യവും. കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കൊറീ. 15:14) എന്നു വി. പൗലോസ് അപ്പോസ്തോലൻ പറഞ്ഞതിന്റെ പൊരുളും മറ്റൊന്നല്ല.

വിശദാംശങ്ങളിൽ ഏറ്റുപറച്ചിലുകൾ ഉണ്ടെങ്കിൽക്കൂടി നാലു സുവിശേഷകരും നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ച് നൽകുന്ന സാക്ഷ്യം വളരെ പൊരുത്തമുള്ളതുമാണ്. യേശുവിന്റെ ഉയിർപ്പു അവർക്കു സംശയാതീതമായ സത്യമായിത്തീർന്നിരുന്നുവെന്നു നാലുസുവിശേഷകരും നമ്മെ ബോധ്യപ്പെടുത്തുന്നുമുണ്ട്. സഭയുടെ നിലനില്പിനു ആധാരവും അടിസ്ഥാനവുമായി നിലകൊള്ളുന്നതു കർത്താവിന്റെ മനുഷ്യാവതാരവും കുരിശുമരണവും ഉയിർപ്പുമാണ്. ഈ മൂന്നും സത്യമാകുന്നതുകൊണ്ടാണ് നമ്മുടെ വിശ്വാസം സത്യവിശ്വാസവും, നമ്മുടെ സഭ സത്യസഭയും നമ്മുടെ ജീവിതം, സത്യവും



www.malankaralibrary.com

സാക്ഷ്യവുമാകുന്നതും. ഞാൻ വഴിയും സത്യവും ജീവനുമാകുന്നുവെന്നു കർത്താവുതന്നെ നമ്മോടു പറഞ്ഞിരിക്കയാൽ അതിൽ അന്തർലീനമായി മൂന്നു കാര്യങ്ങൾ ഉള്ളതായികാണും.

1. തന്റെ മനുഷ്യവതാരവും കുരിശുമരണവും ഉത്ഥാനവും വഴിയായി താൻ മനുഷ്യകുലത്തിനു മുഴുവൻ പാപത്തിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള വഴിയായിത്തീരുന്നുവെന്ന വസ്തുത.

2. ഇവ മൂന്നും സംഭവിച്ചത് ദൈവനിശ്ചയത്താലും ദൈവനിയോഗത്തായാലും കൊണ്ടു താൻ ലോകത്തിനു മുഴുവൻ സാക്ഷ്യമായ സത്യമായി നിലനില്ക്കുന്നുവെന്ന വസ്തുത.


3. കുരിശുമരണം വഴിയായി പാപത്തെയും, ഉയിർപ്പുവഴിയായി മരണത്തെയും, താൻ ജയിച്ചിരിക്കയാൽ നിത്യമായ ജീവനും താൻതന്നെയാകുന്നുവെന്ന സത്യം.

ക്രിസ്തുവിനെ വഴിയും സത്യവും ജീവനുമായിക്കണ്ട് അംഗീകരിച്ചു അവിടുത്തെ അനുഗമിക്കുന്നവന് വേറെ അന്വേഷണങ്ങളൊന്നും ആവശ്യമില്ല. നിങ്ങൾ ദൈവത്തിന്റെ രാജ്യവും നീതിയും അനേഷിക്കുക മറ്റുള്ളതെല്ലാം നിങ്ങൾക്കുലഭിച്ചുകൊള്ളും എന്ന വേദപുസ്തക വാഗ്ദാനം അവിടുത്തെ നീതിയും രാജ്യവും അന്വേഷിക്കുവാനുള്ള ദൈവപുത്രന്റെ തന്നെ ആഹ്വാനവുമാണ്. ദൈവരാജ്യം അന്വേഷിക്കുവാനുള്ള അവകാശത്തിനു നമ്മെ അർഹരാക്കിത്തീർക്കുന്നതും മരണത്തെ ജയിച്ച ദൈവപുത്രന്റെ ആഹ്വാനത്തിനും നമ്മുടെ അവകാശത്തിനും അർത്ഥം കൈവരുന്നതും ക്രിസ്തു, മരിച്ചവരിൽ നിന്നും ഉയിർത്തുവെന്നും, അവിടുന്നു ഇന്നും എന്നും ജീവിക്കുന്നവനായ ദൈവമാണെന്നുമുള്ള നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പിന്മേലാണ്.

“ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു. മനുഷ്യപുത്രൻ പാപികളുടെ കൈയ്യിൽ ഏൽപ്പിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന്. താൻ ഗലീലിയിൽ ആയിരിക്കെത്തന്നെ അവൻ നിങ്ങളോടു പറഞ്ഞതു ഓർമ്മിക്കുവിൻ. അപ്പോൾ അവർ അവൻ പറഞ്ഞത് ഓർമ്മിച്ചു (വി. ലൂക്കാ. 24:5-8)”.

രണ്ടായിരം വർഷം മുൻപ് ബത്‌ലഹേമിൽ ജനിച്ച്. നസ്രത്താൽ ജീവിച്ച് ഗാഗുൽത്തായിൽ മരിച്ചുകടന്നുപോയ ദൈവപുത്രനിലല്ല. പ്രത്യുത, സ്വർഗ്ഗത്തിൽ നിന്നിറങ്ങി, മനുഷ്യനായി ജനിച്ച്, ജീവിച്ച്, കുരിശിൽമരിച്ച് മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്ത്, സ്വർഗ്ഗത്തിലേക്കു കരേറി, ഇന്നും നമ്മോടൊപ്പമുള്ള, ജീവിക്കുന്നവനായ ദൈവപുത്രനിലാണ് നാം വിശ്വസിക്കുന്നത്. വിശ്വസിക്കേണ്ടതും അവനിൽതന്നെ. കർത്താവിലല്ലാതെ മറ്റൊരുവനിൽ നമുക്കു വിശ്വസിക്കാനാവില്ല.

പക്ഷേ ജീവിക്കുന്നവനായ ദൈവം നമ്മോടൊപ്പമുള്ളപ്പോഴും പലപ്പോഴും നമുക്ക് അവിടുത്തെ സജീവമായ സാന്നിദ്ധ്യം തിരിച്ചറിയാൻ കഴിയുന്നില്ല എന്നതാണ് നമ്മുടെ ജീവിതത്തിലെ നിർഭാഗ്യം. ജറുസലേമിൽ നിന്നും എമ്മാവൂസിലേക്കു പോയ ശിഷ്യരിൽ നിന്നും നമ്മളാരും ഒട്ടും വ്യത്യസ്തരല്ല എന്നതാണ് യാഥാർത്ഥ്യം. അവരുടെ സാക്ഷ്യം ഈ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അവൻ അവരോടൊപ്പം കാതങ്ങൾ നടന്നിട്ടും അവരും അവനെ തിരിച്ചറിഞ്ഞില്ലല്ലോ. “അവൻ നമ്മോടു വേദങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ എന്നു അവർ പരസ്പരം ചോദിച്ചതു അവിടുന്നു അവരുടെ അടുത്തു നിന്ന് അപ്രത്യക്ഷനായപ്പോൾ മാത്രമാണല്ലോ. നമ്മുടെ ജീവിതയാത്രയിലും ഉയർത്തവനായ യേശു നമ്മോടൊപ്പമുണ്ട്. എന്നാൽ പലപ്പോഴും നാം അവിടുത്തെ സാന്നിധ്യം തിരിച്ചറിയുന്നില്ല എന്നതാണ് നമ്മുടെ ജീവിതത്തിലെയും നിർഭാഗ്യമെന്നു പറയണം. നമ്മുടെ ജീവിതയാത്രയിലും നമുക്ക് ഒറ്റപ്പെടലുകളും തിരിച്ചടികളും പ്രയാസങ്ങളും പരാജയങ്ങളുമൊക്കെ സംഭവിക്കാം. എന്നാൽ അപ്പോഴേക്കും ജീവിക്കുന്ന ദൈവമായകർത്താവു നമ്മോടു കൂടിയുണ്ടെന്നും അവിടുത്തെ കരം പിടിച്ചു നടക്കുന്നിടത്തോളം തന്റെ ശിഷ്യന്മാർക്കു എമ്മാവൂസിലേക്കുള്ള യാത്രയിൽ കൂട്ടും ബലവുമായിരുന്നതു പോലെ അവൻ നമുക്കു കൂട്ടായി നമ്മോടൊപ്പം നടക്കുന്നുണ്ടെന്നും നമ്മളും അറിയണം. അവന്റെ സാന്നിധ്യവും സംസാരവും നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും വേണം. ദൈവത്തിന്റെ കാല്പാടുകളെപ്പറ്റി പറയുന്ന കഥയുണ്ടല്ലോ. രോഗശയ്യയിലായ ഒരു മനുഷ്യൻ തന്റെ കഴിഞ്ഞുപോയ ജീവിതകാലം മുഴുവൻ സ്വപ്നത്തിൽ കാണുന്നുവെന്നതാണ് കഥയിലെ സങ്കല്പം. കടൽക്കരയിലെ മണലിലൂടെ അയാൾ



നടക്കുന്നതായാണ് അയാൾ കാണുന്നത്. ബാല്യത്തിലും കൗമാരത്തലും യൗവ്വനത്തിലും മധ്യവയസ്സിലുമൊക്കെ താൻ നടക്കവേ മണലിൽ അയാൾ നാലു കാൽപ്പാടുകളാണ് കാണുന്നത് തന്റെ കാൽപ്പാടുകൾക്കു പുറമേ യുള്ള രണ്ടു കാല്പാടുകൾ ആരുടേതെന്നതിൽ അയാൾക്ക് സംശയമേയില്ല. തന്റെ ജീവിതത്തിൽ എന്നും തനിക്കു തുണയായി നിന്ന ദൈവത്തിന്റെ കാല്പാടുകൾ തന്നെ. എന്നാൽ തന്റെ ജീവിതത്തിലെ അൻപ തിനും അറുപതിനും ഇടയിലുള്ള കാലഘട്ടമയാൾ കാണുമ്പോൾ രണ്ടു കാല്പാടുകൾ മാത്രമേ മണലിൽ പതിഞ്ഞിട്ടുള്ളൂ. അക്കാലത്താണല്ലേ തനിക്കു വ്യാപാരത്തിലെ തോല്വിയും നഷ്ടവും, ഭാര്യയുടെ രോഗവും വിയോഗവും മകന്റെ മരണവും തന്റെ തന്നെ രോഗാവസ്ഥയു മെല്ലാം സംഭവിച്ചയെന്നയാൾ തിരിച്ചറിയുകയാണ്. അക്കാലങ്ങളിൽ മണ്ണിൽ തന്റെ കാൽപ്പാടുകൾ മാത്രമാണുള്ളതെന്ന ചിന്തയിൽ അയാൾ ദൈവത്തോടു പരിഭവം വിചാരിക്കുകയാണ്. തന്റെ കഷ്ടകാല സമയത്തു ദൈവം തന്നെ വിട്ടുപോയതു കൊണ്ടാണല്ലോ മണ്ണിൽ തന്റെ കാല്പ്പാടുകൾ മാത്രമെന്ന ചിന്തയിൽ അയാൾ ദൈവത്തോടു പരാതിപ്പെടുകയാണ്. അപ്പോൾ ദൈവം അവനോടു പറഞ്ഞുവത്രേ. “മകനേ, നിന്റെ ദൗർഭാഗ്യകാലത്തു മണലിൽ നീ രണ്ടു കാല്പാടുകൾ മാത്രമേ കാണുന്നുള്ളുവെന്നതു ശരി തന്നെ. പക്ഷേ അതു നിന്റെ കാല്പാടുകളല്ല. എന്റെ കാല്പാടുകൾ തന്നെയാണ്. നിന്റെ ജീവിതത്തിലെ പ്രയാസമേറിയ നാളുകളിൽ മുഴുവൻ ഞാൻ നിന്നെ എന്റെ കരണങ്ങളിലെടുത്തുകൊണ്ടു നടക്കുകയായിരുന്നു.”

എത്രയോ വലിയ ഒരു ജീവിത സത്യത്തെയാണ് ഈ കഥ ആവിഷ്ക്കരിക്കുന്നത്. നമ്മുടെ ജീവിതത്തിലെ ഭാഗ്യ നിർഭാഗ്യങ്ങളിലെല്ലാം യേശു നമ്മോടൊപ്പമുണ്ടെന്നും നമ്മുടെ കഷ്ടനഷ്ടങ്ങളുടെ നടുവിലും കർത്താവിന്റെ കരങ്ങളിൽ നാം തികച്ചും സുരക്ഷിതരായിരിക്കുമെന്നും നമുക്കു ഉറച്ച ബോധ്യമുണ്ടെങ്കിൽ അതിനേക്കാൾ ആശ്വാസവും പ്രതീക്ഷയും ധൈര്യവും നൽകുന്ന മറ്റൊരു ചിന്തയും ഉണ്ടാകുവാനില്ല. ഉണ്ടാകേണ്ട ആവശ്യവുമില്ല. ഇന്നലെയും, ഇന്നും, എന്നും ജിവിക്കുന്ന യേശു കുരിശിൽ മരിച്ചു പാപത്തെ കീഴടക്കിയെന്നും, മരിച്ചവരിൽ നിന്നും അവൻ മൂന്നാം നാൾ ഉയർത്തു മരണത്തെയും അവൻ കീഴടക്കിയെന്നും, മരണത്തെ ജയിച്ച ദൈവപുത്രൻ എന്നും നമ്മോടൊപ്പം നടക്കുന്നവനും നമ്മുടെ പ്രയാസകാലത്തു നമ്മുടെ കരം പിടിക്കുന്നവനും നമ്മെ സ്വന്തം കരങ്ങളിൽ വഹിക്കുന്ന വനുമാണെന്ന ചിന്തയും, കണ്ടെത്തലും കർത്താവിന്റെ മനുഷ്യാവതാരത്തിലും പാടുപീഡയിലും കുരിശുമരണത്തിലുമാത്രമല്ല. അവന്റെ ഉയർപ്പിലും അവിടുത്തേ പ്രത്യാഗമനത്തെക്കുറിച്ചുള്ള നമ്മുടെ പ്രത്യാശയിലും നമ്മെ ബലപ്പെടുത്താതിരിക്കുകയില്ല. ഈസ്റ്ററിന്റെ സുവിശേഷം നമുക്കു നൽകുന്ന സന്ദേശവും അതു തന്നെ. സംശയമൊന്നുമില്ല.



www.malankaralibrary.com



കവർ സ്റ്റോറി

# മരപ്പണിക്കാരന്റെ ഓർമ്മയിലൊരു വർഷം

**നീ**തിമാനായി ജീവിച്ച ജോസഫ് എന്ന മരണപ്പണിക്കാരന്റെ ഓർമയിലാണ് ഈ ഒരു വർഷം.



ഡോ. മാർ അലക്സ് വടക്കുംതല

അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, 'ഒരു പിതാവിന്റെ ഹൃദയത്തോടെ' (Patris Corde) യേശുവിനെ സ്നേഹിച്ചു എന്നതാണെന്ന് ഫ്രാൻസീസ് പാപ്പാ വിശേഷിപ്പിക്കുന്നു. 2021 ഡിസംബർ 8 വരെ നീളുന്ന ഈ 'ജോസഫ് വർഷാചരണം' വ്യക്തിപരമായി ഓരോ വിശ്വാസിക്കും സഭയ്ക്കും പൊതുവായും അനുഗ്രഹപ്രദമാകും.
കോവിഡ് മഹാമാരി ഉൾപ്പെടെ പല അസ്വസ്ഥതകളാൽ കലുഷിതമായ ഈ കാലഘട്ടത്തിൽ യൗസേപ്പിതാവിന്റെ തീവ്രമായ ജീവിത സാക്ഷ്യവും സദ്ഗുണങ്ങളും മാതൃകയും മാദ്ധ്യസ്ഥതയും പ്രായോഗികമായി ജീവിതത്തെ സ്വാധീനിക്കാൻ സാധ്യത കൂടുതലുണ്ട്.

150 വർഷങ്ങൾക്കുമുമ്പ് പ്രതിസന്ധികൾ ഏറെ നിറഞ്ഞ, പ്രത്യേകമായി ഫ്രാൻസും ജർമ്മനിയും തമ്മിലുള്ള യുദ്ധം നിലനിന്നിരുന്ന കാലം. ഒന്നാം വത്തിക്കാൻ കൗൺസിൽ പോലും നിർത്തിവയ്ക്കേണ്ടിവന്നു. യൂറോപ്പിൽ പ്രത്യേകമായും അന്തർദേശീയ തലത്തിലും അതിന്റെ

പ്രത്യാഘാതങ്ങളുണ്ടായി. ഒമ്പതാം പീയൂസ് പാപ്പാ അന്ന് കാവലാളായി വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥ്യം തേടി. ആഗോളസഭയുടെ മധ്യസ്ഥനായി തിരുക്കുടുംബത്തിന്റെ പാലകനെ തിരഞ്ഞെടുത്തു. ഒന്നര നൂറ്റാണ്ടിനുശേഷം, 2020 ഡിസംബർ 8 -ന്, Patris Corde എന്ന പ്രബോധനം വഴി ഫ്രാൻസീസ് പാപ്പാ വീണ്ടും ആ മഹാവിശുദ്ധന്റെ കരം പിടിച്ചു മുന്നേറാൻ, കാല്പ്പാദങ്ങൾ പിൻതുടരാൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

നസ്രത്തിൽ നിന്നുള്ള നീതിമാനായ ആ തച്ചന് മറിയത്തിൽ നിന്ന് ജനിച്ച യേശുവിന്റെ നിയമപ്രകാരമുള്ള പിതാവാകാൻ ഭാഗ്യമുണ്ടായി. എല്ലാ പ്രതിസന്ധികളെയും മറികടന്ന് പിന്നെ ആ ജീവിതം അവർക്കുവേണ്ടിയുള്ള ത്യാഗസമർപ്പണമാക്കി മാറ്റി. മാനുഷികമായി അംഗീകരിക്കാൻ പ്രയാസമുള്ളപ്പോഴും വിശ്വസ്തതയോടെ ദൈവിക പദ്ധതി പിന്തുടർന്ന സ്വപ്നസഞ്ചാരം നമുക്കും പ്രചോദനാത്മകം തന്നെ. ആ യുവ മരപ്പണിക്കാരന്റെ നിദ്രാനുഭവങ്ങളും ഉൾവിളികളും തുടർ ജീവിതത്തിനുള്ള ഉൾക്കാഴ്ചയും ഉൾപ്പുളകവും ആക്കി മാറ്റുന്നത് ഉണർവ്വേകുന്ന ധ്യാന വിഷയമാക്കാവുന്ന നല്ല പാഠമാണ്.

**ജോസഫിന്റെ സ്വപ്നങ്ങളും നമുക്കുള്ള പാഠങ്ങളും**

വി. മത്തായിയുടെ സുവിശേഷം ജോസഫിന്റെ സ്വപ്നങ്ങളുടെ നാല് മുഹൂർത്തങ്ങൾ വിവരിക്കുന്നുണ്ട്. ഒന്നാമത്തെ സ്വപ്നം, ഒരു യുവാവിന്റെ ജീവിതവും ഭാവിയും തച്ചുതകർക്കാൻ പോകുന്ന അനുഭവത്തോടെ ഉറങ്ങാൻ കിടന്ന രാത്രിയിലേതാണ്. ജോസഫും മറിയവും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞു. എന്നാൽ അവർ സഹവസിക്കുന്നതിനുമുമ്പ് മറിയം ഗർഭിണിയായി എന്നറിഞ്ഞ ദിനാന്തമായിരുന്നു അത്. വഞ്ചിക്കപ്പെട്ടുവെന്ന് തിരിച്ചറിഞ്ഞ, പ്രതികാരത്തീയിൽ മനമെരിഞ്ഞ, ദിനാന്തം ആകുലതകൾ ഉള്ളിൽ പതഞ്ഞുപൊങ്ങുകയും ഭാവിയെ ഭയന്ന് അതിഭീകര ആത്മസംഘർഷങ്ങളിലൂടെ കടന്നുപോയ ഒരു രാത്രിയിൽ അന്ധകാരത്തിന്റെ ഇരുണ്ട മണിക്കൂറുകളിലായിരുന്നു ആ യുവാവ്. എങ്കിലും കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ വിശാലമായ ആകാശത്തിലെ കറുത്ത മേഘപാളികൾക്കു പിന്നിൽ മറഞ്ഞിരിക്കുന്ന വെൺചന്ദ്രികപൊഴിക്കുന്ന കതിരൊളിക്കായി അയാളുടെ ഉള്ളം കൊതിച്ചു. അകലെയെങ്ങോ നിന്ന് ആശ്വാസമെത്തും എന്ന പ്രത്യാശയോടെ അയാൾ ആകാശനക്ഷത്രങ്ങളെ നോക്കി നിലത്തുകിടന്നു. ആശ്വാസം കൊതിച്ചു കിടന്ന് മയങ്ങിപ്പോയിരിക്കണം. ആ നിദ്രയിലാണ് കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞത്: ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ് (മത്താ 1,26). ജോസഫ് നിദ്രയിൽ നിന്നുണർന്നു സ്വപ്നത്തിൽ നിന്നും ലഭിച്ച ഉൾവിളിയുടെ ചെറുതെന്നൽ ആത്മസംഘർഷങ്ങളുടെ മേഘപടലങ്ങളെ സാവധാനം എങ്ങോ പറത്തിക്കൊണ്ടുപോയി. അതൊടെ മാനം തെളിഞ്ഞു. പ്രത്യാശയുടെ പൗർണ്ണമിബിംബം ഉദിച്ചുയർന്നു. നിദ്രയിൽ നിന്നുണർന്ന് ജോസഫ് കർത്താവിന്റെ ദൂതൻ കല്പിച്ചതുപ്രകാരം പ്രവർത്തിച്ചു (മത്താ 1:24).



ഫ്രാൻസീസ് പാപ്പാ പാത്രീസ് കോർദെയിൽ വിശദീകരിക്കുന്നു: ജോസഫിന്റെ അനുസരണവും സമർപ്പണവും പ്രതിസന്ധികളെ അതിജീവിക്കാൻ സഹായിച്ചു. അങ്ങനെ ഉപാധികളില്ലാതെ മേരിയെ സ്വീകരിച്ചു. മാലാഖയുടെ വാക്കുകൾ അനുസരിച്ചു. ഇന്ന്, സ്ത്രീകൾക്കെതിരെ മാനസികമായും ശാരീരികമായും അതിക്രമങ്ങൾ പ്രത്യക്ഷമായ സാഹചര്യത്തിൽ, ബഹുമാന്യനും മറ്റുള്ളവരെ മനസ്സിലാക്കി പ്രവർത്തിക്കുന്ന മാതൃക പുരുഷനാണ് ജോസഫ്. പാപ്പാ തുടർന്നെഴുതുന്നു: ജീവിതത്തിൽ സംഭവിക്കുന്നതിന്റയെല്ലാറ്റിന്റെയും കാരണം നമുക്ക് മനസ്സിലാകണമെന്നില്ല. നിരാശയുടെയും എതിർപ്പിന്റെയുമൊക്കെ വികാരപ്രകടനങ്ങളാകാം തത്ഫലമായി നമുക്കുണ്ടാവുന്നത്. ജോസഫ് കണ്ടെത്തിയ ആത്മീയപാത എല്ലാം വെളിവാക്കുന്നതിന്റേതല്ല, മറിച്ച് കാര്യങ്ങളെല്ലാം ആത്മസംയമനത്തോടെ സ്വീകരിച്ച് അംഗീകരിക്കുന്നതിന്റേതാണ്. ദൈവം പറഞ്ഞു: ദാവീദിന്റെ പുത്രനായ ജോസഫ്, നീ



www.malankaralibrary.com



ഭയപ്പെടേണ്ട (മത്താ 1:20) ജോസഫ് നമുക്കു പറഞ്ഞുതരുന്ന പാഠമിതാണ്. "ഭയപ്പെടേണ്ട! ധൈര്യമായിരിക്കുക! ദൈവമുണ്ടല്ലോ കൂടെ!"

ജീവിതത്തിന്റെ സങ്കടങ്ങളും സംഘർഷങ്ങളും സങ്കീർണ്ണമായ പ്രതിസന്ധികളും ഒരു വിശ്വാസി എങ്ങിനെയാണ് അഭിമുഖീകരിക്കേണ്ടതെന്ന്, ജോസഫിന്റെ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ വിശുദ്ധരായ പൗലോസിനെയും അഗസ്റ്റിനെയും ഉദ്ധരിച്ച് പാപ്പാ പറയുന്നതും ശ്രദ്ധേയമാണ്. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ 8:28). ഈ വാക്യത്തോട് വിശുദ്ധ അഗസ്റ്റിൻ കൂട്ടിച്ചേർക്കുന്നു. തിന്മയെന്നും നാം വിളിക്കുന്നവപോലും (etiam illud quod malum dicitur), വിശ്വാസത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ നന്മയാക്കി ദൈവം മാറ്റും.

ജോസഫിന്റെ മനോഭാവം മറ്റുള്ളവരെ അവർ ആയിരിക്കുന്നതുപോലെ അംഗീകരിക്കാനും രാവിന്റെ നിശ്ശബ്ദതയിൽ ദൈവസ്വരം ശ്രവിച്ച് സംഘർഷങ്ങൾ അതിജീവിക്കാനും നമ്മെ പഠിപ്പിക്കുന്നു.

**ദൈവം കടാക്ഷിച്ച നീതിമാൻ**

നീതിനിഷ്ഠയോടെ ചരിക്കുന്നവരെ ദൈവം കടാക്ഷിക്കുന്നു, കരുതുന്നു. നമുക്കുമുമ്പിൽ ചുരളഴിയുന്ന ചരിത്രമതാണ്. നീതിമാനായ ജോസഫ്, തന്റെ ഭാര്യ ഗർഭവതിയായിരിക്കുന്നത് ദൈവീക പ്രർത്തനത്താലാണെന്ന് ആത്മദർശനത്തിലൂടെ തിരിച്ചറിഞ്ഞപ്പോൾ, തുടർ ജീവതം ദൈവഹിതത്തിൽ മാത്രമാക്കുന്നു. അതിനാൽ തന്നെ ദൈവത്തിന്റെ കൃപയുടെയും കരുതലിന്റെയും ആശ്വാസനിഴലിൽ ആയിത്തീരുന്നു ആ കുടുംബം, നിഴൽമഴ പോലെ പ്രതിസന്ധികൾ തുടർന്നും തോരാതെ പെയ്തിറങ്ങുന്നെങ്കിലും.

നീതി മാർഗത്തിൽ പോയവരെ ദൈവം പരിപാലിക്കുന്ന നിരവധി ഉദാഹരണങ്ങളുണ്ട്, പ്രചോദനവും മാതൃകയുമായി വിശുദ്ധ ഗ്രന്ഥത്തിൽ. മഹാപ്രളയത്തിൽ ദൈവം കാത്തുസംരക്ഷിച്ച നോഹയോട് അവിടുന്ന് പറയുന്നത് ഇപ്രകാരമാണ്. നീയും കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക. ഈ തലമുറയിൽ നിന്നെ ഞാൻ നീതിമാനായി കണ്ടിരിക്കുന്നു (ഉൽപത്തി 7:1). അതിനാൽ തന്നെ, പ്രളയകാലത്ത് അവരെ ദൈവം ഓർത്തു (ഉൽപത്തി 8:1) കരുതലോടെ കാത്തുസംരക്ഷിച്ചു. ദൈവസന്നിധിയിൽ ഈ പരിഗണനയും ഓർമ്മയും വിശ്വാസത്തിന്റെ പതാവായ അബ്രഹാമും അനുഭവിക്കുന്നത് നീതിനിഷ്ഠയിലൂടെയുള്ള ജീവിതം കൊണ്ടു തന്നെയാണ് (ഉൽപത്തി 19:29). ദൈവത്തിന്റെ മുമ്പിൽ നീതിയോടും വിശ്വസ്തതയോടും കൂടെ ജീവിച്ച സഖറിയാസ് (ലൂക്കാ 1:6) വാഴ്ത്തിപ്പാടുന്നത് പിതാവായ അബ്രാഹാമിനോട് ദൈവം ചെയ്ത കാരുണ്യം തന്നെയാണ്. നിർഭയം പരിശുദ്ധിയിലും നീതിയിലും എപ്പോഴും അവിടുത്തെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ വേണ്ട അനുഗ്രഹം (ലൂക്ക 1:75) ഇപ്രകാരം ജീവിക്കുന്നവർക്കുള്ള സമ്മാനമാണ്. സന്താനസൗഭാഗ്യം നൽകി ദൈവം അനുഗ്രഹിച്ച റാഹേലും (ഉൽപത്തി 30:22) ഹന്നായുമെല്ലാം (1 സാമുവൽ 1:19) ദൈവത്തിന്റെ മുമ്പാകെ നീതിനിഷ്ഠയോടെ പ്രവർത്തിച്ചവരാണ്. പൂർവ്വയൗസേപ്പിന്റെ നീതിബോധവും മഹത്തായ സാക്ഷ്യമാണ്! തന്നെ വധിക്കാനൊരുങ്ങുകയും വിൽക്കുകയും ചെയ്ത സഹോദരന്മാരോടുള്ള സമീപനം തന്നെ എത്രയോ ശ്രേഷ്ഠമാണ്. ജോസഫിനെ ഓർത്ത് കർത്താവ് അവന്റെ വീടിനെ അനുഗ്രഹിച്ചു (ഉൽപ 39:5).

നസ്രത്തിലെ തച്ചന്റെ ജീവിതവും ദൈവത്തിന്റെ പദ്ധതിക്ക് വിശ്വസ്തതയോടെ വിധേയനായും നീതിയിലും ദൈവാശ്രയത്വത്തിലും ആയിരുന്നു.

ജീവിതത്തിൽ അറിഞ്ഞും അറിയാതെയും നിനിച്ചിരിക്കാത്ത നിമിഷങ്ങളിലും കടന്നുവരുന്ന സുനാമികളുണ്ട്. നാളിതുവരെ പ്രത്യാശയോടെ പടത്തുയർത്തിയ ബന്ധങ്ങളുടെ ബഹുനിലസൗധം തകർന്നു തരിപ്പണമാകുന്ന അനുഭവമാകും അത്. പ്രക്ഷുബ്ധമായ സുനാമിത്തിരമാലകൾ ചുറ്റിലുമുയരും. അപ്രകാരമൊരു ദുരനുഭവം ജോസഫിന്റെ ജീവിതത്തിൽ ഉണ്ടായപ്പോൾ എടുത്ത തീരുമാനവും പ്രതികരണവുമാണ് ആ ജീവിതത്തിലെ യഥാർത്ഥ നീതിബോധത്തിന്റെ ലിറ്റ്മസ്

ടെസ്റ്റ്. ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം നിലനിൽപ്പിനുള്ള അടിസ്ഥാനമാണ് പരസ്പര വിശ്വാസവും നീതി ബോധത്തോടെയുള്ള സമ്പൂർണ്ണ സമർപ്പണവും. ആരെന്തു പറഞ്ഞാലും, ഇനിയെന്തു സംഭവിച്ചാലും, ഇവനെന്റെ സ്വന്തം, അവളെനിക്കു പ്രിയം എന്ന ചിന്തയും ചെയ്തികളും ഉയിർകൊള്ളുന്നത് ഈ പരസ്പര ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. നസ്രത്തിലെ ആ കൊച്ചു കുടുംബത്തിൽ മാതൃകയായി നിലനിന്നത് ഈ പരസ്പര വിശ്വാസവും നീതിയുമാണ്.

**സ്വർഗപിതാവിന്റെ നിഴൽ**

പോളണ്ടിൽ നിന്നുള്ള എഴുത്തുകാരൻ ജാൻ ഡോബ്രാസിൻസ്കിയുടെ പുസ്തകമാണ് "The Shadow of the Father" (പിതാവിന്റെ നിഴൽ). നോവൽ പോലെ ജോസഫിന്റെ ജീവിതം മനോഹരമായി വർണ്ണിക്കുന്ന ഈ പുസ്തകത്തിൽ ജോസഫിനെ അവതരിപ്പിക്കുന്നത് ദൈവപിതാവിന്റെ ഭൂമിയിലെ നിഴലായിട്ടാണ്. ഈ പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ഫ്രാൻസീസ് പാപ്പാ പാത്രിസ് കോർദെയിൽ വിവരിക്കുന്ന് ശ്രദ്ധേയമാണ്. മറിയത്തിനും അരുമമകനും സ്നേഹവും സ്വാതന്ത്ര്യവും നല്കിയും തന്റെ സർവ്വ ശ്രദ്ധയും കരുതലും കൊടുത്തും വിശ്വാസത്തിന്റെ നിശ്ശബ്ദതയിൽ കഴിഞ്ഞ ഉത്തമ കുടുംബനാഥൻ. ഈ ഭൂമിയിലെ പിതൃത്വം സ്വർഗത്തിലെ പിതൃത്വത്തെ ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ആ പിതാവിന്റെ മകനെ അനുഗമിക്കുന്ന നിഴലുമാണ് ഭൂമിയിലെ നമ്മുടെ ജീവിതം.

നമ്മുടെ ഒരു കുടുംബത്തിലും ഒരു കുഞ്ഞും അനാഥത്വത്തിന്റെ കയ്പുമരുന്നിലും കണ്ണീരിലുമാവില്ല, ദൈവ പിതാവിന്റെ നിഴലാണ് മാതാപിതാക്കളെന്ന ബോധ്യമുണ്ടെങ്കിൽ. അതേപോലെ, സ്വർഗീയ സുതന്റെ നിഴലായി കഴിയണം ജീവിതവും. ഓരോ വൈദികനും സമർപ്പിതനും അൽമായ വിശ്വാസിയും, ജോസഫിനെപ്പോലെ അദൃശ്യ ദൈവത്തിന്റെ നിഴലായി, നീതിയിലും കരുതലിന്റെ നിശബ്ദതയിലും ജീവിച്ചാൽ ധന്യമാകും മണ്ണിലെ ജീവിതം. അതോടൊപ്പം ആ യുവ തച്ചനെപ്പോലെ സ്വപ്നങ്ങൾ നിറഞ്ഞതാകണം ജീവിതം. അത് നമ്മെ കൂടുതൽ കർമ്മനിരതരാക്കുകയും വേണം

**ഫ്രാൻസീസ് പാപ്പാ ജോസഫിനെപ്പറ്റി പറയുന്ന ആറ് പാഠങ്ങൾ പ്രതിസന്ധികളുടെ നടുവിലും, ജീവിതം വിജയിപ്പിക്കാൻ നമുക്കും സഹായകമാകും.**

**ഒന്ന്,** ഹൃദയത്തിലെന്നും മറ്റുള്ളവരോടുള്ള വാത്സല്യവും കരുതലും കാത്തുസൂക്ഷിക്കാനാവുക (പാത്രിസ് കോർദെ, നമ്പർ 1).

**രണ്ട്,** മൗനത്തിന്റെ വിലയറിഞ്ഞും ആത്മസംയമനത്തിന്റെ മൂല്യം മനസ്സിലാക്കിയുമുള്ള പ്രവർത്തന ശൈലി.

**മൂന്ന്,** മറ്റുള്ളവർക്കു വേണ്ടി സ്വപ്നം കാണാനുള്ള കഴിവ്. കുടുംബാംഗങ്ങളെ നിശബ്ദതയിൽ അനുധാവനം ചെയ്യുകയും അവർക്കായി നിരന്തരം സ്വപ്നം കാണുകയും ചെയ്യുന്ന ജോസഫിന്റെ ജീവിതം നാം ശ്രദ്ധിക്കണം. മറ്റുള്ളവരുടെ ജീവിതം മെച്ചപ്പെടുത്താനായി സ്വപ്നങ്ങൾ തീർക്കാനാകണം. മാതാപിതാക്കൾ മക്കൾക്കുവേണ്ടിയും മക്കൾ തിരിച്ചും മറ്റുള്ളവരുടെ നന്മയ്ക്കായുള്ള കണക്കുക്കൂട്ടലുകൾ നടത്തണം. വൈദീകരും സമർപ്പിതരും ദൈവജനത്തിന്റെ വളർച്ചയ്ക്കായുള്ള സ്വപ്നങ്ങൾ കാണണം. യുവജനങ്ങളുടെ സ്വപ്നങ്ങൾപോലെ മുൻവിധിയില്ലാതെയും പരിധികളില്ലാതെയും സ്വപ്നം കണ്ട് ജോസഫിനെ പോലെ നാമും നിശ്ശബ്ദതയിൽ മറ്റുള്ളവരുടെ നന്മയ്ക്കായി പ്ലാനുകൾ രൂപപ്പെടുത്തണം (സുവിശേഷം പ്രസംഗം മാർച്ച് 19, 2018).

**നാല്** എല്ലാ അവസ്ഥകളിലും ക്രിയാത്മകമായി ധൈര്യത്തോടെ പ്രവർത്തിക്കുക, പൂർണ ഗർഭിണിയായ മറിയത്തിന് പ്രസവിക്കാൻ സ്ഥലം കിട്ടാത്ത അവസരത്തിലും, അമ്മയെയും കുഞ്ഞിനെയും കൊണ്ട് ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടി വന്നപ്പോഴും വിദേശ രാജ്യത്ത് വസിക്കാൻ ആവശ്യമായ ഭവനവും ജോലിയും കണ്ടെത്തേണ്ട സമയത്തും ജോസഫ് കാണിച്ച ക്രിയാത്മകമായ ധൈര്യം പ്രചോദനമാണ് (പാത്രിസ് കോർദെ, നമ്പർ 5; സ്നേഹത്തിന്റെ സന്തോഷം, നമ്പർ 30).

**അഞ്ച്,** നിരന്തരമായ അധ്വാന ശീലം.

**ആറ്,** സ്വർഗപിതാവിന്റെ നിഴൽ പോലെയുള്ള നിർമ്മല ജീവിതം.

ആവിലായിലെ വിശുദ്ധ അമ്മത്രേസ്യ അഭിപ്രായപ്പെട്ടിരുന്നു: വിശുദ്ധ ജോസഫ് കൂടെ ഉണ്ടെങ്കിൽ ജീവിതം തീരാത്ത വസന്തമാണ്.

ജീവിതം തീരാത്ത വസന്തമാക്കാൻ, ജോസഫിന്റെ അടുത്തേക്ക് പോകാം (ഉൽപത്തി 41:55). തൊഴിൽ ചെയ്ത് തഴമ്പിച്ച തച്ചന്റെ കരംപിടിച്ച് മുന്നേറാം നീതുമാനായ ആ മരപ്പണിക്കാരന്റെ ഓർമ്മയിൽ ധന്യമാക്കാം ഈ വർഷം.



www.malankaralibrary.com



# ഫ്രെത്തെല്ലി തുത്തി – വിശ്വസാഹോദര്യത്തിന് ഒരു പുതുവെളിച്ചം



ഡോ. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി

**അ**സ്സിസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വിശ്വസാഹോദര്യത്തിന്റെ മാതൃക പിന്തുടർന്ന് ഫ്രെത്തെല്ലി തുത്തി – 'എല്ലാവരും സഹോദരർ' എന്ന സാമൂഹിക ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പ ലോകജനത യോട് സംവദിക്കുകയാണ്.

തീവ്രവാദം, വിരുദ്ധാഭിപ്രായങ്ങളുടെ പേരിലുള്ള കലഹം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ദാരിദ്ര്യം തുടങ്ങി നിരവധി പ്രശ്നങ്ങളുടെ ഒരു സംസ്കാ രത്തിൽ ജീവിക്കുന്ന 21 -ാം നൂറ്റാണ്ടിൽ വിശ്വസാഹോദര്യത്തിന്റെയും സാമൂഹ്യസൗഹൃദത്തിന്റെയും വഴികൾ തേടുകയാണ് ഫ്രാൻസിസ് പാപ്പ.

**'ഫ്രെത്തെല്ലി തൂത്തി' ഒരു സാമൂഹ്യസിദ്ധാന്തം എന്ന നിലയിൽ**

ക്രൈസ്തവമനസാക്ഷി യഥാർത്ഥ ലോകവുമായി സംബന്ധിക്കുന്നി ടത്താണ് സാമൂഹികസിദ്ധാന്തങ്ങൾ രൂപപ്പെടുന്നത്. മനുഷ്യാസ്ഥിത്വ ത്തിന്റെ സങ്കീർണ്ണ യാഥാർത്ഥ്യങ്ങളെ വിശ്വാസത്തിന്റെയും സഭാ പാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ശ്രദ്ധാപൂർവ്വം പരിചിന്തനം നടത്തി വ്യഖ്യാനിക്കുകയാണ് അതുവഴി സഭ ചെയ്യുന്നത്. സഭയുടെ ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ മണ്ഡലത്തിലല്ല, ധാർമ്മികദൈവശാസ്ത്ര ത്തിന്റെ മണ്ഡലത്തിൽപെട്ടതാണ് സാമൂഹികസിദ്ധാന്തങ്ങൾ. അത് ഒരേ സമയം മതപരവും ധാർമ്മികവും ആണ്. (ക്വാദ്രജെസിമോ അന്നോ,190). സുവിശേഷത്തിൽ അധിഷ്ടിതമായതുകൊണ്ട് മതപരവും മനുഷ്യനെ ഞെരുക്കുന്ന എല്ലാറ്റിൽ നിന്നുമുള്ള മോചനം ലക്ഷ്യം വയ്ക്കുന്നത് കൊണ്ട് ധാർമ്മികവും അതുവഴി മാനുഷികതയുടെ പൂർണ്ണരൂപം

(പോപ്പുളോരും പ്രോഗ്രസ്സിയോ ധ1967പ, 278) സഭ എന്നും അന്വേഷിക്കുന്നു.

സത്യത്തെ പ്രഘോഷിക്കുക മാത്രമല്ല, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും വെളിച്ചത്തിൽ അസത്യത്തെ തള്ളികളയുക കൂടിയാണ് സാമൂഹിക സിദ്ധാന്തങ്ങൾ ചെയ്യുന്നത്. അനീതിയുടെയും അക്രമത്തിന്റെയും വഴികളെ തള്ളികളഞ്ഞുകൊണ്ട് ദരിദ്രരുടെയും ദുർബലരുടെയും അവകാശങ്ങളെ സംരക്ഷിക്കുകയെന്നത് ക്രിസ്തുവിൽനിന്നും സ്വീകരിച്ച സഭയുടെ പ്രബോധനാധികാരത്തിന്റെ (munus dicendi) ഭാഗമാണ്. സാമൂഹികജീവിതത്തിന്റെ അടിസ്ഥാനം മനുഷ്യവ്യക്തിയുടെ സംരക്ഷണവും വളർത്തലുമാണെന്ന് സഭ വിശ്വസിക്കുന്നു. മനുഷ്യവ്യക്തിക്കു വേണ്ടിയാണ് ഓരോ സമൂഹവും അസ്തിത്വത്തിലെത്തുന്നതെന്ന് ഉറച്ചു വിശ്വസിക്കുന്ന സഭ, വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ സമാധാനം നിലനിർത്താൻ നിരന്തരം പരിശ്രമിക്കുകയും ചെയ്യുന്നു.

മറ്റ് ഏതൊരു സാമൂഹിക സിദ്ധാന്തവുംപോലെ വ്യക്തി, സമൂഹം, സ്വാതന്ത്ര്യം, മനസാക്ഷി, ധാർമ്മികത, നിയമം, നീതി, പൊതുനന്മ, ഐക്യദാർഢ്യം (subsidiarity), സഹായകതത്വം (solidarity), രാഷ്ട്രം മുതലായ അടിസ്ഥാനപരമായ ആശയങ്ങൾ താത്വികമായും, ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിലും ഫ്രെത്തെല്ലി തൂത്തിയും കൈകാര്യം ചെയ്യുന്നു. സമൂഹത്തെ സുവിശേഷംകൊണ്ട് പ്രകാശിപ്പിക്കുകയും ഓരോ മനസിനെയും മനസാക്ഷിയെയും സത്യത്തോടുള്ള തുറവിനും സത്യം അംഗീകരിക്കാനുമുള്ള സന്നദ്ധതയ്ക്കുമായി പ്രചോദിപ്പിക്കുവാനും ഇതുവഴി പാപ്പ ആഗ്രഹിക്കുന്നു.

**ഏകമാനവകുടുംബം**

ഭൂമിയെയും അതിന്റെ അതിർവരമ്പുകളെയും അതിലംഘിക്കുന്ന സ്നേഹസാഹോദര്യത്തിന്റെ മാതൃകയാണ് ഫ്രാൻസിസ് അസ്സിസി തുറന്നുവച്ചത്. കുരിശുയുദ്ധകാലത്ത് ഈജിപ്തിലെ സുൽത്താൻ അൽ കമീലിനെ സന്ദർശിച്ച് അദ്ദേഹം സാഹോദര്യത്തിനായി അപേക്ഷിച്ചു. സുവിശേഷത്തിലധിഷ്ഠിതമായ ഒരു ജീവിത മാർഗമാണ് ഫ്രാൻസിസ് ഇതിലൂടെ നമുക്ക് കാണിച്ചുതന്നത്. മനുഷ്യാന്തസിന്റെയും സാഹോദര്യത്തിന്റെയും അരുവി ക്രിസ്തുവിന്റെ സുവിശേഷത്തിലാണെന്ന് വിശ്വസിക്കുന്ന ഒരു ക്രൈസ്തവന് അസ്സിസിയുടെതിൽനിന്ന് വ്യത്യസ്ഥമായ ഒരു മാർഗം കണ്ടെത്താൻ കഴിയില്ല എന്ന ഓർമ്മപ്പെടുത്തലാണ് ഫ്രെത്തെല്ലി തൂത്തി നൽകുന്നത്. നമ്മെ ഒറ്റപ്പെട്ടവരും, വേർപെട്ടവരുമായി നിലനിർത്തുന്ന ചങ്ങലകളെ സ്നേഹംകൊണ്ട് പൊട്ടിച്ചെറിയാനും, അവയുടെ സ്ഥാനത്ത് പുതിയ പാലങ്ങൾ ഉയർത്താനും ഈ പ്രബോധനം നമ്മളോട് ആവശ്യപ്പെടുന്നു. യേശു പറഞ്ഞ നല്ല സമരിയാക്കാരന്റെ ഉപമയാണ് അതിനു മാതൃക. ആവശ്യത്തിലിരിക്കുന്ന ഒരുവനെ കണ്ടപ്പോൾ അവന്റെ ജാതിയോ, മതമോ, വർഗമോ നോക്കാതെ സ്വന്തമായതെല്ലാം ബലി കഴിച്ച സമരിയാക്കാരന്റെ മാതൃക പാലിക്കാനാണ് ഓരോ ക്രിസ്തുവിശ്വാസിയും സന്മനസുള്ള ഓരോരുത്തരും ശ്രമിക്കേണ്ടതെന്നാണ് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നത്.

ഓരോരുത്തരിലും ബഹിർഗമനത്തിന്റെ - അപരനിലേക്ക് തുറക്കപ്പെട്ട ഹൃദയമുള്ള - ഒരു നിയമം ഉണ്ടെന്ന് മനസിലാക്കുകയും ഒരുവൻ തന്റെ അഹത്തിൽ നിന്ന് പുറത്ത് വരാനുള്ള സ്വാഭാവികചേതനയ്ക്ക് സമ്മതം കൊടുക്കുകയും ചെയ്യണമെന്ന് ഫ്രെത്തെല്ലി തൂത്തി ആവശ്യപ്പെടുന്നു. ആ തുറവി ഭൂമിശാസ്ത്രപരമായ ഒന്ന് എന്നതിനേക്കാൾ അസ്ഥിത്വപരമായ ഒന്നാണ്. അവിടെ എന്റെ അയൽവാസി എന്റെ രാജ്യത്താണോ മറ്റൊരിടത്താണോ ജനിച്ചതെന്ന കാര്യം അപ്രസക്തമാകുന്നു.

**ആവശ്യമില്ലാത്തവരായി ആരുമില്ല**

ഈ ഭൂമിയിലുള്ള എല്ലാവരെയും എല്ലാറ്റിനെയും നമുക്ക് ആവശ്യമുണ്ട്. മനുഷ്യാന്തസിനെയും സാഹോദര്യത്തെയും നിഹനിക്കുന്ന മേഖലകളെക്കുറിച്ച് നാം ജാഗ്രത പുലർത്തണമെന്ന് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്നു. കോവിഡ് എന്ന മഹാമാരി നമ്മുടെ ബലഹീനതകളെ വെളിപ്പെടുത്തുകയും നമ്മുടെ ആധുനിക സംവിധാനങ്ങളെയെല്ലാം നിഷ്പ്രഭമാക്കുകയും ചെയ്തു. നമ്മുടെ കപട സുരക്ഷിതത്വങ്ങൾ തുറന്നു കാട്ടുകയും ജീവിതത്തെ ആർക്കും ഒറ്റയ്ക്ക് നേരിടാനാവില്ലെന്നു പഠിപ്പിക്കുകയും ചെയ്തു. കമ്പോള സ്വാതന്ത്ര്യം കൊണ്ടുമാത്രം എല്ലാം പരിഹരിക്കാനാവില്ല എന്ന സത്യം ലോകനേതാക്കൾ തിരിച്ചറിഞ്ഞതും ഈ കോവിഡ്കാലത്താണ്. കൃത്രിമശ്വാസകോശ ഉപകരണംപോലും നീക്കം ചെയ്യപ്പെട്ട് മരണത്തിലേക്ക് വൃദ്ധജനങ്ങളെ തള്ളിവിട്ടതും, വൃദ്ധജനങ്ങൾ ക്രൂരമായി പരിത്യജിക്കപ്പെട്ടതും ഫ്രാൻസിസ് പാപ്പാ എടുത്തുകാട്ടുന്നു.

നമുക്ക് ചുറ്റുമുള്ളവരും നമ്മുടെ കൂടെയുള്ളവരും മാറ്റിനിർത്താനാവാത്ത നമ്മുടെ പ്രിയപ്പെട്ടവരാണെന്ന്, ഡോക്ടർമാർ, നഴ്സുമാർ, വാഹന ത്തൊഴിലാളികൾ,


www.malankaralibrary.com

ശുചീകരണത്തൊഴിലാളികൾ കച്ചവടക്കാർ തുടങ്ങിയവരുടെ നിസ്വാർത്ഥമായ സേവനത്തിലൂടെ ലോകം പഠിച്ചു. നമുക്ക് എല്ലാവ രെയും ആവശ്യമുണ്ട്. അതുകൊണ്ട് സാഹോദര്യത്തെ തകർക്കുന്നതെന്തും നമ്മൾ പിന്തള്ളണം. വെറുപ്പും വിനാശ വും വിതയ്ക്കുന്ന ഡിജിറ്റൽ പ്രചരണങ്ങൾ അതിലൊന്നാണ്. അപകീർത്തിയും അപ ഖ്യാതിയും വളർത്താനുള്ള ഇടങ്ങളായി സൈബർ ലോകം മാറിയിരിക്കുന്നു. ആളുകളുടെ സ്വകാര്യജീവിതത്തിലേക്ക് അനാവശ്യമായി കടന്നുചെന്ന് അതിനെ നഗ്നമാക്കി പൊതുദർശനത്തിനുവയ്ക്കുന്ന ധാർമ്മികമായ കൂപ്പുകുത്തലിലേക്ക് ലോകം വീണിരിക്കുന്നു. മാനുഷികതയെ ഒന്നിപ്പിക്കാ നാവാത്ത സാങ്കേതികലോകം സാഹോദര്യത്തെ തകർത്തേക്കാം. എന്നാൽ അത് നമ്മൾ അനുവദിച്ചു കൂടാ.

ആഗോളവത്കരണവും പ്രാദേശികതാവാദവും സാഹോദര്യത്തിനെതിരാണ്. ആഗോളവത്കരണം വ്യക്തികളെ കേവലം ഉപഭോക്താക്കളാക്കുന്നു. വലിയ പ്രതിബന്ധങ്ങളും സങ്കീർണതകളുമില്ലാതെ വിദേശശക്തികൾക്കോ സാമ്പത്തിക ശക്തികൾക്കോ നിക്ഷേപം നടത്താൻ തുറന്നുകൊടുക്കുക മാത്രമാണതിന്റെ ലക്ഷ്യമെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു.

ഒരു ഏക സാംസ്കാരിക മാതൃക അടിച്ചേല്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായും അതിനെ കാണണമെന്ന് മുന്നറിയിപ്പു നൽകുന്ന പാപ്പ, ആഗോളവത്കരണവും ആഗോളസമ്പദ്വ്യവസ്ഥയും ജനങ്ങളുടെമേൽ ആധിപത്യം പുലർത്താൻ അന നുവദിക്കരുതെന്നും ഓർമ്മിപ്പിക്കുന്നു. പകരം, ഉല്പ ാദന വൈവിധ്യവും ബിസിനസ് ക്രിയാത്മകതയും പ്രോത്സാഹിപ്പി ക്കുന്ന ഒരു സാമ്പത്തികനയമാണ് ഉണ്ടാവേണ്ടതെന്നും അതിൽ ധാരാളം തൊഴിൽ സാധ്യതകൾക്ക് അവസരമൊരുക്കാൻ ആകണമെന്നും പാപ്പ ആവശ്യപ്പെടുന്നു.

പരിമിതമായ ആശയങ്ങളിലും ആചരണങ്ങളിലും തങ്ങളെത്തന്നെ തളച്ചിടുന്ന ദേശീയതാബോധം ഒരുതരം 'ആത്മരതി' മാത്രമാണെന്ന് പാപ്പ എഴുതുന്നു. ഏതൊരു കലർപ്പിനെയും അവ ഗണിക്കുന്ന സങ്കുചിതഭാവം പൂർണമായി അടഞ്ഞതും ചരിത്രപരമായി നിശ്ചലവുമായി ത്തീരും. മറ്റു ജനതകളോടും സംസ്കാരങ്ങളോടും തുറവിയി ല്ലാത്ത ഹ്രസ്വദൃഷ്ടിയുള്ളതും തീവ്രസ്വഭാവത്തോടും കൂടിയ ഇത്തരം മനോഭാവങ്ങൾ അക്രമണോന്മുഖവുമായി ത്തീരുന്നതിലുള്ള ആശങ്കയും പാപ്പ പ്രകടിപ്പിക്കുന്നു.

സാഹോദര്യത്തിന്റെ ഭാഗമായി ദരിദ്രരാജ്യങ്ങളെ പ്രത്യേ കം പരിഗണിക്കണമെന്ന് ലോകരാജ്യങ്ങളോട് ആവശ്യപ്പെടുന്ന പാപ്പ, ദരിദ്രരാജ്യങ്ങൾക്ക് നല്കിവരുന്ന സാമ്പത്തികസഹായവും മറ്റും പരിമിതപ്പെടുത്താനുള്ള നിയമങ്ങളും ശ്രമങ്ങളും പുനപരിശോധിക്കണമെന്നും പ്രസ്താവിക്കുന്നു. ഉഭയകക്ഷി കരാറുകളേക്കാൾ സാർവദേ ശീയ പൊതുനന്മയും ദുർബ ലരാജ്യങ്ങളുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുംവിധം ഐക്യരാഷ്ട്രസംഘടനയും അന്തർദേശീയ സാമ്പത്തിക സ്ഥാപനങ്ങളും അന്താരാഷ്ട്ര ധനകാര്യവുമെല്ലാം നവീകരിക്ക ണമെന്ന് പാപ്പ നിർദേശിക്കുന്നു.

ഭൂമിയുടെ ഒരു ഭാഗത്തുണ്ടാകുന്ന ദാരിദ്ര്യം, അധോഗതി, കഷ്ടപ്പാട് എന്നിവ അവഗണിക്കപ്പെടരുത്. കാരണം അവയെല്ലാം പ്രശ്നങ്ങളുടെ നിശബ്ദ പ്രജനനകേന്ദ്രങ്ങളാണെന്നും ഭൂമി മുഴുവനെയും അതു ബാധിക്കുന്നുണ്ടെന്നും പാപ്പ ഓർമ്മിപ്പിക്കുന്നു. ദാരിദ്ര്യം കുറ്റക രമാണ്; ഭക്ഷണം മനുഷ്യന്റെ അടിസ്ഥാന ആവശ്യവുമാണ്. ഇതു മനസിലാക്കി ദരിദ്രനുള്ള സംരക്ഷണം ഉറപ്പാക്കിയില്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള അക്രമമായി അത് പൊട്ടിപ്പുറ പ്പെടുമെന്നും പാപ്പ മുന്നറിയിപ്പു നൽകുന്നു.

ഗുരുതരമായ മാനുഷിക പ്രതിസന്ധികളിൽനിന്നു പലായനം ചെയ്യുന്ന കുടിയേറ്റക്കാർക്ക് ആതിഥേയരാജ്യങ്ങളിലും ഭയവും അരക്ഷിതാവസ്ഥയും നേരിടേണ്ടിവരുന്നത് ദുഃഖകരമാണെന്ന് പാപ്പ പറയുന്നു. മനുഷ്യക്കടത്തുകാർ, മയക്കുമരുന്നു വ്യാപാരികൾ തുടങ്ങിയവർ അവരെ ചൂഷണം ചെയ്യുന്നു. ചിലർ അവർക്കെതിരെ പരദേശി സ്പർദ്ധ വളർത്തുന്നു. യഥാർത്ഥത്തിൽ അവരുടെ വരവ് ഒരു ദാനമായി കണ്ട് ആതിഥേയരാജ്യങ്ങൾ അവരെ സ്വാഗതം ചെയ്യുന്ന നടപടികൾ കൈക്കൊള്ളണമെന്ന് പാപ്പ ആവശ്യപ്പെടുന്നു.

സമൂഹത്തിൽ അവഗണിക്കപ്പെടുന്ന മറ്റൊരു വിഭാഗമാണ് സ്ത്രീകൾ. സ്ത്രീകൾ രണ്ടുമടങ്ങു ദരിദ്രരാണെന്ന് പാപ്പ പറയുന്നു. സ്ത്രീകളായതുകൊണ്ടുമാത്രം കുറച്ച് അവകാശങ്ങൾ എന്നത് സ്വീകാര്യമല്ല. പുരുഷന്മാരുടെ അതേ അന്തസ്സും

തത്തുല്യമായ അവകാശങ്ങളും സ്ത്രീകൾക്കുമുണ്ട്. സംഘടിക്കാനും പ്രതിരോധിക്കാനും അവർക്കു കഴിവു കുറവാണ് എന്ന വസ്തുത അംഗീകരിച്ച് അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടാതിരിക്കാനുള്ള സംവിധാനങ്ങളും നടപടികളും കൈക്കൊള്ളുകയാണ് വേണ്ടത്.

പരിസ്ഥിതിയുടെ സംരക്ഷണം എന്ന വിഷയവും 'ലൗദാത്തോസി'യെ ഉദ്ധരിച്ച് ഫ്രാൻസിസ് പാപ്പ ആവർത്തിക്കുന്നു. ഭൂമിയുടെ വിഭവങ്ങൾ പൊതു ഉപയോഗത്തിനുള്ളതാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിച്ചിട്ടുള്ളതുപോലെ, ഈ ഭൂമി ആരെയും ഒഴിവാക്കാതെയും ആരെയും അനുകൂലിക്കാതെയും മനുഷ്യകുലത്തിലെ മുഴുവൻ ജനങ്ങൾക്കുമായി നല്കിയിട്ടുള്ളതാണ്. അവനവന്റേത് അവനവനു കൊടുക്കുക എന്ന ക്ലാസിക്കൽ നിർവചനത്തിനർത്ഥം, ഒരു വ്യക്തിയുടെ അഥവാ സമൂഹത്തിന്റെ അന്തസ്സും അവകാശവും അതിക്രമിച്ചെടുക്കാൻ ആർക്കും അവകാശമില്ലെന്നാണെന്ന് ഫ്രാൻസിസ് പാപ്പ വ്യാഖ്യാനിക്കുന്നു. അതുകൊണ്ട് വ്യക്തിയെയും ജനതയെയും പ്രകൃതിയെയും മാനിക്കുന്ന ഒരു രാഷ്ട്രീയ ക്രമമാണ് ഉണ്ടാവേണ്ടത്. അനാവശ്യമായ സമ്മർദ്ദങ്ങളെയും ഉദ്യോഗസ്ഥ പ്രഭുക്കളുടെ മന്ദതയെയും മറികടക്കുന്ന ഒരു രാഷ്ട്രീയ ക്രമമുണ്ടാകണം. ഉന്നതാദർശങ്ങൾ ഉയർത്തിപ്പിടിക്കുന്ന ദീർഘകാല പൊതുനന്മയെക്കുറിച്ചു ചിന്തിക്കുന്ന യഥാർത്ഥ രാജ്യതന്ത്രം ഉടലെടുക്കണം. രാഷ്ട്രീയത്തിന്റെ ആത്മീയഹൃദയം ഉപവിയാണെന്ന് ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നു. ഉപവിയാൽ രൂപാന്തരപ്പെടുന്ന നോട്ടം മറ്റുള്ളവരുടെ അന്തസ് തിരിച്ചറിയാൻ നമ്മെ സഹായിക്കും. വ്യക്തികളുടെയും ജനതകളുടെയും ആവശ്യങ്ങൾ പരിചരിക്കപ്പെടാനും പട്ടിണിയെ തുടച്ചുനീക്കാനും രാഷ്ട്രീയ ഉപവിക്കു കഴിയും. രാഷ്ട്രീയം വെറും അധികാര ദാഹത്തിനുവേണ്ടിയാവരുതെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ദരിദ്രനെ പരിഗണിക്കാത്ത, മനുഷ്യത്വത്തെ ഹനിക്കുന്ന, ഭരണാധികാരികളെ അധികാരത്തിൽനിന്ന് നീക്കം ചെയ്യാൻ എല്ലാവരും കൈകോർക്കുകയാണു വേണ്ടത്.

സ്വകാര്യസ്വത്തവകാശം ഒരിക്കലും പരിധിയില്ലാത്തതും അഭേദ്യവുമായ ഒന്നായി സഭ കാണുന്നില്ല. സൃഷ്ടവസ്തുക്കളുടെ പൊതുഉപയോഗം എന്ന തത്ത്വം അതിനു ബാധകമാണ്. എല്ലാത്തരം സ്വകാര്യസ്വത്തിനും ഒരു സാമൂഹിക ലക്ഷ്യമുണ്ട്. വേദനിക്കുന്നവരെയും ആവശ്യക്കാരെയും അവഗണിച്ചുകൊണ്ടുള്ള സ്വത്തുസമ്പാദനം നീതിയല്ല. അതുകൊണ്ട് സ്വകാര്യസ്വത്തിനുള്ള അവകാശത്തെ ഫ്രാൻസിസ് പാപ്പ രണ്ടാംതരത്തിലുള്ള അവകാശമായി മാത്രമേ കാണാനാവൂ എന്നു പഠിപ്പിക്കുന്നു.

**സംവാദമാണ് സമാധാനത്തിന്റെ വഴി**

സമാധാനം എന്നാൽ യുദ്ധമോ പോരാട്ടങ്ങളോ ഇല്ലാത്ത അവസ്ഥ മാത്രമല്ല, അവഗണിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്യുന്ന നമ്മുടെ സഹോദരങ്ങളുടെ അന്തസ്സത്ത അംഗീകരിക്കാനും തിരികെ നല്കാനും സംരക്ഷിക്കാനുമുള്ള അക്ഷീണപ്രയത്നവും കൂടിയാണ്. നിയമത്തിന്റെ ചട്ടക്കൂട് ഉണ്ടായതുകൊണ്ടോ, രാഷ്ട്രീയ-സാമ്പത്തിക ശക്തികൾക്കിടയിലെ ഉടമ്പടികൾ ഉണ്ടായതുകൊണ്ടോ സമാധാനം സാധ്യമാവില്ല. ഒരു സമൂഹം അതിലെ ഒരു വിഭാഗത്തെ അരികിലേക്ക് മാറ്റി നിർത്തിക്കൊണ്ട് സമാധാനപൂർണമായ സാഹചര്യം സൃഷ്ടിച്ചെടുക്കാനാവുമെന്ന് വിചാരിക്കരുത്. അതുകൊണ്ട്, ഏറ്റവും പിന്നിൽ നില്ക്കുന്ന സഹോദരങ്ങളിൽ നിന്നാവണം നവീനമായ ഒരു തുടക്കം ഉണ്ടാവേണ്ടത്. ഏറ്റവും അന്തസു പേറുന്ന മനുഷ്യൻ എന്ന വ്യക്തിത്വത്തെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക പരിഗണനകൾക്കപ്പുറം കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുകയും പൊതുനന്മയെ പ്രതി ബഹുമാനിക്കുകയും ചെയ്യുന്നിടത്താണ് സമാധാനം പുലരുന്നത്.

സംവാദമാണ് സമാധാനത്തിന്റെ വഴി. പരസ്പരം അറിയാനും പൊതുവായ ചില നിലപാടുകളിൽ എത്തിച്ചേരാനും സംവാദങ്ങൾ സഹായിക്കും. അവരവരുടെ ലോകത്ത് അഭയം തേടുന്നവരും യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടുന്നവരും സംവാദത്തെ ഇഷ്ടപ്പെടുന്നില്ല. നിസ്സംഗതയും എതിർപ്പുകളും സംവാദത്തിലൂടെതന്നെ പരിഹരിക്കണം. സംവാദം എന്നത് സമാധാനത്തിന്റെ കലയാണ്. അത് സാമൂഹ്യമാധ്യമങ്ങളിൽ നടക്കുന്ന ശബ്ദായമാനമായ അഭിപ്രായപ്രകടനങ്ങളല്ല മറിച്ച്, മുറിവേറ്റവനുവേണ്ടി പ്രവാചക ശബ്ദമുയർത്തുന്നതാണ്. മനുഷ്യജീവനുവേണ്ടി, ദരിദ്രർക്കുവേണ്ടി, മതസ്വാതന്ത്ര്യത്തിനുവേണ്ടി, തീവ്രവാദത്തിനെതിരേ, ഒക്കെയുള്ള നിലപാടുകൾ ഉറക്കെ പ്രഘോഷിക്കാനാണ് സംവാദങ്ങൾ. യഥാർത്ഥസംവാദത്തിന് സത്യത്തോട് തുറവു വേണം - അത് ആദരപൂർവകമായിരിക്കണം.



www.malankaralibrary.com

നീതിയിലധിഷ്ഠിതവും, പൊതുനന്മ ലക്ഷ്യം വച്ചുകൊണ്ടുള്ളതുമായിരിക്കണം. ധാർമ്മികതയുടെ ആവശ്യങ്ങൾക്കു മുൻപിൽ നാമെല്ലാം തുല്യരാണ് എന്നതുകൊണ്ട് എല്ലാവർക്കും യഥാർത്ഥത്തിൽ ഇടം സൃഷ്ടിക്കുക എന്നതാണ് സംവാദത്തിന്റെ ലക്ഷ്യം.
താൻ ജീവിക്കുന്ന സമൂഹം ഓരോ വ്യക്തിക്കും സ്വന്തം കുടുംബം പോലെ തോന്നണം.
കുടുംബത്തിൽ ഒരാൾക്ക് ഒരു പ്രശ്നമുണ്ടായാൽ മുഴുവൻ പേരും സഹായത്തിനെത്തുന്നതുപോലെ കുടുംബബന്ധത്തിന്റെ ആഴമാണ് സമൂഹത്തിൽ സൃഷ്ടിക്കേണ്ടത്.

നിസംഗതയും തീവ്രനിലപാടുകളും ക്രൈസ്തവമല്ല. നീതിപൂർവകവും അചഞ്ചലവുമായ നിലപാടുകളാണ് ക്രൈസ്തവർ കൈക്കൊള്ളേണ്ടത്. കാര്യങ്ങൾ എങ്ങനെയാണോ അങ്ങനെതന്നെ പോകട്ടെ എന്നതുപോലുള്ള നിസംഗത വെടിയണം.
അനീതികളെ അവഗണിച്ചുകൊണ്ട് പ്രശ്നങ്ങളിൽനിന്ന് വിട്ടു നില്ക്കുകയോ പ്രശ്നങ്ങൾ പരിഹരിക്കാതെ ഒരു മിഥ്യാസമാധാനത്തിനു ശ്രമിക്കുകയോ അരുത്.
പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതിരിക്കുകയും ഭൂതകാലത്തിൽ കുഴിച്ചുമൂടുകയും ചെയ്തുകൊണ്ടുള്ള മൗനം ഗുരുതരമായ തെറ്റുകളിലേക്കും പാപങ്ങളിലേക്കും നയിക്കും.
എന്നാൽ, പ്രതിരോധിക്കാതിരുന്നാൽ സമാധാനം സാധ്യമാകില്ല.
മനുഷ്യാന്തസിനെ മാനിക്കാത്ത എല്ലാ സാഹചര്യങ്ങളോടും പ്രതികരിക്കണം. അവയോടു പൊരുത്തപ്പെടാൻ പാടില്ല.
ഒരുപീഡകനോട് നിശബ്ദത പാലിക്കുക എന്നാൽ നമ്മെ അടിച്ചമർത്താൻ അവനെ അനുവദിക്കുക എന്നാണർത്ഥം. സ്വന്തം അന്തസ്സിനെയും മറ്റുള്ളവരുടെ അന്തസ്സിനെയും നിന്ദിക്കുന്ന കുറ്റവാളികളെ അവരുടെ തെറ്റുകൾ തുടരാൻ അനുവദിച്ചുകൂടാ.
ഇനിയും ദ്രോഹിക്കപ്പെടാതിരിക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കണം. ഇത് നമ്മുടെ അവകാശമാണ്. പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുകയല്ലാ, തുറന്ന മനസ്സോടും സത്യസന്ധതയോടും ക്ഷമയോടും കൂടെ സംവാദം നടത്തി അതു പരിഹരിക്കുകയാണ് വേണ്ടത്.

**ഓർമ്മകളുണ്ടാവണം**

ക്ഷമയും അനുരഞ്ജനവും ക്രിസ്തീയകേന്ദ്ര പ്രതിപാദ്യ വിഷയങ്ങളാണ്. അവ ഒരിക്കലും ദൗർബല്യത്തിന്റെ അടയാളങ്ങളായി സഭ കാണുന്നില്ല.
എന്നാൽ ക്ഷമ എന്നത് വൈയക്തികമായ ഒരു പ്രവൃത്തി മാത്രമാണ്.
'സാമൂഹികക്ഷമ' ആവശ്യപ്പെടാൻ നമുക്കാവില്ല. അതുകൊണ്ടു ഏതു സാഹചര്യത്തിലായാലും പൊറുക്കുക എന്നാൽ മറക്കുക എന്നർത്ഥമില്ല.

ജൂതഹത്യ ഒരിക്കലും മറക്കാൻ പാടില്ലാത്ത ഒരു ചരിത്രമാണ്.
അതുപോലെ ഹിരോഷിമ-നാഗസാക്കി അണുബോംബാക്രമണങ്ങളും മറക്കാൻ പാടില്ല എന്ന് ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു. അതുപോലെതന്നെ, വിവിധരാജ്യങ്ങളിലെ ഹിംസയും അടിമക്കച്ചവടവും വംശഹത്യകളും മനുഷ്യജീവനും അന്തസിനും എതിരുനിൽക്കുന്നതൊന്നും നാം മറന്നുകൂടാ. കാരണം ഇത്തരം ഭീകരകളുടെ ഇരകളായ വ്യക്തികൾ, സാമൂഹികവിഭാഗങ്ങൾ, രാജ്യങ്ങൾ, തുടങ്ങിയവയെല്ലാം അനീതിയുടെ ചരിത്രപാഠങ്ങൾ മറക്കരുതെന്ന് നമ്മോടു ആവശ്യപ്പെടുന്നു.
മറക്കാതിരിക്കുന്നത് മാനവികതയുടെ ധർമ്മബോധം എന്നും ഉയർത്താനും വിനാശത്തിന്റെ ശക്തികളുടെ മുന്നേറ്റം തടയാനുമാണ്. അല്ലെങ്കിൽ ഉഗ്ര രൂപം പൂണ്ട് അവ വീണ്ടും പ്രത്യക്ഷപ്പെടും. അതുകൊണ്ട്, ചരിത്രത്തിന്റെ താളുകൾ അനായാസമായി മറിച്ചുവിടാൻ പുതുതലമുറയെ അനുവദിക്കരുതെന്നും ഇനി ഭാവിയിലേക്ക് നോക്കിയാൽ മതി എന്നുപറഞ്ഞ് അവരെ നിസംഗതരാക്കരുതെന്നും ഫ്രത്തെല്ലി തൂത്തി നിർദ്ദേശിക്കുന്നു.

**ജീവനെതിരായ തിന്മകളെ ചെറുക്കണം**

മനുഷ്യന് പ്രകൃതിയിലും സമൂഹത്തിലുമുള്ള സ്ഥാനം സംബന്ധിച്ച് ചോദ്യങ്ങൾ നല്കുന്ന ഉത്തരങ്ങളെ ആശ്രയിച്ചാണ് മനുഷ്യാസ്തിത്വത്തിന്റെയും സമൂഹത്തിന്റെയും ചരിത്രത്തിന്റെയും ലക്ഷ്യം നിലകൊള്ളുന്നത്.
മനുഷ്യാസ്തിത്വത്തെ നിഷേധിക്കുന്നതെല്ലാം കുറ്റകരമാണ്. യുദ്ധവും വധശിക്ഷയും ഗർഭഛിദ്രവും ദയാവധവും തുടങ്ങി ജീവനെതിരായ പ്രവൃത്തികളെല്ലാം അവസാനിപ്പിക്കണമെന്ന് ഫ്രത്തെല്ലി തൂത്തി ആവശ്യപ്പെടുന്നു.

യുദ്ധം ഒരു ഭൂതകാല പ്രേതമല്ലെന്നും ഒരു നിരന്തരഭീഷണിയാണെന്നും ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പ, യുദ്ധം അവസാനിപ്പിക്കാൻ എതിർപ്പുകളില്ലാത്ത ഒരു നിയമവാഴ്ച നടപ്പിൽ വരുത്തണമെന്ന് നിർദേശിക്കുന്നു.
യുദ്ധം രാഷ്ട്രതന്ത്രത്തിന്റെയും മാനവികതയുടെയും പരാജയമാണ്. അത് തിന്മയുടെ മുൻപിലുള്ള ലജ്ജാകരമായ കീഴടങ്ങലാണ്.
യുദ്ധം ഉണ്ടാവാതിരിക്കാൻ ഐക്യരാഷ്ട്ര സംഘടനയുടെ മാർഗ

നിർദേശങ്ങൾ അനുസരിച്ചുള്ള നിരന്തര സംഭാഷണങ്ങളും ഒത്തുതീർപ്പുകളും ഉണ്ടാകണം. പലകാരണങ്ങൾ നിരത്തി സമീപ കാലത്തെ യുദ്ധങ്ങളെല്ലാം ന്യായീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നീതിയുക്തമായ യുദ്ധം എന്നൊന്ന് ഇല്ല എന്ന് ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നു.

ആണവായുധങ്ങളുടെ പൂർണമായ നിരായുധീകരണത്തിനും ഈ പ്രബോധനം ആഹ്വാനം ചെയ്യുന്നു. മാനവീയവും ധാർമ്മികവുമായ ഒരു അനിവാര്യതയായി അതു കാണണം. ആണവ-രാസ-ജൈവ ആയുധങ്ങളുടെ ഭീഷണി 21-ാം നൂറ്റാണ്ടിന്റെ അന്തരീക്ഷത്തെ തകർക്കുന്നു. അതുകൊണ്ട് എളുപ്പമല്ലെങ്കിലും പ്രായോഗികമാക്കാവുന്ന ഒരു നിർദ്ദേശം ഫ്രത്തെല്ലി തൂത്തി മുന്നോട്ടുവയ്ക്കുന്നു. യുദ്ധോപകരണങ്ങൾക്കും സൈന്യത്തിനും ആയുധങ്ങൾക്കും ചെലവഴിക്കുന്ന പണം സ്വരുക്കൂട്ടി ഒരു ആഗോളസമ്പാദ്യം രൂപീകരിക്കുകയും ദാരിദ്ര്യനിർമ്മാർജനത്തിനും ദരിദ്രരുടെ വികസനത്തിനുമായി ഉപയോഗിക്കുകയും ചെയ്യുക എന്നതാണത്.

യുദ്ധം രാജ്യങ്ങളെ ഇല്ലാതാക്കുന്നതുപോലെ വധശിക്ഷ വ്യക്തികളെ ഇല്ലാതാക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്ന ഫ്രത്തെല്ലി തൂത്തി, വധശിക്ഷ ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. ലോകമെങ്ങും വധശിക്ഷ നിരോധിക്കണമെന്നു പറയാൻ സഭ പ്രതിജ്ഞാബദ്ധയാണ്. സഭയുടെ ചരിത്രത്തിന്റെ പ്രാരംഭം മുതലേയുള്ള നിലപാടുമാണത്. വ്യക്തികൾ നിയമം കൈയിലെടുക്കാൻ അനുവദിക്കാനും പാടില്ല. കുറ്റത്തിന്റെ വ്യാപ്തിയനുസരിച്ച് നീതിപൂർവകമായ ശിക്ഷ നടപ്പാക്കാൻ ഭരണകൂടത്തിന് അധികാരവുമുണ്ട്. എന്നാലത്, കുറ്റവാളിയുടെ ജീവൻ എടുക്കാതെയും ശരീരം ഛേദിക്കാതെയും ആവണം. അതുപോലെ ജീവപര്യന്തവും നിഗൂഢമായ വധശിക്ഷയാണെന്ന് ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നു. കുറ്റവാളികളുടെ കുറ്റവാസനയെയും തിന്മയിലേക്കുള്ള സഞ്ചാരത്തെയും തടയുകയും സമൂഹത്തിന് ഗുണപ്രദമായ ഫലം പുറപ്പെടുവിക്കുന്നവരാക്കി അവരെ മാറ്റുകയുമാണു യഥാർത്ഥത്തിൽ വേണ്ടത്. എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ വസിക്കാൻ അവകാശമുണ്ടെന്നും ഒരു കൊലപാതകിപോലും അവന്റെ മനുഷ്യാന്തസ് നഷ്ടപ്പെടുത്തുന്നില്ല എന്നുമാണ് സഭയുടെ നിലപാട്.

ചില രാജ്യങ്ങളിൽ വിചാരണപോലുമില്ലാതെ വധശിക്ഷ നടപ്പാക്കുന്നതും ഏകാധിപത്യരാജ്യങ്ങളിൽ രാഷ്ട്രീയ എതിരാളികളെ നിശ്ശബ്ദരാക്കുന്നതും മതപരവും സാംസ്കാരികവുമായ ന്യൂനപക്ഷങ്ങളെ അടിച്ചമർത്താൻ വധശിക്ഷ ആയുധമാക്കുന്നതും ശരിയല്ല. തെറ്റിന് ഉത്തരവാദികളായവരെ മാത്രമല്ല, സംശയിക്കപ്പെടുന്നവരെയും സത്യം തെളിയിക്കപ്പെട്ടിട്ടില്ലാത്ത അവസ്ഥയിലും നിയമംപോലും പരിഗണിക്കാതെയും ചില രാഷ്ട്രീയവിഭാഗങ്ങളും മാധ്യമങ്ങളും വിധികല്പനകളും നടത്തിവരുന്നതും സാധാരണമായിരിക്കുന്നു. ഇതെല്ലാം അപലപനീയമാണ്. ജയിൽവാസികളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള സംവിധാനങ്ങളുണ്ടാകണമെന്നും ഫ്രത്തെല്ലി തൂത്തി ആവശ്യപ്പെടുന്നു.

അതുപോലെ, ജനിച്ചിട്ടില്ലാത്തവരെ ഇവിടെ ആവശ്യമില്ലെന്നും (ഗർഭഛിദ്രം) വൃദ്ധരായവരെ ഇനിമേൽ ഉപയോഗമില്ലെന്നും (ദയാവധം) ഉള്ള ജീവനെതിരായ തിന്മകളെയും ഫ്രത്തെല്ലി തൂത്തി അപലപിക്കുന്നു. ദരിദ്രരെയും ഭിന്നശേഷിക്കാരുമായവരെയും മൂല്യമില്ലാത്ത വ്യക്തികളായി കാണുന്നതിനെയും, മനുഷ്യക്കടത്ത്, അവയവക്കടത്ത്, വ്യക്തികളെ തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ ഹീനകൃത്യങ്ങളെയും ഈ പ്രബോധനം തള്ളിപ്പറയുന്നു. പരിസ്ഥിതിയെ നശിപ്പിക്കൽ, ലൈംഗികചൂഷണം, വേശ്യാവൃത്തിയുൾപ്പെടെയുള്ള അടിമവേല, മയക്കുമരുന്ന്, ആയുധക്കച്ചവടങ്ങൾ, ഭീകരപ്രവർത്തനം, സംഘടിത അന്താരാഷ്ട്ര കുറ്റങ്ങൾ തുടങ്ങി മനുഷ്യജീവനെയും മനുഷ്യാന്തസിനെയും ഹനിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കെതിരെയും കർശനമായ നിയമസംവിധാനങ്ങൾ ഉണ്ടാകണമെന്ന് ഈ പ്രബോധനം ആവശ്യപ്പെടുന്നു. നിരപരാധികളുടെ ജീവനാണ് ഇവിടെയെല്ലാം പൊലിയുന്നത്. എല്ലാ ക്രൈസ്തവവിശ്വാസികളും സ്ഥാപനങ്ങളും സംവിധാനങ്ങളും ഈ മഹാവിപത്തുകൾക്കെതിരെയുള്ള പോരാട്ടത്തിൽ സാമൂഹികമായും പ്രാദേശികമായും ഇടവകതലങ്ങളിലും സജീവമാകണമെന്ന് ഫ്രത്തെല്ലി തൂത്തി ആവശ്യപ്പെടുന്നു.

**ആത്മീയ മൂല്യങ്ങളെ ആദരിക്കണം**

ലോകമതങ്ങളുടെ ലക്ഷ്യം ലോകസാഹോദര്യം കെട്ടിപ്പടുക്കലാണ്. നീതിയിലധിഷ്ഠിതമായ സാഹോദര്യവും സമാധാനവും പുലരാൻ മതങ്ങൾ ആവശ്യമുണ്ട്. സമൂഹത്തിന്റെ അഭിവൃദ്ധിക്ക് സംഭാവന നല്കാൻ കഴിയുന്ന ആത്മീയശക്തികളെ മാറ്റിനിർത്താൻ പാടില്ല. മതാത്മകതയിൽ നിന്നുള്ള അകൽച്ചയും മനുഷ്യമനസ്സാക്ഷിയുടെ ഉദാസീനതയും ഇക്കാലത്ത് വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പ, മതാത്മക


www.malankaralibrary.com

മൂല്യങ്ങൾക്കു പകരം ഭൗതിക മൂല്യങ്ങളെ പ്രതിഷ്ഠിക്കുന്നത് ശരിയല്ലെന്നും പ്രഖ്യാപിക്കുന്നു. ഭൗതികവാദങ്ങൾ വ്യക്തിവാദങ്ങളെ വളർത്താനോ ഉപകരിക്കൂ. ശക്തരുടെയും വിദഗ്ദരുടെയും ശബ്ദം മാത്രം കേട്ടാൽ പോരാ, നൂറ്റാണ്ടുകളുടെ അറിവും അനുഭവവും കലവറയുമുള്ള മതപാരമ്പര്യങ്ങളിൽ നിന്നു ജന്മംകൊണ്ട വിചിന്തനങ്ങളും ശ്രദ്ധിക്കണം. എല്ലാക്കാലത്തും സമൂഹത്തിന് വെളിച്ചം പകരുന്ന മതപരമായ ക്ലാസിക്കുകളെ യുക്തിവാദത്തിന്റെ പുച്ഛഭാവത്തോടെ നോക്കിക്കാണുന്ന പ്രവണതയെയും ഫ്രാൻസിസ് പാപ്പ തള്ളിപ്പറയുന്നു.

മതങ്ങൾ സൗഹൃദവും സമാധാനവും ഐക്യവും നിലനിർത്താനുള്ളതാണ്. അതുകൊണ്ട് ഓരോമതവും അവരുടെ ദൈവത്തിനു നല്കുന്ന സാക്ഷ്യം അവരായിരിക്കുന്ന സമൂഹത്തിനും നല്കണം. ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങളും അനുഭവങ്ങളും സ്നേഹത്തിന്റെയും സത്യത്തിന്റെയും അരൂപിയിൽ എല്ലാ മതങ്ങളും സമൂഹമധ്യേ പങ്കിടണമെന്നും ഈ പ്രബോധനം ആവശ്യപ്പെടുന്നു.

ക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളിൽ ക്രൈസ്തവർക്ക് സ്വാതന്ത്ര്യം ഉറപ്പുനല്കണമെന്ന് ഫ്രത്തെല്ലി തൂത്തി ആവശ്യപ്പെടുന്നു. അടിസ്ഥാനപരമായ മനുഷ്യാവകാശമാണത്. അത് ഒരിടത്തും നിഷേധിക്കപ്പെടാൻ പാടില്ലാത്തതുമാണ്.

എല്ലാ മതസിദ്ധാന്തങ്ങളെയും പ്രമാണങ്ങളെയും കത്തോലിക്കാസഭ മാനിക്കുന്നുവെന്നും ഇതരമതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നിനെയും സഭ തിരസ്ക്കരിക്കുന്നില്ലെന്നും ഫ്രത്തെല്ലി തൂത്തി പ്രസ്താവിക്കുന്നു. ഇതരമതങ്ങളിലും ദൈവം പ്രവർത്തിക്കുന്നത് ആദരവോടെ കാണുന്നുവെന്നും സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി അവയിൽ പ്രതിബിംബിക്കുന്നുവെന്നും അംഗീകരിക്കുന്ന ഈ പ്രബോധനം മതസംവാദങ്ങളിൽ അടിസ്ഥാന വിശ്വാസസത്യങ്ങളെയും പഠനങ്ങളെയും വളച്ചൊടിക്കുന്ന പ്രവണതകൾ ഉണ്ടാകരുതെന്നും ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവർ വ്യത്യസ്ത ഉറവിടങ്ങളിൽനിന്നു പാനംചെയ്യുമ്പോൾ, ക്രൈസ്തവർ മനുഷ്യാന്തസ്സിന്റെയും സാഹോദര്യത്തിന്റെയും അരുവി യേശുക്രിസ്തുവിന്റെ സുവിശേഷത്തിലാണു കണ്ടെത്തുന്നത്. സുവിശേഷത്തിന്റെ നാദവും സംഗീതവും നിലച്ചാൽ സാഹോദര്യവും അനുരഞ്ജനവുമൊക്കെ നഷ്ടപ്പെടുമെന്നും പാപ്പ ഓർമ്മിപ്പിക്കുന്നു. മതസംവാദങ്ങൾ വഴിയും സഭൈക്യം വഴിയും സൗഹാർദവും സാഹോദര്യവും ശക്തിപ്പെടുത്താനാവും. വ്യത്യസ്ത ചിന്തകളും ആശയങ്ങളും കണ്ടുമുട്ടുമ്പോൾ പരസ്പരം സമ്പന്നരാകാൻ സംവാദങ്ങൾ സഹായിക്കും. എല്ലാവരും ഒന്നായിരിക്കണമെന്ന ക്രിസ്തുവിന്റെ ആഗ്രഹം (യോഹ 17:21) നമുക്കൊരിക്കലും മറക്കാനാവില്ലല്ലോ.

എന്നാൽ ചില മതനേതാക്കളുടെ ധിക്കാരം മൗലികവാദവും അക്രമവും അഴിച്ചുവിടുന്നത് ജനരക്ഷയ്ക്ക് ഭീഷണിയായിരിക്കുന്ന കാര്യം പാപ്പ എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. മതതീവ്രവാദത്തെയും ഭീകരവാദത്തെയും തള്ളിപ്പറയുന്ന പാപ്പ മതഗ്രന്ഥങ്ങളുടെ തെറ്റായ വ്യാഖ്യാനത്തിലും നയത്തിലുമാണ് തീവ്രവാദം അടങ്ങിയിരിക്കുന്നതെന്ന് മുന്നറിയിപ്പു നല്കുന്നു. തീവ്രവാദത്തെ ലോകസമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയായ അന്താരാഷ്ട്ര കുറ്റമായി കാണണമെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു.

ക്രൈസ്തവരുടെ ഇടയിൽ വിദ്വേഷവും വെറുപ്പും അസഹിഷ്ണതയും ഒരിക്കലും ഉണ്ടാകാൻ പാടില്ല. കാരണം, അതൊരിക്കലും ക്രിസ്തു വിശ്വാസിക്ക് ചേർന്നതല്ലെന്നും ഫ്രത്തെല്ലി തൂത്തി ഓർമ്മിപ്പിക്കുന്നു.

**ഉപസംഹാരം**


"സന്മനസ്സുള്ള എല്ലാവർക്കും വേണ്ടി" (hominibus bonac voluntatis) എന്ന അഭിസംബോധനയോടെ എഴുതിയിരിക്കുന്ന ഈ പ്രബോധനം സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങൾ, ദരിദ്രർ, സ്ത്രീകൾ, കുട്ടികൾ, ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, വൃദ്ധർ, ജയിൽവാസികൾ, ഇനിയും ജനിച്ചിട്ടില്ലാത്തവർ, ഒറ്റപ്പെട്ടവർ തുടങ്ങിയവരിലേക്ക് എല്ലാവരുടെയും പ്രത്യേകിച്ച് ഭരണാധികാരികളുടെയും ശ്രദ്ധയുണ്ടാവണമെന്ന് ആവശ്യപ്പെടുന്നു.

സാർവത്രിക സാഹോദര്യത്തിനും സൗഹൃദത്തിനുമായി പ്രവർത്തിക്കുമ്പോൾ വിശ്വസാഹോദര്യത്തിന്റെ ഉദാത്തമാതൃകകളായ ഫ്രാൻസിസ് അസ്സീസി, മഹാത്മഗാന്ധി, മാർട്ടിൻ ലൂഥർ കിംഗ്, ഡെസ്മണ്ട് ടുട്ടു, അഹമ്മദ് അൽ-തയ്യെബ്, വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫുക്കോ തുടങ്ങിയവരെ ഫ്രാൻസിസ് പാപ്പ ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നു.

മനുഷ്യൻ എന്ന ഒറ്റ ഗോത്രത്തിന്റെ മൂല്യം അംഗീകരിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനു കൈകോർക്കാൻ ലോകജനതയോടു ആഹ്വാനം നല്കുന്ന ഫ്രാൻസിസ് പാപ്പ വിശ്വസാഹോദര്യത്തിന്റെ ആഹ്വാനം നല്കുന്ന ഈ പ്രബോധനത്തിലൂടെ അസ്സീസിയിലെ ഫ്രാൻസിസിനെപ്പോലെ വിശ്വപിതാവായി മാറിയിരിക്കുന്നു.



# എല്ലാ നാടാർക്കും സംവരണം: ദൈവവിശ്വാസം, ഗാന്ധിയൻമാർഗ്ഗം, ഇച്ഛാശക്തി ഇവയുടെ വിജയം



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ**

**ഐ**ക്യവും സമത്വവും വിഭാവനം ചെയ്യുന്ന ഒരു ജനാധിപത്യാധിഷ്ഠിത ഭരണഘടനയാണ് നമ്മുടേത്. ചരിത്രത്തിന്റെ കുത്തൊഴുക്കിൽ പിന്നാക്കം പോയ ജനവിഭാഗങ്ങളെ സാമൂഹികമായും സാമ്പത്തികമായും കൈപിടിച്ചുയർത്താൻ ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്ത സംവരണാനുകൂല്യം ഒരേ സമയം ജനാധിപത്യപരവും മാനുഷികവുമാണ്. പൊതുസമൂഹത്തിന്റെ പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമായ അത്തരം സമൂഹങ്ങൾക്കു നൽകുന്ന കരുതലും പിൻബലവും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ഉത്തേജകമാണ്. എന്നാൽ സംവരണാനുകൂല്യത്തിന്റെ ഫലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഒരുപോലെ സംലഭ്യമാണോ എന്നത് ഇപ്പോഴും സംവാദത്തിന്റെ മേഖലയാണ്. സംവരണാനുകൂല്യത്തിലെ അസമത്വം സൃഷ്ടിക്കപ്പെട്ട അനീതിക്ക് വിധേയമായ

നാടാർ സമുദായത്തിലെ ഒരു വിഭാഗം ജനതയുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ വിജയമായിരുന്നു 2021 ഫെബ്രുവരി 3 ബുധനാഴ്ച കേരള സർക്കാർ നടത്തിയ പ്രഖ്യാപനം: മതപരിഗണനകൂടാതെ നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാനുകൂല്യ പരിരക്ഷ. തിരുവനന്തപുരം ജില്ലയ്ക്ക് പുറമേയുള്ളവർക്ക് നാടാർ സംവരണ വിഷയത്തിന്റെ തീവ്രതയും ഗൗരവവും അത്രമേൽ അറിയില്ലായെന്ന പരമാർത്ഥം അറിയുന്നതിനാലാണ് പൊതുസമൂഹത്തിനായി ഈ ലേഖനമെഴുതുന്നത്.



www.malankaralibrary.com

**ചരിത്രത്തിലേയ്ക്ക് ഒരു തിരിഞ്ഞു നോട്ടം**

കേരളത്തിലും തമിഴ്നാട്ടിലും വ്യാപിച്ചുകിടക്കുന്ന ജനവിഭാഗ മാണ് നാടാർ സമുദായം. കാലഗതി യിൽ ഈ സമുദായം സാമൂഹിക മായും സാമ്പത്തികമായും പിന്നാക്കം പോയി എന്നത് ചരിത്ര സത്യമാണ്. അതുകൊണ്ടാണ് നാടാർ സമുദായത്തിന് പ്രത്യേക ആനുകൂല്യം നൽകി വന്നിരുന്നത്. അവിടെ മതത്തിന്റേയോ വിശ്വാ സത്തിന്റേയോ പേരിൽ വിവേചനം ഇല്ലായിരുന്നു. സ്വാതന്ത്ര്യാനന്തരം 1949-ൽ തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടപ്പോൾ ഭരണഘടനാ നുസൃതമായി സർക്കാർ നിയോ ഗിച്ച കമ്മീഷൻ പഠനം നടത്തി പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് (നാടാർ, ഈഴവ, വിശ്വകർമ്മ മുത ലായവ) ക്രിസ്തുമതം സ്വീകരിച്ച എല്ലാവരേയും പിന്നാക്ക വിഭാഗ മായി അംഗീകരിച്ച് 52-1528/50/cs dt:17.9.1952 എന്ന ഉത്തരവിലൂടെ സംവരണാവകാശം നൽകിയിരു ന്നു. കേരള സംസ്ഥാനം രൂപീകൃ തമായ ശേഷവും ഈ അവകാശം തുടർന്നു.

കേരളപ്പിറവിക്കുശേഷം, 1957 ഡിസംബർ 14-ന് ഒരു അസാധാരണ സർക്കാർ ഉത്തരവിലൂടെ (Executive Order) അന്നത്തെ കേരള സർക്കാർ "മറ്റു ക്രിസ്ത്യാനികൾ" എന്ന പട്ടികയിൽ വരുത്തിയ മാറ്റം മലങ്കര കത്തോലിക്കാസഭയിൽ അംഗങ്ങളായ നാടാർ സമുദായാംഗങ്ങളെ പിന്നാക്ക വിഭാഗപട്ടികയിൽ നിന്നുതന്നെ പുറത്താക്കി. "മറ്റു ക്രിസ്ത്യാനി കൾ" എന്ന പട്ടികയിൽ പട്ടിക ജാതി/ പട്ടികവർഗ്ഗം വിഭാഗങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർ മാത്രം എന്നാണ് മാറ്റം വരുത്തിയത് (DRS No. 26706/57/DD). അക്കാരണത്താൽ മലങ്കര കത്തോലിക്കാ സഭയിലുൾപ്പെടെ 45-ൽപരം സഭകളിൽ അംഗങ്ങളായ നാടാർ സമുദായാംഗങ്ങൾക്കു കഴിഞ്ഞ 58 വർഷങ്ങളായി സംവരണ പരിരക്ഷ നഷ്ടപ്പെട്ട് കഴിയുകയായിരുന്നു.

മതപരമായ വിവേചനം ഭരണ ഘടനാ വിരുദ്ധമാണ്. ഒരുതര ത്തിലും ന്യായീകരിക്കാനാവാത്ത കടുത്ത സാമൂഹിക നീതിനിഷേ ധത്തിലൂടെയാണ് നാടാർ വിഭാഗ ത്തിലെ (ലത്തീൻ, എസ്.ഐ.യു. സി ഒഴികെയുള്ള) ക്രൈസ്തവർ സംവരണാനുകൂല്യത്തിൽ നിന്ന് പുറത്താക്കപ്പെട്ടത്.

പിന്നാക്ക ജനസമൂഹങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാ ഭ്യാസ നിലവാരത്തെ കുറിച്ച് പഠിച്ച് ശുപാർശകൾ നൽകാൻ നിയോ ഗിച്ച 1955-ലെ കാക്കാ കലേൽക്കർ കമ്മിഷൻ, 1965-ലെ ജി. കുമാര പിള്ള കമ്മിഷൻ, 1970-ലെ സന്താനം കമ്മിറ്റി, 1975-ലെ ചിതംബരം കമ്മിഷൻ, 1980-ലെ മണ്ഡൽ കമ്മിഷൻ ഇവയെല്ലാം പിന്നാക്ക വിഭാഗത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചുവരുടെ പിന്നോക്കാവസ്ഥയെ എടുത്തു കാട്ടുന്നുണ്ട്. അവരുടെ സഹോ ദരങ്ങളെപ്പോലെ പൊതുസമൂഹ ത്തിന്റെ പരിഗണന ആവശ്യമായി രിക്കേ ക്രൈസ്തവ വിശ്വാസിക ളോട് മാത്രം ഇത്തരം സാമൂഹിക വിവേചനം കാണിക്കുന്നത് ഭര ണഘടനയുടെ അന്തസിനു നിര ക്കാത്തതും മനുഷ്യത്വരഹിതവും ആണെന്നത് പകൽ പോലെ വ്യക്ത മാണ്. പഠന കമ്മിറ്റികളുടെ ഈ കണ്ടെത്തലുകളൊന്നും അധികാര ത്തിലിരുന്ന ആരും മുഖവിലക്കെടു ത്തില്ല. ഒരു മതം വിട്ട് മറ്റൊരു മതം സ്വീകരിച്ചാൽ മൗലിക അവകാശ ങ്ങളും ജന്മാവകാശവും പൗരാവ കാശങ്ങളും എല്ലാം നഷ്ടമാവുന്ന അവസ്ഥ സാമൂഹിക നീതിയുടെ നഗ്നമായ ലംഘനമാണെന്നതിൽ രണ്ടുപക്ഷമില്ല.

നീതിക്കുവേണ്ടിയുള്ള സമരം കഴിഞ്ഞ നൂറ്റാണ്ടിൽ നാടാർ സമുദായത്തിലെ മുഴു വൻപേർക്കും മതപരിഗണന കൂടാതെ സംവരണാനുകൂല്യം ലഭ്യമാക്കാനായി നടന്ന പരിശ്രമങ്ങ ളിൽ മലങ്കര കത്തോലിക്കാ സഭ യുടെ നേതൃത്വം പ്രസ്താവ്യമാണ്. പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയോടും കേരള മുഖ്യ മന്ത്രിയായിരുന്ന ശ്രീ. കെ. കരു ണാകരനോടും ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി നീതി നിഷേധത്തിന്റെ ഈ വിഷയം പലയാവർത്തി അവ തരിപ്പിച്ചു. തൽഫലമായി ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയാ യിരുന്ന കാലത്ത് ഹിന്ദു നാടാർ, ക്രിസ്ത്യൻ നാടാർ എന്നീ രണ്ടു വിഭാഗങ്ങളായി എല്ലാ നാടാർക്കും സംവരണം ഏർപ്പെടുത്തുവാൻ നടപടി ഉണ്ടായി. എന്നാൽ ഫലം കണ്ടെത്തിയില്ലായെന്നതാണ് സത്യം!

ഓരോ പത്തു കൊല്ലം കൂടു മ്പോഴും സമുദായങ്ങളുടെ സാമൂ ഹിക, സാമ്പത്തിക, വിദ്യാഭ്യാസ അവസ്ഥ പഠിച്ച് അതിന്റെ അടി സ്ഥാനത്തിൽ സംവരണ പരി രക്ഷതത്വം പുനഃക്രമീകരിക്കണമെ ന്നതാണ് വ്യവസ്ഥ. ഇവിടെ 1956-നുശേഷം ഇന്നേവരെ അങ്ങനെ യൊരു പഠനം നടന്നിട്ടില്ല. ഭരണ ത്തിലും, രാഷ്ട്രീയത്തിലും സ്വാധീനമുള്ള വിഭാഗങ്ങൾ യാതെ ാരു ശാസ്ത്രീയ പഠനവും കൂടാതെ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ സ്വായ ത്തമാക്കുന്നു. നീതിനിഷേധിക്കപ്പെ ട്ടവർ കാഴ്ചക്കാരയായി സാമൂഹ്യ ജീവിതത്തിന്റെ വിളുമ്പിലേയ്ക്ക് വീണ്ടും വീണ്ടും മാറ്റപ്പെടുന്നു. നീതിക്കുവേണ്ടിയുള്ള നാടാർ സമുദായത്തിന്റെ നിലവിളിക്കുനേ രെ ചെവിയടച്ച ഭരണകൂടങ്ങൾ

യുക്തിക്കു നിരക്കാത്ത ബാഹ്യസമ്മർദങ്ങൾക്ക് വഴങ്ങി തങ്ങളുടെ ജനാധിപത്യപരമായ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഓടിയൊളിക്കുകയായിരുന്നു.

**അസമത്വത്തിന്റെ ബാക്കി പത്രം**

1996 മുതൽ സിറിൽ മാർ ബസേലിയോസ് ബാവാ തിരുമേനിയും, മലങ്കര കാത്തലിക് അസോസിയേഷന്റെ പ്രതിനിധികളും ഉൾപ്പെടെ വിവിധ നാടാർ സംഘടനകളും കേന്ദ്ര സർക്കാരിനും, കേന്ദ്ര പിന്നാക്കവിഭാഗ കമ്മീഷനും നല്കിയ പരാതികൾ പരിഗണിച്ചാണ് നാടാർ സമുദായം ഒന്നാകെ പിന്നാക്കമായി കണ്ട് 2000 ഏപ്രിൽ 4-ന് ഭാരത സർക്കാർ ദേശീയ തലത്തിൽ നാടാർ സംവരണം നടപ്പിലാക്കിയത്. അപ്പോഴും ക്രൈസ്ത വിശ്വാസികളായ നാടാർ സമുദായാംഗങ്ങളെ പിന്നാക്ക പട്ടികയിൽപ്പെടുത്താൻ കേരള സർക്കാർ തയ്യാറായില്ല എന്നതാണ് വിരോധാഭാസം. അസമത്വമുളവാക്കുന്ന ഈ സംവരണക്രമത്തിൽ കേരളത്തിലെ ബഹുഭൂരിപക്ഷം ക്രിസ്ത്യൻ നാടാർ സമുദാംഗങ്ങളും കേന്ദ്ര സർക്കാരിന്റെ സ്ഥാപനങ്ങളിൽ ജോലിക്ക് അപേക്ഷിക്കുമ്പോൾ പിന്നാക്കക്കാരും സംസ്ഥാന സർക്കാരിന്റെ സ്ഥാപനങ്ങളിൽ മുന്നോക്കക്കാരുമാകുന്ന മനുഷ്യയുക്തിക്കും സാമൂഹിക നീതിക്കും നിരക്കാത്ത സ്ഥിതി വിശേഷം ഉണ്ടായി.

**സംവരണക്രമത്തിലെ അനീതി**

നാടാർ സമുദായത്തിൽ ഹിന്ദുക്കൾക്കും, എസ്.ഐ.യു. സി, ലത്തീൻ വിഭാഗക്കാരായ ക്രൈസ്തവർക്കും സംവരാണാനൂകൂല്യ പരിരക്ഷ കിട്ടുമ്പോൾ, മറ്റു ക്രൈസ്തവ വിഭാഗങ്ങൾക്ക് സമുദായക്രമപട്ടികയിൽ പേരുപോലും ചേർക്കാൻ പറ്റാത്ത സാമൂഹിക അനീതിയാണ് പതിറ്റാണ്ടുകളായി നടന്നു വന്നിരുന്നത്. നാടാർ കുടുംബങ്ങളിൽ 4% സംവരണ പരിരക്ഷ അനുഭവിക്കുന്ന ലത്തീൻ കത്തോലിക്കാ സഭാംഗവും, 1% സംവരണം അനുഭവിക്കുന്ന ഹിന്ദു വിശ്വാസിയും 1% പ്രത്യേക സംവരണം അനുഭവിക്കുന്ന ടകഡഇ യിലുൾപ്പെടുന്ന സി.എസ്.ഐ. സഭാംഗവും എല്ലാം ഒരപ്പന്റെയും ഒരമ്മയുടെയും മക്കളായി ഒരു വീട്ടിൽ തന്നെയുണ്ട്. ഈ 3 പട്ടികയിലും പെടാത്ത മറ്റു മക്കൾക്ക് സർക്കാർ സമുദായ ലിസ്റ്റിൽ പേരുചേർക്കാൻ പോലും സാധ്യമല്ലായിരുന്നു. സാമുദായികമായി വ്യക്തിത്വം പോലും പറയാൻ പറ്റാത്ത വിവേചനത്തിന്റെ തീച്ചുളയിലൂടെയാണ് നാടാർ സമുദായത്തിലെ ഇപ്പോൾ സംവരണാനുകൂല്യം ലഭിച്ച മക്കൾ ഇതുവരെ ജീവിച്ചിരുന്നത്.

**നീതിക്കുവേണ്ടിയുള്ള കനൽവഴികളിൽ മലങ്കര കത്തോലിക്കാ സഭ**

നാടാർ സമുദായാംഗങ്ങളിൽ അവകാശ ബോധം ഉണർത്താനും പൊതു സമൂഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് ഈ വിഷയം കൊണ്ടുവരാനുമായി ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് പിതാവ് 2000-ാമാണ്ടിൽ അരലക്ഷത്തോളം ആളുകളെകൂട്ടി ഒരു സമ്മേളനം കാട്ടാക്കടയിൽ വിളിച്ചുകൂട്ടി. 2003 ജൂലൈ മാസം മലങ്കര കത്തോലിക്കാ പിന്നാക്ക വിഭാഗസമുദ്ധാരണ പ്രസ്ഥാനം എന്ന നിലയിൽ സംഘടനാപരമായ മുന്നേറ്റം ആരംഭിക്കുകയും നീതിന്യായ കോടതിയെ സമീപിച്ച് നീതി നേടാനുള്ള പരിശ്രമങ്ങളും ആരംഭിച്ചു. നാടാർ സമുദായത്തിലെ ഒരു വിഭാഗത്തിനു നഷ്ടപ്പെട്ട സംവരണാവകാശം ലഭ്യമാക്കാനായി ആദ്യമായി കോടതിയെ സമീപിച്ചത് മലങ്കര കത്തോലിക്കാ സഭയാണ്.

2001 മുതലുള്ള മന്ത്രിസഭയുടെ കാലത്ത് നിയമസഭയിലെ 120



എം.എൽ.എ.മാരെയും 20 മന്ത്രിമാരെയും പ്രത്യേകം പ്രത്യേകം കണ്ട് നാടാർ സംവരണാവശ്യം ഉന്നയിച്ചു, പരാതികൾ നല്കി. ശ്രീ ജോണി നെല്ലൂർ, ശ്രീ.പി.സി. ജോർജ്ജ്, എന്നീ എം.എൽ.എ.മാർ ഈ വിഷയം പഠിച്ച് നിയമസഭയിൽ എത്തിച്ചു. ശ്രീ.ജോണി നെല്ലൂർ പ്രത്യേക ശ്രദ്ധക്ഷണിക്കൽ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചു. ചോദ്യോത്തരവേളയിൽ ചോദ്യം ഉന്നയിച്ചു. എന്നിട്ടും ശരിയായ രീതിയിൽ സർക്കാർ പ്രതികരിച്ചില്ല, നടപടികൾ സ്വീകരിച്ചില്ല. ശ്രീ പി.സി. ജോർജ്ജ് എം.എൽ.എ. പല സന്ദർഭങ്ങളിലും ഈ സംരംഭത്തിൽ സഹകാരിയായി നിന്നിട്ടുണ്ട് എന്നത് നന്ദിയോടെ ഓർക്കുന്നു. യു.ഡി.എഫ്.ലേയും എൽ.ഡി.എഫ്.ലേയും പ്രമുഖ നേതാക്കളെ പലപ്രാവശ്യം കാണുകയും, പരാതി നല്കുകയും ചർച്ചചെയ്യുകയും ചെയ്തു. മോഹനവാഗ്ദാനങ്ങളും, ഒഴുവുകഴിവു


www.malankaralibrary.com



കളുമല്ലാതെ ശരിയായ തീരുമാനം ആരുടേയും ഭാഗത്തുനിന്നും ഉണ്ടായില്ല.

2007-ൽ ഞാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനായി തിരുവനന്തപുരത്ത് ചുമതലയേറ്റെടുത്തപ്പോൾ എന്റെ പരിഗണനയിൽ പ്രഥമ സ്ഥാനത്തുണ്ടായിരുന്നത് നാടാർ വിഭാഗം ജനങ്ങളുടെ നീതിനിഷേധത്തിന്റെ കാര്യമായിരുന്നു. ഈ വിഷയത്തിന്റെ വേദന മലസ്സിലാക്കിയ നിമിഷം മുതൽ നാടാർ സംവരണ വിഷയം പൊതുശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. "മലങ്കര കാത്തലിക് നാടാർ മൂവ്മെന്റ്" സ്ഥാപിച്ചുകൊണ്ട് നീതിക്കുവേണ്ടിയുള്ള പോരാട്ടം രാഷ്ട്രീയമായും നിയമപരമായും മുന്നോട്ടു കൊണ്ടുപോകാനും സാമൂഹ്യബോധവത്ക്കരത്തിലൂടെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

അരനൂറ്റാണ്ടിലധികമായി തുടരുന്ന നീതിനിഷേധം പൊതുജന സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി തിരുവനന്തപുരം രക്തസാക്ഷിമണ്ഡപത്തിൽ 2008 സെപ്തംബർ 22, 23 തീയതികളിൽ 24 മണിക്കൂർ ഉപവാസം അനുഷ്ഠിക്കുകയും അതിനോട് ചേർത്ത് പാളയം സെന്റ് മേരീസ് ബസിലിക്കായിൽ പരി. കുർബാന എഴുന്നള്ളിച്ച് വച്ച് ബഹു. വൈദികരുടേയും സിസ്റ്റേഴ്സിന്റെയും അല്മായരുടേയും നേതൃത്വത്തിൽ 26 മണിക്കൂർ ദിവ്യകാരുണ്യാരാധന നടത്തുകയും ചെയ്തു. ഈ ഉപവാസ സമരത്തിൽ എല്ലാ മുന്നണികളിലെയും നിരവധി എം.എൽ.ഏ മാർ, രാഷ്ട്രീയ നേതാക്കന്മാർ, സാംസ്കാരിക നായകർ, വിവിധ നാടാർ സംഘടനാ നേതാക്കൾ, സഭാമക്കൾ എല്ലാവരും സജീവമായി പിന്തുണച്ചു. ഉപവാസം അവസാനിക്കുന്നതിനു മുൻപ് മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു. സഭയിലെ പിതാക്കന്മാരും വൈദികരും മലങ്കര കാത്തലിക് അസോസിയേഷനും ഇക്കാര്യത്തിൽ നൽകിയ പിൻബലം നന്ദിപൂർവ്വം സ്മരിക്കുന്നു.

നാടാർ സംവരണാനുകൂല്യം നിഷേധിക്കപ്പെട്ട എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിപ്പിച്ചു കൊണ്ട് 2009 സെപ്തംബർ 16-ന് തിരുവനന്തപുരം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും കിഴക്കേകോട്ട ഗാന്ധിപാർക്കിലേയ്ക്ക് കൂറ്റൻ പ്രകടനവും തുടർന്ന് പൊതുസമ്മേളനവും സംഘടിപ്പിച്ചു. പ്രസ്തുത സമ്മേളനത്തിലും ഭരണ പ്രതിപക്ഷ നേതാക്കൾ അനുകൂല പ്രതികരണങ്ങൾ നടത്തി കടന്നുപോയി. ആ വർഷം ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിൽ വില്ലേജാഫീസുകൾക്കു മുമ്പിലും നെയ്യാറ്റിൻകര ബസ്സ്റ്റാന്റിലും ധർണ്ണകൾ സംഘടിപ്പിച്ചു. 2009 നവംബർ 22-ന് ബാലരാമപുരത്ത് പ്രവർത്തക കൺവെൻഷൻ വിളിച്ചു ചേർത്തു. സംവരണേതര നാടാർ സമുദായാംഗങ്ങളോട് കാട്ടിയ നിഷേധത്തിനെതിരെ 2009 നവംബർ 29 തിരുവനന്തപുരം മേജർ അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രതിഷേധ ദിനമായി ആചരിച്ചു. ഡിസംബർ 3-ന് നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണ പരിരക്ഷ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സഭാംഗങ്ങളായ ഒരു ലക്ഷം പേർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രിക്ക് നൽകി. അധികാരികളുടെ കണ്ണു തുറപ്പിക്കാനായി 2010 ഫെബ്രുവരി 15-ന് മലങ്കര കത്തോലിക്കാ സഭയിലെ അമ്മമാരുടെയും കുട്ടികളുടെയും ധർണ്ണ സെക്രട്ടറിയേറ്റ് പടിക്കൽ സംഘടിപ്പിച്ചു.

2012-ൽ നാടാർ സംവരണ വിഷയവുമായി ബന്ധപ്പെട്ട് പല തവണ മുഖ്യമന്ത്രിയെ കണ്ടു ചർച്ച നടത്തി. അതേ തുടർന്ന് നാടാർ സംവരണം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നയത്തിനനുസൃതമായി കേരളത്തിലെ നാടാർ ക്രൈസ്തവർക്കെല്ലാം സംവരണ പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ ബഹു. ജസ്റ്റിസ് എം.എം. ഹരിഹരൻ നായരെ കമ്മിഷനായി നിയമിച്ചു. നീതിനിഷേധത്തിലൂടെ സാമൂഹിക വിവേചനത്തിനിരയായ മലങ്കര കത്തോലിക്കാ സഭയിലെ നാടാർ കുടുംബത്തിലെ 2 വ്യക്തികളും ഞാനും കക്ഷികളായി 2012-ൽ അഡ്വക്കേറ്റ് സെബാസ്റ്റ്യൻ പോൾ മുഖേന WP(C)21849/12 എന്ന നമ്പരായി കേരളാ



ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഒരു വർഷത്തിനുള്ളിൽ സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശിച്ച് കേരള ഹൈക്കോടതി 29.11.2015 ൽ ഉത്തരവു പുറപ്പെടുവിച്ചെങ്കിലും 2 പ്രാവശ്യം സംസ്ഥാന സർക്കാർ കോടതിയിൽ നിന്നും സമയം നീട്ടിവാങ്ങി പ്രസ്തുത ഉത്തരവ് അനിശ്ചിതത്വത്തിലാക്കി. തുടർന്ന് ഗവൺമെന്റിനും, പിന്നാക്കകമ്മിഷനും എതിരെ Cont (c) 937/2018 എന്ന നമ്പരായി കോർട്ട് അലക്ഷ്യം ഫയൽ ചെയ്തു. പ്രസ്തുത പെറ്റിഷൻ ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്.

2015 മെയ് 31-ന് മലങ്കര കാത്തലിക് നാടാർ മൂവ്മെന്റിന്റെയും വി.എസ്.ഡി.പി.യുടെയും സംവരണം നിഷേധിക്കപ്പെട്ട മറ്റു സഭകളുടെയും നേതൃത്വത്തിൽ തിരുവനന്തപുരത്തെ പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും കിഴക്കേക്കോട്ട പുത്തരിക്കണ്ടം മൈതാനത്തിലേയ്ക്ക് സംവരണാനുകൂല്യം നഷ്ടപ്പെട്ട നാടാർ സമുദായാംഗങ്ങളെ ഒരുമിച്ചു കൂട്ടി അവകാശ പ്രഖ്യാപന റാലിയും സംഗമവും സംഘടിപ്പിച്ചു. അൻപതിനായിരത്തിലധികം നാടാർ സമുദായാംഗങ്ങൾ ഇതിൽ പങ്കുചേർന്നു.

നാടാർ സമുദായത്തിന് മതരപരമായ വിവേചനം കൂടാതെ സംവരണ പരിരക്ഷ ഉറപ്പാക്കാനായി പൊതു സമൂഹത്തിന്റേയും രാഷ്ട്രീയ ഭരണനേതൃത്വത്തിന്റേയും ശ്രദ്ധ ക്ഷണിക്കാനായി മലങ്കര കത്തോലിക്കാ സഭയെടുത്ത ധീരമായ ചുവടുവയ്പ്പിന്റെ ചരിത്രമാണിത്. എന്നിട്ടും സർക്കാരുകൾ ഈ ന്യായമായ ആവശ്യങ്ങളോട് പുറംതിരിഞ്ഞു നിന്നു എന്നത് ഏറെ വേദനാജനകമായിരുന്നു.

**സമ്മർദങ്ങളെ അതിജീവിച്ച സാമൂഹികനീതി**

2007 മുതൽ കേരളം ഭരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാരോട് ഈ വിഷയത്തിൽ ഇടപെടാനായി വ്യക്തിപരമായി ആവശ്യപ്പെടുകയും, പലപ്പോഴും അവരുടെ വാഗ്ദാനങ്ങൾ വാക്കുകളിൽ മാത്രമായി ചുരുങ്ങിപ്പോയ വേദനാജനകമായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. വേദനാജനകമായ അത്തരം അനുഭവങ്ങളിലും ഈ മക്കൾക്ക് വേണ്ടി നിരന്തരം ഭരണനേതൃത്വത്തോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ പിന്മാറിയിട്ടില്ല. എന്നാൽ നീതിനടപ്പാക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടിട്ടും അതു നടപ്പിലാക്കാൻ സാധ്യമല്ലാത്ത വിധം സമർദ്ദത്തിലായ ഭരണനേതൃത്വങ്ങളുടെ ഇച്ഛാശക്തിയെക്കുറിച്ച് സംശയിക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും ഒരുനാൾ നീതി നടപ്പാകുമെന്ന ഉറച്ച ബോധ്യത്തോടെ ഗാന്ധിയൻ സമരമാർഗ്ഗത്തിൽ ദൈവാശ്രയത്തിൽ സ്ഥിരതയോടെ നിലകൊണ്ടതുകൊണ്ടാണ് അന്തിമ വിജയം നേടാൻ സാധിച്ചത്. എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിക്കാൻ ഇപ്പോഴത്തെ സർക്കാരിനു സാധിച്ചു എന്ന മാതൃകാപരമായ നിലപാടിൽ ഈ സർക്കാരിനോട് നാടാർ സമൂഹം കടപ്പെട്ടിരിക്കുന്നു.

**എല്ലാ നാടാർ മക്കൾക്കും സംവരണം**

നാടാർ സമുദായ ഉന്നമനത്തിനു വേണ്ടി നിലകൊള്ളുന്ന പലരും നീതി നിഷേധിക്കപ്പെട്ട ഈ ജനവിഭാഗത്തിനുവേണ്ടി പൊതുസമൂഹത്തിൽ സംസാരിക്കാനോ, നീതിന്യായക്കോടതിയെ സമീപിക്കാനോ ഒരിക്കൽ പോലും ശ്രമിച്ചിരുന്നില്ല. മലങ്കര കത്തോലിക്കാ സഭ ഈ നീതി നിഷേധത്തിനെതിരെ സംഘടിതമായ മുന്നേറ്റം നടത്തിയപ്പോൾ, നീതി നിർവ്വഹണത്തിൽ വിവേചനം പാടില്ലാ എന്ന ഉറച്ച നിലപാടുകളോടെയാണ് ആദ്യംമുതലേ നിലകൊണ്ടത്. മത-വിശ്വാസ വിവേചനംകൂടാതെ എല്ലാ നാടാർ മക്കൾക്കും സംവരണ പരിരക്ഷ ഉറപ്പാക്കണമെന്ന് എല്ലാ സർക്കാരുകളോടും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. സംവരണേതര നാടാർ വിഭാഗങ്ങളെയെല്ലാം ചേർത്ത് അവർക്കുവേണ്ടി നിലകൊള്ളാൻ മലങ്കര കത്തോലിക്കാസഭയ്ക്ക് കഴിഞ്ഞുവെന്നത് ദൈവനിയോഗമായി ഞാൻ കാണുന്നു. എല്ലാവരെയും കൂട്ടിയുള്ള ആലോചനായോഗങ്ങൾക്ക് എപ്പോഴും പട്ടത്തെ മേജർ ആർച്ചുബിഷപ്സ് ഹൗസാണ് വേദിയായിരുന്നത്.

**അജപാലന വെല്ലുവിളി**

ഒരു സഭാദ്ധ്യക്ഷൻ എന്ന നിലയിൽ എന്റെ അജപാലന ശുശ്രൂഷയിൽ ഉൾപ്പെടുന്ന ഒരു ജനവിഭാഗത്തിന്റെ



www.malankaralibrary.com

വേദനകൾ പലപ്പോഴും ഹൃദയഭേദകമായ അനുഭവമായിരുന്നു. മറ്റുള്ളവരെപ്പോലെ യോഗ്യതനേടിയിട്ടും പഠന-ജോലി സാധ്യതകൾ നിഷേധിക്കപ്പെട്ട അനേകം യുവതീ-യുവാക്കന്മാരുടെ ഹൃദയനൊമ്പരം നേരിട്ടു കാണേണ്ടി വന്നിട്ടുണ്ട്. അർഹമായ ആനുകൂല്യം നേടണമെങ്കിൽ ഇതുവരെ മുറുകെപിടിച്ച വിശ്വാസം ഉപേക്ഷിക്കേണ്ട സാഹചര്യം സംജാതമാക്കിയ സഭാമക്കളുടെ കണ്ണുനീരിനു മുന്നിൽ പലപ്പോഴും നിസ്സഹായനായി നിൽക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇത്തരം പ്രലോഭനങ്ങളെ അതിജീവിച്ച് വിശ്വാസത്തിൽ ഉറച്ചു നിന്ന് നീതിക്കുവേണ്ടി മടുപ്പുകൂടാതെ പ്രാർത്ഥിച്ച സഭാമക്കളെക്കുറിച്ച് സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ അഭിമാനിക്കുന്നു.

**പ്രാർത്ഥനയുടെ വിജയം**

കടുത്ത സാമൂഹിക വിവേചനത്തിനു പാത്രമായ ഒരു ജനമൂഹം നീതിക്കുവേണ്ടി ആദ്യമായും അധികമായും തിരിഞ്ഞത് ദൈവസന്നിധിയിലേയ്ക്കായിരുന്നു. ദൈവകരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ് ഈ സമരമാർഗത്തിലെ ഏറ്റവും ഫലവത്തായ ആയുധം. വ്യക്തികളായും സമൂഹങ്ങളായും വർഷങ്ങളോളം തുടർന്ന പ്രാർത്ഥയ്ക്കുത്തരമായിട്ടാണ് ഇപ്പോൾ നീതി ലഭിച്ചിരിക്കുന്നത്. ഇടവക കൂട്ടായ്മകളും, വൈദിക ജില്ലാ കൂട്ടായ്മകളും, മേജർ അതിരൂപതയും, വിവിധ രൂപതകളും, ഒരു വ്യക്തിഗത സഭയായിട്ടും ഉപവാസത്തോടും ത്യാഗത്തോടും കൂടി നടത്തിവന്ന പ്രാർത്ഥനായജ്ഞത്തിന്റെ വിജയത്തെ തടുക്കാൻ ഈ ലോകത്തിലെ മാനുഷികമായ ഒരു ശക്തിക്കും സാധ്യമല്ലായെന്ന് ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. അനേക നാളത്തെ പ്രാർത്ഥനയുടേയും ഉപവാസത്തിന്റെ ഫലമാണ് ഇപ്പോൾ കിട്ടിയ നീതി. ദൈവം കൂടെയുണ്ടെങ്കിൽ ആര് നമുക്ക് എതിരു നിൽക്കും? വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുമെന്ന സത്യം ഒരിക്കൽക്കൂടി സമകാലീന ലോകത്തിൽ തെളിയിക്കപ്പെട്ടിരിക്കുന്നു. ഇത് പറയാതിരിക്കുന്നത് സത്യത്തിന് നേരെ മുഖം തിരിക്കലാണ്.

**ഗാന്ധിയൻ മാർഗത്തിന്റെ വിജയം**

അക്രമത്തിന്റെ പാത മാത്രമേ ശ്രദ്ധിക്കപ്പെടുകയുള്ളൂവെന്ന പ്രലോഭനം പലപ്പോഴും ഉണ്ടായിട്ടുണ്ട്. ലക്ഷ്യം പോലെ തന്നെ മാർഗവും നല്ലതായിരിക്കണമെന്ന അടിയുറച്ച വിശ്വാസത്തിൽ നമ്മുടെ രാഷ്ട്രപിതാവ് കാട്ടിത്തന്ന സമാധാന മാർഗത്തിലൂടെ സാമൂഹിക നീതി നേടിയെടുക്കാൻ സാധിക്കുമെന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭ അടിയുറച്ചു വിശ്വസിക്കുന്നു. സഭാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ സഭാമക്കൾ ഒരേ മനസ്സോടെ സമാധാനപരമായ മാർഗത്തിലുടെ പ്രതിഷേധിക്കുകയും നീതി നേടിയെടുക്കുകയും ചെയ്തു. ഉപവാസ സമരം, സത്യാഗ്രഹം, പൊതു റാലി, മഹാ സമ്മേളനങ്ങൾ ഇവയെല്ലാം പൊതുജന ജീവിതത്തെ ഒരുതരത്തിലും തടസ്സപ്പെടുത്താതെ സംഘടിപ്പിച്ചുകൊണ്ട് ഭരണകൂടത്തിന്റെ കണ്ണു തുറപ്പിക്കാൻ സാധിച്ചു എന്നതാണ് ഈ സമരമാർഗത്തിന്റെ വിജയം. അക്രമമാർഗ്ഗം ഈ വിഷയത്തിൽ ഒരിക്കലും അവലംബിച്ചിട്ടില്ലാ എന്നത് അഭിമാനത്തോടെ ഓർക്കുന്നു. ഗാന്ധിയൻ മാർഗ്ഗം തിരസ്കരിക്കരുത് എന്നത് ഏവർക്കുമുള്ള ഓർമ്മപ്പെടുത്തലായും ഇരിക്കട്ടെ.

സംവാദത്തിന്റേയും സംഭാഷണത്തിന്റേയും പാതയിൽ സ്ഥായിയായി മുന്നേറിയ നാടാർ സംവരണ സമരം സ്നേഹവിപ്ലവമാണ്, രക്തരൂക്ഷിതവിപ്ലവമല്ല. ആരേയും മാറ്റി നിറുത്താത്ത, എല്ലാവരേയും ഉൾചേർക്കുന്ന സാമൂഹിക നീതിയുടെ വിജയമാണ്. അതുകൊണ്ട്തന്നെ നാടാർ സംവരണ വിഷയത്തിൽ ഗാന്ധിയൻ മാർഗത്തിലൂടെ വിജയം കണ്ട മലങ്കര കത്തോലിക്കാ സഭയുടെ നിലപാടുകൾ രാഷ്ട്രീയ-സാമൂഹിക സംഘ



ടനകൾക്കും പ്രസ്ഥാനങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.

**നന്ദി... നന്ദി... നന്ദി...**

പതിറ്റാണ്ടുകൾ നീണ്ട ഒരു സമരം അതിന്റെ വിജയം കണ്ടെത്തുമ്പോൾ ദൈവകരുണയുടെ മുമ്പിൽ ശിരസു നമിച്ചുകൊണ്ട് ഏവരോടും നന്ദി പറയുന്നു. ഈ പാവപ്പെട്ട ജനസമൂഹത്തോട് പക്ഷം ചേർന്ന രാഷ്ട്രീയ-ഭരണ നേതൃത്വങ്ങളെ, മത-സാമുദായിക നേതാക്കന്മാരെ, കേരളത്തിലെ പൊതു സമൂഹത്തെ നന്ദിപൂർവം ഓർക്കുന്നു. നാടാർ സമൂഹത്തിലെ എല്ലാവരോടും നിങ്ങൾ കാണിച്ച പരിഗണനയ്ക്ക് നന്ദി. ഈ സമരത്തിൽ ഒരേ മനസ്സോടെ എന്നോടൊപ്പം അണിനിരന്ന മലങ്കര കത്തോലിക്കാ സഭയിലെയും മറ്റു സഭാസമൂഹങ്ങളിലെയും അഭിവന്ദ്യ പിതാക്കന്മാർക്കും, വൈദികർക്കും സമർപ്പിതർക്കും മലങ്കര കാത്തലിക് അസ്സോസിയേഷനും വിവിധ നാടാർ സംഘടനകളിലെ നേതാക്കൾക്കും അഭിനന്ദനങ്ങൾ, ഏവർക്കും നന്ദി... നാടാർ സംവരണം അനുഭവിച്ചു വന്നിരുന്ന സമൂഹങ്ങൾക്ക് ഈ സംവരണം ബാക്കിയുള്ളവർക്കും കൂടി ലഭിക്കുന്നതിൽ അൽപ്പം ആശങ്കയുണ്ടായിരുന്നു. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന സംവരണത്തിൽ കുറവ് വരുമോയെന്നതായിരുന്നു ആ ആശങ്കയുടെ കാരണം. അത് വ്യക്തമായതിനു ശേഷം അവർ നൽകിയ ധാർമ്മിക പിന്തുണയ്ക്കും പ്രാർത്ഥനയ്ക്കും ഏറെ നന്ദി!

ഇച്ഛാശക്തികൊണ്ട് രാഷ്ട്രീയവും സാമുദായികവുമായ എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിച്ച് ഇതുവരെയും സംവരണം ലഭിക്കാതെയിരുന്ന നാടാർ സമുദായാംഗങ്ങളെയെല്ലാം ഓ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി, ഒരു ജനതയ്ക്ക് നീതി നടപ്പിലാക്കിയ കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അദ്ദേഹം നേതൃത്വം നൽകുന്ന കേരള സർക്കാരിനും ഹൃദയപൂർവ്വമായ നന്ദി!

**ഇച്ഛാശക്തികൊണ്ട് രാഷ്ട്രീയവും സാമുദായികവുമായ എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിച്ച് ഇതുവരെയും സംവരണം ലഭിക്കാതെയിരുന്ന നാടാർ സമുദായാംഗങ്ങളെയെല്ലാം ഓ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി, ഒരു ജനതയ്ക്ക് നീതി നടപ്പിലാക്കിയ കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അദ്ദേഹം നേതൃത്വം നൽകുന്ന കേരള സർക്കാരിനും ഹൃദയപൂർവ്വമായ നന്ദി!**

നീതി നിഷേധങ്ങൾ തിരുത്തപ്പെടേണ്ട തെറ്റുകളാണ്. കാലത്തിന്റെ പ്രയാണത്തിൽ അത്തരം തിന്മകൾക്കെതിരെ സമൂഹമനസാക്ഷി ഉണരേണ്ടതാണ്. അടിച്ചമർത്തപ്പെട്ടവർക്കും പിന്നാക്കം പോയവർക്കും, ശബ്ദം നഷ്ടപ്പെട്ടുപോയ ചെറുകൂട്ടങ്ങൾക്കും ദളിതർക്കും നീതി നടപ്പിലാക്കുന്നതിൽ അമാന്തം പാടില്ല. ഈ ജനാധിപത്യരാജ്യത്തിൽ ഗാന്ധിയൻ മാർഗ്ഗങ്ങളിലൂടെയും സംവാദത്തിന്റെ പാതയിലൂടെയും നീതിക്കുവേണ്ടിയുള്ള സമരത്തിൽ ഏവർക്കും പങ്കാളികളാകാം. ഇന്നല്ലെങ്കിൽ നാളെ നീതി നടപ്പിലാവുക തന്നെ ചെയ്യും. കേരളത്തിൽ വേരുറപ്പിക്കുവാൻ ശ്രമിക്കുന്ന വർഗ്ഗീയതയെ നമുക്ക് ചെറുത്ത് തോൽപ്പിക്കാം. നീതി നിഷേധിക്കപ്പെടുന്ന സമൂഹങ്ങൾക്ക് മതപരിഗണന കൂടാതെ തന്നെ നീതി ഉറപ്പാക്കുവാൻ ഒരു ജനതയായി നമുക്ക് കൈകോർക്കാം, ഒരുമിച്ചുനീങ്ങാം!



www.malankaralibrary.com



# സംവരണത്തിന്റെ സാന്ത്വന സ്പർശനം



അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ്സ് മെത്രാപ്പോലീത്താ

മനുഷ്യ ജീവിതത്തിന്റെ സുസ്ഥിതിക്കും വികാസത്തിനും സമ്പത്ത് ആവശ്യമാണ്. ഈ ലോകത്തുള്ള സമ്പത്തെല്ലാം ദൈവം ദാനമായി നൽകിയിട്ടുള്ളതാണ്. അത് ഈ ലോകത്തുള്ള എല്ലാ മനുഷ്യരുടെയും നന്മയ്ക്കായി നീതിപൂർവ്വം ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ കാലക്രമേണ സമ്പത്തിന്റെ വിതരണം നീതിപൂർവ്വമല്ലാതായിത്തീർന്നു. അതിന് നിരവധിയായ കാരണങ്ങളുണ്ട്. മനുഷ്യനെ തമ്മിൽ വേർ പിരിക്കുന്ന ജാതി, മതം, വർഗ്ഗം, ഗോത്രം, ലിംഗം തുടങ്ങിയ കാര്യങ്ങൾ. ഒപ്പം ഭൂമിയുടെ ഉടമസ്ഥാവകാശം, ജോലി, വിദ്യാഭ്യാസം, സമ്പത്തിന്റെ നീതിരഹിതമായ വിതരണം, പശ്ചാത്തല വികസനത്തിന്റെ അപര്യാപ്തത, വിദ്യാഭ്യാസ ആരോഗ്യ മേഖലയുടെ കുറവ് എന്നിവയെല്ലാം സാമ്പത്തിക അസന്തുലിതാവസ്ഥ ഉണ്ടാക്കുന്നു.

ഞാൻ എന്റെ ഗവേഷണ പഠനം നടത്തിയത് “സമൂഹത്തിലെ ദുർബ ലവിഭാഗങ്ങളുടെ സാമ്പത്തിക വികസനവും വിദ്യാഭ്യാസവും” എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയാണ്. കേരള സർവ്വകലാശാലയിൽ നിന്ന് എന്റെ ഡോക്ടറേറ്റ് ബിരുദത്തിനു വേണ്ടിനടത്തിയ പഠനത്തിൽ കണ്ടെത്തിയ ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ എന്നു പറയുന്നത് ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്, ബാക്ക്‌വേഡ് ക്ലാസ്, ഭിന്നശേഷിക്കാർ (Physically Challenged), വിമൻ (Women) എന്നിവരാണ്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയ്ക്കായും ജാതിവ്യവസ്ഥ



യുടെ ഫലമായി സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് രാഷ്ട്രത്തിന്റെ വികസനത്തിലൂടെ വരുന്ന നന്മകൾ ലഭിക്കാതെയായി. അത് ലഭ്യമാക്കാൻ വേണ്ടി യാണ് സർക്കാർ സംവരണം ഏർപ്പെടുത്തിയത്. സംവരണം നല്കപ്പെട്ടത് സമൂഹത്തിലെ പിന്നോക്കക്കാർക്കാണ്. അവർക്ക് അതുകൊണ്ട് സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമുണ്ടായി. ഈ സംവര ണം തുടരേണ്ടത് അനിവാര്യമാണ്.

**സാമ്പത്തിക പിന്നോക്കാവസ്ഥ**

ഒരുകാലത്ത് ഭൂമിയുടെ ഉടമസ്ഥാ വകാശം കൊണ്ട് സമ്പന്നരായ ജനവിഭാഗം ഉണ്ടായിരുന്നു. ഭൂമി സമ്പത്തിന്റെ ഒരു ഉറവിട മായിരുന്നു. ഭൂപരിഷ്ക്കരണ നിയമം കൊണ്ടും പല രീതി യിലുള്ള നിയന്ത്രണങ്ങൾ കൊണ്ടും ആഗോളവത്ക്കരണ ത്തിന്റെ സ്വാധീനം കൊണ്ടും കുത്തക കമ്പനികൾ കാർഷികരംഗത്ത് ആധിപത്യം പുലർത്തിയതു കൊണ്ടും ഭൂമി ഇന്ന് സമ്പത്തിന്റെ ഉറവിടമല്ല. നൂറു ദിവസം പിന്നിട്ടു കഴിഞ്ഞ കർഷകസമരം ഭൂമി സംരക്ഷിക്കാ നും ജീവിക്കുവാനുമുള്ള സമരത്തിന്റെ ഭാഗമാണ്. ഇന്ത്യയിലെ ജനങ്ങളിൽ 80% കർഷകരാണ്. ഇതിൽ 15 കോടിയിൽപരം കർഷകർ ദാരിദ്ര്യ രേഖകയ്ക്ക് താഴെ ജീവിതം നയിക്കുന്നവരാണ്. ഒരു കാലത്ത് ഭൂമിയിലെ വിഭവങ്ങൾ അടിസ്ഥാനമാക്കി ജീവിച്ചിരുന്ന കർഷകർ ഇന്ന് ദരിദ്രരായി മാറി. സമ്പത്തിന്റെ ഉറവിടം തൊഴിലും വ്യവസായവുമാണ്. തൊഴിലില്ലായ് മയും തൊഴിൽമേഖല യിൽ കുത്തകകൾ ചെലുത്തിയ സ്വാധീനവും വഴി വലിയൊരു ജന വിഭാഗങ്ങൾക്ക് ജീവനോപാധികൾ ഇല്ലാതെ ആയി. തൊഴിൽ ശാലക ളിൽ യന്ത്രവത്ക്കരണം വന്നതോടു കൂടി തൊഴിൽ സാദ്ധ്യതകൾ വിരളമായി. തൊഴിലിനായി ഈ അടുത്തകാലത്ത് ചെറുപ്പക്കാർ ന ടത്തിയ സമരം നമുക്കറിയാമല്ലോ. സമ്പത്തിന്റെ മറ്റൊരു ഉറവിടം ഗുണമേന്മയുള്ള വിദ്യാഭ്യാസവും ആരോഗ്യപരിപാലനവുമാണ്. അതായത് സേവന രംഗങ്ങളിലുള്ള അവസരസമത്വം. ഇതും എല്ലാ ജനങ്ങൾക്കും ആവശ്യത്തിന് ലഭ്യമല്ലാത്ത സാഹചര്യം നിലനില്ക്കുന്നു.

സാമ്പത്തിക രംഗത്ത് മുന്നേറ ണമെങ്കിൽ ഭൂസ്വത്തിൽ നിന്നും നല്ല വരുമാനം ലഭ്യമാകണം. രണ്ട്, നല്ല വിദ്യാഭ്യാസം ലഭിച്ച് തൊഴിൽ ലഭ്യമാക്കണം. മൂന്ന്, സമ്പത്തിന്റെ ഉടമസ്ഥാവകാശം എല്ലാവർക്കും തുല്യമായി ലഭ്യമാക്കണം. ഇന്ത്യ സ്വാതന്ത്ര്യം ലഭിച്ച് ഏഴു പ തിറ്റാണ്ടുകൾ പിന്നിട്ടുവെങ്കിലും സാമ്പത്തിക സമത്വം ഉണ്ടായില്ല. രാജ്യത്ത് നിലനില്ക്കുന്ന സാമ്പത്തിക വിതരണ ക്രമംകൊണ്ട് ധനികർ കൂടുതൽ ധനികർ ആകുകയും, പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവർ ആകുക യും ചെയ്തു. തത്ഫലമായി ധാരാളം ജനങ്ങൾ "ആത്മഹത്യ" ചെയ്തു. വയനാടു പോലുള്ള ജില്ലകളിൽ ഒരു കാലത്ത് ആത്മഹത്യ നിത്യസംഭവമാ യിരുന്നു. ഇന്ന് ഈ ദുഃസ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ടെങ്കിലും കർഷക രുടെയും, അസംഘടിത തൊഴിലാ ളികളുടെയും ജീവിതം വളരെ പരിതാപകരമാണ്. സർക്കാർ ഈ ജനവിഭാഗങ്ങളുടെ പ്ര യാസങ്ങൾ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് മൂന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കം നില്ക്കുന്ന ജനങ്ങൾക്ക് 10% സംവരണം പ്രഖ്യാപിച്ചത്. നിലവിൽ സംവരണാനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഒരു കുറവും വരാത്തരീതിയിൽ നടപ്പാക്കുന്ന ഈ സാമ്പത്തിക സംവരണം വിപ്ലവകരമായ മാറ്റങ്ങൾ പാവപ്പെട്ടവരുടെ ജീവിതത്തിൽ ഉണ്ടാക്കും.

**2. സാമ്പത്തിക സംവരണം കൊണ്ടുള്ള നേട്ടങ്ങൾ**

സാമ്പത്തിക പിന്നോക്കാവസ്ഥ യുടെ കാരണങ്ങൾ നേരത്തെ പറഞ്ഞിരുന്നുവല്ലോ. ഈ കാരണങ്ങളിൽ പ്രധാനമായത് സാമ്പത്തിക സ്രോതസ്സുകൾ പിന്നോക്കാവസ്ഥയിലുള്ള ജനങ്ങൾക്ക് കിട്ടുന്നില്ല എന്നതാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന മുന്നോക്ക ജന വിഭാഗത്തിലെ ഏറ്റവും പാവപ്പെട്ടവരായ പത്തുശതമാനം ആളുകൾക്ക് സംവരണം കൊടുക്കുമ്പോൾ അവ രുടെ സാമ്പത്തിക ശേഷി വർദ്ധിക്കുകയും, ക്രയവിക്രിയ കഴിവുകൾ വികസിക്കുകയും ചെയ്യും. അവർക്ക് സംവ രണം വഴിയായി വിദ്യാഭ്യാസം ലഭിക്കുമ്പോൾ, തൊഴിൽ അവസരങ്ങൾ കിട്ടുമ്പോൾ, മെച്ചമായ ആരോഗ്യ പരിപാലന സൗകര്യങ്ങൾ ഉണ്ടാകുമ്പോൾ, കുടുംബത്തിലും, സമൂഹത്തിലും അവർക്ക് സാമ്പത്തിക വിപു ലീകരണം ഉണ്ടാകുന്നു. പിന്നോക്ക ജനങ്ങളുടെ സാമ്പത്തിക പുനരുദ്ധാരണത്തിനു വേണ്ടി സർക്കാർ നടപ്പാക്കുന്ന സാമ്പത്തികസംവരണം ദൂരവ്യാപ കമായ സാമ്പത്തിക സത്ഫലങ്ങൾ ഉണ്ടാകുന്നതാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ അടിസ്ഥാന അവകാശങ്ങൾക്ക് പ്രേരകമാകുന്ന തീരുമാനമാണത്. ദാരിദ്ര്യരേഖയ്ക്ക് മുകളിലും,

താഴെയും കഴിയുന്ന മുന്നോക്ക ജനവിഭാഗങ്ങളുടെ മുന്നോട്ടുള്ള സാമ്പത്തിക വികസനത്തിന് ഈ തീരുമാനം വലിയശക്തിയായി മാറും.

**3. നാടാർ സംവരണം**

സംവരണാകൂല്യത്തിലെ അനീതി മൂലം അസമത്വത്തിന് വിധേയരായ ജനങ്ങളുടെ സംഘടിത പോരാട്ടത്തിന്റെ വിജയമാണ് നാടാർ വിഭാഗത്തിലുള്ള എല്ലാവർക്കും കേരള സർക്കാർ 2021 ഫെബ്രുവരി മൂന്നിന് നടത്തിയ പ്രഖ്യാപനം. മതപ രിഗണന കൂടാതെ നാടാർ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഒരുപോലെ സംവ രണം നല്കുവാനുള്ള തീരുമാനം ചരിത്രത്തിൽ നിലനിന്നിരുന്ന ഒരു അനീതിയുടെ അന്ത്യം കുറിച്ചു. നാടാർ സംവരണം എല്ലാ നാടാർക്കും നൽകിയതുവഴി 5 ലക്ഷം ജനങ്ങൾക്കാണ് പുതുതായി ആനുകൂല്യങ്ങൾ ലഭിക്കുക. 1957 മുതൽ സംവ രണാനുകൂല്യം നഷ്ടപ്പെട്ടു. കേരളത്തിൽ കഴിഞ്ഞിരുന്ന 45 ൽ പരം ക്രൈസ്തവസഭാ വിഭാഗങ്ങൾക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കുന്നത്. കേരളപ്പിറവിക്കു ശേഷം 58 വർഷക്കാലം നിലനിന്നിരുന്ന ഒരു സാമൂഹിക അസമത്വമാണ് ഇതു മൂലം മാറ്റപ്പെടുന്നത്. മലങ്കര കത്തോലിക്കാസഭ നടത്തിയ വലിയൊരു സഹനസമരത്തിന്റെ വിജയമാണിത്. സഭയെ നയിക്കുന്ന അഭിവന്ദ്യകർദ്ദിനാൾ ബസ്സേലിയോസ് ക്ലീമീസ് ബാവ നടത്തിയ ത്യാഗസമർപ്പണത്തിന്റെ ചരിത്രസാക്ഷ്യമാണിത്. ജനം എന്നും ഓർക്കുന്ന സംഭവം.

**4. എല്ലാ വിഭാഗങ്ങൾക്കും സാമ്പത്തിക സുരക്ഷ**

വേദനിക്കുന്ന എല്ലാ ജനങ്ങൾക്കും സാമ്പത്തിക സുരക്ഷയും, സന്തോഷകരമായ ഒരു ജീവിതവും ഉറപ്പുവരുത്തുക ഒരു സർക്കാരിന്റെ കടമയാണ്. മാവേലി നാടുവാണീടും കാലം മാനുഷ്യരെല്ലാരും ഒന്നു പോലെ എന്നു നൂറ്റാണ്ടുകൾക്ക് മുമ്പ് പാടി സന്തോഷിച്ച നാടാണിത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്വന്തം ഛായയിലും, രൂപത്തിലും ആണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. എല്ലാ മനുഷ്യരും ദൈവത്തിന്റെ രൂപമുള്ള ദൈവമക്കളാണ്. സ്ത്രീയും, പുരുഷനും ഒരു പോലെ ദൈവമഹത്വത്തിന്റെ അടയാളങ്ങളാണ്. അവരെ ജാതിയുടേയും മതത്തിന്റെയും, വർഗ്ഗത്തിന്റെയും, ലിംഗ വ്യത്യാസത്തിന്റെയും പേരിൽ വേർതിരിച്ചുകാണുന്ന വ്യവസ്ഥിതി തച്ചുടയ്ക്കപ്പെടണം. യേശു പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ അടയാളം ദൈവം മനുഷ്യന്റെ പിതാവും, മനുഷരെല്ലാം സഹോദരീ സഹോദരന്മാരായി ജീവിക്കുന്ന ഒരു രാഷ്ട്രമാണ്. അവിടെ വിദ്വേഷവും, ഭീകരതയും തിന്മയും ഉണ്ടാവില്ല. നാം എല്ലാവരും സഹോദരർ എന്നുള്ള ചിന്തയിൽ ഒന്നിച്ചുവസിക്കുന്ന ഒരു പുണ്യ ഭൂമിയാകണം ഈ കേരളം. ഈ ഭാരതം. ആരു നാടു ഭരിക്കുന്നു എന്നുള്ളത് പ്രസക്തമായ കാര്യമല്ല. അവർ ജനത്തെയും അവരുടെ ആവശ്യത്തെയും എങ്ങിനെ നോക്കിക്കണ്ടു എന്നുള്ളതാണ് പ്രസക്തമായകാര്യം. രാജ്യത്തെ എല്ലാ ജനങ്ങൾക്കും, സ്വാതന്ത്ര്യവും, സാഹോദര്യവും, സമത്വവും ഉറപ്പാക്കുന്ന ഒരു ഭരണക്രമമാണ് ജനാധിപത്യം. എല്ലാ ജനങ്ങൾക്കും തുല്യ നീതി ഉറപ്പാക്കുന്ന ഭരണക്രമം ഉണ്ടാകണം. ശുദ്ധമായ മാനവികത ഉയർപ്പിടിക്കുന്ന പ്രസ്ഥാനങ്ങൾക്കേ എല്ലാ വിഭാഗം ജനങ്ങളുടെയും സാമ്പത്തിക സുരക്ഷിതത്വം, സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയൂ. കേരളം ഒരു പുതിയ ഒരു ഭരണം കൂടത്തെ തിരഞ്ഞെടുക്കാൻ തയ്യാറെടുക്കുന്ന ഈ സന്ദർഭത്തിൽ, കക്ഷിരാഷ്ട്രീയത്തിനും, ഇഷ്ടാനിഷ്ടാനങ്ങൾക്കും ഉപരിയായി വസ്തുനിഷ്ഠമായി എല്ലാവർക്കും നന്മകൾ ഉറപ്പുവരുത്തുവാൻ കഴിയുന്ന ജനപ്രതിനിധികളെ തിരഞ്ഞെടുക്കണം. അങ്ങിനെ സംഭവിച്ചാൽ നമുക്കു നല്ല ഒരു കേരളം പടുത്തുയർത്താൻ സാധിക്കും.

**വികസനത്തിന്റെ പുത്തൻ കാഴ്ചകൾ**

കേരളം അതിമനോഹരമായ ഒരു ഭൂപ്രദേശമാണ്. പ്രകൃതി വിഭവങ്ങളും, ജലസമ്പത്തും, കടലോരങ്ങളും, മലനാടും, ഇടനാടും കലർന്ന നല്ലൊരു സംസ്ഥാനം. വിദ്യാസമ്പന്നരും പ്രബുദ്ധരും സമാധാന പ്രിയരുമായ ഒരു ജനവിഭാഗവും മതങ്ങളും വൈവിദ്ധ്യങ്ങളും തിങ്ങി നിറഞ്ഞ നാട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സ്ഥാനം ഉറപ്പിച്ച മലയാളികൾ! വികസനത്തിൽ, മതം നോക്കാതെ രാഷ്ട്രീയം നോക്കാതെ നന്മചെയ്യുന്ന എല്ലാ പ്രസ്ഥാനങ്ങളെയും രാജ്യസ്നേഹികളായിക്കണ്ട് സ്വാഗതം ചെയ്യുന്ന പിൻതുണയ്ക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കണം. സങ്കീർണ്ണതകളിലൂടെ കടന്നു പോകുന്ന കാർഷികമേഖല


www.malankaralibrary.com

**എല്ലാ മനുഷ്യരും ദൈവത്തിന്റെ രൂപമുള്ള ദൈവമക്കളാണ്. സ്ത്രീയും, പുരുഷനും ഒരു പോലെ ദൈവമഹത്വത്തിന്റെ അടയാളങ്ങളാണ്. അവരെ ജാതിയുടേയും മതത്തിന്റെയും, വർഗ്ഗത്തിന്റെയും, ലിംഗ വ്യത്യാസത്തിന്റെയും പേരിൽ വേർതിരിച്ചുകാണുന്ന വ്യവസ്ഥിതി തച്ചുടയ്ക്ക പ്പെടണം. യേശു പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ അടയാളം ദൈവം മനുഷ്യന്റെ പിതാവും, മനുഷരെല്ലാം സഹോദരീ സഹോദരന്മാരായി ജീവിക്കുന്ന ഒരു രാഷ്ട്രമാണ്. അവിടെ വിദ്വേഷവും, ഭീകരതയും തിന്മയും ഉണ്ടാവില്ല. നാം എല്ലാ വരും സഹോദരർ എന്നുള്ള ചിന്തയിൽ ഒന്നിച്ചുവസിക്കുന്ന ഒരു പുണ്യ ഭൂമിയാകണം ഈ കേരളം.**

ശക്തിപ്പെടണം. അടിസ്ഥാനപ ശ്ചാത്തല സൗകര്യങ്ങൾ വിപുലപ്പെടുത്തണം, സംരംഭകത്വം, വ്യവസായം എന്നിവ വളർത്തിയെടുക്കണം, ആധുനിക സാങ്കേതിക വിദ്യയും, ഗുണമേന്മയുള്ള വിദ്യാഭ്യാസവും, ആരോഗ്യപരിരക്ഷയും, സാമൂഹിക ക്ഷേമവും, സുരക്ഷിതത്വവും ഉറപ്പാക്കപ്പെടണം. കേരളത്തിന്റെ 650 ൽ പരം കിലോമീറ്റർ ദൂരത്തിൽ കിടക്കുന്ന കടലോരത്തിന്റെ വികസനം ഉറപ്പുവരുത്തണം. ടൂറിസം, പരിസ്ഥിതി എന്നിവ പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തെ ഉന്നവിദ്യാഭ്യാസത്തിന്റെയും ടൂറിസത്തിന്റെയും ഒരു നല്ല ഹബ്ബാക്കി മാറ്റാൻ സാധിച്ചാൽ ദൈവത്തിന്റെ സ്വന്തമായ ഈ നാട് ലോകത്തിന്റെ മാതൃക യാകും. സാമ്പത്തിക സമത്വത്തിന്റെ സങ്കേതമായി മാറും.

**ഉപസംഹാരം**

കേരള സർക്കാരിന് ധാരാളം പരിമിതികളും വെല്ലുവിളികളിലും ഉണ്ടായിട്ടുണ്ട്. പക്ഷേ അതിനെ യെല്ലാം വലിയ പ്രയാസങ്ങൾ കൂടാതെ തരണം ചെയ്യാൻ സാധിച്ചു. ഈ സർക്കാർ പാവങ്ങൾക്ക് നൽകിയ രണ്ട് ചരിത്ര സംഭവങ്ങളാണ് സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരുടെയും, നാടാർ സമൂഹത്തിന്റെയും സംവരണം. ജനം ഇതു കണ്ട് സന്തോഷിക്കട്ടെ, സംതൃപ്തരാകട്ടെ എന്ന് ആശംസിക്കുന്നു.



# വിവേചനമില്ലാത്ത നീതി : മലങ്കര കത്തോലിക്കാ സഭ രചിച്ച നവോത്ഥാനഗാഥ



ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്

ചരിത്രത്തിന്റെ ഗതിവിഗതികളിൽ പിന്നാക്കം പോയ സമുദായങ്ങളെ പ്രത്യേക പരിരക്ഷ നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന് എല്ലാവിഭാഗം ജനസമൂഹങ്ങളുടേയും സമഗ്രമായ പുരോഗതി ഉറപ്പാക്കുന്നതിനായി സ്വതന്ത്ര ഭാരത ഭരണഘടനാ ശില്പികൾ എഴുതി ച്ചേർത്ത സംവരണനിയമങ്ങളിൽ മതത്തിന്റേയോ വിശ്വാസങ്ങളുടേയോ പേരിൽ വിവേചനം പാടില്ലായെന്ന് അടിവരയിട്ടു പറയുന്നത്. എന്നാൽ പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു എന്ന ഒറ്റകാരണത്താൽ പൊതുസമൂഹത്തിന്റെ പ്രത്യേക പരിരക്ഷയ്ക്ക് അർഹതയില്ല എന്നവിധമുള്ള നിയമഭേദഗതികൾ സാമൂഹികമായ അസ മത്വവും അനീതിയും സൃഷ്ടിക്കുന്നു. നാളിതുവരെ നാടാർ സമുദായ ത്തിൽ നിലനിന്നിരുന്ന സംവരണക്രമം സാമൂഹിക നീതിയുടെ നഗ്നമായ ലംഘനമായിരുന്നു. സംവരണ പരിരക്ഷയിലെ അസമത്വം സൃഷ്ടിക്ക പ്പെട്ട അനീതിക്ക് വിധേയമായ നാടാർ സമുദായത്തിലെ ഒരു വിഭാഗം ജനതയുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിലെ നാഴികക്കല്ലായിരുന്നു കേരള സർക്കാർ 2021 ഫെബ്രുവരി 3 ബുധനാഴ്ച നടത്തിയ പ്രഖ്യാപനം: മതപരിഗണനകൂടാതെ നാടാർ സമുദായത്തിലെ എല്ലാവർക്കും സംവര ണാനുകൂല്യ പരിരക്ഷ. കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ ഒരു പ്രാദേശിക വിഷയമായി മാത്രം ചുരുങ്ങിപ്പോകാവുന്ന സാമൂഹിക നീതിയുടെ ഈ വിഷയം പൊതുജനസമക്ഷം എത്തിക്കുന്നതിലും സാമൂ ഹികമായ അനീതിക്കു പാത്രമായ ഈ ജനതയ്ക്ക് വിഭാഗീയ ചിന്തക്കൂ ടാതെ കാലവിളംബരമെന്യേ നീതി ഉറപ്പാക്കുന്നതിലും മലങ്കര സുറിയാനി കത്തോലിക്കാ സഭ വഹിച്ച പങ്ക് വിവരണാധീതമാണ്.



www.malankaralibrary.com

**നാടാർ സമുദായം – ചരിത്രത്തിലൂടെ**

സുദീർഘമായ ചരിത്രമാണ് നാടാർ സമുദായത്തിനുള്ളത്. ബി. സി. 8000 ആണ്ടിൽ ജീവിച്ചിരുന്ന അഗസ്ത്യമുനിയുടെ ശിഷ്യഗണങ്ങളുടെ പിൻതലമുറക്കാരായ നാടാർ സമുദായാംഗങ്ങൾ അദ്ദേഹം കൈമാറിയ മർമ്മശാസ്ത്രങ്ങളും, പ്രകൃതിജന്യ ചികിത്സാരീതികളുമടങ്ങിയ താളിയോല ഗ്രന്ഥങ്ങൾ അമൂല്യ നിധിപോലെ സൂക്ഷിക്കുകയും ഇത്തരം നാടൻ ചികിത്സാരീതികൾ അഭംഗുരം തുടരുകയും ചെയ്തു വന്നിരുന്നു. മർമ്മവിദ്യയിലും പ്രകൃതി-ആയുർവേദ ചികിത്സകളിലും ഈ സമുദായത്തിലെ പിൻതലമുറക്കാർ ഇന്നും അഗ്രഗണ്യരാണ്. സമുദായംഗങ്ങൾ വ്യത്യസ്തമായ കുലതൊഴിലുകൾ അഭ്യസിച്ചിരുന്നതുകൊണ്ട് നാടാർ സമുദായത്തിൽതന്നെ വിവിധ ഉപവിഭാഗങ്ങളുമുണ്ട്.

മുൻകാല ചരിത്രഗ്രന്ഥങ്ങളിൽ ചാന്റോർ (മാന്യർ എന്നർത്ഥം) എന്ന് പരാമർശിച്ചിരുന്നവരാണ് പിൽക്കാലത്ത് നാടാർ സമുദായം അല്ലെങ്കിൽ ആയ്കുലം എന്നറിപ്പെടുന്നത്. ചേര, ചോള, പാണ്ഡ്യ രാജാക്കന്മാർ ആയ്കുല വംശജരാണെന്ന് സംഘകാല കൃതികൾ സാക്ഷിക്കുന്നു. നാട് ഭരിച്ചിരുന്നവർ (നാട് ആണ്ടവർ) എന്ന അർത്ഥത്തിലാണ് ഇവർ നാടാർ എന്ന് അറിയപ്പെടുന്നത്. അന്നത്തെ കേരള-തമിഴക സാമൂഹിക ക്രമത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്ന, പ്രത്യേകിച്ച് ഭരണനേതൃത്വം വഹിച്ചിരുന്ന ഈ സമൂഹം എ.ഡി. 10, 11 നൂറ്റാണ്ടുകളിലെ സംഭവവികാസങ്ങളോടെ മാറിമറിഞ്ഞ സാമൂഹിക ക്രമത്തിൽ പിന്നാക്കം പോയി എന്നത് ചരിത്ര സത്യമാണ്. തെക്കേ ഇൻഡ്യയിൽ ചാതുർവർണ്യം രൂപപ്പെടുത്തിയ പുതിയ സാമൂഹിക ക്രമത്തിൽ മറ്റു സമുദായങ്ങൾ ഭരണത്തിൽ പ്രാമുഖ്യമുള്ളവരായി മാറിയപ്പോൾ നാടാർ സമുദായാംഗങ്ങൾ പ്രത്യേകിച്ച് നെയ്യാറിന്റെ ഇരുകരകളിലായി താമസിച്ചിരുന്നവർ സാമൂഹിക അവഗണന മൂലം പിന്നാക്കമായി. (അവലംബം, കെ.ജി.എം. രാജ്, നാടാർ ചരിത്രം, കാഞ്ഞിരംകുളം, 2017).

**പിന്നാക്ക ക്രൈസ്തവരോടുള്ള സമൂഹിക വിവേചനം**

സ്വതന്ത്ര ഭാരതത്തിലെ ജാതിവ്യവസ്ഥയുടെ വ്യാഖ്യാനത്തിൽ ദളിത് സമൂഹത്തിൽ നിന്ന് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവരെ വേർതിരിച്ചു കാണുന്ന ഒരു സാമൂഹിക ക്രമം നിയമംമൂലം സ്ഥാപിക്കുകയും അതുമൂലം പിന്നാക്ക വിഭാഗങ്ങൾക്കുള്ള ആനുകൂല്യം അവർക്ക് നിഷേധിക്കപ്പെടുകയും ചെയ്തു. പിന്നാക്ക വിഭാഗത്തിലെ ജനസമൂഹങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ നിലവാരത്തെ കുറിച്ച് പഠിച്ച് ശുപാർശകൾ നൽകാൻ നിയോഗിച്ച വിവിധ പഠന കമ്മിഷനുകൾ പിന്നാക്ക വിഭാഗത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചുവരുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പഠനങ്ങളെ വേണ്ട രീതിയിൽ ഗൗരവത്തിലെടുക്കാൻ സർക്കാരുകൾ തയ്യാറായില്ല എന്നതാണ് ദൗർഭാഗ്യം.

പിന്നാക്ക വിഭാഗമായ നാടാർ സമുദായാംഗങ്ങൾക്ക് പ്രത്യേക സാമൂഹിക പരിരക്ഷ നൽകി വന്നിരുന്നത് മതത്തിന്റേയോ വിശ്വാസത്തിന്റേയോ പേരിൽ വിവേചനം ഇല്ലാതെയായിരുന്നു. സ്വാതന്ത്ര്യാനന്തരം 1949-ൽ തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടപ്പോൾ ഭരണഘടനാനുസൃതമായി സർക്കാർ നിയോഗിച്ച കമ്മീഷൻ പഠനം നടത്തി പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് (നാടാർ, ഈഴവ, വിശ്വകർമ്മ മുതലായവ) ക്രിസ്തുമതം സ്വീകരിച്ച എല്ലാവരേയും പിന്നാക്ക വിഭാഗമായി അംഗീകരിച്ച് സംവരണാവകാശം നൽകിയിരുന്നു. എന്നാൽ കേരളപ്പിറവിക്കുശേഷം രൂപീകൃതമായ ആദ്യ സർക്കാർ 1957 ഡിസംബർ 14-ലെ ഒരു അസാധാരണ ഉത്തരവിലൂടെ നാടാർ സമുദായത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരേയും ഈ പിന്നാക്ക പട്ടികയിൽ നിന്ന് പുത്താക്കി. അക്കാരണത്താൽ മലങ്കര കത്തോലിക്കരുൾപ്പെടെ 45-ൽപരം സഭകളിലെ നാടാർ സമുദായാംഗങ്ങൾക്ക് സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്ന സംവരണാനുകൂല്യം നിഷേധിക്കപ്പെട്ടു.

**നാടാർ സംവരണത്തിലെ അസമത്വം**

നാടാർ സമുദായത്തിലെ സംവരണാനുകൂല്യം നഷ്ടപ്പെട്ടുപോയ ക്രൈസ്തവ വിഭാഗങ്ങൾക്ക് സംവരണ പരിരക്ഷ അനിവാര്യമാണെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ സമുദായത്തിലെ എല്ലാ വിഭാഗം ക്രൈസ്തവ വിശ്വാസികളേയും സംവരണ പട്ടികയിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചെങ്കിലും അത് ഭാഗികമായി മാത്രമേ പുനഃസ്ഥാപിക്കപ്പെട്ടിട്ടുള്ളൂ. സമുദായങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ അവസ്ഥയെക്കുറിച്ച് ഓരോ പത്തു കൊല്ലം കൂടുമ്പോഴും പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ സംവരണ പരിരക്ഷതത്വം പുനഃക്രമീകരിക്കണമെന്ന് ഭരണഘടന അനുശാസിക്കുമ്പോഴും 1956-നുശേഷം ഇന്നേവരെ അങ്ങനെയൊരു പഠനം ഇവിടെ നടന്നിട്ടില്ല എന്നത് വിരോധാഭാസമാണ്. നീതിക്കു

വേണ്ടിയുള്ള നാടാർ സമുദായത്തിന്റെ നിലവിളിക്കുനേരെ ഭരണകൂടങ്ങൾ ചെവിയടച്ചു. യുക്തിക്കു നിരക്കാത്ത രാഷ്ട്രീയ-സാമുദായിക സമ്മർദങ്ങൾക്ക് വഴങ്ങി ജനാധിപത്യപരമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ വീഴ്ചവരുത്തിയിരുന്നത് ചരിത്രമാണ്.

മതപരമായ വിവേചനം ഭരണഘടനാ വിരുദ്ധമായിരിക്കെ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം ഉണ്ടാക്കുന്നത് ഒരിക്കലും ന്യായീകരിക്കാനാവാത്ത സാമൂഹിക തിന്മയാണ്. നാടാർ വിഭാഗത്തിലെ ലത്തീൻ, എസ്.ഐ.യു.സി. ഒഴികെയുള്ള ക്രൈസ്തവരെ ഭരണഘടന ഉറപ്പു നൽകുന്ന സംവരണ പരിരക്ഷയിൽ നിന്ന് ഒഴിവാക്കിയത് കടുത്ത മനുഷ്യാവകാശ ലംഘനമാണ്. അനീതിപരമായ ഈ സാമൂഹിക വ്യവസ്ഥിതി മൂലമാണ് നാടാർ സമുദായത്തിലെ മലങ്കര കത്തോലിക്കാ സഭാംഗങ്ങളായ വിശ്വാസികൾക്ക് അർഹമായ പഠന സാധ്യതകളും സ്കോളർഷിപ്പുകളും ജോലി സാധ്യതകളും പൊതുസമൂഹം നിഷേധിച്ചിരുന്നത്. ഈ സാമൂഹിക അസമത്വത്തിനെതിരെയും അർഹമായ സാമൂഹിക നീതി ഉറപ്പാക്കാനുമായിട്ടാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ പതിറ്റാണ്ടുകളായി സമര മുഖത്ത് ആയിരുന്നത്.

**മലങ്കര സുറിയാനി കത്തോലിക്കാ സഭയും നാടാർ സമുദായം**

1930 സെപ്തംബർ 20-ലെ പുനരൈക്യത്തോടെ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവ് ആരംഭിച്ച പ്രേഷിത ശുശ്രൂഷ തിരുവനന്തപുരം കേന്ദ്രമാക്കി 1932 ജൂൺ 12-ന് മലങ്കര ഹയരാർക്കി സ്ഥാപിച്ചുകൊണ്ട് മുന്നേറുകയായിരുന്നു. തെക്കൻതിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് നാടാർ സമുദായാംഗങ്ങൾ തിങ്ങിപാർത്തിരുന്ന ഇടങ്ങളിൽ സുവിശേഷ ദീപവുമായി കടന്നു ചെന്ന ബഹു. വൈദികരും സന്യസ്തരും നൽകിയ ശുശ്രൂഷ വലുതായിരുന്നു. മാർത്താണ്ഡം, പാറശ്ശാല ഭദ്രാസനങ്ങളിലും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലുമാണ് നാടാർ സമുദായംഗങ്ങളായ മലങ്കര കത്തോലിക്കാ വിശ്വാസികൾ തിങ്ങിപ്പാർക്കുന്നത്. സാർവത്രിക സഭയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തുന്ന സജീവമായ പ്രേഷിതശുശ്രൂഷയുടെ ദൃശ്യമായ അടയാളമാണ് ഈ കൂട്ടായ്മകൾ. മാർ ഈവാനിയോസ് പിതാവിന്റെ ആശീർവാദത്തോടെ മോൺ. കുഴിഞ്ഞാലിലച്ചൻ ആരംഭിച്ച മേരിമക്കൾ സന്യാസിനീ സമൂഹം ഈ പ്രദേശത്തു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ വിശിഷ്യാ നാടാർ സമുദായാംഗങ്ങളുടെ സമുദ്ധാരണത്തിനായി ഏറ്റെടുത്തിരിക്കുന്ന സംരംഭങ്ങൾ വളരെ വലുതാണ്. വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചും തൊഴിൽ സാധ്യതകൾ കണ്ടെത്തി ഉപജീവന മാർഗങ്ങൾ നൽകിയും ഒരു സമൂഹത്തെ സാമൂഹികമായും സാമ്പത്തികമായും പുരോഗതിയിലേയ്ക്ക് നയിക്കാൻ ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന വൈദികരോട് ചേർന്ന് ഈ മിഷണറിമാർ പരിശ്രമിച്ചതുകൊണ്ടാണ് അഭ്യസ്തവിദ്യരായ അനേകം യുവജനങ്ങൾ ഈ കുടുംബങ്ങളിൽ ഇന്ന് ഉള്ളത്. ആത്മീയ ഉണർവ്വിനോടൊപ്പം സാമൂഹികവും സാംസ്കാരികവുമായ ഉയർച്ചയും സാധ്യമായത് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ പ്രദേശങ്ങളിൽ നടത്തിയ പ്രേഷിത ശുശ്രൂഷമൂലമാണ്.

ദീർഘകാലം അനന്തപുരിയുടെ ആത്മീയ തേജസ്സായി ശോഭിച്ച ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ വിവിധ പ്രദേശങ്ങളിൽ മിഷൻകൂട്ടായ്മകളും ഇടവക സമൂഹങ്ങളും രൂപീകരിച്ചുകൊണ്ട് ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിച്ചു. തുടർന്ന്, പ്രഥമ കാതോലിക്കാ ബാവായായിരുന്ന ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് തിരുമേനി ഗുണമേന്മയുള്ള വിദ്യാഭ്യാസ സാധ്യതകൾ ഉറപ്പാക്കാനായി അനേകം ഇംഗ്ലീഷ് മീഡിയം സ്കൂളുകളും അൺഎയ്ഡഡ് സ്ഥാപനങ്ങളും ഈ പ്രദേശത്ത് ആരംഭിച്ചു. അതിലൂടെ ഈ ജനതയുടെ സമഗ്രമായ പുരോഗതിക്കായി മലങ്കര കത്തോലിക്കാസഭ ചെയ്തുവന്നിരുന്ന പ്രവർത്തനങ്ങൾക്ക് സംഘാതവും വ്യവസ്ഥാപിതവുമായ മുന്നേറ്റം കൈവന്നു.

പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ ആരംഭിച്ച ഈ സാമൂഹിക വിപ്ലവത്തിന് ഊർജ്ജസ്വലമായ ഉണർവ് പ്രധാനം ചെയ്തുകൊണ്ടാണ് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തന്റെ ശ്ലൈഹികശുശ്രൂഷാ അനന്തപുരിയിൽ ആരംഭിച്ചത്. ഈ പ്രദേശത്തെ ദൈവാലയങ്ങളെ ശക്തിപ്പെടുത്തിയും പുതിയ ഒരു കോളേജ് (മദർ തെരേസാ കോളേജ്, നെല്ലിക്കാട്) സ്ഥാപിച്ചുകൊണ്ടും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത ശുശ്രൂഷകളെ ബാവാ തിരുമേനി ബലപ്പെടുത്തി. ഈ ശുശ്രൂഷകൾക്ക് നൈയാമികമായ അടിസ്ഥാനം നൽകിക്കൊണ്ടാണ് അത്യഭിവന്ദ്യ ക്ലീമീസ് കാതോലിക്കാ ബാവാതിരുമേനി 2017-ൽ പാറശ്ശാല ഭദ്രാസനം സ്ഥാപിച്ചത്. ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോ


www.malankaralibrary.com

ലീത്താ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവിന്റെ നേതൃത്വത്തിൽ ഈ ഭദ്രാസന പ്രദേശത്തെ സമഗ്രവളർച്ചയ്ക്കായി എയ്ഡഡ് സ്കൂളുകളും എയ്ഡഡ് കോളേജുകളും സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസ-തൊഴിൽ സാധ്യതകൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഏക ദേശം 90 വർഷത്തെ കാര്യക്ഷമ മായ പ്രേഷിത ശുശ്രൂഷയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ നാടാർ സമുദായത്തിലെ മല ങ്കര മക്കളെ പുരോഗതിയിലേയ്കും ജീവിതത്തിന്റെ ഔന്നത്യത്തി ലേയ്ക്കും കൈപിടിച്ചുയർത്തിയ തിന് മകുടം ചാർത്തിക്കൊണ്ടാണ് ഇപ്പോൾ സംവരണാനുകൂല്യം നേടിയെടുത്തിരിക്കുന്നത്.

**നീതിക്കുവേണ്ടിയുള്ള സമരത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ**

മതപരിഗണന കൂടാതെ സംവ രണാനുകൂല്യം നാടാർ സമുദാ യത്തിലെ മുഴുവൻപേർക്കും ലഭ്യമാക്കാനായി ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഭാരതത്തിന്റെ പ്രധാന മന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാ ഗാന്ധിയോടും കേരള മുഖ്യമന്ത്രി യായിരുന്ന ശ്രീ. കെ. കരുണാകര നോടും ആവശ്യപ്പെട്ടതിന്റെ ഫലമാ യിട്ടാണ് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഹിന്ദു നാടാർ, ക്രിസ്ത്യൻ നാടാർ എന്നീ രണ്ടു വിഭാഗങ്ങളായി എല്ലാ നാടാർക്കും സംവരണം ഏർപ്പെടു ത്തുവാൻ നടപടികൾ ആരംഭിച്ചത്. എന്നാൽ അന്ന് നാടാർ സമുദായ ത്തിലെ എല്ലാ ക്രൈസ്തവർക്കും ഒരുപോലെ നീതി ലഭ്യമായില്ല.

സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവാ സംവര ണത്തിനുവേണ്ടിയുള്ള പരിശ്രമ ങ്ങൾക്ക് സംഘാതമായ മുന്നേറ്റം നടത്താനായി മലങ്കര കാത്തലിക് അസോസിയേഷന്റെ പ്രതിനിധി കളെയും ഇടവക പ്രതിനിധിക ളെയും ഉൾപ്പെടുത്തി ഈ വിഷയം ഗൗരവത്തിൽ പഠിക്കുകയും ഒരു പൊതുബോധവത്ക്കരണം ഉണ്ടാ ക്കാനായി ഇടവക കേന്ദ്രീകൃതമായ വിവിധ പരിപാടികൾ ആവിഷ്ക്കരി ക്കുകയും ചെയ്തു. വിവിധ നാടാർ സംഘടനകളുമായി ചേർന്ന് കേന്ദ്ര സർക്കാരിനും, കേന്ദ്ര പിന്നാക്കവി ഭാഗ കമ്മീഷനും നാടാർ സമുദായ ത്തിലെ സാമൂഹിക അസംതുലിതാ വസ്ഥ പരിഹരിക്കാനുള്ള നടപടി കൾ സ്വീകരിക്കണമെന്ന് ആവശ്യ പ്പെട്ടുകൊണ്ടുള്ള പരാതികൾ സഭ ഔദ്യോഗികമായി നൽകി. അനന്തരഫലമായി നാടാർ സമു ദായം ഒന്നാകെ പിന്നാക്കമാണെന്ന് ഭാരതസർക്കാർ പ്രഖ്യാപിക്കു കയും 2000 ഏപ്രിൽ 4-ന് ദേശീയ തലത്തിൽ നാടാർ സംവരണം പ്രാബല്യത്തിലാക്കുകയും ചെയ്തു. എന്നാൽ നാടാർ സമു ദായാംഗങ്ങളെ പിന്നാക്ക പട്ടിക യിൽപ്പെടുത്താൻ കേരള സർക്കാർ തയ്യാറായില്ല. അസമത്വമുളവാ ക്കുന്ന ഈ സംവരണക്രമം സംജാതമാക്കിയ പുതിയ ക്രമ ത്തിൽ കേരളത്തിലെ ബഹുഭൂരി പക്ഷം ക്രിസ്ത്യൻ നാടാർ സമു ദാംഗങ്ങളും കേന്ദ്രസർക്കാരിന്റെ സ്ഥാപനങ്ങളിൽ ജോലിക്ക് അപേ ക്ഷിക്കുമ്പോൾ പിന്നാക്കക്കാരും സംസ്ഥാന സർക്കാരിന്റെ സ്ഥാപന ങ്ങളിൽ മുന്നോക്കക്കാരുമാണ്.

**യുക്തിക്കു നിരക്കാത്ത സംവര ണക്രമം**

നാടാർ സമുദായത്തിൽ ഹിന്ദു ക്കൾക്കും, എസ്.ഐ.യു. സി., ലത്തീൻ വിഭാഗക്കാരായ ക്രൈസ്തവർക്കും സംവരണാ നുകൂല്യത്തിന്റെ പരിരക്ഷ കിട്ടു മ്പോൾ, മറ്റു ക്രൈസ്തവ വിഭാഗ ങ്ങൾക്ക് സമുദായക്രമപട്ടികയിൽ പേരുപോലും ചേർക്കാൻ പറ്റാത്ത സാമൂഹിക അനീതിയാണ് പതി റ്റാണ്ടുകളായി നിലനിന്നിരുന്നത്. 4% സംവരണ പരിരക്ഷ അനുഭവി ക്കുന്ന ലത്തീൻ കത്തോലിക്കാ സഭാംഗവും, 1% സംവരണം അനു ഭവിക്കുന്ന ഹിന്ദു വിശ്വാസിയും 1% പ്രത്യേക സംവരണം അനുഭവിക്കുന്ന എസ്.ഐ.യു.സി. യിലുൾപ്പെടുന്ന സി.എസ്.ഐ. സഭാംഗവും ഒരേ കുടുംബത്തിലെ അംഗങ്ങൾതന്നെയാണ്. എന്നാൽ മലങ്കര കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു എന്ന ഒറ്റ കാരണ ത്താൽ സർക്കാരിന്റെ സമുദായിക പട്ടികയിൽപ്പോലും ഉൾപ്പെടാത്ത അതേകുടുംബത്തിലെ മക്കൾക്ക് സ്കൂൾ-കോളേജിൽ ചേരുമ്പോഴും സർക്കാർ ജോലിക്കു അപേക്ഷി ക്കുമ്പോഴും സർക്കാർ സമുദായ ലിസ്റ്റിൽ പേരുചേർക്കാൻ പോലും സാധ്യമല്ലായിരുന്നു. സാമൂഹിക വ്യക്തിത്വംപോലും ചോദ്യം ചെയ്യുന്ന അവസ്ഥാവിശേഷമാണ് നിലനിന്നിരുന്നത്.

**സഭാത്മക പ്രതിസന്ധി**

വിശ്വാസത്തിന്റെ പേരിലുള്ള വിവേചനമൂലം സംവരണാനു കൂല്യം നഷ്ടപ്പെട്ട ഒരു ജനത കഴിഞ്ഞ കുറെ പതിറ്റാണ്ടുകളായി അനുഭവിച്ച സാമൂഹികവും സഭാ ത്മകവുമായ വെല്ലുവിളി ഏറെ യായിരുന്നു. മറ്റുള്ളവരെപ്പോലെ യോഗ്യതനേടിയിട്ടും പഠന-ജോലി സാധ്യതകൾ നിഷേധിക്കപ്പെട്ട ഈ സഭാംഗങ്ങളായ അനേകം യുവതീ -യുവാക്കന്മാർ കടന്നു പോയ വിശ്വാസ പ്രതിസന്ധി വാക്കുകൾക്കധീതമായിരുന്നു. അർഹമായ ആനുകൂല്യം നേടണ മെങ്കിൽ ഇതുവരെ മുറുകെപിടിച്ച വിശ്വാസം ഉപേക്ഷിക്കേണ്ട സാഹ ചര്യം പ്രലോഭനങ്ങളുടെ സമുദ്രം തീർക്കുകയായിരുന്നു. പ്രതിസന്ധി കളുടെ ഓളങ്ങളിൽ തളർന്നു പോയ വിശ്വാസികളുടെ എണ്ണം തുലോ തുച്ഛമായിരുന്നെങ്കിലും നാടാർ സംവരണ വിഷയം ഒരു


www.malankaralibrary.com

സഭയുടെ അസ്ഥിത്വത്തിന് വലിയ വെല്ലുവിളിയായിരുന്നു. വിവേചനത്തിന്റെ തീച്ചൂളയിലൂടെ കടന്ന പോയ മലങ്കര നാടാർ മക്കൾക്ക് സാമൂഹിക നേട്ടങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് സഹോദരീ സഭകളുയർത്തിയ പ്രലോഭനങ്ങളിലും ഈ വിശ്വാസം ഉപേക്ഷിക്കാതെ ഞങ്ങൾ മലങ്കര കത്തോലിക്കരാണെന്ന് ആത്മാഭിമാനത്തോടെ വിളിച്ചു പറഞ്ഞ ആയിരക്കണക്കിന് സഭാമക്കളുടെ രക്തം ചൊരിയാത്ത രക്തസാക്ഷിത്വം ഈ സംവരണ സമരത്തിനു പിന്നിലെ വിശ്വാസ സാക്ഷ്യമാണ്.

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആധുനിക നവോത്ഥാന വിപ്ലവം**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് മുതലുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പിതാക്കന്മാരുടെ കരുതലും പ്രത്യേക പ്രോത്സാഹനവും കിട്ടി വളർന്നു വന്ന ഒരു സമൂഹമാണ് നാടാർ സമുദായത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ. സംവരണത്തിന്റെ അനീതിപരമായ സാഹചര്യം സംജാതമായ അന്നുമുതൽ ഇക്കാര്യത്തിൽ പിതാക്കന്മാർ കാണിച്ച പ്രത്യേക ശ്രദ്ധയാണ് ഇന്ന് വിവേചനമില്ലാതെ എല്ലാവർക്കും നീതി ഉറപ്പാക്കാൻ ഇടയായത്. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഇടപെടൽ മൂലം നാടാർ സമുദായത്തിലെ ഒരു വിഭാഗം ക്രിസ്ത്യാനികൾക്ക് സംവരണ പരിരക്ഷ കിട്ടിയെങ്കിലും മലങ്കര കത്തോലിക്കാ മക്കൾക്ക് നീതി വിദൂരമായിരുന്നു. നീതി തേടിയുള്ള നാടാർ മലങ്കര മക്കളുടെ സമരത്തിന് സംഘാതമായ മുന്നേറ്റത്തിന് തുടക്കം കുറിച്ചത് അഭിവന്ദ്യ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനിയാണ്. മലങ്കര കാത്തലിക് അസോസിയേഷന്റെ (എം.സി.എ.) നേതൃത്വത്തിൽ ഈ പ്രദേശത്തെ മക്കളെ ഒരുമിച്ചു കൂട്ടി ഒരു സഭയായി നീതിതേടിയുള്ള മാർഗങ്ങൾ അന്വേഷിക്കുകയും അനീതിക്കെതിരെ സാമൂഹിക അവബോധം സൃഷ്ടിക്കാനുള്ള പ്രചരണ പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഇടവകകൾ തോറും സന്ദർശിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതോടൊപ്പം സമാനചിന്താഗതിക്കാരായ സമുദായാംഗങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് നീതിതേടിയുള്ള യാത്ര സംഘടിതമാക്കി. പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് ഈ വിഷയം കൊണ്ടുവരാനുമായി ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് പിതാവ് 2000-ാമാണ്ടിൽ അരലക്ഷത്തോളം ആളുകളെകൂട്ടി ഒരു സമ്മേളനം കാട്ടാക്കടയിൽ വിളിച്ചു കൂട്ടി. 2003 ജൂലൈ മാസം മലങ്കര കത്തോലിക്കാ പിന്നാക്ക വിഭാഗസമുദ്ധാരണ പ്രസ്ഥാനം എന്ന നിലയിൽ സംഘടനാപരമായ മുന്നേറ്റം ആരംഭിക്കുകയും നീതിന്യായ കോടതിയെ സമീപിച്ച് നീതി നേടാനുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. നാടാർ സമുദായത്തിലെ ഒരു വിഭാഗത്തിനു നഷ്ടപ്പെട്ട സംവരണാവകാശം ലഭ്യമാക്കാനായി ആദ്യമായി കോടതിയെ സമീപിച്ചത് മലങ്കര കത്തോലിക്കാ സഭയാണ്.

2001 മുതലുള്ള മന്ത്രിസഭയുടെ കാലത്ത് നിയമസഭയിലെ 120 എം.എൽ.എ.മാരെയും 20 മന്ത്രിമാരെയും പ്രത്യേകം പ്രത്യേകം കണ്ട് നാടാർ സംവരണാവശ്യം ഉന്നയിച്ചു, പരാതികൾ നല്കി. ശ്രീ ജോണി നെല്ലൂർ, ശ്രീ.പി.സി. ജോർജ്ജ്, എന്നീ എം.എൽ.എ.മാർ ഈ വിഷയം പഠിച്ച് നിയമസഭയിൽ എത്തിച്ചു. ശ്രീ.ജോണി നെല്ലൂർ പ്രത്യേക ശ്രദ്ധക്ഷണിക്കൽ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചു. ചോദ്യോത്തരവേളയിൽ ചോദ്യം ഉന്നയിച്ചു. എന്നിട്ടും വേണ്ടത്ര ഗൗരവത്തോടെ വിഷയത്തിൽ ഇടപെടാൻ സർക്കാർ പരിശ്രമിച്ചില്ല. യു.ഡി.എഫ്.ലേയും എൽ.ഡി.എഫ്.ലേയും പ്രമുഖ നേതാക്കളെ അഭിവന്ദ്യ സിറിൽ ബസേലിയോസ് പിതാവും സഭയിലെ അല്മായ നേതാക്കന്മാരും പലപ്രാവശ്യം കാണുകയും പരാതി നല്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

2007-ൽ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനായി തിരുവനന്തപുരത്ത് ചുമതല ഏറ്റെടുത്തപ്പോൾ മുതൽ സഭാമക്കൾ അനുഭവിക്കുന്ന ക്ലേശങ്ങളും പ്രതിസന്ധികളും നേരിട്ടു മനസിലാക്കുകയും സഭയുടെയും പൊതുസമൂഹത്തിന്റെയും അടിയന്തര ശ്രദ്ധ ആവശ്യമുള്ള പൊതുപ്രശ്നമായി നാടാർ സംവരണ വിഷയം അവതരിപ്പിക്കുകയും അതിനായി “മലങ്കര കാത്തലിക് നാടാർ മൂവ്മെന്റ്” സ്ഥാപിക്കുകയും ചെയ്തു. സഭയിലെ എല്ലാ പിതാക്കന്മാരേയും വൈദികരേയും സന്യസ്തരേയും വിശ്വാസിഗണത്തെയും അത്യഭിവന്ദ്യ കാതോലിക്കാബാവാ ഒരു കുടക്കീഴിൽ അണിനിരത്തി തിരുവനന്തപുരം രക്തസാക്ഷിമണ്ഡപത്തിൽ 2008 സെപ്തംബർ 22, 23 തീയതികളിൽ 24 മണിക്കൂർ ഉപവാസം അനുഷ്ഠിച്ചു. നീതി ഉറപ്പാക്കാനായി ദൈവത്തിന്റെ പ്രത്യേക ഇടപെടൽ യാചിച്ചുകൊണ്ട് ഉപവാസം നടന്നുകൊണ്ടിരുന്ന അതേസമയം പാളയം സെന്റ് മേരീസ് ബസിലിക്കായിൽ പരി. കുർബാന എഴുന്നള്ളിച്ച് വച്ച് ബഹു. വൈദികരുടേയും സിസ്റ്റേഴ്സിന്റെയും അല്മായരുടേയും നേതൃത്വത്തിൽ 26 മണിക്കൂർ ദിവ്യകാരുണ്യാരാധന നടത്തി. ഉപവാ



www.malankaralibrary.com

സം അവസാനിക്കുന്നതിനു മുൻപ് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ യുടെ നേതൃത്വത്തിൽ കേരളാ മുഖ്യമന്ത്രിക്ക് ഔദ്യോഗികമായി നിവേദനം നൽകുകയും ചെയ്തു.

പ്രതിഷേധ പരിപാടികൾ കൂടുതൽ ശക്തമാക്കിക്കൊണ്ട് നാടാർ സംവരണാനുകൂല്യം നിഷേധിക്കപ്പെട്ട എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിപ്പിച്ചു കൊണ്ട് 2009 സെപ്തംബർ 16-ന് തിരുവനന്തപുരം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും കിഴക്കേകോട്ട ഗാന്ധി പാർക്കിലേയ്ക്ക് കൂറ്റൻ പ്രകടനവും ഒരു പൊതുസമ്മേളനവും നടത്തി. അതേ വർഷം ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിൽ വില്ലേജാഫീസുകൾക്കു മുമ്പിലും നെയ്യാറ്റിൻകര ബസ്സ്റ്റാന്റിലും എം.സി.വൈ.എം. എം.സി.എ. എം.സി.എൻ.എം. എന്നിവയുടെ നേതൃത്വത്തിൽ ധർണ്ണകൾ സംഘടിപ്പിച്ചു. 2009 നവംബർ 22-ന് ബാലരാമപുരത്ത് പ്രവർത്തക കൺവെൻഷൻ വിളിച്ചു ചേർത്തു. സംവരണേതര നാടാർ സമുദായാംഗങ്ങളോട് കാട്ടിയ നീതി നിഷേധത്തിനെതിരെ 2009 നവംബർ 29 തിരുവനന്തപുരം മേജർ അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രതിഷേധ ദിനമായി ആചരിച്ചു. ഡിസംബർ 3-ന് നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണ പരിരക്ഷ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സഭാംഗങ്ങളായ ഒരു ലക്ഷംപേർ ഒപ്പിട്ട നിവേദനം അത്യഭിവന്ദ്യ കാതോലിക്കാ ബാവാ മുഖ്യമന്ത്രിക്ക് നൽകി. അധികാരികളുടെ കണ്ണു തുറപ്പിക്കാനായി 2010 ഫെബ്രുവരി 15-ന് മലങ്കര കത്തോലിക്കാ സഭയിലെ അമ്മമാരുടെയും കുട്ടികളുടെയും ധർണ്ണ സെക്രട്ടറിയേറ്റ് പടിക്കൽ സംഘടിപ്പിക്കുകയും ധീരമായ നടപടികൾ സ്വീകരിക്കാൻ ഭരണനേതൃത്വങ്ങളോട് സഭാതലവനായ കാതോലിക്കാ ബാവാ തിരുമേനി ആവശ്യപ്പെടുകയും ചെയ്തു.

2012-ൽ നാടാർ സംവരണ വിഷയവുമായി ബന്ധപ്പെട്ട് അത്യഭിവന്ദ്യ ക്ലീമീസ് ബാവാതിരുമേനി പല തവണ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയെ കണ്ടു ചർച്ച നടത്തി. അനന്തരഫലമായി നാടാർ സംവരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ നയത്തിനനുസൃതമായി കേരളത്തിലെ നാടാർ ക്രൈസ്തവർക്കെല്ലാം സംവരണ പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ ബഹു. ജസ്റ്റിസ് എം.എം. ഹരിഹരൻനായരെ ഏകാംഗ കമ്മിഷനായി നിയമിച്ചു. നീതിനിഷേധത്തിലൂടെ വിദ്യാഭ്യാസ സാധ്യതകൾ നഷ്ടമായ മലങ്കര കത്തോലിക്കാ സഭയിലെ നാടാർ കുടുംബത്തിലെ 2 വ്യക്തികളും കാതോലിക്കാ ബാവായും കക്ഷികളായി 2012-ൽ അഡ്വക്കേറ്റ് സെബാസ്റ്റ്യൻ പോൾ മുഖേന WP(C)21849/12 എന്ന നമ്പരായി കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പരാതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഒരു വർഷത്തിനുള്ളിൽ സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശിച്ച് കേരള ഹൈക്കോടതി 2015 നവംബർ 29-ന് ഉത്തരവു പുറപ്പെടുവിച്ചെങ്കിലും 2 പ്രാവശ്യം സംസ്ഥാന സർക്കാർ കോടതിയിൽ നിന്നും സമയം നീട്ടിവാങ്ങി പ്രസ്തുത ഉത്തരവ് അനിശ്ചിതത്വത്തിലാക്കി. തുടർന്ന് ഗവൺമെന്റിനും, പിന്നാക്കകമ്മിഷനും എതിരെ Cont (c) 937/2018 എന്ന നമ്പരായി കോർട്ട് അലക്ഷ്യം ഫയൽ ചെയ്തു. പ്രസ്തുത പെറ്റിഷൻ ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്.

2015 മെയ് 31-ന് മലങ്കര കാത്തലിക് നാടാർ മൂവ്മെന്റിന്റെയും വി.എസ്. ഡി.പി.യുടെയും സംവരണം നിഷേധിക്കപ്പെട്ട മറ്റു സഭകളുടെയും നേതൃത്വത്തിൽ തിരുവനന്തപുരത്തെ പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും കിഴക്കേക്കോട്ട പുത്തരിക്കണ്ടം മൈതാനത്തിലേയ്ക്ക് സംവരണാനുകൂല്യം നഷ്ടപ്പെട്ട നാടാർ സമുദായാംഗങ്ങളെ ഒരുമിച്ചു കൂട്ടി അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമീസ് ബാവാ അവകാശ പ്രഖ്യാപന റാലിയും സംഗമവും സംഘടിപ്പിച്ചു. അൻപതിനായിരത്തിലധികം നാടാർ സമുദായാംഗങ്ങൾ ഇതിൽ പങ്കുചേർന്നു.

നാടാർ സമുദായത്തിന് മതരപരമായ വിവേചനം കൂടാതെ സംവരണ പരിരക്ഷ ഉറപ്പാക്കാനായി പൊതു സമൂഹത്തിന്റേയും രാഷ്ട്രീയ ഭരണനേതൃത്വത്തിന്റേയും ശ്രദ്ധ ക്ഷണിക്കാനായി മലങ്കര കത്തോലിക്കാ സഭയെടുത്ത ധീരമായ ചുവടുവയ്പ്പിന്റെ ചരിത്രം തെക്കൻ തിരുവിതാംകൂറിലെ ഈ കൊച്ചുസമൂഹത്തെ ഈ അപ്പസ്തോലിക സഭാസമൂഹം കരുതുന്നതിന്റേയും ചരിത്രം കൂടിയാണ്. പ്രാർത്ഥനാപൂർവം ഗാന്ധിയൻ മാർഗങ്ങളിലൂടെ സഭാതലവന്റെ നേതൃത്വത്തിൽ ഈ സഭ നീതിതേടി സർക്കാരുകളെ സമീപിച്ചിട്ടും ന്യായമായ ആവശ്യങ്ങളോട് കാലാകാലങ്ങളിലെ അധികാര വർഗം പുറംതിരിഞ്ഞു നിന്നു എന്നത് ജനാധിപത്യ രാജ്യത്ത് ഏറെ വേദനാജനകമായിരുന്നു.

**ക്ലീമീസ് ബാവാ : സമരമുഖത്തെ ഒറ്റയാൾ പോരാളി**

ഒരു ജനതയുടെ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ചുകൊണ്ട് നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാനുകൂല്യം ലഭ്യമാക്കാൻ നിതാന്ത പരിശ്രമം നടത്തിയ

വ്യക്തിയായിരുന്നു അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ. ഇക്കാര്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവന്റെ നേതൃത്വവും ഇടപെടലുകളും ഏറെ ക്രിയാത്മകമായിരുന്നു. സ്വന്തം സഭാസമൂഹത്തിന് നീതി തരണമെന്ന് ഒരിക്കൽപോലും ആവശ്യപ്പെടാതെ നീതി നിഷേധിക്കപ്പെട്ട നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണാനുകൂല്യം ഉറപ്പാക്കണമെന്നാണ് പിതാവ് നിരന്തരം ആവശ്യപ്പെട്ടത്. 2007 മുതൽ കേരളം ഭരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാരോട് ഈ വിഷയത്തിൽ ഇടപെടാനായി ബാവാതിരുമേനി വ്യക്തിപരമായി ആവശ്യപ്പെട്ടു വരികയായിരുന്നു. പിതാവിന് ലഭ്യമായ സാധ്യതകളും ബന്ധങ്ങളും സ്വാധീനങ്ങളും നീതി നേടിയെടുക്കാനുള്ള സന്ധിയില്ലാ സമരത്തിനായി വ്യയംചെയ്തു.

നിരാശാജനകമായ പ്രതികരണങ്ങളും, വേദനാജനകമായ ഒറ്റപ്പെടുത്തലുകളും, നിഷേധാത്മകമായ പരിഹാസങ്ങളും, നഗ്നമായ വാഗ്ദാന ലംഘനങ്ങളും ഉണ്ടായപ്പോഴെല്ലാം ദൈവാശ്രയബോധത്തോടെ നീതിക്കുവേണ്ടിയുള്ള സമരവഴിയിൽ അത്യഭിവന്ദ്യ പിതാവ് ഉറച്ചു നിന്നു. അസാധ്യമെന്ന് പലരും വിധിയെഴുതിയപ്പോഴും ഒരുനാൾ ഇത് നടപ്പിലാകുമെന്ന ഉറച്ച പ്രത്യാശ അത്യഭിവന്ദ്യ പിതാവിന്റെ വാക്കുകളിൽ എപ്പോഴുമുണ്ടായിരുന്നു. കഴിഞ്ഞ 5 വർഷമായി ശബ്ദകോലാഹലങ്ങളോ പൊതുസമൂഹത്തിന്റെ ശ്രദ്ധ ആഘർഷിക്കുന്ന പരിപാടികളോ സംഘടിപ്പിക്കാതെ നിശബ്ദം ഭരണനേതൃത്വങ്ങളോട് നിരന്തരം സംവദിച്ചുകൊണ്ട് നീതിയുടെ വാതിലുകൾ തുറക്കാൻ പിതാവിന് സാധിച്ചു. പ്രതിസന്ധികളെ പടവുകളാക്കി, പ്രതിരോധങ്ങളെ പ്രചോദനങ്ങളാക്കി, സംഭാഷണങ്ങളെ സംവാദങ്ങളാക്കി, ആഘോഷങ്ങളെ ആലോചനകളാക്കി കഴിഞ്ഞ 14 വർഷമായി അത്യഭിവന്ദ്യ ക്ലീമീസ് ബാവാതിരുമേനി നടത്തിയ ഒറ്റയാൾ പോരാട്ടത്തിന്റെ വിജയമായിരുന്നു നാടാർ സമുദായത്തിലെ എല്ലാവർക്കും ലഭ്യമായ സംവരണ പരിരക്ഷ എന്നു പറയുന്നതിൽ ഒരല്പംപോലും അതിശയോക്തിയില്ല. ഈ സഭയെക്കുറിച്ച്, മക്കളെ കരുതുന്ന ജാഗരൂകനായ അജപാലകനായ ഈ ഇടയശ്രേഷ്ഠനെക്കുറിച്ച് എന്നും അഭിമാനം മാത്രം.

**ദൈവാശ്രയവും ഗാന്ധിമാർഗവും**

നീതിക്കുവേണ്ടി ഈ സമൂഹം ആദ്യമായും അധികമായും തിരിഞ്ഞത് ദൈവസന്നിധിയിലേയ്ക്കായിരുന്നു. ദൈവകരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ് ഈ സമര മാർഗത്തിലെ ഏറ്റവും ഫലവത്തായ ആയുധം. വ്യക്തികളായും സമൂഹങ്ങളായും വർഷങ്ങളോളം നടത്തി വന്ന പ്രാർത്ഥനയ്ക്കുത്തരമായിട്ടാണ് ഇപ്പോൾ നീതി ലഭിച്ചിരിക്കുന്നത്. ഇടവക കൂട്ടായ്മകളും, വൈദികജില്ലാ കൂട്ടായ്മകളും, മേജർ അതിരൂപതയും, വിവിധ രൂപതകളും, ഒരു വ്യക്തിഗത സഭയായിട്ടും ഉപവാസത്തോടും ത്യാഗത്തോടും കൂടി പ്രത്യാശയോടെ പ്രാർത്ഥിക്കുകയായിരുന്നു. അനേക നാളത്തെ പ്രാർത്ഥനയുടേയും ഉപവാസത്തിന്റെ ഫലമാണ് ഇപ്പോൾ കിട്ടിയ നീതി.

ലക്ഷ്യം പോലെ തന്നെ മാർഗവും നല്ലതായിരിക്കണമെന്ന അടിയുറച്ച വിശ്വാസത്തിൽ നമ്മുടെ രാഷ്ട്രപിതാവ് കാട്ടിത്തന്ന സമാധാന മാർഗത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തിയ സാമൂഹിക വിപ്ലവമായിരുന്നു നാടാർ സംവരണം. പതിറ്റാണ്ടുകളായി നടന്ന ഈ സമരം ഒരു സഭാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ സഭാമക്കൾ ഒരേ മനസ്സോടെ സമാധാനപരമായ മാർഗത്തിലുടെ പ്രതിഷേധിക്കുകയും അങ്ങനെ, നീതി നേടിയെടുക്കുകയും ചെയ്തു. ഉപവാസ സമരം, സത്യാഗ്രഹം, പൊതു റാലി, മഹാ സമ്മേളനങ്ങൾ ഇവയെല്ലാം പൊതുജനജീവിതത്തെ ഒരുതരത്തിലും തടസ്സപ്പെടുത്താതെ സംഘടിപ്പിച്ചുകൊണ്ട് ഭരണകൂടത്തിന്റെ കണ്ണു തുറപ്പിക്കാൻ സാധിച്ചു എന്നതാണ് ഈ സമരമാർഗത്തിന്റെ വിജയം.

സംവാദത്തിന്റേയും സംഭാഷണത്തിന്റേയും പാതയിൽ സ്ഥായിയായി മുന്നേറിയ നാടാർ സംവരണ സമരം ആരേയും മാറ്റി നിറുത്താത്ത, എല്ലാവരേയും ഉൾചേർക്കുന്ന സാമൂഹിക നീതിയുടെ വിജയമായിരുന്നു. നാടാർ സംവരണ വിഷയത്തിൽ ഗാന്ധിയൻ മാർഗത്തിലൂടെ വിജയം കണ്ട മലങ്കര കത്തോലിക്കാ സഭയുടെ നിലപാടുകൾ രാഷ്ട്രീയ-സാമൂഹിക സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും മാതൃകയും വെല്ലുവിളിയുമാണ്.


www.malankaralibrary.com




# ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ



**ജസ്റ്റിസ് ബെഞ്ചമിൻ കോശി**
(മുൻ ചീഫ് ജസ്റ്റിസ്)

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നോക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിന് എന്നെ ചെയർമാനായും. മുൻ ഐ.എ.എസ് ഉദ്യോഗസ്ഥൻ ഡോ. ക്രിസ്റ്റി ഫെർണാണ്ടസ്, മുൻ ഡിജിപി ജേക്കബ് പുന്നൂസ് എന്നിവർ അംഗങ്ങളായും 15/11/2020 സർക്കാർ ഉത്തരവ് പ്രകാരം കമ്മീഷനെ നിയമിച്ചു. എന്നാൽ തദ്ദേശ തിരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനാൽ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നത് വൈകി. തുടർന്ന് ബഹു ഹൈക്കോടതി ഉത്തരവിന് ശേഷം 09/02/2021ൽ കമ്മീഷൻ പരിഗണിക്കേണ്ടുന്ന വിഷയങ്ങൾ സംബന്ധിച്ച് സർക്കാർ വിശദമായ ഉത്തരവിറക്കുകയുണ്ടായി. അവ ഇപ്രകാരമാണ്;

**എ. വിദ്യാഭ്യാസം**

1. ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്നതോ സർക്കാർ നല്കുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കു അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ഏതൊക്കെ രീതിയിൽ? അത് എങ്ങനെ പരിഹരിക്കാം?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കു അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവർക്കു അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ? അവ എങ്ങനെ പരിഹരിക്കാം?

**ബി) സാമ്പത്തികം**

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ? അവർ ഏതൊക്കെ വിഭാഗങ്ങളിൽപെടുന്നവരാണ്? അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ? അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ?

2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?

3. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികൾക്കോ, സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? ഏതൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

**സി) ക്ഷേമം**

1. ക്രിസ്തുമതത്തിൽപെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശ വാസികൾ, മലയോരകർഷകർ, വനാതിർത്തിയോടടുത്തു താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദളിത് വിഭാഗങ്ങളിൽ നിന്നും പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കു സർക്കാർ - പൊതുമേഖലാ ഉദ്യോഗ തലങ്ങളിൽ ജന സംഖ്യാനുപതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം? ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽ നിന്ന് ക്ഷേമസംബന്ധമായ സഹായം അർഹിക്കുന്നു?

എന്നാൽ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ തുടർ നടപടികൾക്ക് കുറച്ചുകൂടി താമസം ഉണ്ടായി.
ഏതായാലും ഇതിനോടകം തന്നെ പല സഭമേലധ്യക്ഷന്മാരും, ക്രിസ്ത്യൻ നേതാക്കളും, സംഘടനകളും കമ്മീഷന് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.
വഴി കടവന്ത്ര പനമ്പിള്ളി നഗറിലെ ഹൗസിങ് ബോർഡിന്റെ കെട്ടിടത്തിന്റെ ഒരു ഭാഗം കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിക്കുകയും, സ്റ്റാഫും, മറ്റും തീരുമാനയിട്ടില്ലെങ്കിലും 01/03/2021 ഇൽ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിക്കുകയും. 02/03/2021ൽ കമ്മീഷൻ ചെയർമാന്റെ ഹോം ഓഫീസിൽ വെച്ച് കമ്മീഷൻ അംഗങ്ങളും, സെക്രട്ടറിയും യോഗം ചേർന്ന് കമ്മീഷൻ എങ്ങനെ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു. സർക്കാരിനോട് സ്റ്റാഫും മറ്റും എത്രയും വേഗം അനുവദിച്ചു തരുന്നതിനുള്ള ഉത്തരവിറക്കാനും ആവശ്യപ്പെട്ടു. കമ്മീഷൻ സമയാസമയങ്ങളിൽ യോഗം കൂടുവാനും നിയമസഭാ തിരഞ്ഞെടുപ്പിനുശേഷം ആവശ്യമായ എല്ലായിടത്തും തെളിവെടുപ്പ് നടത്താനും എല്ലാ സഭ വിഭാഗങ്ങളിലെയും മേലധ്യക്ഷന്മാരോടും ചർച്ച ചെയ്ത് സമഗ്രവും സർവതരസ്പർശിയുമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാനുമാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കുള്ള എല്ലാ ആവശ്യങ്ങളും ഇനിയും സർക്കാരുകൾ നടത്തി തരേണ്ട കാര്യങ്ങൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ പഠിച്ചു സംക്ഷിപ്തമായി നൽകണമെന്നും കമ്മീഷന്റെ പ്രവർത്തന വിജയത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.



www.malankaralibrary.com



# ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ: ക്രൈസ്തവ സമൂഹം ഉണർവോടെ ഒരുങ്ങണം



വിനോദ് നെല്ലയ്ക്കൽ

**2020** നവംബർ മാസം സംസ്ഥാന മന്ത്രിസഭായോഗം ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കാനായി ജെ. ബി. കോശി കമ്മീഷനെ നിയോഗിച്ചത് കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ച് നിർണ്ണായകമായ ഒരു നീക്കമാണ്. 2005ൽ മൻമോഹൻ സിംഗ് മന്ത്രിസഭ മുസ്ലിം പിന്നാക്കാവസ്ഥ പഠിക്കാനായി സച്ചാർ കമ്മിറ്റിയെ നിയമിക്കുകയും, കമ്മിറ്റി നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിദഗ്ദോപദേശങ്ങൾക്കായി പാലൊളി മുഹമ്മദ്കുട്ടി കമ്മീഷനെ കേരള സർക്കാർ നിയോഗിക്കുകയും ഉണ്ടായിരുന്നു. തുടർന്ന്, പാലൊളി മുഹമ്മദ്കുട്ടി കമ്മീഷന്റെ റിപ്പോർട്ടിന് അനുസൃതമായാണ് മുസ്ലിം ക്ഷേമ പദ്ധതികൾ കേരളത്തിൽ ആസൂത്രണം ചെയ്യപ്പെടുകയും നടപ്പാക്കപ്പെടുകയും ഉണ്ടായത്. ഇന്നും അത് തുടരുന്നു.

കഴിഞ്ഞ ചില പതിറ്റാണ്ടുകളായി കേരളത്തിലെ ക്രൈസ്തവ സമൂഹം കടുത്ത അവഗണനകളും, തകർച്ചയും നേരിടുകയായിരുന്നു. സാമുദായികമായും, സാമൂഹികമായും വിവിധ ക്രൈസ്തവ സമൂഹങ്ങൾ അഭിമുഖീകരിക്കുന്ന നിരവധി പ്രതിസന്ധികളെക്കുറിച്ച് പഠിക്കാനും കാര്യക്ഷമമായി ഇടപെടാനും സർക്കാരുകൾ കാര്യമായി ഒന്നുംതന്നെ ചെയ്തിരുന്നില്ല. പ്രത്യേകിച്ച് കഴിഞ്ഞ ചില വർഷങ്ങളായി ന്യൂനപക്ഷ സമൂഹം എന്ന നിലയിൽ അർഹിക്കുന്ന അവകാശങ്ങൾ

പോലും ക്രൈസ്തവ സമൂഹത്തിന് നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉടലെടുക്കുകയും കൂടുതൽ രൂക്ഷമായ പിന്നാക്കാവസ്ഥയിലേയ്ക്ക് ക്രൈസ്തവർ നിപതിക്കുകയും ചെയ്തുവന്നിരുന്നു. പലതരം അനീതികൾക്ക് കാരണമായ വിവിധ സാഹചര്യങ്ങളെക്കുറിച്ച് ഉയർന്നുവന്ന ചർച്ചകളുടെ വെളിച്ചത്തിൽ പലപ്പോഴായി സർക്കാർ തലങ്ങളിലേക്ക് അപേക്ഷകളും നിവേദനങ്ങളും സമർപ്പിക്കുകയുണ്ടായിരുന്നു.

ഇത്തരം ആവശ്യങ്ങൾ ശക്തമായ സാഹചര്യത്തിലാണ് കേരള സർക്കാർ ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിക്കാനായി ജസ്റ്റിസ് ജെ.ബി. കോശി അദ്ധ്യക്ഷനും, ക്രിസ്റ്റി ഫെർണാണ്ടസ് ഐഎഎസ്, ജേക്കബ് പുന്നൂസ് ഐപിഎസ് തുടങ്ങിയവർ അംഗങ്ങളുമായി ഒരു കമ്മീഷനെ നിയോഗിക്കാൻ തീരുമാനിച്ചത്. വിദ്യാഭ്യാസം, സാമ്പത്തികം, ന്യൂനപക്ഷം എന്നീ മേഖലകളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കും. കമ്മീഷന്റെ കാലാവധി എത്ര മാസമാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

**ക്രൈസ്തവ പിന്നാക്കാവസ്ഥയുടെ ആഴം**

ഒരുകാലത്ത് സാമൂഹികമായ എല്ലാ തലങ്ങളിലും മുൻപന്തിയിൽ നിന്ന ഒരു സാഹചര്യം വിവിധ ക്രൈസ്തവ സമൂഹങ്ങൾക്കുണ്ടായിരുന്നു. ചില വിഭാഗങ്ങൾ അക്കാലത്തും പിന്നിലായിരുന്നെങ്കിലും, സാമുദായികമായി ക്രൈസ്തവ സമൂഹത്തിനുണ്ടായിരുന്ന മേൽക്കോയ്മ സാമൂഹികമായി എല്ലാവർക്കും സഹായകമായിരുന്നു. രാഷ്ട്രീയ, സാംസ്കാരിക, കലാ സാഹിത്യ രംഗങ്ങളിലും ഉദ്യോഗസ്ഥ തലങ്ങളിലും ക്രൈസ്തവർക്ക് വ്യക്തമായ സ്ഥാനമുണ്ടായിരുന്ന കാലമായിരുന്നു അത്. എന്നാൽ പല കാരണങ്ങൾകൊണ്ടും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കിടെ സാമുദായികമായി ക്രൈസ്തവ സമൂഹം വളരെ പിന്നോക്കമായി മാറിക്കൊണ്ടിരിക്കുകയായിരുന്നു. വ്യക്തമായ ചില തിരിച്ചടികൾ നേരിട്ടുതുടങ്ങിയപ്പോഴാണ് തങ്ങൾ വളരെ പിന്നിലായിക്കഴിഞ്ഞു എന്ന വാസ്തവം പലരും തിരിച്ചറിഞ്ഞതുതന്നെ. തങ്ങൾക്ക് അർഹതപ്പെട്ടത് പോലും പതിവായി മറ്റുചിലർ കൈക്കലാക്കുന്നുവെന്നും, നിയമത്തെയും സർക്കാർ സംവിധാനങ്ങളെയും പോലും അതിന് തക്കവിധത്തിൽ മാറ്റിമറിച്ചിരിക്കുന്നു എന്നുമുള്ള തിരിച്ചറിവ് അനേകരിൽ പ്രതിഷേധ ചിന്ത വളർത്തുകയുണ്ടായി.

ക്രൈസ്തവരിൽ പൊതുവെ അതൃപ്തി വളർത്തിയ ഒന്നായിരുന്നു, 80:20 അനുപാതത്തിലുള്ള ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ വിതരണം. സച്ചാർ കമ്മിറ്റിയുടെയും, പാലൊളി മുഹമ്മദ്കുട്ടി കമ്മീഷന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായും വിവിധ സർക്കാരുകളുടെ മുസ്‌ലിം പ്രീണന നയങ്ങൾക്കൊണ്ടും മുസ്ളീങ്ങൾക്ക് അധികമായ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുമ്പോൾ, കടുത്ത പിന്നോക്കാവസ്ഥയിലേയ്ക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങളും സാമുദായികമായ അവസ്ഥകളും പരിഗണിക്കപ്പെടുന്നതേയുണ്ടായിരുന്നില്ല. ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെയും, പദ്ധതികൾ നടപ്പാക്കപ്പെടുന്നതിലെയും അനീതികൾ പരിഹരിക്കപ്പെടണമെങ്കിൽ ക്രൈസ്തവസമൂഹത്തിന്റെ പിന്നാക്കാവസ്ഥയുടെ യഥാർത്ഥ ചിത്രം വെളിപ്പെടുത്തുന്ന ഒരു പഠന റിപ്പോർട്ട് ഉണ്ടാവേണ്ടതുണ്ട് എന്ന തിരിച്ചറിവ് ഇത്തരമൊരാവശ്യം ഉന്നയിക്കപ്പെടാൻ കാരണമായിട്ടുണ്ട്. അങ്ങനെയാണ്, പലരിലൂടെ പലപ്പോഴായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങളെ തുടർന്നുള്ള ഒരു നടപടിയായി സംസ്ഥാന സർക്കാർ ഒരു കമ്മീഷനെ നിയോഗിക്കുന്നത്. ഇതിലൂടെ, ഇന്ന് ക്രൈസ്തവ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന വിവിധങ്ങളായ പ്രതിസന്ധികൾ വ്യക്തതയോടെ വിശകലനം ചെയ്ത് അവതരിപ്പിക്കാൻ ഒരു മികച്ച അവസരം ഒരുങ്ങിയിരിക്കുകയാണ്.

കേരളത്തിന്റെ പശ്ചാത്തലത്തിൽ സാംസ്കാരികമായും സാമൂഹികമായും അളവറ്റ സംഭാവനകൾ നൽകിയിട്ടുള്ള, ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന ക്രൈസ്തവ സമൂഹത്തിന്റെ ഇപ്പോഴത്തെ പിന്നാക്കാവസ്ഥ ശാസ്ത്രീയമായി പഠിച്ച് ശരിയായ നടപടികൾ സ്വീകരിക്കുക എന്നുള്ളത് ക്രൈസ്തവ സമൂഹത്തിന്റെ മാത്രം ആവശ്യമല്ല. തുടർന്നും, ഈ മതേതരസമൂഹത്തിന് വലിയ സംഭാവനകൾ നൽകാൻ കഴിയുന്ന തുറന്ന മനസ്ഥിതിയുള്ള ഈ സമൂഹത്തെ ആത്മവിശ്വാസമുള്ളവരായി നിലനിർത്തേണ്ടത് കേരള സമൂഹത്തിന്റെ പൊതുവായ ആവശ്യമാണ്.

**ക്രൈസ്തവ പിന്നാക്കാവസ്ഥ സമഗ്രമായ പഠനം ആവശ്യം**

വിവിധ ക്രൈസ്തവ സമൂഹങ്ങളുടെ പിന്നാക്കാവസ്ഥകൾ വിവിധ തലങ്ങളിലുള്ള പഠനങ്ങളും വിശകലനങ്ങളും ആവശ്യമുള്ളവ



www.malankaralibrary.com

യാണ്. സാമ്പത്തികമായ പിന്നാക്കവസ്ഥയാണ് പൊതുവെ ചർച്ച ചെയ്യപ്പെടുന്ന പ്രധാന ആശയം. എന്നാൽ, അതിലുപരിയായ പ്രാധാന്യമർഹിക്കുന്ന സാമൂഹികമായ മറ്റുചില പിന്നാക്കാവസ്ഥകളുമുണ്ട്. അതിനാൽ സാമുദായികമായ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടുള്ള സമഗ്രവും വിശാലവുമായ പഠനമാണ് ഇവിടെ ആവശ്യം. ഈ സാഹചര്യത്തിൽ, ന്യൂനപക്ഷമെന്ന നിലയിൽ നമ്മുടെ ഭാവി പുരോഗതി ലക്ഷ്യംവച്ച് എന്തെല്ലാം ഘടകങ്ങൾന്നുള്ളതുൾപ്പെടെയുള്ള ആശയങ്ങൾ അവരുടെ മുന്നിൽ അവതരിപ്പിക്കേണ്ട ഉത്തരവാദിത്തം വിവിധ ക്രൈസ്തവ സമൂഹങ്ങൾക്കുണ്ട്. വിവിധ ക്രൈസ്തവ സഭകൾക്കിടയിൽ ഒരു ഏകോപനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമുണ്ട്.

ക്രൈസ്തവരുടെ സാമൂഹികമായ സാഹചര്യങ്ങളെക്കുറിച്ച് നിരവധി ആശയക്കുഴപ്പങ്ങൾ ഈ പൊതുസമൂഹത്തിലുണ്ട്. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, ആതുരാലയങ്ങളുടെയും, മറ്റ് വിവിധ സ്ഥാപനങ്ങളുടെയും ഉടമസ്ഥത കയ്യാളുന്ന, അത്തരം സ്ഥാപനങ്ങളിൽ ജോലിക്കാരായി നിരവധി അംഗങ്ങളുള്ള ഒരു സമുദായം പിന്നാക്കാവസ്ഥയിലാണ് എന്നുള്ള വസ്തുത അംഗീകരിക്കുവാൻ വാസ്തവത്തിൽ തിരിച്ചറിയുന്നെങ്കിൽ പോലും പലരും തയ്യാറായെന്നുവരില്ല. ഭൂസ്വത്തിന്റെ ഉടമസ്ഥത സംബന്ധിച്ചുള്ള ചില കണക്കുകൾ പ്രകാരം കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ ചില ക്രൈസ്തവ വിഭാഗങ്ങളുമുണ്ട്. ഇത്തരം ചില ആശയപ്രചരണങ്ങൾ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ എന്ന യാഥാർത്ഥ്യത്തിന് പുകമറ സൃഷ്ടിക്കുന്നു.

**വെളിപ്പെടുത്തപ്പെടേണ്ട വാസ്തവങ്ങൾ**

**1. സ്ഥാപനങ്ങൾ:** കത്തോലിക്കാ ക്രൈസ്തവ വിദ്യാഭ്യാസ/ മറ്റ് സ്ഥാപനങ്ങളിൽ ജോലി നേടിയിട്ടുള്ള സ്വസമുദായ അംഗങ്ങളുടെ എണ്ണം ശതമാന കണക്കിലും ആനുപാതികമായും വളരെ കുറവാണ് എന്നുള്ളതാണ് വാസ്തവം. സമുദായാംഗങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകുക എന്ന ലക്ഷ്യമല്ല കത്തോലിക്കാ സ്ഥാപനങ്ങൾക്ക് പൊതുവായുള്ളത്. എക്കാലത്തും മതേതര സ്വഭാവം നിലനിർത്താനും, പൊതുസമൂഹത്തിനുവേണ്ടി നിസ്വാർത്ഥമായി സേവനം ചെയ്യാനുമാണ് അത്തരം സ്ഥാപനങ്ങൾ നിലകൊണ്ടിട്ടുള്ളത്. കത്തോലിക്കാ സഭയുടെയും മറ്റ് ക്രൈസ്തവ സമൂഹങ്ങളുടെയും മാനേജ്മെന്റിൽ നടത്തപ്പെടുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മറ്റ് സ്ഥാപനങ്ങളിലും സ്ഥിര ജോലി നേടിയിരിക്കുന്ന ക്രൈസ്തവരുടെയും, അക്രൈസ്തവരുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാനുള്ള ഉത്തരവാദിത്തം ഈ അവസരത്തിൽ കത്തോലിക്കാസഭയ്ക്കുണ്ട്. ഒപ്പം, ഓരോ കാലഘട്ടത്തിലും എത്ര ശതമാനം പേർ സ്വസമുദായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ജോലി തേടിയിട്ടുണ്ട് എന്നുള്ള വിവരവും യഥാർത്ഥ കണക്കുകളിലൂടെ വെളിപ്പെടുത്തപ്പെടണം.

**2. ഭൂസ്വത്ത്:** ചില ക്രൈസ്തവ സമൂഹങ്ങളിൽ ഉൾപ്പെടുന്നവർ പ്രത്യേകിച്ച് കത്തോലിക്കർ കൂടുതൽ ഭൂസ്വത്തിന്റെ ഉടമസ്ഥത കയ്യാളുന്നു എന്നുള്ളത് വാസ്തവമാണ്. കാരണം, മലയോര മേഖലകളിലേക്ക് കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ കുടിയേറിയവരും പരമ്പരാഗതമായി കൃഷിയെ ഉപജീവനമാർഗ്ഗമാക്കിയവരും ഏറിയ പങ്കും അവരാണ്.

വാണിജ്യ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമിയോ വൻകിട കൃഷിത്തോട്ടങ്ങളോ അല്ല, സാധാരണ കൃഷിഭൂമിയാണ് ഇത്തരം ക്രൈസ്തവ കുടുംബങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ളത്. അത്തരം കൃഷി ഭൂമികളിൽ ഏറിയപങ്കും ഇപ്പോൾ വിപണി മൂല്യം വളരെ കുറവുള്ളതോ, കൃഷി പരാജയം മൂലം വരുമാനലഭ്യത വളരെ പരിമിതമായിട്ടുള്ളതോ, പല കാരണങ്ങളാലും കൃഷി അപ്രയോഗികമായി മാറിക്കഴിഞ്ഞിട്ടുള്ളതോ ആണ്. നഗര പ്രദേശങ്ങളിലെ ഭൂമിയുടെ മൂല്യവും ഗ്രാമപ്രദേശങ്ങളിലെ ഭൂമിവിലയും താരതമ്യം ചെയ്യാൻ കഴിയാത്തതായതിനാൽ ഭൂമിയുടെ വിപണി മൂല്യവും, അതിൽനിന്നുള്ള വരുമാനവും പരിഗണിച്ചുകൊണ്ടുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കപ്പെടേണ്ടതുണ്ട്.

**3. ഉപജീവന മാർഗ്ഗം:** കൃഷി, കാർഷികാനുബന്ധ മേഖലകളിലുള്ള മറ്റ് തൊഴിലുകൾ, മൽസ്യബന്ധനം തുടങ്ങിയവ സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ചുള്ള വിശദമായ പഠനം വളരെ പ്രധാനപ്പെട്ടതാണ്. കാർഷിക മേഖലയിൽനിന്നുള്ള വരുമാനം, കാർഷിക രംഗത്തെ ആധുനികവൽക്കരണം, കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ സ്ഥിതിവിവരക്കണക്കുകൾ, കഴിഞ്ഞ ചില പതിറ്റാണ്ടുകൾക്കിടയിൽ കേരളത്തിലെ കാർഷിക മേഖലയിൽ സംഭവിച്ചിട്ടുള്ള

മാറ്റങ്ങൾ, അപചയങ്ങൾ, കൃഷി ഉപേക്ഷിച്ചവരുടെ വിവരങ്ങൾ, പുതിയ തല മുറയിൽ കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിക്കുന്നവരുടെ ശതമാനത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങളും ശേഖരിക്കപ്പെടേണ്ടതുണ്ട്. കേരളത്തിന് വെളിയിൽ പാട്ടത്തിന് സ്ഥലമെടുത്തും, കരാർ വ്യവസ്ഥയിലും കൃഷിചെയ്യുന്ന വലിയൊരു വിഭാഗമുണ്ട്. അത്തരം കർഷകരെക്കുറിച്ചുള്ള വിവരങ്ങളും ലഭ്യമാകണം. കൃഷി ലാഭകരമായി നടത്താൻ കഴിയുന്നവരുടെ, അനുഭവങ്ങളുടെ വെളിച്ചത്തിൽ കാർഷികമേഖലയിൽ ക്രിയാത്മക ഇടപെടലുകൾ നടത്താൻ സർക്കാർ സംവിധാനങ്ങളെ പ്രേരിപ്പിക്കും വിധമുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുന്നത് യുക്തമായിരിക്കും.

▪ മൽസ്യബന്ധന മേഖലകളിൽ തൊഴിൽചെയ്യുന്ന ക്രൈസ്തവർ നേരിട്ടുകൊണ്ടിരിക്കുന്ന പിന്നാക്കാവസ്ഥയും, അതി ജീവന മാർഗ്ഗങ്ങളും വിശദമായി പഠിക്കുകയും കഴിഞ്ഞ തലമുറകൾക്കിടയിലും ഇപ്പോഴും തുടരുന്ന പ്രതിസന്ധികൾ തുടങ്ങിയവ കണക്കുകളുടെ വെളിച്ചത്തിൽ വ്യക്തമാക്കപ്പെടുകയും വേണം. അവരുടെ ജീവിത നിലവാരം, പഠന നിലവാരം, തുടങ്ങിയവയുടെ ഒരു നേർചിത്രം അവതരിപ്പിക്കുവാൻ കഴിയണം.

▪ കഴിഞ്ഞ ചില വർഷങ്ങളായി പ്രകൃതി ക്ഷോഭങ്ങൾക്കൊണ്ട് കൃഷിനാശം വന്നുപോയവ രിൽ ഭൂരിപക്ഷവും ക്രൈസ്തവ കുടുംബങ്ങളാണ്. കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ കൊണ്ട് വലിയ നഷ്ടം നേരിടുകയും പിന്നാക്കാവസ്ഥയിലേയ്ക്ക് നിപ തിക്കുകയും ഭവനം പോലും സുരക്ഷിതമല്ലാതായി മാറുകയും ചെയ്തിരിക്കുന്ന വരുണ്ട്. ഇത്തരത്തിൽ നാടുവിടാൻ നിർബ്ബന്ധിതരായിരിക്കുന്നവർ, കൃഷി ഉപേക്ഷിച്ചു മറ്റ് ജീവിതോപാധികൾ തേടിയവർ, ദാരിദ്ര്യത്തിൽ അകപ്പെട്ടവർ തുടങ്ങിയവരെ പഠനത്തിലൂടെ കണ്ടെത്തുകയും, അവരുടെ സ്ഥിതിവിവരക്കണക്കുകൾ അവതരിപ്പിച്ച് വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കുകയും വേണം.

▪ സർക്കാരിന്റെ സാമ്പത്തികവും, കാർഷികവുമായ നിലപാട് മാറ്റങ്ങൾ, വായ്പാ രീതിക ളിൽ വന്ന മാറ്റങ്ങൾ (ചെറിയ പലിശയിൽ കാർഷിക വായ്പ്പ നൽകിയിരുന്നത് നിർത്തലാക്കുകയുണ്ടായി), പരിസ്ഥിതി സംവേദക മേഖലകൾ സംബന്ധിച്ച പുതിയ നിയമങ്ങൾ തുടങ്ങിയവ ക്രൈസ്തവരായ കർഷകരെ ദോഷകരമായി ബാധിച്ചിരിക്കുന്നത് എങ്ങനെ എന്നുള്ളത് പഠനങ്ങളിലൂടെ വ്യക്തമാക്കപ്പെടണം. അത്തരത്തിൽ ജീവിതവും വരുമാനമാർഗ്ഗവും പ്രതിസന്ധി യിലായി എല്ലാമുപേക്ഷിച്ചുള്ള നാടുവിടൽ ഭീഷണി നേ രിടുന്നത് എത്രമാത്രം ക്രൈസ്തവ കുടുംബങ്ങളാണ് എന്നുള്ളത് സ്ഥിതിവിവരക്കണക്കുകളിലൂടെ വ്യക്തമാക്കപ്പെടണം.

**4. ബിസിനസ് രംഗം:** വിവിധ ബിസിനസ്, വ്യവസായ രംഗങ്ങളിൽ കഴിഞ്ഞ ചില പതിറ്റാണ്ടുകൾക്കിടയിൽ ക്രൈസ്തവർക്ക് സംഭവിച്ചിട്ടുള്ളത് എന്താണെന്ന് മനസിലാക്കാൻ വ്യക്തമായ പഠനം ആവശ്യമാണ്. ഒട്ടേറെ കച്ചവട മേഖലകളിൽ നിന്ന് ക്രൈസ്തവർ ഏറെക്കുറെ പൂർണ്ണമായും പിന്തള്ളപ്പെട്ട സാഹചര്യം ഇന്നുണ്ട്. ഹോട്ടൽ മേഖലയും, ബേക്കറി, പച്ചക്കറി, മൽസ്യ മാംസാദികൾ തുടങ്ങിയ ചെറുകിട കച്ചവട മേഖലകളും ഉദാഹരണങ്ങളാണ്. കേരളത്തിൽ മുൻകാലങ്ങളിൽ വിവിധ വ്യ വസായ കച്ചവട മേഖലകളിൽ ക്രൈസ്തവ സമൂഹം എത്രമാത്രം സജീവമായിരുന്നു എന്നുള്ളത് അവതരിപ്പിച്ചുകൊണ്ടുതന്നെ, ഇപ്പോൾ എത്രമാത്രം പിന്നാക്കം പോയിരിക്കുന്നു എന്ന് ശതമാന കണക്കുകളിലൂടെ വിശദമാക്കാൻ കഴിയണം. കേരളത്തിൽ ബിസിനസുകൾ അവസാനിപ്പിക്കാൻ നിർബന്ധിത രായവർ, നഷ്ടത്തിൽ തുടരുന്നവർ, ബിസിനസുകൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളവർ തുടങ്ങിയവർക്കിടയിൽ പഠനങ്ങൾ നടത്തി ഈ രംഗത്ത് സംഭവിക്കുന്നതെന്താണെന്ന് ഡാറ്റയുടെയും തെളിവുകളുടെയും വെളിച്ചത്തിൽ കണ്ടെത്തണം.

**5. കടബാധ്യത:** വിവിധ കാരണങ്ങൾക്കൊണ്ട് സാമ്പത്തികമായ പിന്നാക്കാവസ്ഥ നേരിടുകയും കടബാധ്യതയിൽ അകപ്പെടുകയും ചെയ്തിരിക്കുന്ന ക്രൈസ്തവ കുടുംബങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ വിശദമായി ശേഖരിക്കപ്പെടേണ്ട തുണ്ട്. കാർഷിക ലോൺ, വാഹന, ഭവന വായ്പകൾ, പഠനാവശ്യത്തിനുള്ള ലോണുകൾ, വിദേശ ജോലിക്കായുള്ള ലോണു കൾ തുടങ്ങിയവയുടെ വ്യക്തമായ വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞാൽ ക്രൈസ്തവ കുടുംബങ്ങളിലെ കടബാധ്യതയെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭിക്കും. അടച്ചുവീട്ടാൻ കഴിയാതെ വലിയ ബാധ്യതയായി തുടരുന്ന പഴയ ലോണുകളെക്കുറിച്ചും അടച്ചുവീട്ടാൻ കഴിയാത്ത സാഹചര്യങ്ങളെക്കുറിച്ചും



www.malankaralibrary.com

പഠനങ്ങൾ പ്രത്യേകമായി നടത്തേണ്ടതുണ്ട്. ബാങ്ക് ലോണുകൾക്ക് പുറമെ, വലിയ പലിശ നൽകിയുള്ള സ്വകാര്യ വായ്പ്പകളെക്കുറിച്ചുള്ള വിവരങ്ങളും വ്യക്തമായി ശേഖരിക്കപ്പെടേണ്ടതുണ്ട്.

**6. ഉദ്യോഗരംഗം:** വിദ്യാഭ്യാസം, ജോലി തുടങ്ങിയവയെക്കുറിച്ചുള്ള പഠനമാണ് പ്രധാനപ്പെട്ട മറ്റൊന്ന്. അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ രൂക്ഷമായിരിക്കുന്നത് ക്രൈസ്തവ സമൂഹത്തിലാണ് എന്ന് സ്ഥിരീകരിക്കുന്ന ഒരു റിപ്പോർട്ട് അടുത്തിടെ ചർച്ച ചെയ്യപ്പെടുകയുണ്ടായിരുന്നു. പഠനത്തിനും കഴിവിനും ആനുപാതികമായ ജോലികൾ ലഭിക്കാത്തവർ, കഴിവുകൾക്ക് യോഗ്യമായ വിദ്യാഭ്യാസം നേടാൻ സാമ്പത്തികമായി കഴിയാത്തവർ തുടങ്ങിയവരെ ശരിയായ കണക്കുകളുടെ വെളിച്ചത്തിൽ കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ചെറിയ ശമ്പളത്തിൽ വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവർ, കേരളത്തിന് പുറത്ത് മറ്റുള്ള പട്ടണങ്ങളിൽ ജോലിസംബന്ധമായ പ്രതിസന്ധികൾ നേരിടുന്നവർ, കേരളത്തിൽത്തന്നെ തൊഴിൽ രഹിതരായി കഴിയുന്നവർ തുടങ്ങിയവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കുകയും, തൊഴിൽ മേഖലയിൽ ഇന്ന് ക്രൈസ്തവ സമൂഹം നേരിടുന്ന പ്രതിസന്ധികളുടെ വ്യക്തമായ ചിത്രം അവതരിപ്പിക്കുകയും വേണം. ഉയർന്ന കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്നവരുടെയും, മികച്ച തസ്തികകളിൽ നിയമിതരാകുന്നവരുടെയും എണ്ണം കുറയുന്നതും എൻട്രൻസ് പരീക്ഷകളിൽ പിന്നാക്കം പോകുന്നതും പ്രത്യേകം പഠനവിഷയമാക്കേണ്ടതുണ്ട്. സിവിൽ സർവീസ് പോലുള്ള ഉന്നത ഉദ്യോഗ മേഖലകൾ തെരഞ്ഞെടുക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ പ്രത്യേകമായി ശേഖരിക്കേണ്ടതുണ്ട്.

**7. പ്രത്യേക പിന്നാക്ക വിഭാഗങ്ങൾ:** കേരളത്തിൽ ഏറ്റവും രൂക്ഷമായ പിന്നാക്കാവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്ന ദളിത് ക്രൈസ്തവർ, മറ്റ് പിന്നാക്ക സമുദായക്കാർ തുടങ്ങിയവരുടെ ഇപ്പോഴത്തെ സാഹചര്യങ്ങൾ സൂക്ഷ്മമായി പഠനവിധേയമാക്കേണ്ട ഒന്നാണ്. സാമ്പത്തികമായും സാമുദായികമായും വളരെ പിന്നിലായിരിക്കുന്ന അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഇതുവരെയുള്ള പ്രവർത്തനങ്ങൾ എത്രമാത്രം ഗുണം ചെയ്തു എന്നും, ഇനിയുള്ള കാലത്ത് അത്തരക്കാർക്കുവേണ്ടി പ്രത്യേകമായി എന്താണ് സർക്കാരും സമൂഹവും ചെയ്യേണ്ടതെന്നും സ്ഥിതിവിവരക്കണക്കുകളുടെ വെളിച്ചത്തിൽ റിപ്പോർട്ടായി അവതരിപ്പിക്കണം.

**8. ആരോഗ്യം:** ക്രൈസ്തവ സമൂഹത്തിനിടയിൽ വർദ്ധിച്ചുവരുന്ന രോഗാവസ്ഥകൾ, മനസികാരോഗ്യ സംബന്ധമായ അപര്യാപ്തതകൾ, അഡിക്ഷനുകൾ തുടങ്ങിയവ പഠനവിഷയമാകേണ്ടതുണ്ട്. മക്കൾ ജോലിസംബന്ധമായി പുറംനാടുകളിലായതിനാൽ നാട്ടിൽ ഒറ്റപ്പെടുന്ന മാതാപിതാക്കൾ വർദ്ധിച്ചുവരുന്നു. അതിന്റെ കണക്കുകൾ വ്യക്തമായി ലഭിക്കേണ്ടത് ആവശ്യമാണ്. സാമ്പത്തികമായ അരക്ഷിതത്വം, തൊഴിലില്ലായ്മ തുടങ്ങിയവ യുവതലമുറയെ അനാരോഗ്യകരമായ പ്രവണതകളിലേയ്ക്കും ദുശീലങ്ങളിലേയ്ക്കും നയിക്കുന്നുണ്ട്. ആത്മഹത്യകൾ വർദ്ധിക്കുന്നു. രോഗചികിത്സകളുമായി ബന്ധപ്പെട്ട് വർദ്ധിക്കുന്ന സാമ്പത്തിക, കട ബാധ്യതകൾ ഒട്ടേറെ കുടുംബങ്ങളെ പ്രതിസന്ധികളിലേയ്ക്ക് നയിക്കുന്നുണ്ട്. വിവിധ കാരണങ്ങളാൽ വിവാഹം വൈകുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതും മാനസിക, കുടുംബ പ്രശ്നങ്ങൾക്ക് കാരണമായി മാറുന്നുണ്ട്. ഇത്തരം വ്യക്തിപരമായ വിഷയങ്ങൾ സൂക്ഷ്മമമായി പഠന വിഷയമാക്കുകയും കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുകയും വേണം. ക്രൈസ്തവർക്കിടയിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന ജനസംഖ്യ പ്രത്യേകമായി പഠനവിഷയമാക്കേണ്ടതുണ്ട്.

സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസ തൊഴിൽ സംബന്ധമായും എപ്രകാരമാണ് ക്രൈസ്തവർ പിന്നാക്കം പോയിരിക്കുന്നത് എന്ന് മേൽപ്പറഞ്ഞ വിവിധ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ വിശകലന വിധേയമാക്കുകയും, ആവശ്യമായ ക്ഷേമ പദ്ധതികൾ ആവശ്യപ്പെടുകയും വേണം. സാമ്പത്തികമായി പിന്നാക്കം പോകുന്ന കുടുംബങ്ങളുടെ എണ്ണം നമുക്കിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്ന വാസ്തവത്തെ നാം അംഗീകരിക്കുകയും, ശരിയായ പരിഹാരം കണ്ടെത്തി അധികൃതർക്ക് മുന്നിൽ അവതരിപ്പിക്കുകയും വേണം. പലപ്പോഴും ദുരഭിമാനം കൊണ്ടും മിഥ്യാബോധങ്ങൾ കൊണ്ടും വാസ്തവങ്ങളെ അംഗീകരിക്കാൻ നാം മടികാണിക്കുന്നു. ശരിയായ രീതിയിൽ വിഷയങ്ങളെ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നതിലൂടെയേ ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ കഴിയുകയുള്ളൂ. ഇക്കാലങ്ങളിൽ നമുക്കിടയിൽ സ്ഥിതിവിവരക്കണക്കുകൾ


www.malankaralibrary.com

എന്നപേരിൽ പ്രചരിക്കുന്നത് പലതും വ്യാജമാണ്. ഒട്ടേറെ തെറ്റായ വിവരങ്ങൾ സമൂഹമാധ്യമങ്ങളിൽ നിറഞ്ഞിരിക്കുന്നത് അനേ കരെ തെറ്റിദ്ധാരണകളിൽ അകപ്പെടുത്തിയിരിക്കുന്നു. അതിനാൽത്തന്നെ, ശരി യായ വിവരങ്ങൾ കണ്ടെത്തി സമൂഹത്തിന് നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

**പഠനം എങ്ങനെ?**

ജസ്റ്റിസ് ജെ ബി കോശി കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണതയോടെ കൈവരിക്കാൻ എപ്രകാരമാണ് ക്രൈസ്തവ സമൂ ഹത്തിന് പൊതുവെയും കാതോലിക്കാസഭയ്ക്കും അവരോട് സഹകരിക്കാൻ കഴിയുക എന്നുള്ളത് വ്യക്തമായി മനസിലാക്കിക്കൊണ്ടുള്ള സമീപ നമാണ് ആവശ്യം. കത്തോലിക്കാ സഭാനേതൃത്വത്തിനും കത്തോലി ക്കാ സംഘടനകൾക്കും ഇക്കാര്യ ത്തിൽ വളരെക്കൂടുതൽ സാധ്യതക ളുണ്ട്. പഠനങ്ങൾ നടത്താനും, മുന്നിട്ടിറങ്ങാനും സജ്ജരായ വളരെയേറെപ്പേരെ ഏറ്റവും എളുപ്പ ത്തിൽ കണ്ടെത്താനും ഏകോ പിപ്പിക്കാനും കഴിയുക കത്തോലി ക്കാ സഭാസംവിധാനങ്ങൾക്കാണ്. ഇക്കാര്യത്തിൽ മറ്റ് ക്രൈസ്തവ സമൂഹങ്ങളുമായി സഹകരിച്ച് പഠനങ്ങളും, വിവരശേഖരണങ്ങ ളും നടത്തുവാൻ കഴിയുന്നവിധ ത്തിൽ സംവിധാനങ്ങൾ ഒരുക്കാനു ള്ള ഉത്തരവാദിത്തം കത്തോലിക്കാ സഭയ്ക്ക് ഏറ്റെടുക്കാവുന്നതാണ്. വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ പഠന റിപ്പോർട്ടുകളും വിശദാംശ ങ്ങളും തുറവിയോടെ പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഏറ്റവും ശാസ്ത്രീയമായും സൂക്ഷ്മമായും വിവരശേഖരണ വും പഠനങ്ങളും നടത്തുന്നതിന് സഹായിക്കാൻ കഴിയുന്ന വ്യത്യ സ്ത ക്രൈസ്തവ സമൂഹങ്ങളുടെ ഉടമസ്ഥതയിലുള്ള ഗവേഷണ സ്ഥാപനങ്ങളെയും പരിചയസമ്പ ന്നരായ വ്യക്തികളെയും ഒരുമിച്ചു കൂട്ടി കഴിവതും സമഗ്രമായ പഠന ങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുവാനാണ് ശ്രമമുണ്ടാ കേണ്ടത്.

ജില്ലകൾ കേന്ദ്രീകരിച്ചുള്ള സിറ്റിങ്ങുകളിലൂടെയാണ് സാധാരണയായി ഇത്തരം കമ്മീഷനുകൾ വിവരശേഖരണവും സംവാദങ്ങ ളും നടത്താറുള്ളത്. അത്തരം വേളകളിൽ ശാസ്ത്രീയമായി സമാ ഹരിച്ച റിപ്പോർട്ടുകളുടെയും ഡാറ്റ യുടെയും വെളിച്ചത്തിൽ അവർക്ക് മുന്നിൽ ക്രൈസ്തവ പിന്നാക്കാ വസ്ഥ സംബന്ധിച്ച യാഥാർഥ്യ ങ്ങൾ അവതരിപ്പിക്കാൻ കഴിയണം. ഇക്കാര്യത്തിൽ വിവിധ സംഘടന കളുടെയും, സന്യാസ സമൂഹങ്ങ ളുടെയും, രൂപതകളുടെയും നേതൃത്വത്തിലുള്ള ടീമുകൾ സജ്ജ രാക്കണം. ഇത്തരമൊരു ലക്ഷ്യത്തി നുവേണ്ടി ഒറ്റക്കെട്ടായി മുന്നോട്ടുവ രുവാനും സഹകരിക്കുവാ നും ക്രൈസ്തവ സമൂഹത്തെ ഉത്ബോധിപ്പിക്കുവാനുമുള്ള ഉത്തരവാദിത്തവും നേതൃത്വങ്ങൾക്കുണ്ട്.

**ഉപസംഹാരം**

കേരളസമൂഹത്തിൽ യഥാർത്ഥ ന്യൂനപക്ഷമെങ്കിലും സ്വയംപ ര്യാപ്തർ എന്ന് കരുതപ്പെട്ടിരുന്ന ഒരു വലിയ സമൂഹത്തിന് കാലഗതികൾക്കിടയിൽ സംഭവിച്ച തളർച്ചകൾ തിരിച്ചറിയാ നും കാലാനുസൃതമായ പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായ പഠനങ്ങളിലൂടെ കണ്ടെത്താനും ലഭിച്ച ഒരു സുവർണാവസരമാണ് ഇത്. ഇത്തരമൊരു നടപ ടിക്ക് സംസ്ഥാന സർക്കാർ ഒരുങ്ങിയിരിക്കുന്നത് ഏറെ പ്രതീക്ഷനൽകുന്നു. സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ മുമ്പ് നടത്തിയിട്ടും ഫലം കാണാതെ പോയ ക്രൈസ്തവ ന്യൂനപക്ഷ പിന്നാക്കാവസ്ഥയെക്കുറിച്ചുള്ള പഠനം കൂടുതൽ സമഗ്രമായി പൂർത്തീകരിക്കുവാനും ശരി യായ ഇടപെടലുകളിലേയ്ക്ക് സർക്കാരിനെ നയിക്കുവാനും ജസ്റ്റിസ് ജെബി കോശി കമ്മീഷന് കഴിയുമെന്ന് പ്രത്യാശിക്കാം.

ഏറ്റവും ശാസ്ത്രീയമായും സൂക്ഷ്മമായും വിവരശേഖരണ വും പഠനങ്ങളും നടത്തുന്നതിന് സഹായിക്കാൻ കഴിയുന്ന വ്യത്യ സ്ത ക്രൈസ്തവ സമൂഹങ്ങളുടെ ഉടമസ്ഥതയിലുള്ള ഗവേഷണ സ്ഥാപനങ്ങളെയും പരിചയസമ്പ ന്നരായ വ്യക്തികളെയും ഒരുമിച്ചു കൂട്ടി കഴിവതും സമഗ്രമായ പഠന ങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുവാനാണ് ശ്രമമുണ്ടാ കേണ്ടത്.



www.malankaralibrary.com



# ബഫർ സോണും സാമൂഹ്യ പ്രത്യാഘാതങ്ങളും



അഡ്വ. തോമസ് ജോസഫ് തേരകം

**ആമുഖം**

വയനാടിനോട് ചേർന്നുകിടക്കുന്ന മൂന്നു വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോണുകൾ പ്രഖ്യാപിച്ചു കൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അടുത്തിടെ കരടു വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. ആറളം, മലബാർ, വയനാട് വന്യജീവി സങ്കേതങ്ങളാണവ. അനേകം ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചു കിടക്കുന്ന ഈ ബഫർ സോണുകളിൽ അധിവസിക്കുന്ന ലക്ഷോപലക്ഷം മനുഷ്യരുടെ ജീവനേയും ജീവനോപാധികളേയും ഇതു പ്രതികൂലമായി ബാധിക്കുമെന്നുറപ്പാണ്. ഇന്നവർ അനുഭവിക്കുന്ന സുസ്ഥിതിയും സുരക്ഷയും അന്യമാകും. ഈ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ സ്വര്യവിഹാരം വ്യാപകമാകും. ഭാവി തലമുറയെകുറിച്ച് കരുതലുള്ളവർ ഈ വിഷയം ആഴമായി പഠിക്കുകയും പ്രതിരോധവുമായി മുന്നോട്ടു വരുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

**എന്താണ് ബഫർ സോൺ?**

വന്യമൃഗ സങ്കേതങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഭൂപ്രദേശങ്ങൾക്ക് ഉൾക്കൊള്ളാവുന്നതിലധികം മൃഗങ്ങൾ അവിടങ്ങളിൽ ഉണ്ടാകുമ്പോൾ അവിടെയുള്ള ഹിംസ്ര ജന്തുക്കൾ പരസ്പരം കലഹിക്കുക സാധാരണമാണ്. ഇതിൽ പരാജയപ്പെടുകയോ പരിക്കു പറ്റുകയോ ചെയ്യുന്നവ വനത്തിലെ കോർ ഏരിയ വിട്ട് പുറത്തിറങ്ങാൻ നിർബന്ധിതരാകുന്നു. മനുഷ്യരേയും, വളർത്തുമൃഗങ്ങളേയും താരതമ്യേന എളുപ്പത്തിൽ അവക്ക്

കീഴ്പ്പെടുത്താനാകും. ബഫർ സോണുകൾ പ്രഖ്യാപിക്കുന്നത് നിലവിലുള്ള വന്യജീവി സങ്കേതങ്ങൾക്കുള്ള സംരക്ഷണം കാര്യക്ഷമമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

എല്ലാ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കും ഒരു കോർ സോണും (അന്തർ ഭാഗം) ഒരു ബഫർ സോണും (നിഷ്പക്ഷ മേഖല) ഉണ്ടാകും. കോർ സോൺ മൃഗങ്ങൾക്കുമാത്രം വിഹരിക്കാനുള്ള ഉൾവനമായിരിക്കും. എന്നാൽ ബഫർ സോൺ മൃഗങ്ങൾക്കും മനുഷ്യർക്കും സഹവസിക്കാവുന്ന പ്രദേശമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇവിടേക്കു വരുന്ന മൃഗങ്ങളാവട്ടെ ഉൾവനത്തിൽ നിന്നും പുറന്തള്ളപ്പെടുന്നവയാണ്. ബഫർ സോൺ വനാതിർത്തിക്കുള്ളിൽ തന്നെ നിലനിർത്താതെ, ജനവാസ മേഘലയിലേക്ക് വ്യാപിപ്പിക്കുന്നത് ദീർഘകാല അടിസ്ഥാനത്തിൽ ജനങ്ങൾക്കും മൃഗങ്ങൾക്കും ഗുണകരമായിരിക്കില്ല എന്നത് ചരിത്രം നമ്മെ പഠിപ്പിക്കും.

**ബഫർ സോണുകൾ അനിവാര്യമോ?**

കേരളത്തിൽ കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ വനവിസ്തൃതിയിൽ ഉണ്ടായ വർദ്ധനവ് പത്തു ശതമാനമാണന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ പഠനങ്ങൾ പറയുന്നു. വനവിസ്തൃതിയിൽ ഇത്ര വലിയ വളർച്ചയുണ്ടായിട്ടും, ഇവിടെ ബഫർ സോണുകൾ പ്രഖ്യാപിക്കേണ്ടി വരുന്നതിനു കാരണം, യാതൊരു നിയന്ത്രണങ്ങളുമില്ലാതെ പെരുകിക്കൊണ്ടിരിക്കുന്ന മൃഗസംഖ്യയാണെന്ന് കാണാൻ കഴിയും. വയനാട് വന്യജീവി സങ്കേതം പ്രഖ്യാപിച്ചത് 1973-ലാണ്. 2018-ലെ ദേശീയ കടുവ സെൻസസ് അനുസരിച്ച് കേരളത്തിൽ 120 കടുവകളും 29 കടുവകുട്ടികളും ഉണ്ട്. ഇതിൽ 75 എണ്ണം വയനാട് വന്യജീവി സങ്കേതത്തിൽ മാത്രമാണ്. ശാസ്ത്രീയ പഠനങ്ങൾ അനുസരിച്ച് 80 മുതൽ 100 വരെ കടുവകൾക്ക് ജീവിക്കാൻ 800 മുതൽ 1200 വരെ സ്ക്വയർ കി.മീറ്റർ കോർ വനം ആവശ്യമാണ്. എന്നാൽ വയനാട് വന്യജീവി സംരക്ഷണ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ വിസ്തൃതി കേവലം 344.44 സ്ക്വയർ കി.മീറ്റർ മാത്രമാണ്. ഇതിനർത്ഥം കാടിനു താങ്ങാവുന്നതിലധികം കടുവകൾ ഇപ്പോൾ തന്നെ വയനാട് വന്യജീവി സങ്കേതത്തിലുണ്ടെന്നാണ്. വയനാടിന്റെ മൊത്തം വിസ്തൃതി 2132 സ്ക്വയർ കി.മീറ്ററാണ്. ജില്ലക്കു ചുറ്റും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മൂന്നു വന്യജീവി സങ്കേതങ്ങളുടെ ബഫർ സോണുകൾ പ്രാബല്ല്യത്തിലായാൽ വയനാട്ടിൽ മനുഷ്യജീവികൾക്കുള്ള ഇടം നന്നേ ചുരുങ്ങും. ഇതിനർത്ഥം ആരും കുടിയൊഴിപ്പിക്കാതെ തന്നെ മനുഷ്യർ ഇവിടെ നിന്നും സ്വയം കുടിയിറങ്ങി പോകേണ്ട ഗതികേടിലെത്തിച്ചേരും എന്നാണ്.

പാലക്കാട്ടെ മണ്ണാർക്കാട് എന്ന സ്ഥലത്ത് സ്ഫോടക വസ്തു കടിച്ച് ആന ചെരിഞ്ഞ ദാരുണ സംഭവത്തിൽ കണ്ണുനീർ ചിന്തിയവർ വയനാട്ടിൽ പുൽപള്ളിയിലെ ബസവൻകൊല്ലി കാട്ടുനായ്ക്ക കോളനിയിൽ 24 വയസ്സുകാരനായ ശിവകുമാർ എന്ന ആദിവാസി യുവാവിനെ കടുവ കൊന്നു തിന്ന അതിദാരുണ സംഭവം കാണാതെ പോയി എന്നതും വർത്തമാന ചരിത്രം തന്നെ.

മൃഗസംഖ്യാ നിയന്ത്രണത്തിനു വേണ്ട നടപടികൾ ഇപ്പോഴെ നാം സ്വീകരിക്കുന്നില്ലെങ്കിൽ പത്തു വർഷങ്ങൾക്കകം ബഫർ സോണുകളുടെ വ്യാപ്തി വീണ്ടും വിസ്തൃതമാക്കേണ്ടി വരും. അങ്ങിനെ ചെയ്താലും ഇല്ലെങ്കിലും ഹിംസ്ര ജന്തുക്കളെ തട്ടി നടക്കാൻ പറ്റാത്ത അവസ്ഥ ഇവിടെ ഉണ്ടാവുകയും ജീവരക്ഷാർത്ഥം മനുഷ്യ ജീവികൾ ഈ നാട്ടിൽ നിന്നും പലായനം ചെയ്യേണ്ടി വരികയും ചെയ്യുമെന്നതിൽ ആർക്കും സംശയം വേണ്ട.

**പരിഹാരം വൈകരുത്**

2015 – 19 കാലഘട്ടത്തിൽ വന്യജീവി അക്രമണത്തിൽ നമ്മുടെ സംസ്ഥാനത്ത് 519 പേർ മരിച്ചതായി 2020 ജൂൺ മാസത്തിൽ വനം മന്ത്രി കേരള നിയമസഭയിൽ പറയുകയുണ്ടായി. ഇതേ കാലയളവിൽ 12,860 ഹെക്ടർ സ്ഥലത്തെ കൃഷികളും മനുഷ്യവാസമുണ്ടായിരുന്ന 783 വീടുകളും വന്യമൃഗങ്ങൾ നശിപ്പിച്ചു. ജനവാസ കേന്ദ്രങ്ങളിലും, കൃഷിയിടങ്ങളിലും കടുവ പോലുള്ള ഹിംസ്ര ജന്തുക്കൾക്കു പുറമെ, ആന, പന്നി, മുള്ളൻ പന്നി, മയിൽ, മാൻ എന്നിവയുടെ നിരന്തരമായ കടന്നുകയറ്റവും മനുഷ്യജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണകൂടം ഇതൊന്നും കണ്ടില്ലെന്നു നടിക്കുകയാണ്.

വന്യമൃഗശല്യത്തിനുള്ള ശാശ്വത പരിഹാരം, കിടങ്ങുകളും സോളാർ ഫെൻസിംഗുമല്ല, പിന്നെയോ മൃഗങ്ങളുടെ ക്രമാധീതമായ വർദ്ധനവ് ആനുപാതികമായി കുറക്കാൻ ആവശ്യമായ കർമ്മ പരിപാടികളാണ്. പല വിദേശ രാജ്യങ്ങളിലും അനുവർത്തിച്ചു പോരുന്ന കള്ളിംഗ് (Culling) സമ്പ്രദായം നമ്മുടെ രാജ്യത്തും നടപ്പിലാക്കണം. ഓരോ


www.malankaralibrary.com



പ്രദേശങ്ങളിലേയും വനമേഖലയും മനുഷ്യവാസ മേഖലയും, വന്യമൃഗ സംഖ്യയും തമ്മിലുള്ള അനുപാതം ശരിപ്പെടുത്താനായി മൃഗങ്ങളെ കൊന്നു നശിപ്പിക്കുന്ന രീതിയാണിത്. വനം വന്യജീവി അനുപാതം ശാസ്ത്രീയമായി സംരക്ഷിച്ചാൽ മാത്രമേ പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കാനും അതുവഴി മനുഷ്യ - മൃഗ സംഘർങ്ങൾ കുറക്കാനും സാധിക്കുകയുള്ളു.

**സാമൂഹിക പ്രത്യാഘാതങ്ങൾ**

ബഫർ സോണിന്റെ  വരവോടെ നിരവധി സാമൂഹിക പ്രത്യാഘാതങ്ങൾ നാം ഏറ്റുവാങ്ങേണ്ടി വരും. ബഫർ സോണിൽ ഉൾപ്പെടുന്ന ഭൂമിയുടെ ക്രയവിക്രയം നടക്കാതാവുമ്പോൾ ഭൂമി കിട്ടുന്നവിലക്ക് വിറ്റുപേക്ഷിച്ച് ജീവരക്ഷാർത്ഥം ഓടി രക്ഷപ്പെടാൻ ആളുകൾ നിർബന്ധിതരാകും. വളർത്തി വലുതാക്കിയ മക്കളെ വയനാട്ടിലേക്ക് കെട്ടിച്ചയക്കാൻ രണ്ടാമതൊന്നു കൂടി ആലോചിക്കും. കൃഷി നാശം ഉറപ്പായതിനാൽ ധനകാര്യ സ്ഥാപനങ്ങൾ വായ്പകൾ നൽകാൻ മടിക്കും. ഇതോടെ മൂലധന ലഭ്യതയില്ലാതെ ഉല്പാദന/വാണിജ്യ സംരംഭങ്ങളും വ്യവസായങ്ങളും മുരടിക്കും. ഉന്നത വിദ്യാഭ്യാസം നേടുന്ന യുവജനങ്ങൾ ജോലിക്കായി അന്യ നാടുകളിലേക്ക് കുടിയേറി അവിടങ്ങളിൽ വാസമുറപ്പിക്കുന്നതോടെ മുതിർന്ന പൗരന്മാരുടെ ജീവിതം കുടുതൽ ദുസ്സഹമാകും. ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുരം കയറി ജില്ലയിലേക്ക് വരാൻ വിമുഖത കാട്ടും.

**പ്രതിരോധ പ്രവർത്തനങ്ങൾ ഫലം തരുമോ?**

ജനകീയ സമരങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും ജനാധിപത്യ ഭരണ ക്രമത്തിൽ അനിവാര്യങ്ങളാണ്. ജനങ്ങളുടെ ഇച്ഛയിൽ നിന്നും രൂപമെടുക്കുന്ന ഭരണകൂടങ്ങളുടെ പ്രഥമവും പ്രധാനവുമായ കടമ പൗരന്മാരുടെ സുരക്ഷയും അവരുടെ ജീവനോപാധികളുടെ സംരക്ഷണവുമാണ്. അധികാരത്തിന്റെ മത്തുപിടിച്ചു കഴിയുമ്പോൾ അവർ ഇക്കാര്യം സൗകര്യ പൂർവ്വം വിസ്മരിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അവരെ നേർദിശയിലേക്ക് കൊണ്ടുവരാൻ ജനകീയ സമരങ്ങൾക്കും പ്രധിരോധ പ്രവർത്തനങ്ങൾക്കും ബാലറ്റു പെട്ടിക്കും സാധിക്കും. മഹാരാഷ്ട്രയിലെ ചപ്രാള വന്യ ജീവിസങ്കേതത്തിനു ചുറ്റും പ്രഖ്യാപിച്ച ബഫർ സോൺ പൂജ്യത്തിലേക്കും ചുരുക്കം ചിലയിടങ്ങളിൽ 500 മീറ്റർ വരെയുമാക്കി കുറച്ചതിനു പിന്നിൽ അവിടെ ഉയർന്ന ജനകീയ സമരങ്ങൾക്ക് വലിയ പങ്കാണുള്ളത്. 2020 മാർച്ചിലാണ് മഹാരാഷ്ട്രയിലെ തന്നെ മയൂരേശ്വര വന്യ ജീവി സങ്കേതത്തിൽ ബഫർ സോൺ പൂജ്യം മുതൽ 100 മീറ്റർ വരെയായി പരിമിതപ്പെടുത്തിയത്.

**ഉപസംഹാരം**

ഇടക്കിടെ, അങ്ങിങ്ങായി നടത്തപ്പെടുന്ന ഒറ്റപ്പെട്ട സമരങ്ങളോ, പ്രതിരോധ പ്രവർത്തനങ്ങളോ പ്രശ്നപരിഹാരത്തിന് ഉതകുകയില്ല. നിർദ്ദിഷ്ഠ ബഫർസോൺ പ്രദേശങ്ങളിൽപെട്ടവരുടെ മാത്രം പ്രശ്നമായി വിഷയത്തെ നാം ചുരുക്കികളയുകയോ നിസ്സാരവൽക്കരിക്കുകയോ ചെയ്യരുത്, അത് ദൂരവ്യാപകമായ ഭവിഷ്യത്തുക്കൾക്ക് വഴിയൊരുക്കും, തീർച്ച.



# അതിവേഗം വളരുന്ന ബത്തേരി രൂപത



മോൺ. സെബാസ്റ്റ്യൻ കീപ്പള്ളിൽ

**ആമുഖം**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കര സഭ 1653 -ലെ കൂനൻ കുരിശു സത്യത്തോടെ സാർവ്വത്രികസഭാ കൂട്ടായ്മയിൽ നിന്ന് അകന്നുപോവുകയും 1930-ൽ പുനരൈക്യ പ്രേഷിതശുശ്രൂഷയിലൂടെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി വഴി അത് വീണ്ടെടുക്കുകയും ചെയ്തു.

വ്യവഹാരങ്ങളിൽ വീർപ്പുമുട്ടിയിരുന്ന മാതൃസഭയുടെ പ്രേക്ഷിത തീക്ഷ്ണത കുറഞ്ഞുപോയെന്ന് തിരിച്ചറിഞ്ഞ് പരിഹാരമാർഗ്ഗങ്ങൾ തേടി യുള്ള മാർ ഇവാനിയോസ് പിതാവിന്റെ അന്വേഷണം അവസാനിച്ചത് കത്തോലിക്കാസഭയെന്ന സാർവ്വത്രിക സഭ കൂട്ടായ്മയിലായിരുന്നു. അകത്തോലിക്കാ പാരമ്പര്യത്തിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം കത്തോലിക്കാസഭയോടുള്ള സമീപനം സ്വാഭാവികമായും നിഷേധാത്മകമായിരിക്കണം. എന്നാൽ അതിന് വിരുദ്ധമായി കത്തോലിക്കാസഭയെ ഹൃദയഅടുപ്പത്തോടെ നോക്കിയ ഒരു സന്യാസശ്രേഷ്ഠനാണ് ദൈവദാസൻ മാർ ഈവാനിയോസ്.

ആഗോള കത്തോലിക്കാസഭയുടെ കൂട്ടായ്മ 1930 സെപ്റ്റംബർ 20 ന് വീണ്ടെടുത്ത ഈ സഭ ലോകചരിത്രത്തിൽ തന്നെ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തു. ആ സഭയെ ഇന്ന് നയിക്കുന്നത് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കതോലിക്കാബാവയാണ്. അഭിവന്ദ്യ ബാവാതിരുമേനി തന്റെ മുൻഗാമികളായിരുന്ന ദൈവദാസൻ മാർ ഈവാനിയോസിന്റേയും അഭി. ബനഡിക്ട് മാർ



www.malankaralibrary.com

ഗ്രിഗോറിയോസ് തിരുമേനിയുടെയും, മോറാൻ മോർ സിറിൽ ബസേലിയോസ് ബാവാ തിരുമേനിയുടേയും അനുഗ്രഹീത പാത പിൻതുടർന്നുകൊണ്ട് സഭയേയും സമൂഹത്തെയും, രാജ്യത്തെയും ഒരേപോലെ തന്റെ അജപാലന ശുശ്രൂഷയുടെ ചിറകിൻ കീഴിൽ അഭയം നൽകുന്നു. വിഭാഗീയതയോ, ജാതി-മത-വർഗ്ഗ-രാഷ്ട്രീയ വ്യത്യാസമോ കൂടാതെ ഏവർക്കും സംപ്രാപ്യനായി നിലകൊള്ളുന്ന, അനന്തപുരിയുടെ രാജകുമാരനായി, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായി തന്റെ പ്രേക്ഷിത ശുശ്രൂഷാ തലങ്ങളിൽ വിളങ്ങുന്ന അത്ഭുത നേതൃത്വമാണ് ബാവാ തിരുമേനി.

കേരള സംസ്ഥാനത്ത് ഭവനരഹിതരായി ആരും ഉണ്ടാകരുതെന്ന തീരുമാനത്തിലേക്ക് എത്തിച്ചേരാൻ പ്രേരണയായത് അത്യഭിവന്ദ്യ ബാവാതിരുമേനിയാണെന്ന് നിസംശയം പറയാൻ സാധിക്കും. എന്റെ സഭയിൽ ഭവനമില്ലാത്ത എല്ലാ മക്കൾക്കും ഭവനം ഉണ്ടാകണം എന്ന ദൈവീകപദ്ധതി പ്രാവർത്തിക പഥത്തിൽ എത്തിക്കാൻ തുടക്കം കുറിച്ച് ഇതിനോടകം ആയിരക്കണക്കിന് കുടുംബങ്ങൾക്കു അഭയമായി മാറാൻ ഈ സഭയ്ക്ക്-ബാവാതിരുമേനിക്ക് കഴിഞ്ഞു. മൂന്നു വർഷങ്ങൾക്കു മുമ്പ് ബാവാതിരുമേനിയുടെ 60-ാം ജന്മദിനത്തോടനുബന്ധിച്ച് തുടക്കം കുറിച്ച ഭവനരഹിതർക്ക് ഭവനം പദ്ധതി ഇന്ന് മലങ്കര കത്തോലിക്കാസഭയ്ക്ക് അകത്തും പുറത്തും ഉള്ള നിർദ്ധനർക്ക് കരുണയുടെ മുഖം വ്യക്തമാക്കിക്കൊണ്ടിരുന്നു. അഭി.ബാവാതിരുമേനിയുടെ ദർശനം സ്വീകരിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ പിതാക്കന്മാരും, രൂപതാസംവിധാനങ്ങളും 2030 ലെ സഭാ പുനരൈക്യ ശതാബ്ദി വർഷത്തിൽ, എല്ലാ സഭാമക്കൾക്കും പൂർണ്ണമായും വാസയോഗ്യമായ ഭവനമുള്ള സഭയായി ഉയരാൻ ശ്രമം ആരംഭിച്ചിരിക്കുകയാണ്.

1978 ഒക്ടോബർ 28 ന് രൂപീകൃതമായ ബത്തേരി രൂപത 42 വർഷം വളർച്ചയുടെ പാതയിലൂടെയുള്ള പ്രയാണമായിരുന്നുവെന്നതിൽ സംശയമില്ല. രൂപതാതിർത്തിക്ക് അകത്തും പുറത്തുമുള്ള ഏവർക്കും സുവിശേഷം ദൃശ്യമാകത്തക്കവിധം കർമ്മനിരതമായി രൂപത മുന്നേറിക്കൊണ്ടിരിക്കുന്നു. യുവത്വത്തിന്റെ പ്രസരിപ്പും, ദീർഘവീക്ഷണവും, കർമ്മകുശലതയും, ഭരണനൈപുണ്യവും, സഭാദർശനവും, ജീവിതവിശുദ്ധിയും, വിജ്ഞാനവും, സമഞ്ജസമായി സമ്മേളിച്ചിരുന്ന  മഹായിടയനായ അത്യഭിവന്ദ്യ സിറിൽ ബസേലിയോസ് കതോലിക്കാബാവയുടെ നീണ്ട 17 വർഷത്തെ നേതൃത്വമാണ് ബത്തേരിരൂപതയുടെ സുവിശേഷ വേലയുടെ അടിസ്ഥാനം.

1997 ഫെബ്രുവരി 5ന് രൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തയായി അഭി: ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ചുമതല ഏറ്റെടുത്തതോടെ വിശ്വാസികളുടെ അത്മീകവും ഭൗതികവുമായ വളർച്ചയ്ക്ക് പുതുശക്തി ലഭ്യമായി. തന്റെ ആഴമായ ആത്മീയ നിറവും, ജീവിത ലാളിത്യവും, നിശ്ശബ്ദസേവനവും സഭാതനയരുടെ ദൈവോന്മുഖ വളർച്ചക്ക് നിദാനമായി.

അഭി: ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലിത്ത  രൂപതയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തയായി ഉത്തരവാദിത്വം ഏറ്റെടുത്തിട്ട് ഒരു ദശകം പിന്നിട്ടിരിക്കുകയാണ്. മുൻഗാമികളായ രണ്ടുപിതാക്കന്മാരുടെയും എല്ലാ നിറവുകളും സമജ്ഞസമായി ഉൾക്കൊണ്ട് ഒരു പുതുപുത്തൻ ഉണർവ്വിൽ രൂപതയുടെ തേരോട്ടം വഹിച്ചുകൊണ്ടിരിക്കുന്നു. ദാർശനീകമായ കാഴ്ചപ്പാടിൽ  സഭയേയും സമൂഹത്തെയും വീക്ഷിച്ച് വലിയ നേതൃത്വം നൽകുന്നു. പ്രവർത്തിയിൽ അധിഷ്ഠിതമായ ആത്മീക ഔന്നത്യമാണ് കൈമുതലായി സ്വീകരിച്ചിരിക്കുന്നത്. ഒരു ആത്മീക പിതാവെന്ന തലത്തിൽ നിന്നുകൊണ്ട് അപ്പമില്ലാത്തവന് അപ്പമായും, ഭവനമില്ലാത്തവന് തലചായ്ക്കാൻ ഇടം നൽകിയും, വേദന അനുഭവിക്കുന്നവനെ ആശ്വസിപ്പിച്ചും, പ്രാർത്ഥിക്കാൻ ഇടമില്ലാത്ത സമൂഹത്തിന് പ്രാർത്ഥനാലയ നിർമ്മിതിക്ക് സൗകര്യം നൽകിയും ഒരു പുതിയ ആത്മീകതയുടെ സുവിശേഷ സാക്ഷാത്കാരത്തിന്റെ ചരിത്രം രചിച്ച ആചാര്യ ശ്രേഷ്ഠനാണ് അഭി. തോമസ് പിതാവ്. ഈ ആചാര്യ ശുശ്രൂഷാ കാലയളവിലാണ് നമ്മുടെ നാട്ടിൽ രണ്ട് പ്രളയ ദുരന്തവും, കോവിഡ് 19 എന്ന മഹാമാരിയും സംഹാരതാണ്ഡവമാടിയത്. പ്രശ്ന കലുഷിത മേഖലകളിൽ കാലിടറാതെ മരവിച്ചുനിൽക്കാതെ ജനങ്ങൾക്കൊപ്പം, ജനങ്ങൾക്കുവേണ്ടി നിലകൊള്ളാൻ രൂപതയിലെ സകലവിധ സംവിധാനങ്ങളെയും സന്യാസ സന്യാസിനി ഭവനങ്ങളേയും, രൂപതാ സാമൂഹ്യക്ഷേമ വിഭാഗം ശ്രേയസ്സിനേയും, ഇടവകകളേയും, ഭക്ത സംഘടനകളേയും ഏകോപിപ്പിച്ച് പുതിയൊരു ചരിത്രമെഴുതാൻ അഭി.ജോസഫ് മാർ തോമസ് പിതാവിനും, രൂപതാ സംവിധാനങ്ങൾക്കും സാധ്യമായി എന്നത് സുവിശേഷ മൂല്യത്തിന്റെ ജീവിക്കുന്ന അനുഭവമായിരുന്നു.

യേശു പഠിപ്പിക്കുന്നു: “നീയും പോയി ഇതുപോലെ ചെയ്യുക.” ഹൃദയാർദ്രതയുടെ  സുവിശേഷ പ്രഘോഷണം ജീവിതംകൊണ്ട് നിവർത്തിക്കുക എന്നതാണ് ഒരു സഭാസംവിധാനത്തിന്റെ കാതൽ



ആർദ്രത എന്ന പദത്തിന് സ്വജീവിതത്തിൽ സാക്ഷ്യം നൽകിയ പ്രഥമ വ്യക്തി ക്രിസ്തുവാണ്. അവന്റെ ഉള്ളിലെ സ്നേഹപ്രവാഹങ്ങളാണ് മൂന്നുവർഷം നീണ്ട പരസ്യജീവിതത്തെ വേറിട്ടുനിർത്തിയത്. തിരിച്ചുവരവിനു മുകളിൽ മിഴിനട്ടിരിക്കുന്ന പിതൃവാത്സല്യവും (ലൂക്കാ. :15) നഷ്ടപ്പെട്ടതിനെ കണ്ടെത്തി നെഞ്ചോട് ചേർത്ത കനിവും-(ലൂക്കാ. 15/1 -10) വലിയ നിക്ഷേപങ്ങൾക്ക് ഇടയിൽ നിന്ന് ക്ലാവ് പിടിച്ച് ചെമ്പുനാണയത്തെ തിരിച്ചറിഞ്ഞ മഹാമനസ്കതയും (മർക്കോ. 12/48) വിശക്കുന്ന വയറുകളുടെ ദയനീയത മനസിലാക്കിയ കരളലിവും (മർക്കോ. 8/1-2) ചുറ്റുമുള്ളവരെയെല്ലാം കൂടെപ്പിറപ്പായി കരുതിയ ഹൃദയവിശാലതയും (മർക്കോ. 3/34) ക്രിസ്തുവെന്ന ആർദ്ര സ്നേഹത്തിന്റെ ആർദ്രഭാവങ്ങളാണ്.

യേശു കാണിച്ച പരസ്നേഹത്തിന്റെ പൂർണ്ണതയിലേക്കുള്ള ക്ഷണമാണ് രൂപത നിറവേറ്റിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതി. അവൻ പകർന്നു നൽകിയ ആർദ്രസ്നേഹത്തിന്റെ പാഥേയത്തെ അപരന് വെച്ചുവിളമ്പാനുള്ള വിശിഷ്ടമായൊരു നിയോഗം. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ ഇതിന് നിർബന്ധിക്കുന്നു. (2 കൊറി. 5/14) അതെ, മലങ്കര സുറിയാനി കത്തോലിത്താ സഭയ്ക്ക് ഏതു സാഹചര്യങ്ങളിലും കാഴ്ചക്കാരായി നോക്കിനിൽക്കാൻ സാധിക്കില്ല. ബത്തേരി രൂപത അന്നും-ഇന്നും-എന്നും മനുഷ്യരാശിയുടെ താങ്ങായി തണലായി- സമൂഹത്തിൽ ശിരസുയർത്തി നിൽക്കാൻ വെമ്പൽകൊള്ളും. ഹൃദയത്തിന്റെ ഉള്ളിൽ ക്രിസ്തു കൊളുത്തിവച്ച സ്നേഹത്തിന്റെയും ആത്മീയതയുടെയും, കരുണയുടെയും അലിവിന്റെയുമൊക്കെ മൺചിരാത് മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്കുകൂടി പകരുവാനുള്ള വലിയൊരു ജീവിത നിയോഗമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ. ബത്തേരി രൂപത ഹൃദയത്തിൽ വഹിക്കുന്നത്. കാലത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിഞ്ഞ്, ക്രിസ്തുവിനെപ്പോലെ അപരന്റെ നോവുകളും മുറിവുകളും വെച്ചുകെട്ടിയുമാണ് ബത്തേരി രൂപത മുന്നേറുന്നത്. ഈ മുന്നോട്ടുള്ള പ്രയാണത്തിന് താങ്ങും തണലുമായി പ്രചോദനമായി കൈത്താങ്ങായ് രൂപതാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർ തോമസ് തിരുമേനി കൂടെയുണ്ട്.

ബത്തേരി ഭദ്രാസനം, രൂപതാദ്ധ്യക്ഷൻ അഭി.ഡോ. ജോസഫ് മാർ തോമസ് തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് കരുണയുടെ മുഖം ജനഹൃദയങ്ങളിൽ നിറയ്ക്കാനായി രൂപതാ സംവിധാനങ്ങൾ മുഴുവൻ ഒരു നിയോഗത്തിലേക്ക് കേന്ദ്രീകരിച്ചുകൊണ്ട് മുന്നേറി. പിന്നിട്ട രണ്ടു വർഷങ്ങൾ കാലം ഇതുവരെയും അഭിമുഖീകരിച്ചിട്ടില്ലാത്ത വിധം ദുരവസ്ഥ അനുഭവിച്ചപ്പോൾ രൂപത ഒന്നായി നിലകൊണ്ട് 5 കോടിയിലധികം സാമ്പത്തിക വിനിയോഗം -ഭവനരഹിതർക്ക് ഭവനം നിർമ്മിക്കാനും, ഭൂരഹിതർക്ക് ഭൂമി വാങ്ങാനും ഇടയായി. ഈ ഉദ്യമം സഫലമാക്കാൻ അഭിവന്ദ്യ പിതാവിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം സഭ ഒന്നായിനിന്ന് പ്രവർത്തിച്ചു. ബഥനി സന്യാസ സമൂഹം, ബഥനി സന്യാസിനി സമൂഹം, ഡോട്ടേഴ്സ് ഓഫ് മേരി സന്യാസിനി സമൂഹം, രൂപതാ സാമൂഹ്യക്ഷേമ വിഭാഗം. ശ്രേയസ്, എം.സി.എ., എം.സി.വൈ.എം., മാതൃവേദി, ഇടവകകൾ, വ്യക്തികൾ തുടങ്ങി ഏവരും ഒരുമിച്ച് കൈകൊർത്തപ്പോൾ ഈ സഭ അനേകർക്ക് ആശ്വാസമായി ജനത്തിനൊപ്പം നിലകൊണ്ടു. രൂപത നിറവേറ്റിയ ഈ കരുണയുടെ ചിത്രം ഒന്നു തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ സാമൂഹ്യ പ്രതിബദ്ധത എത്ര മഹത്വമാർജ്ജിച്ചതാണെന്ന് തിരിച്ചറിയാൻ സാധിക്കും.

ശ്രേയസ് സാമൂഹ്യക്ഷേമ വിഭാഗം പ്രത്യേക താല്പര്യ പ്രകാരം മൂന്നു ഭവനങ്ങൾ പൂർണ്ണമായും, എഴുപത്തിരണ്ടു ഭവനങ്ങൾ ഭാഗികമായും നിർമ്മിച്ചു നൽകാൻ സാധിച്ചു. അതുപോലെ ബഥനി സന്യാസസ



www.malankaralibrary.com

മൂഹം മലപ്പുറം ജില്ല കേന്ദ്രീകരിച്ച് മൂന്നു ഭവനങ്ങൾ പൂർണ്ണമായും പണി പൂർത്തീകരിച്ച് വാസയോഗ്യമാംവിധം സഭയുടെ നാമത്തിൽ ഭവന രഹിതർക്ക് നൽകാൻ ഇടയായി. മേരിമക്കൾ സമൂഹം രൂപതാ സംവിധാനത്തോട് വളരെ ആത്മാർത്ഥമായി സഹകരിച്ച് രണ്ടു ഭവനം പൂർണ്ണമായും പണി പൂർത്തിയാക്കി അർഹർക്ക് കൊടുത്തു. കൂടാതെ ഭവനം പണിയാൻ സ്വന്തമായി സ്ഥലം ഇല്ലാതിരുന്ന ഏഴു കുടുംബങ്ങൾക്ക് അര ഏക്കറോളം സ്ഥലം ദാനമായി നല്കി. അതൊടൊപ്പം കോവിഡ് ദുരിതമനുഭവിച്ച അനേകം കുടുംബങ്ങൾക്ക് ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക സഹായവും മറ്റ് അനുബന്ധ സാധനവിതരണവും നിർവ്വഹിക്കാൻ ഇടയായി.

ആകസ്മികമായി കടന്നുവന്ന കോവിഡ് 19 മഹാമാരിയിൽ പകച്ചുനിന്ന ദൈവമക്കളെ സഹായിക്കുന്നതിനായി ബഥനി സന്യാസിനി സമൂഹം തങ്ങളാൽ കഴിയുംവിധം ജീവകാരുണ്യ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. അതിന്റെ ഭാഗമായി വീടും സ്ഥലവും ഇല്ലാതെ കഴിഞ്ഞിരുന്ന രണ്ടു കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി ഭവനം നിർമ്മിച്ചുകൊടുത്തു. കൂടാതെ പത്തുവീടുകൾക്ക് ഭവനനിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

മലങ്കര കാതലിക് അസ്സോസിയേഷൻ പ്രത്യേക താല്പര്യം എടുത്ത് മുട്ടിക്കടവ്, ജോസ്ഗിരി, നിലമ്പൂർ, ഉപ്പട എന്നീ സ്ഥലങ്ങളിലായി നാലുഭവനങ്ങൾ പൂർണ്ണമായും പണിതീർത്ത് അർഹരെ ഏല്പിച്ചു. മീനങ്ങാടിയിൽ ഒരു ഭവനം പണിയുന്നതിനുള്ള വലിയ സാമ്പത്തിക സഹായവും നല്കി.

ബത്തേരിരൂപത യുവജനപ്രസ്ഥാനം. എം.സി.വൈ.എം. പ്രത്യേക ദൗത്യമായി ഏറ്റെടുത്ത് മൈലാടുംപൊട്ടി, വാകേരി, തരിയോട് ദൈവാലയങ്ങളിൽ മൂന്നു ഭവനം പൂർത്തീകരിച്ചു നൽകി.

വിവിധ വൈദിക ജില്ലകളിൽ നിന്നായി ഭവനത്തിനുള്ള സ്ഥലം ലഭിച്ചവരും, ഭവനം പണിതു കിട്ടിയവരും, ഇവ രണ്ടും കൂടി ലഭിച്ചവരും നിരവധിയാണ്. കോഴിക്കോട് വൈദിക ജില്ലിയിൽ നിന്നും ഒരു കുടുംബത്തിന് ഭവനവും, മറ്റൊരു കുടുംബത്തിന് സ്ഥലവും ഭവനവും, നാലു കുടുംബങ്ങൾക്ക് ഭവനത്തിനാവശ്യമായ സ്ഥലവും ദാനമായി നല്കി.

കണ്ണൂർ വൈദിക ജില്ലയിൽ മാത്തിൽ കോളേജിനോട് ചേർന്ന് പത്തു കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കാൻ സ്ഥലം രൂപത നല്കി. പ്രസ്തുത കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കാനുള്ള സഹായം അത്യഭിവന്ദ്യ ബാവാ തിരുമേനി നൽകിയത് നന്ദിയോടെ സ്മരിക്കുന്നു.

എടക്കര വൈദിക ജില്ലയിൽ നിന്നും എട്ടു കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകാൻ സാധിച്ചു. കൂടാതെ ബത്തേരി വൈദിക ജില്ലയിൽ ചീങ്ങേരി ഇടവക പത്ത് കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കാനുള്ള സ്ഥലം ദാനമായി നൽകി.

ഈ നല്കിയ വിവരണങ്ങൾ പൂർണ്ണമല്ല എന്നറിയാം. എങ്കിലും ഇതും, ഇതിലും വൈവിധ്യമാർന്ന വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഉൾച്ചേരാൻ ബത്തേരി ഭദ്രാസനം ആത്മാർത്ഥത കാണിക്കുന്നു. ഈ കാര്യങ്ങളെ എല്ലാം ഏകോപിപ്പിക്കുന്നതും, നിർദ്ദേശം നൽകുന്നതും രൂപതാദ്ധ്യക്ഷൻ അഭി. തോമസ് പിതാവാണ്.

യേശുവിന്റെ ഈ ഭൂമിയിലെ ഓരോ പ്രവർത്തികളും ഇടമുണ്ടാകലുകളായിരുന്നില്ലേ ? സമൂഹത്തിൽ ഇടം നഷ്ടപ്പെട്ട പാപികളുടേയും, ചുങ്കക്കാരുടേയും, കുഷ്ഠരോഗികളുടേയും, വിജാതീയരുടേയും ഇടയിലുള്ള അവന്റെ പ്രവർത്തനം അവരോടുള്ള അവന്റെ കൂട്ടുകൂടലുകളും സമൂഹത്തിന്റെ മുഖ്യധാരയിൽ അവർക്കും ഒരു ഇടം നൽകുന്നതിന്റേതല്ലായിരുന്നോ? സൗഖ്യം നേടിയ കുഷ്ഠരോഗിയോട് നിന്നെത്തന്നെ പുരോഹിതർക്കു കാണിച്ചുകൊടുക്കുക(മർക്കോ 1/44) എന്ന് പറഞ്ഞപ്പോൾ തനിക്കെവിടെയൊ നഷ്ടപ്പെട്ട ഒരു ഇടത്തിലേക്ക് അവനെ തിരികെ അയയ്ക്കുകയായിരുന്നില്ലേ കർത്താവ് ? ബത്തേരി രൂപത വിഭാവനം ചെയ്ത് കർമ്മ വീഥിയിൽ ഈ യേശുവിനെ പകർന്നു നൽകുമ്പോൾ ഒരു താങ്ങായ് - തണലായി അവർക്കൊപ്പം നീങ്ങാൻ ജഗദീശൻ നാളിതുവരെ തുണച്ചു. അവിടുത്തെ ദൈവപരിപാലനയിൽ അഭയം തേടി മുന്നേറാം.





# 'മണ്ണ് മരം മനുഷ്യൻ'





ജോയ് തമലം

മണ്ണും
മരവും
മനുഷ്യരാണ്.

മരത്തിന്
കഴുമരം വേണം,
മണ്ണ്
ആറടിയും വേണം,
മനുഷ്യനാകാൻ.

മണ്ണപ്പത്തിലെ മണ്ണിന്
അമ്മിഞ്ഞമണം.

വിണ്ണിലേക്ക്
കണ്ണ് നട്ടവന്
മുപ്പത് വെള്ളിക്കാശ്.
മണ്ണുപ്പിൽ
നിന്നുയിർത്തവന്
കുരിശുമരത്തണൽ.

കതിരുകരിഞ്ഞ
നട്ടുച്ചയിൽ നിന്ന്
വിണ്ടു കീറിയ
നെറുകയിൽ
ദുഃഖവെള്ളി
ഉടഞ്ഞ് വീഴുന്നു.

രാവേറെ ചെല്ലുമ്പോൾ
രാത്രി വണ്ടി എത്തുമ്പോൾ
മണ്ണ് വിണ്ടുകീറുന്നു
ഒപ്പം
മരവും
മനുഷ്യനും.



www.malankaralibrary.com





# തെരഞ്ഞെടുപ്പ് കാലത്തെ ചില വിശ്വാസ പ്രശ്നങ്ങൾ

എം.എസ്.ജി.

ഒരു തെരഞ്ഞെടുപ്പ് കാലം കൂടി കടന്നുപോകവേ ജാതിയെയും മതത്തെയും കൂട്ടുപിടിച്ച്,വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കി വോട്ടുകൾ കൈക്കലാക്കാനുള്ള തീവ്ര പരിശ്രമത്തിലാണ് നമ്മുടെ നാട്ടിലുള്ള രാഷ്ട്രീയ പാർട്ടികൾ. ഇന്നലെ വരെ വിശ്വാസത്തെ തള്ളിപ്പറഞ്ഞവർ, വിശ്വാസത്തിന്റെ സംരക്ഷണത്തിന് വേണ്ടി നിലക്കൊണ്ടവർ, അങ്ങനെയങ്ങനെ എല്ലാവരും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ എന്നറിയപ്പെടുന്ന വോട്ടെടുപ്പ് യന്ത്രത്തിന് മുന്നിൽ വിശ്വാസികൾക്കായി കൈക്കൂപ്പി കാത്തുനിൽകുകയാണ്. മോഹന വാഗ്ദാനങ്ങളുമായി സമുദായ സംഘടനാ ആസ്ഥാനങ്ങളിലെത്തുന്നവർ വിശ്വാസത്തിന് വേണ്ടി ഏതറ്റം വരെയും പോകാൻ തയ്യാറാണെന്ന് വാക്കുകൊടുക്കുന്നു. വിശ്വാസത്തെയോ സമുദായത്തെയോ പാരമ്പര്യത്തെയോ ഏതെങ്കിലും ഘട്ടത്തിൽ തള്ളി പറഞ്ഞിട്ടുണ്ടെങ്കിൽ അതിനവർ മാപ്പിരക്കുന്നു. യഥാർത്ഥത്തിൽ ഇവർ നമ്മെ നയിക്കുന്നത് ജാതി വ്യവസ്ഥകൾ ഉച്ചസ്ഥായിയിൽ നിലക്കൊണ്ടിരുന്ന ഒരു പഴയ കാലഘട്ടത്തേക്കാണ്.

കേരളചരിത്രത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ജാതി വ്യവസ്ഥ ഉണ്ടായിരുന്നില്ല. ജാതികളുടെ പേരിൽ സമൂഹത്തെ വിഭജിച്ചിരുന്നില്ല. എന്നാൽ ക്രിസ്ത്വബ്ദം എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള നൂറ്റാണ്ടുകളിൽ കേരളത്തിൽ ശക്തി പ്രാപിച്ച ബ്രാഹ്മണരുടെ നേതൃത്വത്തിൽ

സാമൂഹികവും സാമ്പത്തികവുമായ ഒരു ക്രമം കേരളത്തിൽ ശക്തി പ്രാപിച്ചു. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹിക വിഭജനമാണ് ആദ്യമുണ്ടായത്. ഇത് വിവിധ തരം ജാതികളുടെയും ഉപജാതികളുടെ

യും രൂപീകരണത്തിന് കാരണമായി. അങ്ങനെ സവർണരും അവർണരുമുണ്ടായി. അവർണർക്കു മേൽ സവർണർ പിടി മുറുക്കി. ഇതാണ് ജാതിവ്യവസ്ഥയുടെ കാതലായി മാറിയത്. അവർണർക്ക് ഉപയോഗിക്കാൻ പുതിയ ഭാഷയുണ്ടായി. അവർണർക്ക് പശുക്കളെ വളർത്താൻ അധികാരമുണ്ടായിരുന്നെങ്കിലും കറന്ന് പാലെടുക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. അവന് ചന്തയിൽ പോകാനോ സാധനങ്ങൾ വാങ്ങാനോ അനുവാദം ഉണ്ടായിരുന്നില്ല. അവന്റെ വസ്ത്രങ്ങളിൽ നിന്ന് തന്നെ ജാതി തിരിച്ചറിയാൻ കഴിയുമായിരുന്നു. അവർണ സ്ത്രീകൾക്ക് സവർണ സ്ത്രീകളെ പോലെ വസ്ത്രം ധരിക്കാൻ കഴിയുമായിരുന്നില്ല. അവർണരുടെയും സവർണരുടെയും ആഹാരത്തിലുമുണ്ടായിരുന്നു ജാതി. ക്ഷേത്രങ്ങളിൽ അവർണർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. പ്രധാന നിരത്തുകളിലൂടെ അവർക്ക് നടക്കാൻ അവകാശമുണ്ടായിരുന്നില്ല.. ജാതിയിൽ അധിഷ്ഠിതമായ കേരളത്തെ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നാണ് വിളിച്ചത്.

പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ആരംഭിച്ച് ക്രമേണ ഉത്തര-പശ്ചിമ യൂറോപ്യൻ മേഖലകളിലേക്ക് വ്യാപിച്ച നവോത്ഥാനം മനുഷ്യർക്ക് പുതിയ അവബോധം പകർന്നു നൽകി. ഭാരതീയ നവോത്ഥാനത്തിന്റെ തുടക്കം പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബംഗാളിലായിരുന്നു. പിന്നീട് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചു. ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനവും സാഹിത്യത്തിന്റെ സ്വാധീനവും ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനങ്ങളും സാമൂഹിക പരിഷ്കരണത്തിന് വഴി തെളിച്ച മുഖ്യ ഘടകങ്ങളാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം കേരളത്തിലുണ്ടായ മാറ്റങ്ങൾക്ക് ഹേതുവായി തീർന്നത് വിദ്യാഭ്യാസമാണ്. കേരളത്തിൽ മിഷണറിമാരുടെ പ്രവർത്തനം വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച ചലനങ്ങൾ ചെറുതല്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിദ്യാഭ്യാസത്തിന്റെ അവസ്ഥ തീർത്തും ശോചനീയമായിരുന്നു. ഈ കാലഘട്ടത്തിലാണ് പ്രൊട്ടസ്റ്റന്റ് മിഷണറിമാർ കേരളത്തിലെത്തുന്നത്. ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി,ബേസൽ മിഷൻ എന്നിവർ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ആകൃഷ്ടരായി. അവർണർ എന്ന വിഭാഗത്തിൽ മാറ്റി നിർത്തിയിരുന്നവർക്കിടയിലേക്ക് മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസം വ്യാപിച്ചു. കേരളത്തിലെ താണ ജാതികാർക്ക് മുമ്പ് ലഭ്യമല്ലാതിരുന്ന വിഭവങ്ങളാണ് ക്രിസ്ത്യൻ മിഷണറിമാർ നേടികൊടുത്തത്. മനുഷ്യാവകാശങ്ങൾ പോലും നഷ്ടപ്പെട്ട് സമൂഹത്തിന്റെ താഴെ തട്ടിൽ കഴിഞ്ഞിരുന്നവർക്ക് അറിവിന്റെ വാതിൽ തുറന്നു നൽകാൻ മിഷണറിമാർക്ക് കഴിഞ്ഞു.

കേരളത്തിൽ സാമൂഹിക പരിഷ്കരണത്തിന് നേതൃത്വം നൽകിയ ഒരു പിടി ഗുരുക്കൻമാർ നമുക്ക് മുന്നിലുണ്ട്. ശ്രീ നാരായണ ഗുരു, വൈകുണ്ഠ സ്വാമികൾ, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി, വാഗ്ഭടാനന്ദൻ, വി.ടി. ഭട്ടതിരിപ്പാട്. പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, മന്നത്ത് പത്മനാഭൻ,വക്കം മൗലവി, ഡോക്ടർ പൽപ്പു ,കുമാരനാശാൻ തുടങ്ങിയവർ അവരിൽ ചിലരാണ്. ജാതി ഭേദം മതദ്വേഷമേതുമില്ലാതെ സർവരും, സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത് എന്നാണ് ശ്രീ നാരായണ ഗുരു നമ്മെ ഉദ്ബോധിപ്പിച്ചത്.

എന്നാൽ ഇന്ന് എന്താണ് നടക്കുന്നത്? പൂർവകാല ഗുരുക്കൻമാർ നമ്മെ പഠിപ്പിച്ച തത്വസംഹിതകളൊക്കെ നാം മറക്കുകയാണോ? കാരണം മതത്തിന്റെയും ജാതിയുടെയും വിശ്വാസത്തിന്റെയും ആചാരത്തിന്റെയും അടിസ്ഥാനത്തിലാണ് ഇന്ന് തെരഞ്ഞടുപ്പുകൾ നടക്കുന്നത്. വോട്ട് കിട്ടാൻ വേണ്ടി മാത്രം ജാതിയെ ഉണർത്തിയെടുക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ ചെയ്യുന്നത്. നവോത്ഥാന മൂല്യങ്ങളെല്ലാം വോട്ടിന്റെ കാര്യം വരുമ്പോൾ അവർ മറക്കുന്നു. കൈവിട്ടു പോയ വിശ്വാസികളുടെ വോട്ടുകൾ വെട്ടി പിടിക്കാൻ ഒരു കൂട്ടർ ശ്രമിക്കുമ്പോൾ മറ്റൊരു കൂട്ടർ വിശ്വാസികളെ തങ്ങൾക്കൊപ്പം നിർത്താനുള്ള നെട്ടോട്ടത്തിലാണ്. വിശ്വാസത്തിന് മുകളിൽ പ്രത്യയശാസ്ത്രത്തെ പ്രതിഷ്ഠിക്കാൻ ഒരു രാഷ്ട്രീയ പാർട്ടിയും തയ്യാറല്ല. നവോത്ഥാനത്തിന് വേണ്ടി നീല കൊള്ളുമെന്നവർ പോലും വിശ്വാസത്തിന് മുന്നിൽ മുട്ടുമടക്കുന്നു.

അതേ സമയം കേരളത്തിലെന്നും ജാതി മത സമവാക്യങ്ങളെ കൂട്ടുപിടിച്ചാണ് രാഷ്ട്രീയ പാർട്ടികൾ രാഷ്ട്രീയ പ്രവർത്തനം നടത്തിയിരുന്നത്. തിരുവിതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്ന ശേഷംആദ്യം നടന്ന പൊതുതെരഞ്ഞെടുപ്പ് 1948 ഫെബ്രുവരിയിലായിരുന്നു. അന്ന് എൻ.എസ്.എസിനും, എസ്.എൻ.ഡി.പിക്കും 40 സീറ്റുകൾ വീതം നൽകി കൊണ്ടാണ് പട്ടം താണുപിള്ള തെരഞ്ഞടുപ്പിനെ നേരിട്ടത്. 120 ൽ 96 സീറ്റുകൾ വരെ കോൺഗ്രസ് നേടുകയും ചെയ്തു.



www.malankaralibrary.com

ജാതിയും മതവും വിശ്വാസവും തെരഞ്ഞടുപ്പിന്റെ അടിസ്ഥാന ഘടകമാകുമ്പോൾ കേരളം വീണ്ടും പഴയ കാലഘട്ടത്തിലേക്ക് തന്നെയാണ് തിരിച്ചുപോകുന്നത്. വിശ്വാസത്തെ വിശ്വാസത്തിന്റെ വഴിക്ക് വിടുന്നതിന് പകരം അതിൽ രാഷ്ട്രീയം കലർത്താൻ തുടങ്ങിയാൽ അത് ദൂര വ്യാപ കമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കും. ജാതിതിരിച്ച് സ്ഥാന ാർത്ഥികളെ നിർത്തുമ്പോൾ അർഹർ പട്ടികക്ക് പുറത്താകും. കഴിവിന് പകരം മറ്റ് മാന ദണ്ഡങ്ങൾ വരുമ്പോഴുള്ള സാഹചര്യമാണ് ഇത്. ജാതി- മത സംഘടനകളെ പ്രീതിപ്പെടുത്താ നായി തെരഞ്ഞടുപ്പ് കാലത്ത് മാത്രം ഉയർത്തുന്ന ചില വിശ്വാസ പ്രശ്നങ്ങൾ അടുത്ത കാലത്തായി നാം കണ്ടുവരുന്നുണ്ട്. ഇത്തരം വിവാദങ്ങളിൽ, വിവാദം ഉന്നയിക്കുന്നവർക്കോ അത് കേൾക്കുന്നവർക്കോ യാതൊരു താത്പര്യവുമില്ല എന്ന് മനസിലാക്കുക. നീതി ന്യായ കോടതികളുടെ പരിഗണന യിലുള്ള വിഷയങ്ങളുടെ പേരിൽ നടക്കുന്ന രാഷ്ട്രീയ മുതലെടുപ്പുകൾ സത്യത്തിൽ പ്രോത്സാഹിപ്പിക്കാൻ പാടുള്ളതേയല്ല. അതിന്റെ പേരിൽ ഏതെങ്കിലും ഒരു കൂട്ടം ആളുകളെയോ സമൂഹത്തെയോ രാഷ്ട്രീയ പാർട്ടികളെയോ ഒറ്റപ്പെടുത്തുന്നതും ശരിയല്ല. നിയമത്തെ നിയമത്തിന്റെ വഴിക്ക് വിടുന്നതാണ് അഭികാമ്യം. അതല്ലാതെ നിയമപരമായ കാര്യങ്ങൾ തങ്ങൾ തന്നെ പരിഹരിച്ചു കൊള്ളാം എന്ന പേരിൽ രാഷ്ട്രീയ കക്ഷികൾ സ്വന്തം കീശയിലാക്കുന്നത് നന്നല്ല.

മനുഷ്യന്റെ ആവശ്യങ്ങൾക്ക് അനുസരിച്ചാവണം സമൂഹത്തിൽ മാറ്റങ്ങൾ വരേണ്ടതെന്ന് ശ്രീ നാരായണ ഗുരു വിശ്വസിച്ചിരുന്നു. അദ്ദേഹം തലശേരിയിൽ താമസിച്ചിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി. മക്കത്തായ രീതി പിന്തുടരാൻ ആഗ്രഹിക്കുന്നവരും മരുമക്കത്തായ രീതി ആഗ്രഹിക്കുന്നവരും തമ്മിൽ കലഹമുണ്ടായി. ഇരുവരും ഗുരുവിനെ കാണാനെത്തി. രണ്ടും നല്ലതല്ലെന്നായിരുന്നു ഗുരുവിന്റെ മറുപടി. പിന്നെ ഏതാണ് നല്ലതെന്ന് ചോദിച്ചപ്പോൾ അയൽപക്കത്തായമാണ് നല്ലതെന്ന് പറഞ്ഞ് അദ്ദേഹം പുഞ്ചിരിച്ചു. ഗുരുവിന്റെ മാർഗ്ഗമാണ് രാഷ്ട്രീയക്കാർ പിന്തുടരേണ്ടത്. തെരഞ്ഞടുപ്പ് വരുമ്പോൾ വിശ്വാസത്തിൽ ഇടപെടാൻ നിൽക്കാതെ തങ്ങളിൽ അർപ്പിതമായ കടമകളു മായാണ് രാഷ്ട്രീയ നേതാക്കൾ മുന്നോട്ടു പോകേണ്ടത്. അതല്ലാ തെ വിശ്വാസത്തിൽ ഇടപെട്ട് വിലപ്പെട്ട സമയം കളയുന്നതല്ല അഭികാമ്യം. ഇല്ലെങ്കിൽ പതിനാലാം നൂറ്റാണ്ടിന് മുമ്പ് നിലനിന്നിരുന്ന വ്യത്തികെട്ട ഒരു വ്യവസ്ഥിതിയിലേക്ക് നാം കടന്നു ചെല്ലും. ജാതിയും മതവും ആടയാഭരണങ്ങളല്ല എന്ന് വിശ്വസിക്കുന്ന ഒരു തലമുറയാണ് ഇവിടെ വളർന്നു വരുന്നതെന്ന് മന സിലാക്കുക.

എന്നാൽ ജാതി- മത സംഘടന കൾ നമ്മുടെ സമൂഹത്തിന്റെ ഭാഗം തന്നെയാണ്. ജനങ്ങൾ തന്നെയാണ് ഇത്തരം സംഘടനക ളെയും പ്രതിനിധാനം ചെയ്യുന്നത്. ഏതൊരു മനുഷ്യന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതു പോലെ തന്നെയാണ് സംഘടന കളുടെ പ്രശ്നങ്ങൾ നിറവേറ്റുന്നതും. അവർക്ക് അവ രുടെ ആവശ്യങ്ങൾ നിവേറ്റി നൽകുന്നതിൽ തെറ്റില്ല. എന്നാൽ അവരുടെ പ്രശ്നങ്ങളിൽ രാഷ്ട്രീയകക്ഷികൾ ഇടപ്പെടുന്നത് അഭികാമ്യമല്ല.

രാഷ്ട്രീയ കക്ഷികൾ ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം വികസനം തന്നെയാണ്. എന്നാൽ ചർച്ചകൾ മറ്റ് പലതിലേക്കും മാറി പോകാറാണ് പതിവ്. ഇലക്ഷൻ കാലത്തെങ്കിലും വികസനം ചർച്ച ചെയ്യപ്പെട്ടാതിരുന്നാൽ അത്തരം ചർച്ചകൾക്കുള്ള അവസരം തന്നെ നഷ്ടപ്പെടും. ഇതാണ് നവോത്ഥന പ്രസ്ഥാനങ്ങളും നവോത്ഥന നായകരും നമ്മെ പഠിപ്പിച്ചിട്ടുള്ളത്. അഖിലേന്ത്യാ തലത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കൊളോണിയൽ വിരുദ്ധ മനോഭാവം ഉൾക്കൊണ്ട് ദേശീയ പ്രസ്ഥാനങ്ങൾക്കൊപ്പം ചേർന്ന പാരമ്പര്യമാണ് മലയാളികൾക്കുള്ളതെന്ന് മറക്കരുത്.



# എം.സി.എ. രജതജൂബിലി നിറവിൽ

ഏതൊരു സംഘടനയുടേയും 25 വർഷത്തെ ചരിത്രം എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന സംഭവം തന്നെയാണ്. ഈ ധന്യമുഹൂർത്തത്തിനു വേണ്ടി കതോർത്ത്, കരളോർത്ത് കാത്തിരുന്ന എല്ലാ മലങ്കര സുറിയാനി കത്തോലിക്കാ അത്മായർക്കും നമോവഹം. എം.സി.എ. സഭാതലത്തിൽ രൂപപ്പെട്ടതിന്റെ രജത ജൂബിലി നിറവിലാണ് നാം. മലങ്കര സുറിയാനി കത്തോലിക്കാ സഭ നവതിയുടെ നിറവിൽ എത്തിയപ്പോൾ 1930 മുതൽ അത്മായരുടെ കൂട്ടായ പ്രവർത്തനവും, പ്രോത്സാഹനവും പ്രാർത്ഥനയും എക്കാലവും ആദരവോടെ വിലമതിക്കപ്പെട്ടതാണ്. നമ്മുടെ സഭാപരവും, സാമൂഹ്യവും, സാംസ്ക്കാരികവും, വിദ്യാഭ്യാസപരവും, സാമ്പത്തികവും, രാഷ്ട്രീയവുമായ താല്പര്യങ്ങൾ സംരക്ഷിക്കുകയും സഭയുടെ സർവ്വോതോന്മുഖമായ ഉൽക്കർഷത്തിനുവേണ്ടി സഭാധികാരികളോടു സഹകരിച്ച് പ്രവർത്തിക്കുകയാണ് മലങ്കര കാത്തലിക് അസോസിയേഷന്റെ ലക്ഷ്യം. അതുവഴി ഈ പൊതു സമൂഹത്തിൽ നമ്മുടെ സാന്നിധ്യം അടയാളപ്പെടുത്തുകയും ചെയ്യുന്നതാണ്. ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. അവയ്ക്ക് ശാശ്വതമായ പരിഹാരം കൂട്ടായ യത്നത്തിലൂടെയും പരിചിന്തനത്തിന് വിധേയമായും എല്ലാവരെയും സഹകരിപ്പിച്ചു കൊണ്ട് കണ്ടെത്തുകയെന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. ഓർത്തഡോക്സ് - യാക്കോബായ സഭകളുടെ ക്രിസ്തീയമല്ലാത്ത നടപടികളും സമരപരിപാടികളും പരസ്യപ്രസ്താവനകളും ഇന്ന് ക്രൈസ്തവ സഭകളെ ആകമാനം അക്രൈസ്തവ സഹോദരങ്ങളുടെ മുൻപിൽ വിപരീത സാക്ഷ്യത്തിനിടയാക്കിയിട്ടുണ്ട്. എം.സി.എ പ്രസ്ഥാനം രജതജൂബിലി നിറവിലായിരിക്കുമ്പോൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭം മുതൽ വിശിഷ്യാ സഭാതല സമിതി കൂട്ടായ്മയിലൂടെ സംലഭ്യമായ വളർച്ചയുടെ ചരിത്രത്താളുകളിലേക്ക് നമുക്ക് കണ്ണോടിക്കാം.



ഫാ. ജോൺ അരീക്കൽ

രണ്ടാം വത്തിക്കാൻ കൗൺസിലിൽ വിഭാവനം ചെയ്യുന്ന അത്മായ പങ്കാളിത്വം മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ എങ്ങനെ പ്രാവർത്തിക മാക്കാമെന്ന ചിന്തയും പ്രവർത്തനവും ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിലൂടെ സഭയ്ക്ക് കരഗതമായി. അതിനു മുൻപുതന്നെ പുനരൈക്യ ശില്പിയായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് അത്മായ സഹോദരങ്ങളുടെ സമഗ്ര പുരോഗതിയെ ലക്ഷ്യമാക്കി 1940 ൽ “മലങ്കര സിറിയൻ കാത്തലിക് കോൺഗ്രസ്” എന്ന അത്മായ പ്രസ്ഥാനത്തിന് രൂപം നല്കി. പുനൈര്യക്യ പ്രസ്ഥാനത്തെ സംശയത്തോടെ വീക്ഷിച്ചിരുന്നവരും ഈ പ്രസ്ഥാനത്തെ നശിപ്പിക്കുവാനും തേജോവധം ചെയ്യുവാനുമായി പരസ്യമായി രംഗപ്രവേശനം ചെയ്ത ക്രൈസ്തവ സഭകളിലെതന്നെ പുഴുക്കുത്തുകളെ തിരിച്ചറിയുവാനും പ്രതിരോധിക്കുവാനും ഈ



www.malankaralibrary.com

അത്മായ പ്രസ്ഥാനത്തിലൂടെ സാധിതമായി. ചെങ്ങന്നൂർ കണ്ണന്താനത്ത് ഗീവർഗ്ഗീച്ചൻ (പ്രസിഡന്റ്), തുമ്പമൺ മാത്യുവക്കീൽ (സെക്രട്ടറി), തിരുവല്ല മേളാമ്പറമ്പിൽ ഉമ്മച്ചൻ (ട്രഷറർ) എന്നിവരെ മാർ ഈവാനിയോസ് പിതാവ് നിയമിച്ചുകൊണ്ട് അത്മായ പ്രസ്ഥാനത്തിന് രൂപം നല്കി. പ്രേഷിതരംഗത്തും വിദ്യാഭ്യാസ മേഖലയിലും ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടിരുന്ന ആ സമയത്ത് മലങ്കര കത്തോലിക്കാ സഭയെ സംരക്ഷിക്കുവാനും കൂട്ടായ പ്രവർത്തനത്തിലൂടെ പുതിയ മിഷൻ കേന്ദ്രങ്ങൾ ആരംഭിക്കുവാനും സെമിത്തേരി അനുവദിച്ചു കിട്ടുക, സ്കൂളുകൾ ആരംഭിക്കുക, തുടങ്ങിയ ശ്രമകരമായ കാര്യങ്ങളിൽ നേതൃത്വം കൊടുക്കുവാനും അതുവഴി ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ കരങ്ങൾക്ക് ശക്തി പകരാനും ഈ അത്മായ പ്രസ്ഥാനത്തിന് കഴിഞ്ഞു. തിരുവിതാംകൂർ ദിവാനു മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആവശ്യങ്ങൾ അടങ്ങിയ നിവേദനം നല്കാനും അത് നേടിയെടുക്കാനും സുവിശേഷ പ്രഘോഷണ രംഗങ്ങളിൽ നവചൈതന്യം സൃഷ്ടിക്കുവാനും ഈ പ്രസ്ഥാനം നേതൃത്വം നല്കി. കാലാകാലങ്ങളിലായി അത്മായ പ്രസ്ഥാനത്തെ നട്ടുവളർത്തി വെള്ളവും വെളിച്ചവും നല്കി പ്രോത്സാഹിപ്പിച്ച സഭാ പിതാക്കന്മാരോടൊപ്പം നിരവധി വൈദികരുമുണ്ട്. 1955 കാലഘട്ടത്തിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ പൊളച്ചിറയ്ക്കൽ പി. എം. ചെറിയാൻ തരകൻ പ്രസിഡന്റായും തിരുമൂലപുരം ശ്രീ. ഫിലിപ്പ് ഓർഗനൈസറായും മേളാം പറമ്പിൽ എ.ഒ. വർഗീസ് ജനറൽ സെക്രട്ടറിയായും ഒരു സമിതിയെ തെരഞ്ഞെടുത്തു. സഭയിൽ ഒരു വിവാഹ ബ്യൂറോ ആരംഭിക്കുകയും അതുവഴി നിരവധിപേർക്ക് അനുയോജ്യരായ വധൂവരന്മാരെ കണ്ടെത്തുന്നതിനും സമൃദ്ധരായ വിദ്യാർത്ഥികളെ കണ്ടെത്തി സ്കോളർഷിപ്പുകൾ നല്കി സഹായിക്കുവാനും നിരവധി ദൈവാലയങ്ങളിൽ പോയി സുവിശേഷ പ്രസംഗം നടത്തി പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രധാന്യവും അതുവഴി ലഭിക്കുന്ന ആത്മീയ സമാധാനവും സന്തോഷവും സാക്ഷ്യപ്പെടുത്തുവാനും ഈ സമിതിക്ക് കഴിഞ്ഞു. തുടർന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ (AKCC) പ്രവർത്തനം മലങ്കര സുറിയാനി കത്തോലിക്കാസഭയിലേക്ക് വ്യാപിപ്പിച്ചപ്പോൾ മേൽപറഞ്ഞ മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസും AKCC യിൽ ലയിച്ചു.

തിരുവല്ലാ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നിരണത്തുവച്ച് 1989 സെപ്റ്റംബർ 20 ന് കൂടിയ 60-ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് ചേർന്ന അത്മായ സമ്മേളനം മലങ്കര കാത്തലിക് അസോസിയേഷനെ സംബന്ധിച്ച് നിർണ്ണായക നാഴികകല്ലായിരുന്നു. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹ ആശീർവാദത്തോടെയും അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരവും ഒരു പ്രമേയത്തിലൂടെ മലങ്കര കാത്തലിക് അസോസിയേഷൻ എന്ന ആശയം പുനരൈക്യ വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ചു. റിട്ടയേർഡ് ആർ.ഡി.ഓ. കല്ലറയ്ക്കൽ അലക്സാണ്ടർ പി. വർഗ്ഗീസാണ് ഈ പ്രമേയം അവതരിപ്പിച്ചത്. ഇതേ കാലയളവിൽ വിവിധ രൂപതകളിൽ അത്മായ സംഘടന രൂപപ്പെട്ടിട്ടുണ്ട്. കേരളത്തിനു പുറത്ത് പൂന, ഡൽഹി, ബോംബേ, മദ്രാസ് തുടങ്ങിയ പട്ടണങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കരായ, തീഷ്ണമതികളായ മലങ്കര മക്കൾ അത്മായ സംഘടനയ്ക്ക് രൂപം നല്കിയിരുന്നു ഇന്നത്തെ പൂന-കട്കി, ഡൽഹി - ഗുഡ്ഗാവ് രൂപതകൾ രൂപം കൊള്ളാനുള്ള പ്രധാന കാരണവും മലങ്കര കത്തോലിക്കാ അത്മായരുടെ നിസ്തന്ദ്രമായ പ്രവർത്തനവും അകമഴിഞ്ഞ പിൻതുണയും ഇടവിടാതെയുള്ള പ്രാർത്ഥനയുമാണ്. കേരളത്തിനകത്തും പുറത്തും വിദേശത്തും നാം ഇന്നു കാണുന്ന മലങ്കര കത്തോലിക്കാ രൂപതകളുടെ സ്ഥാപനത്തിലും കെട്ടുപണിയിലും അത്മായ സഹോദരങ്ങളുടെ പങ്ക് നിർണ്ണായകമാണ്. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം മലങ്കര കാത്തലിക് അസോസിയേഷനു വേണ്ടി ഭരണഘടന തയ്യാറാക്കുന്നതിനും മെമ്പർഷിപ്പ് ക്യാമ്പ് കാമ്പയിൻ നടത്താനും ഇടവക, വൈദിജില്ലാ, രൂപതാ തലത്തിൽ യൂണിറ്റ് ആരംഭിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി ഒരു അഡ്ഹോക്ക് കമ്മറ്റിയെ ചുമതലപ്പെടുത്തി.

കേരള കത്തോലിക്കാസഭയുടെ പൊതു അത്മായ പ്രസ്ഥാനമായിരുന്ന ആൾ കേരള കത്തോലിക്കാ കോൺഗ്രസി (AKCC) ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അത്മായ പ്രസ്ഥാനമായ മലങ്കര കാത്തലിക് അസോസിയേഷനും അംഗങ്ങളായിരുന്നു. 1995-ൽ അഗഇഇ സീറോ മലബാർ കത്തോലിക്കാ സഭയുടെ ഔദ്യോഗിക അത്മായ പ്രസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. ഇതിനെ തുടർന്നാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അത്മായ പ്രസ്ഥാനമായി മലങ്കര കാത്തലിക് അസോസിയേഷൻ രൂപീകരിക്കാൻ തീരുമാനിച്ചത്. സഭയുടെ കെട്ടുപണിയിൽ അത്മായ സഹോദരങ്ങളുടെ പങ്ക് വേണ്ട വിധത്തിൽ

വിനിയോഗിക്കപ്പെടാനും അത്മായരുടെ മനുഷ്യവിഭവശേഷി ഉപയോഗപ്രദമാക്കുവാനുമായി ആരംഭിച്ച ഈ പ്രസ്ഥാനം യുവജന പ്രസ്ഥാനമായ MCYM ന്റെ തുടർച്ചയെന്നോണം MCA യിൽ പ്രവർത്തിക്കാനായതോടെ ഇടമുറിയാത്ത സഭാശുശ്രൂഷക്ക് സഭാ തനയർക്ക് അവസരം ലഭിച്ചു. കേരള കത്തോലിക്കാ മെത്രാൻ സമിതി (ഗഇആഇ) ക്ക് മൂന്ന് വ്യക്തിഗത സഭകൾക്കും (മലബാർ, ലത്തീൻ, മലങ്കര) പ്രാതിനിധ്യമുള്ള ഒരു അത്മായപ്രസ്ഥാനം രൂപീകരിക്കുവാൻ തീരുമാനിച്ചത് ആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസ് പിതാവ് KCBC യുടെ പ്രസിഡന്റായിരിക്കുന്ന അവസരത്തിലാണ്. അതുപ്രകാരം കേരള കാത്തലിക് ഫെഡറഷൻ (KCF) രൂപീകരിച്ചു. ഓരോ വ്യക്തിഗത സഭയിൽ നിന്നും 50 അംഗങ്ങൾ ചേർന്നാണ് ഈ സംഘടനയുടെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. ഇപ്പോൾ ഗഇഎ ന്റെ പ്രസിഡന്റ് MCA സഭാതല സമിതി മുൻ പ്രസിഡന്റും പത്തനംതിട്ട രൂപതാംഗവുമായ ശ്രീ. പി.കെ. ജോസഫാണ്.

1996 മാർച്ച് 2 ന് ആർച്ച് ബിഷപ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലിത്തയുടെ അദ്ധ്യക്ഷതയിൽ തിരുവല്ലാ ശാന്തിനിലയത്തിൽ സമ്മേളിച്ച അത്മായ പ്രതിനിധികളുടെ യോഗത്തിൽ ഒരു അഡ്ഹോക്ക് കമ്മറ്റിക്ക് രൂപം നല്കി. അന്ന് നിലവിലുള്ള തിരുവനന്തപുരം, തിരുവല്ലാ, ബത്തേരി രൂപതകളിലെ തെരഞ്ഞെടുക്കപ്പെട്ട അത്മായർ യോഗത്തിൽ സന്നിഹിതരായിരുന്നു. ഫാ. വർഗീസ് മാവേലിൽ (സഭാതല വൈദിക ഉപദേഷ്ടാവ്) ശ്രീ. വർഗ്ഗീസ് കരിപ്പായിൽ (പ്രസിഡന്റ്), ശ്രീ. മത്തായി മരുതൂർ, അഡ്വ. അന്നമ്മ ജോർജ്, അഡ്വ. ടി.പി. ഏലിയാസ് (വൈസ് പ്രസിഡന്റുമാർ) അഡ്വ. വി.വി. ഷാജി (ജനറൽ സെക്രട്ടറി), ശ്രീ. പി.ഓ. ജോർജ് (ജോയിന്റ് സെക്രട്ടറി), ശ്രീ. മാത്യു വർഗീസ് (ട്രഷറാർ), ശ്രീ. എം.ഓ. വർഗീസ് മേളാംപറമ്പിൽ, ശ്രീ. വി.പി. തോമസ്, പ്രൊഫ. മാത്യു മാവേലി (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ അഡ്ഹോക്ക് കമ്മറ്റി ഭാരവാഹികളായി നിശ്ചയിച്ചു. ഈ കമ്മറ്റിയുടെ അശ്രാന്തപരിശ്രമ ഫലമായി നിലവിലെ മൂന്നു രൂപതകൾ സന്ദർശിക്കുകയും പഠന സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും തെരഞ്ഞെടുപ്പും നടത്തി. മലങ്കര കത്തോലിക്കാ സഭയുടെ വിശ്വാസവും ജീവിതവും അതിന് ക്രൈസ്തവ ജീവിതത്തിന്റെ സവിശേഷ ഘടകങ്ങളും സമന്വയിപ്പിച്ചുകൊണ്ട് രൂപതകളെ അത്മായ പ്രസ്ഥാനത്തിലൂടെ സജീവമാക്കിത്തീർക്കുവാനും മലങ്കര കാത്തലിക് അസോസിയേഷൻ എന്ന സംഘടനയുടെ അനിവാര്യത ബോദ്ധ്യപ്പെടുത്തുവാനും ഈ സമതിക്ക് സാധിച്ചുവെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. സംഘടന ശക്തിപ്രാപിക്കുമ്പോഴാണ് അവയുടെ നിയമാവലിയെപ്പറ്റി ചിന്തിക്കുന്നത്. വളരെ സജീവമായിതീർന്ന മലങ്കര കാത്തോലിക് അസോസിയേഷന് രൂപതകളിൽ വൈദിക ഉപദേഷ്ടാക്കളും തെരഞ്ഞെടുപ്പുമൊക്കെ നടത്താൻ ഭരണഘടന കമ്മിറ്റിയെ നിയോഗിച്ചു. ഭരണഘടന രൂപീകരണ കമ്മറ്റിയിൽ ശ്രീമാന്മാർ വർഗീസ് കരിപ്പായി, റിട്ട. ആർ.ഡി.ഒ അലക്സാണ്ടർ, പി. വർഗീസ്, ജോയി താഴമൺ, മത്തായി മരുതൂർ, പി.ഓ. ജോർജ്, അഡ്വ. റ്റി.പി. ഏലിയാസ്, മാത്യു പി. വർഗീസ്, ഷിബു വർഗീസ്, വി.പി. ഷാജി എന്നിവരായിരുന്നു. പിന്നീട് 2005 ൽ ശ്രീ. വി.പി. തോമസ്, 2010 ൽ ശ്രീ. ടി.പി. ഷാജി എന്നിവർ കൺവീനർമാരായിസമിതികൾ വിളിച്ചുകൂട്ടി ഭരണഘടന കാലോചിതമായി പരിഷ്ക്കരിച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ അനുവാദത്തോടെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

2018 ഫെബ്രുവരി 23 മുതൽ പ്രാബല്യത്തിൽ വന്നതും ഇപ്പോൾ നിലനിലുള്ളതുമായ പരിഷ്ക്കരിച്ച ഭരണഘടന 2018 ഫെബ്രുവരി 17, 18 തീയതികളിൽ നടന്ന സഭാതല സമിതിയോഗം പുതിയ ഭേദഗതികൾ നിർദ്ദേശിച്ച് പരിശുദ്ധ സുന്നഹദോസിന് അംഗീകാരത്തിനായി നല്കിയതും 2018 ഫെബ്രുവരി 19–23 വരെ നടന്ന പരിശുദ്ധ സുന്നഹദോസ് അംഗകരിച്ച് പ്രാബല്യത്തിൽ വരുത്തുന്നതിനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് – കാതോലിക്കോസ് അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമനസ് അംഗീകരിച്ച് നല്കിയതുമാണ്. നിലവിലെ നിയമാവലി പരിഷ്ക്കരിച്ചത് ശ്രീ. വി.പി. തോമസ് കൺവീനറായുള്ള കമ്മറ്റിയാണ്. നമ്മുടെ സഭയുടെ തലവനും പിതാവും പ്രഥമ കാതോലിക്കാ ബാവായുമായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ പ്രഥമ രക്ഷാധികാരിയും ഇപ്പോഴത്തെ രക്ഷാധികാരിയായിരിക്കുന്നത് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുമാണ്. മലങ്കര സുറിയാനി കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സിനഡ് നിശ്ചയിക്കുന്ന മെത്രാപ്പോലീത്ത (അൽമായ കമ്മീഷൻ ചെയർമാൻ) ഈ സംഘടനയുടെ ചെയർമാനായിരിക്കുമെന്ന നിയമാവലിയുടെ അടിസ്ഥാനത്തിൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്ന്യാസിയോസ് പ്രഥമ ചെയർമാനും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് നിലവിലെ ചെയർമാനുമാണ്. വൈദിക ഉപദേഷ്ടാക്കളായി ഫാ. വർഗീസ് മാവേലിൽ, ഫാ. ജോൺ തോമസ് കണ്ടത്തിങ്കൽ, ഫാ. മത്തായി


www.malankaralibrary.com

കടവിൽ ഒ.ഐ.സി., ഫാ.ജോൺ തുണ്ടിയത്ത് എന്നിവർ മലങ്കര കത്തോലിക് അസോസിയഷന് ആത്മീയ നതൃത്വം നല്കി. ഇപ്പോൾ ഫാ. ജോൺ അരീക്കൽ നിലവിലെ പ്രസ്ഥാനത്തിന്റെ വൈദിക ഉപദേഷ്ടാവാണ്. സഭാതല അസംബ്ലിയും തെരഞ്ഞെടുപ്പും 1996 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ 2 വർഷത്തിലൊരിക്കൽ കൃത്യമായി നടന്നുവരുന്നു.

**ആഗോള അല്മായ സംഗമം**
മലങ്കര പുനരൈക്യ വാർഷികാഘോഷ വേളയിൽ ഒരു ദിവസം ആഗോള അല്മായ സംഗമം നടന്നുവരുന്നു. ങഇഅ യുടെ പ്രഥമ സഭാതല അല്മായ സംഗമം 1997 ൽ ബത്തേരിയിൽവച്ച് പുനരൈക്യാഘോഷവേളയിൽ നടത്തി. തുടർന്നുള്ള വർഷങ്ങളിൽ അത്മായ സംഗമം പുനരൈക്യ വാർഷികാഘോഷങ്ങളുടെ ഭാഗമായി ഒരു വേദി സജ്ജമാക്കിയിരുന്നു. വിവിധ രൂപതയിലുള്ള അത്മായ സഹോദരങ്ങൾക്ക് മലങ്കര കാത്തലിക് അസോസിയേഷൻ എന്ന അത്മായ സംഘടനയിലൂടെ ഒത്തുകൂടുവാനും വിവിധ വിഷയങ്ങൾ പഠന വിധേയമാക്കുവാനും പുനരൈക്യ സമാധാന സാക്ഷികളാണ് തങ്ങളെന്ന് പ്രഖ്യാപിക്കാനും ഈ സമ്മേളനം സാധ്യമാക്കുന്നു

**കൂവൈറ്റ് മലങ്കര റീത്ത് മൂവ്മെന്റ്**

(കെ.എം.ആർ.എം) എല്ലാ വർഷവും പുനരൈക്യ വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള അല്മായ സമ്മേളനത്തിൽവച്ച് വിദ്യാഭ്യാസ സ്കോളർഷിപ്പുകളും, എസ്. എസ്. എൽ.സിക്ക് രൂപതകളിൽനിന്നുള്ള മികച്ച വിജയികൾക്ക് മാർ ബസേലിയോസ് വിദ്യാശ്രീ പുരസ്ക്കാരങ്ങളും നല്കി വരുന്നു. കെ.എം.ആർ.എം ന്റെ ഈ നല്ല മാതൃക വിവിധ രൂപതകളിലും സമർത്ഥരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനും അനുമോദിക്കുന്നതിനും വളരെയേറെ സഹായിച്ചിട്ടുണ്ട്.

**നേതൃത്വ പരിശീലനം :–** MCA യുടെ സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കി പഠന സെമിനാറും നേതൃത്വ പരിശീലനവും നടത്തുന്നു. പുതിയ നേതൃനിരയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന നേതൃ പരിശീലനത്തിന് മനേജിംഗ് കമ്മറ്റി അംഗങ്ങളും വിവിധ രൂപതാ ഭാരവാഹികളും പങ്കെടുത്തു വരുന്നു.

**ദിനാചരണങ്ങൾ:–** എം.സി.എ സ്വർഗ്ഗീയ മാദ്ധ്യസ്ഥനും തൊഴിലാളികളുടെ മദ്ധ്യസ്ഥനുമായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളായ മെയ് 1 അത്മായ ദിനമായി സഭയിൽ ആചരിക്കുന്നു. തുടർന്നു വരുന്ന ആദ്യ ഞായറാഴ്ചയാണ് ഇടവകകളിൽ അത്മായദിനാചരണം നടക്കുന്നത്. ഇതോടനുബന്ധിച്ച് സിനഡൽ അത്മായ കമ്മീഷൻ ചെയർമാന്റെ (MCA ചെയർമാൻ) ഇടയലേഖനം ഇടവകകളിൽ വായിക്കാൻ എത്തിച്ചു കൊടുക്കുന്നു. ഇടവക യൂണിറ്റ്തല വൈദിക ജില്ലാതല, രൂപതാതല സമ്മേളനങ്ങളും നടത്തുകയും പതാക ഉയർത്തൽ ങഇഅ പ്രതിജ്ഞ ചൊല്ലുക, അനുമോദന സമ്മേളനവും സെമിനാറുകളും പഠനശിബരവും നടത്തുക തുടങ്ങിയവയും ഉൾപ്പെടുത്തിയിരിക്കുന്നു. സഭാതല അത്മായ ദിനാചരണം സൗകര്യപ്രദമായ രൂപതയിൽവച്ച് എല്ലാവർഷവും നടന്നുവരുന്നു. 2019 മുതൽ ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഓർമ്മദിനത്തിൽ എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനയും ശേഷം വൈദികരെ ആദരിക്കുകയും തദ്വാര ദൈവവിളി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**പതാക പ്രയാണങ്ങൾ:–** പുനരൈക്യദിനത്തോടനുബന്ധിച്ച് കേരളത്തിലെ വിവിധ രൂപതകളെ ബന്ധിപ്പിച്ചുകൊണ്ട് പതാക പ്രയാണയാത്രകൾ സംഘടിപ്പിക്കുകയും തദവസരത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പരസ്യ പ്രസംഗങ്ങൾ നടത്തുകയും ചെയ്യുന്നു. പരിശുദ്ധ ബനഡിക് 16 – മൻ മാർപ്പാപ്പ 2005 ഫെബ്രുവരി 7 ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലിത്തായെ ഒന്നാം കാതോലിക്കാ ബാവായായി പ്രഖ്യാപിക്കുകയും ചെയ്തതിന്റെ സ്ഥാനലബ്ധി വിളമ്പരയാത്ര കാതോലിക്കാ പതാകദിനമായി ആചരിച്ചു. അതിന്റെ മുന്നോടിയായി ബത്തേരി രൂപതയിലെ പുൽപ്പള്ളിയിൽ നിന്നാരംഭിച്ച കതോലിക്കാ പതാക പ്രയാണം തിരുവനന്തപുരംവരെ നടത്തി. 2005 മാർച്ച് 29 ന് ബത്തേരി രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്ത പദയാത്ര പ്രയാണം എം.സി.എ. സഭാതല പ്രസിഡന്റ് ശ്രീ. തോമസ് ജോൺ തേവരത്തിന്റെ നേതൃത്വത്തിൽ മെയ് 13 ന് തിരുവനന്തപുരം പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ സമാപിച്ചു. ആർക്കി എപ്പിസ്കോപ്പൽ പദവി, കാതോലിക്കാ സ്ഥാനം, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രസക്തി വിശദീകരിക്കാൻ ഈ അവസരം പ്രയോജനപ്പെട്ടു എന്നത് ദൈവനിശ്ചയമാണ്.

**കരിയർ ഗൈഡൻസ്:–** മലങ്കര കത്തോലിക്കസഭയിലെ SSLC, +2 തുടങ്ങിയ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ സമർത്ഥരായ വിദ്യാർത്ഥികൾക്ക് IAS, കഞട, കജട തുടങ്ങിയ ഉന്നത പഠനത്തിന് പ്രവേശനം ലഭിക്കുന്നതിന് സഹായകമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക എന്ന

താണ് ഈ കോഴ്സിന്റെ ലക്ഷ്യം. അഞ്ചു ദിവസം നീണ്ടുനില്ക്കുന്ന ഈ കോഴ്സിൽ പങ്കെടുക്കുന്ന ധാരാളം വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവെച്ച് വിവിധ തുറകളിൽ ജോലി ചെയ്തു വരുന്നു. മലങ്കര കത്തോലിക്കാ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള മികച്ച വിദ്യാർത്ഥികളുടെ ഒത്തുചേരൽ സഭയുടെ ഐക്യവും ആധുനിക യുഗത്തിൽ സഭയുടെ കാഴ്ചപ്പാടും വ്യക്തമാക്കുവാനും സഭയ്ക്കും സമൂഹത്തിനും വ്യക്തമായ ദിശാബോധം നല്കാനും കരിയർ ഗൈഡൻസ് ഉപകാരപ്രദമാണ്.

**അവാർഡും പുരസ്കാരങ്ങളും:-** സാമൂഹ്യ സാമ്പത്തിക കാർഷിക വ്യവസായ രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ളവരും മലങ്കര കാത്തലിക് അസോസിയേഷന് തനതായ സംഭാവന നല്കാൻ സഹായിച്ചിട്ടുള്ളവരുമായവരെ അവരുടെ സേവനത്തെ ആസ്പദമാക്കി പുരസ്കാരങ്ങൾ നല്കി ആദരിക്കുകയും അവാർഡുകൾ നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പിതാക്കന്മാരുടെ ഓർമ്മ പ്പെരുന്നാളുകൾ:-** പത്തനംതിട്ട രൂപതയിലെ റാന്നി - പെരുന്നാട്ടിൽ നിന്ന് മാർ ഈവാനിയോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പട്ടം കത്തീഡ്രൽ ദൈവാലയത്തിലെ കബറിലേക്ക് എല്ലാ വർഷവും മുഖ്യപദയാത്രയിലും മറ്റ് പദയാത്രകളിലും എം.സി.എയുടെ സജീവ സാന്നിധ്യം  ഉണർവേകുന്നുണ്ട്. എല്ലാ വർഷവും ജൂലൈ 13 ന് എം. സി.എയുടെ ആഭിമുഖ്യത്തിൽ ചെയർമാൻ പിതാവിന്റെ മുഖ്യ കാർമികത്വത്തിലും വൈദിക ഉപ വൈദിക ഉപദേഷ്ടാക്കളുടെ, സഹ കാർമ്മികത്വത്താലും കബറിങ്കൽ അർപ്പിക്കുന്ന വിശുദ്ധ കുർബാനയിലും അനുസ്മരണപ്രഭാഷണത്തിലും എം.സി.എ അസംബ്ലി അംഗങ്ങൾ പങ്കെടുക്കുന്നു. രൂപതാ തലങ്ങളിൽ കാലം ചെയ്ത അഭിവന്ദ്യ പിതാക്കന്മാരുടെ ഓർമ്മ സമുചിതമായി എം.സി.എ. അംഗങ്ങളുടെ നേതൃത്വത്തിൽ ആചരിച്ചു വരുന്നു.

**ശാന്തിയാത്ര**

ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനുസ്മരണവും ശാന്തിയാത്രയും വർഷം തോറും നടത്തുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ദ്വിതീയ ആർച്ച് ബിഷപ്പും തിരുവനന്തപുരം അതിരുപതാദ്ധ്യക്ഷനുമായ ഭാഗ്യസ്മരണനായ അഭിവന്ദ്യ ബനഡിക്ട് മാർഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മദിനമായ ഒക്ടോബർ 10 നോടനുബന്ധിച്ച് എം.സി.എ. സഭാതല സമിതിയുടെ ആഭിമുഖ്യത്തിലും തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹകരണത്തിലും നാലാഞ്ചിറ സെന്റ് തോമസ് ദൈവാലയത്തിൽ നിന്ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിലേക്ക് ശാന്തിയാത്ര നടത്തി വരുന്നു. ശാന്തിയാത്ര ആരംഭിക്കുന്നതിനു മുൻപ് അശരണിതരുടെ അത്താണിയും തലസ്ഥാന നഗരിയിലെ ആത്മീയ ഗുരുഭൂതനും നാനാജാതിമതസ്ഥരുടെ ഉത്തമ ഗുരുവും മാർഗദർശിയും ലാളിത്യത്തിന്റെ ഉടമയുമായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് അനുസ്മരണ പ്രഭാഷണം നടത്തിവരുന്നു.

**നാടാർ സമുദായസംവരണം**

മലങ്കര കാത്തലിക് അസോസിയേഷൻ പ്രതിനിധികളെയും ഇടവക പ്രതിനിധികളെയും ഉൾപ്പെടുത്തി നാടാർ സമുദായ സംവരണ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനും മതപരിഗണന കൂടാതെ നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണം അനുവദിക്കാൻ നിവേദനം നല്കാനും സമര പരിപാടികൾ നടത്തുവാനും അന്നത്തെ എം.സി.എ. അതിരൂപതാ ഭാരവാഹികളായ ശ്രീ. മോൺസൺ കെ. മാത്യു (പ്രസിഡന്റ്), ശ്രീ. ബിജു ഡാനിയേൽ (ജനറൽ സെക്രട്ടറി), അഡ്വ. ജോജോ. കെ. ഏബ്രഹാം (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ ബാലരാമപുരം നസ്രത്ത് സ്കൂളിൽവച്ച് ചേർന്ന സമ്മേളനം തീരുമാനിച്ചു. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ കൂടിയ സമ്മളനത്തിൽ മലങ്കര കത്തോലിക്കാ സഭയിലെ നാടാർ സമുദായം ഉൾപ്പെടെ 45 ഓളം ക്രിസ്തീയ സഭകളിലുള്ളവർക്ക് സംവരണം ലഭിക്കുന്നില്ലായെന്ന് ബോധ്യപ്പെടുകയും ഈ വിഷയം സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അഡ്വ. ജോജോ. കെ.ഏബ്രഹാമിനെ ചുമതലപ്പെടുത്തുകയും ചെയ്തു. നാടാർ സമുദായ സംവരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് 2002 ഏപ്രിൽ മാസം അഭിവന്ദ്യ പിതാവിന് സമർപ്പിച്ചു. (ഈ റിപ്പോർട്ടിലെ ഉള്ളടക്കം 2002 ജൂൺ മാസം ക്രൈസ്തവ കാഹളം മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). സഭയിലെ അത്മായ സഹോദരങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ വൻപിച്ച വിജയം കൂടിയാണ് നാടാർ സമുദായ സംവരണം നേടിയെടുത്തുവെന്നുള്ളത്.

**അഭിഭാഷക സംഗമം:-** മലങ്കര കത്തോലിക്കാസഭാംഗങ്ങളായ അഭിഭാഷകരെ സഭാതലത്തിൽ വിളിച്ചു ചേർത്ത് അവരുടെ ശുശ്രൂഷകളെ അംഗീകരിക്കാനും സേവനങ്ങളെ പ്രയോജനപ്പെടുത്തുവാനുമായി 2019 ആഗസ്റ്റ് 23-ാം തീയതി എറണാകുളം പി.ഒ.സിയിൽ സമ്മേളിച്ചു. അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കബാവാ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് സഭയിൽ ലീഗൽ ഫാറം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.



www.malankaralibrary.com

**മിഷൻ സന്ദർശനം:–** മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്ന സാക്ഷാത്കാരമായിരുന്നു ഭാരത മെമ്പാടും സുവിശേഷം പ്രസംഗിക്കുകയെന്നത്. സുവിശേഷകരായ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കൃപനിറയുന്ന പ്രവാസി കുടുംബങ്ങളെ സന്ദർശിക്കുന്നതിനു എളിയ സഹായസഹകരണങ്ങൾ നല്കുന്നതിന്റെ ഭാഗമായി 2019 ജൂൺ 5 ന് പുത്തൂർ രൂപതയും, 2019 നവംമ്പർ 17–20 വരെ പൂന–കഡ്കി രൂപതയും, ഡൽഹി – ഗുഡ്ഗാവ് രൂപതയിലെ മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുവാൻ സാധിച്ചത് മലങ്കര കാത്തലിക് അസോസിയേഷൻ അംഗങ്ങളിൽ നവ മിഷൻ ചൈതന്യം ആളിക്കത്തിക്കാൻ ഇടയായി.

**എം.സി.എ ബുള്ളറ്റിൻ:–** മൂന്നു മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുക വഴി രൂപതാ – സഭാതല സമിതിയുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുവാനും വിപുലപ്പെടുത്തുവാനും ഉപകരിച്ചിട്ടുണ്ട്. എം.സി.എ കുടുംബസംഗമങ്ങൾ വിവിധ രൂപതകളിൽ വച്ച് നടത്തുന്നു. മാർത്താണ്ഡം രൂപതയുടെ ആതിഥേയത്തിൽ എം.സി.എ കേന്ദ്ര മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ കന്യാകുമാരിയിൽവച്ച് സമ്മേളിച്ചതും കുടുംബാംഗങ്ങളെ ആദരിച്ചതും നാഗർകോവിൽ മിഷൻ പ്രദേശം സന്ദർശിച്ചതും എടുത്തു പറയേണ്ടതാണ്.

**എം.സി.എയുടെ നേതൃത്വത്തിൽ കേന്ദ്ര –** സംസ്ഥാന സർക്കാരുകളുടെ അനീതിക്കെതിരെ വ്യക്തമായ കാഴ്ചപ്പാടോടെ പ്രതികരിക്കുവാനും ഭരണകൂടങ്ങളെ തിരുത്തുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2002 ഈസ്റ്റർ ദിനം ബാങ്ക് പ്രവർത്തി ദിനമായതിൽ പ്രതിഷേധിക്കുക, സ്വാശ്രയ മെഡിക്കൽ കോളേജിനെതിരെയുള്ള സർക്കാർ നിലപാടിനെ അപലപിക്കുക, കേരള സർക്കാരിന്റെ തലതിരിഞ്ഞ മദ്യനയത്തിനെതിരെ പ്രസ്താവന നടത്തുക, ഗുഡല്ലൂരിലെ കുടിയിറക്ക്, കൃഷിയിടങ്ങളിൽ വന്യമൃഗ ശല്യമുണ്ടാകുക, ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ നടപടി സ്വീകരിക്കുക, ദേശീയ പാത 766 ലെ രാത്രിയാത്ര നിരോധനം എടുത്തുകളയുക, തമിഴ് സർക്കാരിന്റെ മതപരിവർത്തന നിരോധന നിയമം പിൻവലിക്കുക, ദലിത് ക്രൈസ്തവ സംവരണം നടപ്പിലാക്കുക, മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയ ന്യൂനപക്ഷ വിദ്യാർത്ഥി പ്രവേശന നിരോധനം പിൻവലിക്കുക, നാടാർ സമുദായത്തിലെ എല്ലാവർക്കും മതപരിഗണനകൂടാതെ സംവരണം നല്കുക, ചർച്ച് ആക്ട് ബില്ല് നടപ്പിലാക്കരുത് തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എം.സി.എ നിവേദനങ്ങൾ സമർപ്പിക്കുകയും സമരപരിപാടികൾ നടത്തുകയും ശക്തമായ നിലപാടുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

**ഉപസംഹാരം**

മാമോദീസാ വഴി അല്മായർ ക്രിസ്തുവിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നു. തങ്ങളുടെ സവിശേഷത നിയമനുസരിച്ച് ക്രിസ്തുവിന്റെ ജീവിതത്തിലും ദൗത്യത്തിലും അവർ പങ്കു ചേരുന്നു. അല്മായർ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് പട്ടത്വം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ച സന്യാസാവസ്ഥയിൽപ്പെടാത്തവരോ ആയ സകലവിശ്വാസികളെയുമാണ്. മാമോദീസാവഴി അവർ ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപം കൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വീകാര്യമായ രീതിയിൽ അവർ പങ്കുകാരാകുന്നു. ക്രിസ്തീയ ജനം മുഴുവന്റെയും സഭയിലും ലോകത്തിലുമുള്ള ദൗത്യം തങ്ങളുടെ കഴിവനുസരിച്ച് അവരും നിർവ്വഹിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖ (Lumen Gentium AAS 57).

മലങ്കര കാത്തലിക് അസോസിയേഷൻ രജതജൂബിലി വർഷത്തിലെത്തി നില്ക്കുമ്പോൾ നാം പിന്നിട്ട വഴികളും പ്രവർത്തിച്ച മേഖലകളും നേതൃത്വം നല്കി നയിച്ച അഭിവന്ദ്യ പിതാക്കന്മാർ, വൈദിക ശ്രേഷ്ഠർ, സന്യസ്ഥർ, അത്മായ നേതാക്കൾ എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കാം. മലങ്കര കാത്തലിക് അസോസിയേഷനെ ആരംഭകാലത്ത് സജീവമായി നെഞ്ചോടു ചേർത്ത് വയ്ക്കുകയും ആദ്യ പ്രസിഡന്റ് എന്ന നിലയിൽ ഈ അത്മായ സംഘടനയെ പരിപോഷിപ്പിച്ച് നേതൃത്വം കൊടുത്ത കടന്നുപോയ ശ്രീ. വർഗീസ് കരിപ്പായി ഉൾപ്പെടെയുള്ള എല്ലാ അത്മായ നേതാക്കളെയും ഇന്ന് ഞങ്ങ പ്രസ്ഥാനത്തെ നയിക്കുന്ന സമുന്നതരായ നേതാക്കന്മാരെയും നന്ദി പൂർവ്വം ഓർക്കുന്നു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കായി പ്രവർത്തിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുകയെന്നത് എം.സി.എ അംഗങ്ങളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യങ്ങളിലൊന്നാണ്. സഭയുടെ വിശ്വാസവും ആരാധനക്രമവും പൈതൃകവും സംരക്ഷിച്ചുകൊണ്ട് സഭയ്ക്ക് സാക്ഷികളായി വർത്തിക്കാൻ അത്മായ സഹോദരങ്ങൾ കടപ്പെട്ടിരിക്കുന്നു. സമകാലീന പ്രശ്നങ്ങളെ പഠിക്കുവാനും സഭയ്ക്ക് ദോഷകരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകുവാനും സഭാംഗങ്ങളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ വളർച്ചയ്ക്കു ആവശ്യമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുവാനും എം.സി.എയുടെ രജത ജൂബിലി വർഷം നമുക്കു പ്രതിജ്ഞയെടുക്കാം.


www.malankaralibrary.com

# യു.എ.ഇ-യിലെ മലങ്കര സുറിയാനി കത്തോലിക്കാസഭ


ബിരൺ ഫിലിപ്പ്

**1971** ൽ രൂപീകൃതമായ യൂണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) 7 എമിറേറ്റുകളുടെ ഒരു കൂട്ടായ്മയാണ്.
മലങ്കര കത്തോലിക്കാ സമൂഹം 7 സമൂഹങ്ങളിലായി , പ്രധാനമായും അബുദാബി, അലൈൻ, ദുബായ്, ഫുജൈറ, മുസ്സഫ, റാസൽഖൈമ, ഷാർജ എന്നിവിടങ്ങളിലായി അധിവസിക്കുന്നു.

മദ്ധ്യപൂർവ്വ ഗൾഫ് രാജ്യങ്ങളിലെ എണ്ണഖനനവും അതിനെ തുടർന്നുണ്ടായ വ്യാവസായിക അഭിവൃദ്ധിയും  മുന്നേറ്റങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറ്റമുണ്ടായതു പോലെ, ഈ പ്രദേശത്ത് ജോലി തേടി എത്തുകയുണ്ടായി. 1960കൾ മുതൽ തന്നെ മലങ്കര മക്കളുടെ സാന്നിദ്ധ്യം പ്രകടമാകുകയും 1970 മുതൽ ശക്തിപ്പെടുകയുമുണ്ടായി. അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമനസ്സ് 1973 ൽ ദുബായിൽ സന്ദർശനം നടത്തിയതിൽ നിന്ന് ഇത് സ്ഥിരീകരിക്കാവുന്നതാണ്.

തങ്ങൾ ആയിരിക്കുന്നിടത്ത് സഭയുടെ മഹനീയ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുകയെന്നതും, ആത്മീയ ശുശ്രൂഷകൾ ലഭ്യമാകുന്നതിനുള്ള സാദ്ധ്യതകൾ കണ്ടുപിടിച്ച് സഭാ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയെന്നുള്ളതാണല്ലോ മലങ്കര സഭാ മക്കളുടെ സ്വതസിദ്ധമായ പ്രത്യേകത. തങ്ങളുടെ വിശ്വാസ സംഹിതകൾ കാത്തുസൂക്ഷിക്കുന്നതിലും മുറുകെപ്പിടിക്കുന്നതിലും തുടക്കകാലഘട്ടത്തിൽ



www.malankaralibrary.com

നിരവധി ക്ലേശങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. അനുകൂലമല്ലാത്തതും പരിമിതവുമായ സാഹചര്യങ്ങൾ മൂലം പൂർണ്ണമനസ്സോ ടെയല്ലെങ്കിലും ലത്തീൻ ആരാധനാ ക്രമങ്ങളിലാണ് സമൂഹാംഗങ്ങൾ സംബന്ധിച്ചിരുന്നതും കുട്ടികളെ മതബോധനത്തിനു അയച്ചിരുന്നതും. തുടർ വർഷങ്ങളിൽ മലങ്കര സഭാമക്കൾ തങ്ങളുടെ സ്വന്തം / തനിമ തിരിച്ചറിയുകയും അവഗണന കളുടെയും പരിമിതികളുടെയും അരുതുകളുടെയും വേലിക്കെട്ടിനുള്ളിൽ നിന്നുകൊണ്ടും സഭാ ചൈതന്യം ആരാധനാ ജീവിതത്തിൽ നിവർത്തിക്കുവാൻ വളരെയേറെ പരിശ്രമിക്കുകയുണ്ടായി. അമേരിക്കൻ ഐക്യ നാടുകളിലേക്കോ യൂറോപ്പിലേക്കോ മറ്റു മുള്ള യാത്രമദ്ധ്യേ നാമമാത്രമായിരുന്നെങ്കിലും നമ്മുടെ വൈദികരുടെ സന്ദർശനങ്ങൾ പ്രത്യേകിച്ച് ഫാ. ദാനിയേൽ വടക്കേക്കര, ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി. ഫാ. അലക്സാണ്ടർ കോയിക്കലേത്ത്, ഫാ. ജോർജ്ജ് മാത്യു ഒ.ഐ.സി, എന്നിവർ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നു തന്നിരുന്നു. വിവിധ കാലഘട്ടത്തിൽ നമ്മുടെ വൈദികർ വ്യക്തിപരമായ ബ ന്ധങ്ങൾ മൂലം നടത്തിയിട്ടുള്ള സന്ദർശനങ്ങളും സഭാ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടായിരുന്നു. അതോടൊപ്പം യു.എ.ഇ.യിലെ മലങ്കര സഭയിലെ സ്ഥിതിവിശേഷങ്ങൾ സഭയുടെ ഭരണസിരാകേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തത്ഫലമായി അഭിവന്ദ്യ ബെന ഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അക്കാലത്തെ ബിഷപ്പായിരുന്ന ബർണാഡ് ഗ്രിമോളി തിരുമേനിയുമായി കത്തിടപാടുകൾ നടത്തുകയും അതിൻപ്രകാരം സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക പരിവേഷം ലഭിക്കുന്നതിനു നാന്ദികുറിക്കുകയും ചെയ്തു. അനന്തരഫലമായി 1988 ൽ ബഹു. എബ്രഹാം കാക്കനാട്ടച്ചൻ (മൂവാറ്റുപുഴ രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭി. യൂലിയോസ് മെത്രപ്പോലിത്താ) ഇവിടെ സന്ദർശനം നടത്തുകയും ഇതിൻഫലമായി മലങ്കര സഭയുടെ യു.എ.ഇ.യിലെ പ്രവർത്തനങ്ങൾക്ക് പുതിയ തുടക്കത്തിനും സഭാമക്കളുടെ ഉന്നമനത്തിനും വിവിധ കേന്ദ്രങ്ങളിൽ സമൂഹങ്ങൾ/ പ്രാർത്ഥനാ കൂട്ടായ്മകൾ ആരംഭിക്കുന്നതിന് നിദാനമായി.

സഭയുടെ ശുശ്രൂഷകൾ പുതിയ തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരവും അറേബ്യൻ വികാരിയേറ്റുമായുള്ള എഴുത്തു കുത്തുകൾ തുടർന്നു കൊണ്ടേയിരുന്നു.

അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി യുടെ അനുഗ്രഹാശിസ്സുളോടെ ബഹു. മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പാ 1998-ൽ ഔദ്യോ ഗികമായി നടത്തിയ സന്ദർശനങ്ങൾ യു.എ.ഇ.യിലെ സഭയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും നാഴികക്കല്ലായി കരുതുന്നു. പ്രസ്തുത സന്ദർശനങ്ങൾ സഭാമക്കളുടെ ആത്മീയ ജീവിതത്തെ പ്രോജ്വലിപ്പിക്കുകയും വിവിധ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുകയും ചെയ്തു. പ്രാർത്ഥനാ കൂട്ടായ്മകൾ രൂപ വൽക്കരിക്കുന്നതിനും, സഭയെ കെട്ടിപ്പടുക്കുന്നതിനും, തന തായ ആരാധനാ പാരമ്പര്യങ്ങൾ പിന്തുടരുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വിവിധ എമിറേറ്റുകൾ സന്ദർശിച്ച് കോർ എപ്പിസ്കോപ്പാ നൽകുക യുണ്ടായി.

കോർ എപ്പിസ്ക്കോപ്പായുടെ സന്ദർശനത്തിന്റെ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ, പൗരസ്ത്യ സഭകൾക്ക്, സാധ്യമാംവിധം അവരുടെ വിവിധ ആത്മീയ ശുശ്രൂഷകൾ ആരംഭിക്കുന്നതി നും അവ പരികർമ്മം ചെയ്യുന്നതിന് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതി നുമായി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേ നിയുടെ നിരന്തരമായ കത്തിട പാടുകളും, ചർച്ചകളും വികാരി യേറ്റിന്റെ സമീപനത്തിൽ പ്രകടമായ മാറ്റത്തിനു വഴിയൊരുക്കി. ഇത്തരം ശ്രമങ്ങളുടെ ഫലമായി 2000-ൽ സ്ഥിരമായ സഭാസംവിധാനങ്ങൾ നിലവിൽ വരുന്നതുവരെ, താൽക്കാലികമായി ദോഹയിൽ സേവനം ചെയ്തിരുന്ന കപ്പൂച്ചിയൻ വൈദികനായ ബഹു. ചാക്കോ മണ്ണിശ്ശേരിയലച്ചന്, യു.എ.ഇ.യിലെ മലങ്കര മക്കളുടെ അധികം ചുമതല നൽകി. മൂന്നു മാസത്തിൽ ഒരിക്കൽ വിശുദ്ധ കുർബ്ബാനയും ആരംഭിച്ചു.

ഈ ക്രമീകരണത്തിനു പലപ്പോഴും പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്ന പശ്ചാത്തലത്തിൽ, തുടർന്നും അഭിവന്ദ്യ സിറിൽ പിതാവും വികാരിയേറ്റമായി നടത്തിയ അവധാനപൂ ർവ്വമായ ആലോചകൾക്കും ചർച്ചകൾക്കുശേഷം ഒരു വ്യക്തിഗത സഭ എന്ന കാഴ്ചപ്പാടിൽ മലങ്കര സഭയുടെ

തലവൻ നിർദ്ദേശിക്കുന്ന മലങ്കര സഭാ വൈദികനെ സമൂഹത്തിന്റെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സഭാ പ്രവർത്തനകൾക്കു നേതൃത്വം നൽകുന്നതിനുമായി വികാരി യേറ്റിൽ നിയമിക്കുന്നതിനു തത്വത്തിൽ തീരുമാനമായി. അതിൻപ്രകാരം 2002–ൽ ദോഹ ആസ്ഥാനമാക്കി, ബഹു. ജെറോം പീടികപ്പറമ്പിൽ ഒ.ഐ.സിയെ ആദ്യത്തെ ചാപ്ലയിൻ ആയി നിയമിച്ചു. വന്ദ്യ വൈദികന്റെ സേവന കാലയളവിൽ സഭാ പ്രവർത്തനങ്ങൾക്ക് പ്രകടമായ ഉണർവ്വ് കൈവന്നു. വിവിധ ഭക്തസംഘടനകളുടെ തുടക്കവും ഈ കാലയളവിലായിരുന്നു.

മാതൃ സന്യാസ സമൂഹത്തിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനായി ഇന്ത്യയിലേക്ക്
ബഹു. ജെറോം അച്ചൻ തിരിച്ചു പോകുകയും പകരമായി ബഹു. മത്തായി ഐരാണിത്തറ ഒഐസി 2004 ൽ പുതിയ ചാപ്ലിയി നായി സ്ഥാനമേറ്റു. ബഹു. ഐരാണിത്തറയച്ചന്റെ ക്രിയാത്മക വും ചുറുചുറക്കോടെയുമുള്ള പ്രവർത്തന നേതൃത്വം, സഭാ പ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും ഉണർവ്വ് പകർന്നു. എമിറേറ്റുകളിലെ വിവിധ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി അൽമായ നേതാക്കളെ ഉൾപ്പെടുത്തി കേന്ദ്ര സമിതിക്ക് രൂപം കൊടുത്തു.

സഭാ സമൂഹത്തിന്റെ പ്രവർത്തനം നാൾക്കു നാൾ എമിറേറ്റുകളിൽ ശക്തി പ്രാപിക്കുകയും വ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് യു.എ.ഇ.യിൽ സ്ഥിരതാമസക്കാര നായ വൈദികന്റെ സേവനം ലഭ്യമാക്കുവാനുള്ള നടപടി ക്രമങ്ങളുടെ പൂർത്തീകരണമായി, ഒമാൻ, ബഹ്റൈൻ, എന്നീ രാജ്യങ്ങളിലെ അധിക ചുമതലകളോടൊപ്പം യു.എ.ഇ. യിലെ ആദ്യത്തെ റെസിഡന്റ് ചാപ്ലയിനായി ബഹു. പീറ്റർ കടമാൻകോട് ഒ.ഐ.സി. നിയമിത നാകുകയും ജെബേൽ അലിയിലെ സെയിന്റ് ഫ്രാൻസിസ് ഓഫ് അസീസ്സി ദേവാലയത്തിൽ തമാസ സൗകര്യം ലഭിക്കുകയും ചെയ്തു.

സഭയ്ക്ക് അടിത്തറ (പ്രവർത്തന വേദി) ഒരുക്കുന്നതി നും അതിന് അത്യന്താപേക്ഷിതമായ “സഭയായി വളരുക” എന്ന ചിന്ത ഊട്ടിയുറപ്പിക്കുന്നതിനും ബഹു അച്ചന്റെ പ്രവർത്തനങ്ങൾ കാരണഭൂതമായി. ബഹു. അച്ചന്റെ ചിന്താധാരയിൽ നിന്നും രൂപംകൊണ്ടതാണ് സഭാമക്കളുടെ ആത്മീയ ഐക്യം ശക്തിപ്പെടുത്തുന്നതിനും എമിറേറ്റുകളിലെ നമ്മുടെ സമൂഹങ്ങൾ തമ്മിലുള്ള ഒരുമയും പരസ്പര ബന്ധവും ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവാ 2007–ൽ ഉത്ഘാടനം ചെയ്ത് തുടക്കം കുറിച്ച “മലങ്കര സംഗമം” വികാരിയേറ്റുമായി ബഹു. അച്ചൻ കാത്തുസൂക്ഷിച്ച ഊഷ്മള ബന്ധവും ശ്രമകരമായ പ്രവർത്തനങ്ങളും വിവിധ എമിറേറ്റുകളിൽ വിശുദ്ധ കുർബാനകളുടെ ആവൃത്തി വർദ്ധിപ്പിക്കുന്നതിലും സഭയുടെ പൊതുവായ വളർച്ചക്കും വഴി തെളിച്ചു. അഞ്ചര വർഷത്തോളം നീണ്ടു നിന്ന നിസ്തുലമായ സേവനത്തിനുശേഷം ബഹു. പീറ്ററച്ചൻ കേരളത്തിലേക്ക് മടങ്ങി. മെയ് 2011 മുതൽ ബഹു. പീറ്ററച്ചന്റെ പിൻഗാമിയായി ബത്തേരി രൂപതാംഗമായ ബഹു. മാത്യു കണ്ടത്തിലച്ചൻ നിയമിതനായി. കൃത്യമായ ചിന്തകളും പദ്ധതികളും ദീർഘവീക്ഷണവും കൈമുത ലായി സഭയുടെ പ്രവർത്തന മണ്ഡലങ്ങളുടെ വ്യാപ്തിയും ആഴവും വർദ്ധിച്ചു. പ്രാർത്ഥ നാകൂട്ടായ്മകൾ രൂപീകരിച്ചും, വിശുദ്ധ കുർബാന ആരംഭിച്ചും നിലവിലുണ്ടായിരുന്നതിന്റെ എണ്ണം വർദ്ധിപ്പിച്ചും, ആത്മീയ സംഘടന കൾ പുനർജീവിപ്പിച്ചും, അവ യുടെ ഏകോപനത്തിന് കേന്ദ്ര കമ്മിറ്റികൾ രൂപീകരിച്ചും, വേദപാഠ ക്ലാസുകൾ ആരംഭിച്ചും, തന്റെ നിയോഗത്തിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നു. ഗൾഫ് മേഖലയുടെ കോ–ഓർഡിനേറ്റർ ആയും ബഹു. മാത്യു കണ്ടത്തിലച്ചൻ പ്രവർത്തിക്കുന്നു.

2015 സെപ്തംബറിൽ ബഹു. മാത്യു കണ്ടത്തിലച്ചനോടൊപ്പം സഭയുടെ പ്രവർത്തനങ്ങൾക്ക് പിൻബലമായി തിരുവല്ല അതിരൂപ താംഗമായ ബഹു. ഫിലിപ്പ് പയ്യമ്പള്ളിലച്ചൻ നിയമിതനായി. അധികമായി ഒരു വൈദികന്റെ സേവനം കൂടി ലഭ്യമായത് സഭാ നേതൃത്വത്തിന്റെ കരുതലും അപ്പോസ്തോലിക് വികാർ ആയ ബിഷപ്പ് പോൾ ഹിൻഡർന്റെ പ്രത്യേകമായ താൽപ്പര്യവും മൂലമായിരുന്നു.

ബഹു. പയ്യമ്പള്ളിലച്ചൻ അബുദാബി സമൂഹത്തിന്റെ ഭാഗമായിരുന്ന മുസഫ കേന്ദ്രമാക്കി ഒരു പുതിയ വിശ്വാസ സമൂഹത്തിനു 2015 ൽ രൂപം നൽകി. മുസഫക്ക് പുറമെ അബുദാബി, അലൈൻ ഫുജൈറ, എന്നീ കേന്ദ്രങ്ങളിലെ ചുമതലയും, എം.സി.വൈ.


www.malankaralibrary.com

എം. ന്റെ ഡയറക്ടർ സ്ഥാനവും വഹിച്ചു. വൈദികരുടെ നേതൃത്വവും കൂട്ടായ പരിശ്രമങ്ങളും യുഎഇ. യിലെ സഭാസംവിധാനങ്ങളെ പുതിയ ഉയരങ്ങളിലേക്ക് എത്തിച്ചു. ജനുവരി 2018-ൽ മാതൃരൂപതയിലെ പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനായി ബഹു. പയ്യമ്പള്ളിലച്ചൻ കേരളത്തിലേക്ക് മടങ്ങി.

ബഹു. പയ്യമ്പള്ളിലച്ചന് പകരക്കാരനായി ഫെബ്രുവരി 2018 മുതൽ തിരുവല്ല അതിരൂപതാംഗമായ ബഹു. എബ്രഹാം തൈപ്പറമ്പിലച്ചൻ സഭാ ശുശ്രൂഷകൾക്ക് ബഹു. കണ്ടത്തിലച്ചനോടൊപ്പം നേതൃത്വം നൽകി വരുന്നു.

**യു.എ.ഇ. മലങ്കര സമൂഹം ഒറ്റനോട്ടത്തിൽ**

വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസുകൾക്കു എഴുതിയ ലേഖനം ഒന്നാം അദ്ധ്യായം അഞ്ചാം വാക്യത്തിൽ പറയുന്നതുപോലെ; "ഞാൻ നട്ടു അപ്പോളോസ് നനച്ചു; എന്നാൽ ദൈവമാണ് വളർത്തിയത്; എന്നത് യുഎഇയിലെ സഭയെപ്പറ്റി അന്വർത്ഥമാണ്.

പിച്ചവയ്ച്ചു നടത്തുവാനും രൂപപ്പെടുത്തുവാനും തനിമ നില നിറുത്താനും അക്ഷീണം പ്രയത്നിച്ച മുൻകാല വൈദികരുടെയും അൽമായ നേതാക്കളുടെയും പ്രവർത്തനനൈരത്യം സഭക്ക് ശക്തമായ അടിത്തറ നൽകി.

കഴിഞ്ഞ ദശകത്തിൽ പ്രാപിച്ച സമാനതകളില്ലാത്ത നേട്ടം ഒരു രൂപാന്തരീകരണത്തിന്റെ കാലഘട്ടമായി നാം കരുതുന്നു. സഭാ സമൂഹത്തിന്റെ പ്രകടവും അഭിമാനകരവുമായ ഇപ്പോഴത്തെ വളർച്ചയ്ക്കും മാറ്റങ്ങൾക്കും ഹേതുവായത് ബഹു മാത്യു കണ്ടത്തിലച്ചന്റെയും സഹവൈദികരുടെയും അൽമായ നേതൃത്വത്തിന്റെയും വിശ്വാസി സമൂഹത്തിന്റെയും കൂട്ടായ അക്ഷീണ പ്രയത്നങ്ങളുടെ ഫലമാണ്.

യു.എ.ഇ.യിലെ സഭാശുശ്രൂഷകളും വിവിധ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നടത്തിപ്പും നിർവ്വഹിക്കുന്നത് ബഹു വൈദികരും സഭാ കേന്ദ്രങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ചേർന്ന കേന്ദ്രസമിതിയാണ്.

ബഹു. മത്തായി ഐരാണിത്തറയച്ചന്റെ നിർദ്ദേശമനുസരിച്ച് 2004 ൽ രൂപീകൃതമായ കേന്ദ്രസമിതിയുടെ പ്രഥമ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറാർ എന്നീ സ്ഥാനങ്ങൾ ശ്രീ. ടി.ഇ. യോഹന്നാൻ, ശ്രീ ചാക്കോ പണിക്കർ, ശ്രീ. കോശി കെ. എന്നിവർ യഥാക്രമം വഹിച്ചു.

തുടർന്ന് ശ്രീ. ടി. ഇ. യോഹന്നാനും ശ്രീ. വി.എസ്. വറുഗീസും ശ്രീ. ജോർജ് മാത്യുവും, ശ്രീ. ബിരൺ ഫിലിപ്പും, ശ്രീ. പോൾസൺ മാത്യുവും കേന്ദ്രസമിതികൾക്ക് നേതൃത്വം നൽകി. നിലവിലെ സമിതിക്കു ശ്രീ. ബിജു പാറപ്പുറം നേതൃത്വം നൽകി വരുന്നു.

തുടക്കകാലഘട്ടത്തിൽ ഭക്ത സംഘടനകളുടെ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിവന്നിരുന്നു. ഓരോ സംഘടനകളുടെ കേന്ദ്രസമിതി രൂപീകരണമുറയ്ക്ക് പ്രവർത്തന ചുമതല കൈമാറുകയും അവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടവും പിന്തുണയും നൽകി വരുന്നു. കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഇപ്പോൾ പ്രധാനമായും മലങ്കര സഭാ സംഗമം ഇടയ സന്ദർശനം, എന്നിവ സംഘടിപ്പിച്ചു വരുന്നു. 2007 ൽ ആരംഭിച്ച മലങ്കര സഭാ സംഗമം കാലാന്തരത്തിൽ എല്ലാ കേന്ദ്രങ്ങളിലെയും നമ്മുടെ അംഗങ്ങൾക്ക് ഒരുമിച്ച് സമ്മേളിക്കുവാനുള്ള സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത മൂലം നടത്തിപ്പിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി മലങ്കര പ്രതിനിധി സമ്മേളനം എന്ന പേരിൽ നടത്തുന്നു.

ആതിഥേയം വഹിക്കുന്ന എമിറേറ്റിലെ വിശ്വാസ സമൂഹം, വിവിധ കേന്ദ്രസമിതി അംഗങ്ങൾ, ഇടവകയിലെയും ഭക്തിസംഘടനകളുടെയും ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി സമ്മേളനം ക്രമീകരിക്കുന്നു. തുടർ ദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ സമൂഹങ്ങളിൽ സന്ദർശനവും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യുന്നു. ഇതിനോടകം 12 സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

2014 ജൂലൈ തിരുവനന്തപുരത്ത് ഗൾഫിലെ മലങ്കര കോർഡിനേറ്റർ ആയിരുന്ന ബഹു. ജോൺ പടിപ്പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ 500ൽ പരം ഗൾഫ് പ്രവാസി മലങ്കര സഭാംഗങ്ങളുടെ കൂടിവരവായിരുന്ന പ്രഥമ ഗൾഫ് മീറ്റിൽ യു.എ.ഇ.യിൽ നിന്ന് 250ൽ പരം പ്രതിനിധികൾ പങ്കെടുത്തു. പ്രാരംഭ ചർച്ചകൾ മുതൽ വിവിധ മീറ്റിംഗുകൾക്ക് ബഹു. മാത്യു കണ്ടത്തിലച്ചൻ മുൻകൈയെടുത്തു യുഎഇ ആതിഥേയത്വം വഹിച്ചു. രണ്ടാമത്തെ ഗൾഫ് മീറ്റിനു ആതിഥേയത്വം വഹിച്ചത് യുഎഇയിലെ സഭാ പ്രവർത്തനങ്ങളിലെ ഒരു നാഴികകല്ലായിരുന്നു. 2017 ഡിസംബർ -1 ന് സഭാ തലവനും ആഗോള സഭയിലെ രാജകുമാരനുമായിരുന്ന അഭിവന്ദ്യ ക്ലീമീസ് കതോലിക്കാ ബാവാ തിരുമേനി കാതോലിക്കാ

സിംഹാസനത്തിന്റെ അഭിമാന പതാക ഉയർത്തി. ഗൾഫിലെ മാർപാപ്പയുടെ പ്രതിനിധി സതേൺ നോർത്തേൺ വികാരിയേറ്റുകളുടെ അദ്ധ്യക്ഷന്മാർ ബാവാ തിരുമേനി ഉൾപ്പെടെ സഭയിലെ 12 തിരുമേനിമാർ 7 വൈദികർ, ഡോ. ജേക്കബ് പുന്നൂസ് ഐപിഎസ് എന്നിവരുടെ നിറസാന്നിദ്ധ്യം ഭാരതത്തിനു പുറത്ത് മറ്റൊരു ക്രൈസ്തവ സമൂഹത്തിലും പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ അന്നുവരെ സാക്ഷ്യം വഹിച്ചിട്ടില്ലാത്ത സഭാ മാമാങ്കത്തിന് ചരിത്ര വേദിയായി.

കുട്ടികൾക്കും മുതിർന്നവർക്കും പഠന ക്ലാസുകൾ 15 പിതാക്കന്മാർ ചേർന്ന് അർപ്പിച്ച വിശുദ്ധ കുർബാന 45ൽ പരം കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം, തുടർന്ന് പൊതുസമ്മേളനവും പ്രേഷിത റാലിയും സ്നേഹവിരുന്നും വിവിധ കലാപരിപാടികളും. എല്ലാം ഗൾഫ് രാജ്യങ്ങളിലെ വൈദികരുടെയും അൽമായരുടെയും സാന്നിധ്യവും പിന്തുണയും രണ്ടാമത് ഗൾഫ് മീറ്റ് അവിസ്മരണീയമാക്കി. ബഹു. മാത്യു കണ്ടത്തിലച്ചൻ മുഖ്യ നേതൃത്വം നൽകി ബഹു. ഫിലിപ്പ് പയ്യമ്പള്ളിലച്ചന്റെ സംഘാടക മികവിൽ, കേന്ദ്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തന കമ്മിറ്റികളും അൽമായ സംഘടനകളുടെ കലവറയില്ലാത്ത പിന്തുണ യു.എ.ഇ.യിൽ നിന്നുമാത്രം 45000-ൽ പരം വിശ്വാസ സമൂഹത്തിന്റെ നിലോഭമായ സഹായം എന്നീ വിവിധ ഘടകങ്ങളുടെ ഏക മനസ്സോടും ലക്ഷ്യത്തോടുമുള്ള ചിട്ടയായ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായി.

സഭയുടെ രണ്ടാം സഭയുടെ അസംബ്ലിക്ക് യു.എ.ഇ.യിലെ സമൂഹം വലിയ പ്രാധാന്യം നൽകുകയും പഠന രേഖയായ കൃപ നിറഞ്ഞ കുടുംബാംഗങ്ങൾ" പ്രാർത്ഥന കൂട്ടായ്മകളും ഭക്ത സംഘടനകളുടെ വഴിയായി എല്ലാ അംഗങ്ങളിലെത്തിക്കുവാനും പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കുകയും ചെയ്തു. ബഹു. മാത്യു കണ്ടത്തിലച്ചന്റെ നേതൃത്വത്തിൽ ഷാർജ, ദുബായ്, റസൽഖൈമ എന്നീ കേന്ദ്രങ്ങളിൽ അസംബ്ലി സംഘടിപ്പിക്കുകയും ഉരുത്തിരിഞ്ഞ പ്രധാന വിഷയങ്ങളും മറ്റു ഗൾഫ് രാജ്യങ്ങളിലെ വിഷയങ്ങളുടെയും സംക്ഷിപ്ത രൂപം ബഹു കണ്ടത്തിലച്ചൻ അസംബ്ലിയിൽ അവതരിപ്പിച്ചു. യു.എ.ഇ. യലെ അൽമായ സമൂഹത്തെ പ്രതിനിധീകരിച്ചു ശ്രീ ബിരൺ ഫിലിപ്പും പങ്കെടുത്തു.

രണ്ടു പതിറ്റാണ്ടിനു മുൻപ് ഈ സമൂഹം വിരലിൽ എണ്ണാൻ മാത്രം അംഗങ്ങളുടെ കൂടി വരവായിരുന്നുവെങ്കിൽ ഇന്ന് 5500ൽ പരം വിശ്വാസികളുള്ള സമൂഹമായി വളരുകയും 34 ഏരിയ പ്രാർത്ഥനാ കൂട്ടായ്മകൾ (ലേബർ ക്യാമ്പുകളിലെ 7 എണ്ണം ഉൾപ്പെടെ) സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

സ്ഥിരമായ സഭാ സംവിധാനങ്ങൾ നിലവിൽ വരിന്നതിനു മുൻപും ശേഷവും സഭയുടെ വ്യക്തിത്വം സംരക്ഷിക്കുവാനും ഉയർത്തിപ്പിടിക്കുവാനും വ്യാപിപ്പിക്കുവാനും ശക്തമായ ഒരു അൽമായ സമൂഹം യു.എ.ഇ.യുടെ കരുത്താണ്.

ബഹു. മാത്യു കണ്ടത്തിലച്ചന്റെ നിരന്തരവും ശ്രമകരവും അതോടൊപ്പം അവസരോചിതവുമായ ഇടപെടലുകളും വികാരിയേറ്റുമായുള്ള ഊഷ്മളമായ ബന്ധവും വിശുദ്ധ കുർബാനയുടെ എണ്ണ് - 11 ൽ നിന്ന് 25 ആയി വർദ്ധിപ്പിക്കാൻ കാരണമായി.

സഭയുടെ ആരാധനാപരമായ എല്ലാ ശുശ്രൂഷകളും നടത്തുന്നതോടൊപ്പം വലിയ നോമ്പ്, ക്രിസ്മസ് തുടങ്ങിയ പ്രധാന ശുശ്രൂഷകൾക്ക് ഇവിടെയുള്ള രണ്ടു വൈദികർക്ക് പുറമെ അധികമായി ഒരു വൈദികന്റെ ശുശ്രൂഷ കൂടെ ലഭ്യമാക്കുന്നതിന് വികാരിയേറ്റ് അനുവാദം നൽകിയിട്ടുണ്ട്.


ഭക്ത സംഘടനകളുടെ എം.സി. വൈഎം., എം.സി.സി. ൽ മാതൃസമാജം അതോടൊപ്പം വേദപാഠ അധ്യാപക ഫോറത്തിന്റെയും ചിട്ടയായ പ്രവർത്തനങ്ങൾ സഭയിലെ എല്ലാ വിഭാഗത്തിലുമുള്ള അംഗങ്ങളുടെ പങ്കാളിത്തത്തിനു വേദിയാകുന്നു.

ഒറ്റ നോട്ടത്തിൽ വിലയിരുത്തുമ്പോൾ അഭിവന്ദ്യ കാതോലിക്കാ കർദ്ദിനാൾ ക്ലീമീസ് ബാവാ തിരുമനസ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങളും സഭാ പിതാക്കന്മാരുടെ കലവറയില്ലാത്ത പിന്തുണയും മാർഗ്ഗ നിർദ്ദേശങ്ങളും സഭാ പിതാക്കന്മാരുടെ കലവറയില്ലാത്ത പിന്തുണയും മുൻകാലഘട്ടത്തിൽ ശുശ്രൂഷയർപ്പിച്ച വൈദികശ്രേഷ്ഠരും കഴിഞ്ഞ ഒരു ദശകമായി ബഹു മാത്യു കണ്ടത്തിലച്ചന്റെയും സഹവൈദികരുടെയും പകരം വയ്ക്കാനില്ലാത്ത അജപാലന ശുശ്രൂഷകളും സഭയെയെന്നും തങ്ങളുടെ  നെഞ്ചോട് ചേർത്ത വയ്ച്ചിരിക്കുന്ന ഒരു വിശ്വാസ സമൂഹവും ഗൾഫ് മേഖലയിൽ യു.എ.ഇ.യെ വ്യത്യസ്തമാക്കുന്നു.



www.malankaralibrary.com

# ബഥനി സന്യാസ സമൂഹത്തിന് പുതിയ നേതൃത്വം



**റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി ബഥനി ആശ്രമ സുപ്പീരിയർ ജനറൽ**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി ആശ്രമത്തിന്റെ അടുത്ത സുപ്പീരിയർ ജനറലായി റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി തിരഞ്ഞെടുക്കപ്പെട്ടു. ബഥനി നവജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൽ സുപ്പീരീയർ, മലങ്കര സെമിനാരിയിൽ ദൈവശാസ്ത്ര പ്രൊഫസർ, മലങ്കര സഭാ സിനഡൽ കമ്മീഷനിൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ബൽജിയത്തിലെ ലുവൈൻ കാത്തലിക് സർവ്വകലാശാലയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിലിനെ അസി.സുപ്പീരിയർ ജനറൽ ആയും റവ. ഡോ. വർഗ്ഗീസ് വിജയാനന്ദ്, റവ. ഡോ. വർഗ്ഗീസ് തറമുട്ടം, റവ. ബ്ര. ഗ്രേഷ്യസ് എന്നിവരെ കൗൺസിലർമാരായും തിരഞ്ഞെടുത്തു. റവ. ഫാ. ജോൺ പാലവിളയിൽ പ്രൊകുറേറ്റർ ജനറലും റവ. ഫാ. ജോബിൻ കുര്യാക്കോസ് സെക്രട്ടറി ജനറലുമായിരിക്കും.

# മേരിമക്കൾ സന്യാസിനി സമൂഹത്തിന് പുതിയ നേതൃത്വം

**റവ. മദർ ലിഡിയ ഡി. എം. സുപ്പീരിയർ ജനറൽ**



മലങ്കര കത്തോലിക്കാ സഭയിൽ പ്രേക്ഷിത ശുശ്രൂഷകൾക്കായി സമാരംഭിച്ച മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ അടുത്ത സുപ്പീരിയർ ജനറലായി വെണ്ണിയൂർ നിർമ്മല പ്രൊവിൻസ് അംഗം റവ. മദർ ലിഡിയ തിരഞ്ഞെടുക്കപ്പെട്ടു. നേരത്തെ നിർമ്മല പ്രൊവിൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയിരുന്നു. റോമിലെ സെന്റ് തോമസ് അകിനാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടു്. റവ. സി. ട്രീസാ പീറ്റർ, റവ. സി. റോസ് ജോൺ, റവ. സി. എലിസബത്ത് വർഗ്ഗീസ്, റവ. സി. ജൊവാൻ മരിയ എന്നിവരാണ് കൗൺസിലർമാർ. റവ. സി. റോസ് പോൾ ജനറൽ ഫിനാൻസ് ഓഫീസറും റവ. സി. മേരി പിയോ സെക്രട്ടറി ജനറലും ആയിരിക്കും.



**മാർത്താണ്ഡം സെന്റ് ജോസഫ്സ് പ്രൊവിൻസ്**

മാർത്താണ്ഡം സെന്റ് ജോസഫ്സ് പ്രൊവിൻസിൽ റവ. സി. ഡോ. അനില ക്രിസ്റ്റി പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. റോമിലെ ഓറിയെന്റൽ ഇൻസ്റ്റിട്യൂട്ടിൽ നിന്നും പൗരസ്ത്യ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയിട്ടു്. റവ. സി. സ്റ്റാൻസി, റവ. സി. ഏഞ്ചൽ തെരേസ്, റവ. സി. ബനഡിക്ട ഫ്രാൻസിസ്, റവ. സി. ജെറിൻ ഫ്രാൻസിസ് എന്നിവരാണ് കൗൺസിലർമാർ. റവ. സി. നവീന ജെറോം ഫിനാൻസ് ഓഫീസറും റവ. സി. ബിൻസി മരിയ സെക്രട്ടറിയുമായിരിക്കും.

**തിരുവനന്തപുരം സെന്റ് മേരിസ് പ്രൊവിൻസ്**



തിരുവനന്തപുരം പോങ്ങുംമൂട് സെന്റ് മേരിസ് പ്രൊവിൻസിൽ റവ. സി. ഡോ. അഞ്ജലി തെരേസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. ബൽജിയത്തിലെ ലുവൈൻ കാത്തലിക് സർവ്വകലാശാലയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടു്. റവ. സി. ജൂലി എബ്രഹാം, റവ. സി. ഡോ. ജെർമൈൻ ജേക്കബ്, റവ. സി. ഇസബെൽ, റവ. സി. ജ്യോതിസ് എന്നിവർ കൗൺസിലർമാരാണ്. റവ. സി. മാഗി ഫിനാൻസ് ഓഫീസറും റവ. സി. ജോമിയ അൽഫോൺസ് സെക്രട്ടറിയുമായിരിക്കും.



www.malankaralibrary.com



**വെണ്ണിയൂർ നിർമ്മല പ്രൊവിൻസ്**

വെണ്ണിയൂർ നിർമ്മല പ്രൊവിൻസിൽ റവ. സി. കാരുണ്യ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. റവ. സി. ഫ്രാൻസിറ്റാ മാത്യു, റവ. സി. സോഫി മരിയ, റവ. സി. മേരി സ്റ്റീഫൻ, റവ. സി. ഡോ. നോബിൾ തെരേസ് എന്നിവർ കൗൺസി ലർമാരാണ്. റവ. സി. മേഴ്സി ജോസഫ് ഫിനാൻസ് ഓഫീസറും റവ. സി. മെർലിൻ ഫിലിപ്പ് സെക്രട്ടറിയുമായിരിക്കും.

**ബത്തേരി മേരി മാതാ പ്രൊവിൻസ്**



ബത്തേരി മേരി മാതാ പ്രൊവിൻസിൽ റവ. സി. ഡോ. അൽഫോൺസ് ജേക്കബ് പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. റോമിലെ അൽഫോൺസിയാ നും യൂണിവേഴ്സിറ്റിയിൽ നിന്നും ധാർമ്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. റവ. സി. എൽസാ ജോസ്, റവ. സി. റോസ്‌ലിൻ, റവ. സി. ജെയ്ൻ ഫ്രാൻസിസ്, റവ. സി. മേബിൾ തെരേസ് എന്നിവർ കൗൺസിലർമാരും, റവ. സി. ദീനാ റോസ് ഫിനാൻസ് ഓഫീസറും റവ. സി. നിത്യാ തെരേസ് സെക്രട്ടറിയുമായിരിക്കും.



**ഛാന്ദ അമല പ്രൊവിൻസ്**

ഛാന്ദ അമല പ്രൊവിൻസിൽ റവ. സി. റീത്താ ജോസ് പ്രൊവിൻഷ്യൽ സുപ്പീരി യർ ആയി തിരഞ്ഞെടുക്കപ്പെട്ടു. റവ. സി. ലൂസി ജോസഫ്, റവ. സി. ടോംസി, റവ. സി. ദർശന, റവ. സി. ജോയിസി എന്നിവർ കൗൺസിലർമാരായും റവ. സി. ദീപ്തി റോസ് ഫിനാൻസ് ഓഫീസറും റവ. സി. വിമല സെക്രട്ടറിയുമായിരിക്കും.

**പഞ്ചാബ് ക്രിസ്തുരാജാ പ്രൊവിൻസ്**



പഞ്ചാബ് ക്രിസ്തുരാജാ പ്രൊവിൻസിൽ റവ. സി. ഫ്ളവർ തെരേസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. റവ. സി. ആൻസി ജോസ്, റവ. സി. മേരി ആൻ, റവ. സി. പ്രകാശിത, റവ. സി. ആൽഫിൻ എന്നിവർ കൗൺസിലർമാരും റവ. സി. അമൽ ജോർജ്ജ് ഫിനാൻസ് ഓഫീസറും റവ. സി. കൃപ ജോസ് സെക്രട്ടറി യുമായിരിക്കും.



www.malankaralibrary.com



# പിടിയും കോഴിയും

## പിടി

**വേണ്ട സാധനങ്ങൾ**

അരിപ്പൊടി (പുട്ടിന്റെ വറുത്തുപൊടി)
തേങ്ങ - 1
ജീരകം - 10 ഗ്രാം
ചുടുവെള്ളം (ആവശ്യത്തിന്)
ഉപ്പ് - പാകത്തിന്
റവ. 150 ഗ്രാം

**പാകം ചെയ്യുന്ന വിധം**

1. വറുത്ത അരിപ്പൊടിയും റവയും മുക്കാൽ ഭാഗം തേങ്ങയും 5 ഗ്രാം ജീരകവും പാകത്തിന് ഉപ്പ് ചേർത്ത് ചൂടുവെള്ളത്തിൽ കുഴച്ച് ചെറിയ ഉരുളകളായി ഉരുട്ടിയെടുക്കുക.
2. ഉരളി തീയ്യിൽ വച്ച് ഒന്നരലിറ്റർ വെള്ളം തിളപ്പിക്കുക.
3. 51 ഗ്രാം നല്ല ജീരകം അരച്ച് ചേർക്കുക.
4. പാകത്തിന് ഉപ്പും ചേർക്കുക.
5. വെള്ളം തിളച്ച് കഴിഞ്ഞ് ഉരുളകൾ ഇടുക.
6. നല്ല പോലെ തിളച്ച് കഴിഞ്ഞ മാത്രം ഇടുക.
7. വാങ്ങുന്നതിന് മുൻപ് ഉരുട്ടിവച്ചിരിക്കുന്ന ഉരുളയിൽ നിന്ന് രണ്ടു മൂന്ന് ഉരുളകൾ വെള്ളത്തിൽ ഇടുന്നതിന് മുൻപ് മാറ്റിവയ്ക്കണം. അതും കാൽഭാഗം തേങ്ങയും ചേർത്ത് കുഴച്ച് ചേർക്കുക. കുറുകി വരുമ്പോൾ വാങ്ങി ഉപയോഗിക്കുക.



# കോഴിക്കറി

**വേണ്ട സാധനങ്ങൾ**

| | |
|---|---|
| 1. കോഴി ഇറച്ചി | 1 കിലോ |
| 2. ഇഞ്ചി | 10 ഗ്രാം |
| 3. പച്ച മുളക് | 5 എണ്ണം |
| 4. വെളുത്തുള്ളി | 10 ഗ്രാം |
| 5. കടുക് | 1 ടീസ്പൂൺ |
| 6. ഓയിൽ | 2 ടീസ്പൂൺ |
| 7. കറിവേപ്പില | പാകത്തിന് |
| 8. ഉപ്പ് | ആവശ്യത്തിന് |
| 9. മല്ലിപ്പൊടി | 2 ടീസ്പൂൺ |
| 10. മുളകുപൊടി | 1 ടീസ്പൂൺ |
| 11. കാശ്മീരി മുളകുപൊടി | 1.5 ടീസ്പൂൺ |
| 12. ചിക്കൻ മസാല | 2 ടീസ്പൂൺ |
| 13. തേങ്ങ | 1 എണ്ണം |
| 14. മഞ്ഞൾ പൊടി | ഒരു നുള്ള് |
| 15. സവാള | മൂന്ന് |
| 16. ഗരംമസാലപ്പൊടി | 1 ടീസ്പൂൺ |

**പാകം ചെയ്യുന്ന വിധം**

1. ഇറച്ചി കഴുകിമാറ്റുക
2. പാത്രത്തിൽ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ കടുക് പൊട്ടിക്കുക. ശേഷം പച്ചമുളക് ചേർത്ത് വഴറ്റുക.
3. ഇഞ്ചിയും സവാളയും വെളുത്തുള്ളിയും ചതച്ചരച്ച് ചേർത്ത് വഴറ്റുക. കുറച്ച് മഞ്ഞളും ഉപ്പും ചേർത്ത് നല്ല ബ്രൗൺ കളർ ആകുന്നതുവരെ വഴറ്റുക.
4. അതിലേക്ക് ചിക്കൻ ചേർത്ത് ഇളക്കുക.
5. മല്ലിപ്പൊടി, മുളകുപൊടി, കാശ്മീരി പൊടി, ചിക്കൻ മസാല, ഇവ നല്ലപോലെ വേറൊരു പാത്രത്തിൽ ചൂടാക്കുക. നല്ല പോലെ മൂത്തു കഴിഞ്ഞാൽ ഇവ ഇറച്ചിയിൽ ചേർത്ത് നല്ല പോലെ മികിസ് ചെയ്യുക. ആവശ്യത്തിന് ചൂടു വെള്ളം ചേർത്ത് ഇളക്കി മൂടിവക്കുക.
6. ഒരു തേങ്ങ ചിരകി മിക്സിയിൽ നല്ല പോലെ അരച്ച് കറിയിൽ ചേർത്ത് ഇളക്കുക. എണ്ണ തെളിഞ്ഞു വരുമ്പോൾ ഗരംമസാലപ്പൊടിയും പാകത്തിന് ഉപ്പും ചേർത്ത് വാങ്ങുക.

# ഇണ്ട്രി അപ്പം

**വേണ്ട സാധനങ്ങൾ**

| | |
|---|---|
| 1. വറുത്ത അരിപ്പൊടി | 500 ഗ്രാം |
| 2. തേങ്ങ | 1 എണ്ണം |
| 3. ഉഴുന്ന് | 50 ഗ്രാം |
| 4. നല്ല ജീരകം | 1 സ്പൂൺ |
| 5. വെളുത്തുള്ളി | 2 എണ്ണം |
| 6. ചുവന്ന ഉള്ളി | 4 എണ്ണം |
| 7. ഉപ്പ് പാകത്തിന് | |

ചൂടുവെള്ളം ആവശ്യത്തിന്

**പാകം ചെയ്യുന്ന വിധം**

രണ്ട് മണിക്കൂർ ഉഴുന്ന് വെള്ളത്തിൽ ഇട്ടു വയ്ക്കുക. ശേഷം ജീരകവും. ശേഷം ജീരകവും വെളുത്തുള്ളിയും ചുവന്നുള്ളിയും ചേർത്ത് അരച്ചെടുക്കുക. അരപ്പിലേക്ക് അരിപ്പൊടിയും പാകത്തിന് ഉപ്പും ചേർത്ത് ചൂടുവെള്ളം ഒഴിച്ച് കുഴക്കുക. തേങ്ങയും ചേർത്ത് വലിയ വാഴയിലയിൽ പരത്തി ആവിയിൽ വേവിക്കുക.

# കുരിശപ്പം



**പാകം ചെയ്യുന്ന വിധം**

ഇണ്ട്രിയപ്പത്തിന്റെ മാവിൽ നിന്ന് അല്പം എടുത്ത് അതിലേക്ക് അല്പം തേങ്ങയും 2 സ്പൂൺ പഞ്ചസാരയും ചേർത്ത് ഇളക്കി പാത്രത്തിൽ നിരത്തി കുരിശും വച്ച് ആവിയിൽ വേവിക്കുക.

# പെസഹാ പാൽ

**വേണ്ട സാധനങ്ങൾ**

| | |
|---|---|
| 1. ശർക്കര | 500 ഗ്രാം |
| 2. തേങ്ങ | 1 |
| 3. ഏലക്ക | 4 |
| 4. നല്ല ജീരകം | ഒരു നുള്ള് |
| 5. അരിപ്പൊടി | 3 സ്പൂൺ |

ശർക്കര അൽപം വെള്ളം ഒഴിച്ച് ഉരുക്കിയെടുക്കുക. തേങ്ങ പിഴിഞ്ഞ് ആവശ്യത്തിനുള്ള പാൽ എടുക്കുക. അതിൽ ശർക്കര ഉരുക്കിയതും ഏലക്കയും, ജീരകവും പൊടിച്ച് പാലിൽ ചേർക്കുക. അരിപൊടിയും ചേർത്ത് ഇളക്കി തിളപ്പിക്കുക. കുറുകി വരുമ്പോൾ വാങ്ങി ഉപയോഗിക്കുക.



www.malankaralibrary.com



# കുരിശിന്റെ മറുപുറം



ജോസഫ് അന്നംകുട്ടി ജോസ്

ജനിച്ചു വീണത് നല്ലൊരു ക്രിസ്ത്യൻ കുടുംബത്തിലാണ്, അൾത്താര ബാലൻ ആയിരുന്നു, സൺഡേ ക്ലാസ്സിൽ പോയിട്ടുണ്ട്, ഒരു ബോണസ് എന്ന നിലയിൽ രണ്ടു വർഷം സെമിനാരിയിൽ പോയിട്ടുണ്ട് എന്നിട്ടും ഒരു സംശയം ചെറുപ്പം തുടങ്ങി ഉള്ളിൽ ഉണ്ടായിരുന്നു.

'യേശു നിങ്ങൾക്ക് വേണ്ടി കുരിശിൽ തൂങ്ങി മരിച്ചു'

ഇതിൽ എന്ത് ലോജിക് ആണ് ഉള്ളത്? രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ഒരാൾ ഞാൻ ഉൾപ്പെടെയുള്ള മനുഷ്യവർഗത്തിന് വേണ്ടി മരിച്ചിരിക്കുന്നു, എന്റെ പാപങ്ങൾക്കും, വേദനകൾക്കും പരിഹാരമായി അവിടുന്ന് പീഡ സഹിച്ച് മരിച്ചു. അതുകൊണ്ട് എന്റെ വേദനകൾക്ക് എന്ത് പരിഹാരം? എന്റെ പാപങ്ങൾക്ക് എന്ത് മോചനം? തടവറയിൽ കൂടെ ഉണ്ടായിരുന്ന, തൂക്കിലെറ്റാൻ വിധിക്കപ്പെട്ട ഒരു കുറ്റവാളിക്ക് പകരം 'എന്നെ തൂക്കിലേറ്റുക എന്ന് പറഞ്ഞ് മരണത്തെ ഏറ്റുവാങ്ങിയ ഫാ: ഡാമിയൻ ചെയ്തത് യേശുവിന്റെ മരണത്തെക്കാൾ കൂടുതൽ അർത്ഥമുള്ളതായി എനിക്ക് തോന്നിയിട്ടുണ്ട്.

പലരുടെയും മുൻപിൽ ഈ ചോദ്യം ഞാൻ ഉന്നയിച്ചിട്ടുണ്ട്.. 'ഈ ചിന്ത പോലും പാപമാണ്' എന്ന് പറഞ്ഞാണ് പലരും അതിനെ നേരിട്ടത്. ചിലർ എന്തൊക്കയോ പറഞ്ഞ് ഒഴിഞ്ഞു മാറി. ഒടുവിൽ അപ്രതീക്ഷിതമായി കയ്യിൽ വന്നു പെട്ട 'നിലത്തെഴുത്ത്' എന്ന ബുക്കിലെ ഒരു വരിയാണ് എനിക്ക് വെളിച്ചം തന്നത്.

'പ്രാർഥനയെ ലോജിക്കുകളുടെ ത്രാസ്സിൽ ഇട്ട് അളക്കരുത്' ഞാൻ പരീക്ഷക്ക് പോകുന്ന സമയത്ത് അമ്മ തിരി കത്തിച്ച് പ്രാർത്ഥിക്കുന്നതിനു എന്തു ലോജിക് ആണ് ഉള്ളത്?



www.malankaralibrary.com

ജയിലിൽ ആയിരിക്കുന്ന മകനെ ഓർത്തു....കിടക്ക ഉപേക്ഷിച്ചു 'അവനും കിടക്കയില്ലല്ലോ' എന്ന് പറഞ്ഞ് സിമെന്റ് തറയിൽ ഉറങ്ങുന്ന അമ്മയ്ക്ക് എന്ത് ലോജിക് ആണ് ഉള്ളത്? മകന് രോഗമാണ്, അവന്റെ ആരോഗ്യം കാക്കണമെങ്കിൽ പുളിയില ഇട്ട കഞ്ഞി മാത്രമേ കൊടുക്കാവു എന്ന് വൈദ്യൻ പറഞ്ഞിരിക്കുന്നു...ഒരു മീൻ കഷണം ഇല്ലാതെ ഒരു ഉരുള ഭക്ഷണം പോലും ഇറക്കാനാവാത്ത ആ പിതാവ് അവനൊപ്പം പുളിയില ഇട്ട കഞ്ഞി കുടിക്കുന്നു.... ഇതിനൊക്കെ ബുദ്ധിയുടെ തലത്തിൽ ചിന്തിച്ചാൽ നല്ല ഒന്നാംതരം 'വട്ട്' എന്നേ വിളിക്കാനാകൂ....

പക്ഷെ മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഒരു തരത്തിൽ നമ്മളെ ശക്തിപ്പെടുത്തുന്നില്ലേ? അമ്മ തിരി കത്തിച്ച് പ്രാർഥിക്കുന്നത് പരീക്ഷയ്ക്ക് പോകുന്ന പയ്യന് വല്ലാത്തൊരു ആത്മവിശ്വാസം നൽകുന്നുണ്ട്, തറയിൽ കിടന്നുറങ്ങുന്ന അമ്മ പറയുന്നതെന്താണ്? 'മകനേ ഞാനും നിന്റെ ദുരിതത്തിന്റെ ഒരു ഭാഗമാകുന്നു'. പുളിയില കഞ്ഞി കുടിക്കുന്ന പിതാവ് മകന് നൽകുന്ന ഒരു ബലമുണ്ട് 'കുഞ്ഞേ നീ ഒറ്റയ്ക്കല്ല ഈ കയ്പും പുളിയും അനുഭവിക്കുന്നത്, ഞാനും നിന്നോടൊപ്പം ഉണ്ട്' എന്ന ബലം.

ഇനി ആ കുരിശിലേക്കു നോക്കുമ്പോൾ എനിക്ക് ചോദ്യങ്ങളില്ല....സംശയങ്ങളില്ല... കണ്ണീരു മാത്രമാണ് ബാക്കിയുള്ളത് കാരണം ചില സഹനങ്ങളെ ധൈര്യപൂർവ്വം നേരിടാനുള്ള വലിയ ഒരു ബലമാണ് അവന്റെ കുരിശ് വെച്ച് നീട്ടുന്നത്... അവൻ ദൈവത്തിന്റെ പുത്രനായിരുന്നു.... മാലഖമാരാൽ പരിസേവിത നായി സ്വർഗ്ഗത്തിൽ വാഴേണ്ട രാജകുമാരൻ ആയിരുന്നു....അവൻ ഒരു മനുഷ്യരൂപം എടുക്കാൻ തയ്യാറായി, ഈ ഭൂമിയിൽ ഏറ്റവും കഠിനമായ എല്ലാ സാഹചര്യങ്ങളിൽകൂടിയും കടന്ന് പോയി...മാനസികമായും ശാരീരികമായും....

അവൻ പിറന്ന് വീണത് വെറുമൊരു പശു തൊഴുത്തിൽ....അവൻ എടുത്ത ജോലി വെറുമൊരു ആശാരിയുടെ തൊഴിൽ....അവന് കൂട്ടായിരുന്നത് കുറച്ചു മീൻ പിടുത്തക്കാർ....തങ്ങളുടെ രാജാവിനു ഓശാന പാടിയപ്പോൾ അവൻ വന്നത് ഒരു കഴുതപ്പുറത്ത്....സ്വന്തം സഹോദരനെ പോലെ കൊണ്ട് നടന്ന യൂദാസ് 30 വെള്ളിക്കാശിനു ഒറ്റി കൊടുക്കും എന്നറിഞ്ഞിട്ടും അവന് വേണ്ടി പെസഹ അപ്പം ഒരുക്കേണ്ടി വന്നവൻ.... 'നിനക്ക് വേണ്ടി മരിക്കാൻ വരെ ഞാൻ തയ്യാറാണ്' എന്ന് പറഞ്ഞ അരുമ ശിഷ്യനാൽ മൂന്ന് പ്രാവശ്യം തള്ളിപ്പറയപ്പെട്ടവൻ...... ഇന്നേ വരെ മനുഷ്യൻ കണ്ടതിൽ വെച്ച് ഏറ്റവും മൃഗീയമായ നിലയിൽ കൊല്ലപ്പെട്ടവൻ...... മരണത്തിന് തൊട്ടു മുൻപ് തന്റെ നെഞ്ചിൽ കൂർത്ത കുന്തം കൊണ്ട് കുത്തിയ, ഒരു കണ്ണിനു കാഴ്ച ഇല്ലാത്ത ആ പടയാളിക്കും കാഴ്ച കൊടുത്തവൻ....

ഈ കുരിശ് എനിക്ക് തരുന്ന ബലം എത്ര വലുതാണെന്ന് ഞാൻ ഇന്ന് മനസ്സിലാക്കുന്നു....ഇന്ന് മറ്റുള്ളവർ എന്നെ തള്ളിപ്പറയുമ്പോൾ ഈ കുരിശിലെ ചെറുപ്പക്കാരൻ പറയും 'ഞാനും തള്ളി പറയപ്പെട്ടവ നാണ്'...എന്നെ ചിലർ വഞ്ചിച്ചു എന്ന് ഞാൻ നെടുവീർപ്പെടുമ്പോൾ അവൻ പറയും 'ഞാനും വഞ്ചിക്കപ്പെട്ടവനാണ്'....മറ്റുള്ളവർ വാക്കുകൾ കൊണ്ട് എന്നെ കുത്തി മുറിവേൽപ്പിക്കുമ്പോൾ അവന്റെ നെഞ്ചിലെ മുറിപ്പാട് എന്നോട് പറയുന്നു 'എന്നെ മുറിപ്പെടുത്തിയവനെ അനുഗ്രഹിച്ചവനാണ് ഞാൻ'.... ആകുലതകൾ കൊണ്ട് എന്റെ ജീവിതം വഴിമുട്ടുന്നു എന്ന് ഞാൻ കരുതുമ്പോൾ അവൻ പറയും 'ആകുലതകൾ കൊണ്ട് ഗത്സെമൻ തോട്ടത്തിൽ ചോര വിയർത്തവ നാണ് ഞാൻ'.....

അതേ ഈ കുരിശ് പറയുന്നത് ഇത്രമാത്രമാണ്.....നീ ഒറ്റയ്ക്കല്ല ഞാനുമുണ്ട്, തെറ്റ് ചെയ്തവന് ശിക്ഷയുണ്ട്....നിൻറെ തെറ്റുകൾക്ക് ഉള്ള ശിക്ഷ നിനക്ക് പകരം എന്നേ ഞാൻ ഏറ്റു വാങ്ങിയിരിക്കുന്നു....

പെസഹ രാത്രി ഈശോ പറഞ്ഞത് ഓർക്കുന്നില്ലേ ? 'ഞാനി ചെയ്തത് നിങ്ങൾ എന്റെ ഓർമ്മക്കായി ചെയ്യുവിൻ' അത് വെറുതെ അപ്പവും വീഞ്ഞും കുടിക്കൽ മാത്രം അല്ല മറിച്ച്....അവൻ മറ്റുള്ളവരെ സ്നേഹിച്ചത് പോലെ ആഴമായി സ്നേഹിക്കുക....അവൻ ക്ഷമിച്ചത് പോലെ ക്ഷമിക്കുക.... അവൻ നമുക്ക് ബലമായത് പോലെ...നമ്മൾ മറ്റുള്ളവർക്കും ഒരു ബലമാകുക.....കുരിശ് അവന്റെ സ്നേഹത്തിൻറെ അടയാളമാണ്.... അവൻ മരിച്ച ആ കുരിശിന്റെ മറുപുറം എനിക്കും നിനക്കുമായി കാത്തിരിക്കുന്നു.....നമ്മളിൽ നിന്നും ഒരു ക്രിസ്തു ഉണ്ടാകട്ടെ...

ആമ്മേൻ

ഈ കുരിശ് എനിക്ക് തരുന്ന ബലം എത്ര വലുതാണെന്ന് ഞാൻ ഇന്ന് മനസ്സിലാക്കുന്നു.... ഇന്ന് മറ്റുള്ളവർ എന്നെ തള്ളിപ്പറയുമ്പോൾ ഈ കുര ിശിലെ ചെറുപ്പക്കാരൻ പറയും 'ഞാനും തള്ളി പറയപ്പെട്ടവ നാണ്'...എന്നെ ചിലർ വഞ്ചിച്ചു എന്ന് ഞാൻ നെ ടുവീർപ്പെടുമ്പോൾ അവൻ പ റയും 'ഞാനും വഞ്ചിക്കപ്പെട്ടവന ാണ്'....മറ്റുള്ളവർ വാക്കുകൾ കൊണ്ട് എന്നെ കുത്തി മുറിവേൽപ്പിക്കുമ്പോൾ അവന്റെ നെഞ്ചിലെ മുറിപ്പാട് എന്നോട് പറയുന്നു 'എന്നെ മുറിപ്പെടുത്തിയവനെ അനുഗ്രഹിച്ചവനാണ് ഞാൻ'....



www.malankaralibrary.com

# ബത്തേരി രൂപത

# വി. യൗസേപ്പിതാവിന്റെ വർഷാചരണം



## ഡിസംബർ 8, 2020 – ഡിസംബർ 8, 2021

## രൂപതാതല കർമ്മപരിപാടികൾ

- **വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം – രൂപതാതല ഉദ്ഘാടനം : മാർച്ച് 19, 2021**
- **തീർത്ഥാടന ദേവാലയ പ്രഖ്യാപനം : മേഖലാതലത്തിൽ**
- **പഠനശിബിരം : പാത്രീസ് കോർദെ (പിതാവിന്റെ ഹൃദയത്തോടെ)**
  ഫ്രാൻസിസ് മാർപാപ്പായുടെ അപ്പസ്തോലിക പ്രബോധനം
  രൂപതാ – മേഖലാതലങ്ങളിൽ
- **പ്രാർത്ഥനാ യജ്ഞം : മേഖല, ഇടവക, സന്യാസഭവനങ്ങൾ**
- **പിതൃസംഗമം : മേഖലാതലത്തിൽ**
- **വർഷാചരണസമാപനം : ഡിസംബർ 8, 2021**

www.malankaralibrary.com

മലങ്കര നാദം
RHYTHM OF FAITH
Registered
KERMAL 15375/11/1/2013-TC
Ministry of Information and Broadcasting

Published by The Chairman, Media Commission, Diocese of Bathery
Catholic Bishops House, Sulthan Bathery, Wayanad, Kerala,
Email: frphilipbty@gmail.com

www.malankaralibrary.com